ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. ബെന്നി ബെഹനാൻ: സർ, "2014 ജനുവരി 3-ാം തീയതി ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ.മാത്യു.റ്റി.തോമസ് : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1 നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നതു കൂട്ടിച്ചേർക്കുക:
"എന്നാൽ സോളാർ തട്ടിപ്പ് കേസിന്റെ എല്ലാ നിയമവിരുദ്ധ-അധാർമ്മിക പ്രവർത്തികളും ജനസമക്ഷത്ത് കൊണ്ടുവരുന്നതിനും കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനും വേണ്ടി ഒരു സിറ്റിങ്ങ് ജഡ്ജിയെക്കൊണ്ട് സമഗ്രമായ ജുഡീഷ്യൽ അന്വേഷണം നടത്തിക്കുമെന്നും അന്വേഷണത്തിൽ ആരോപണവിധേയരായിപറയപ്പെടുന്ന കേന്ദ്ര- സംസ്ഥാന മന്ത്രിമാരേയും അവരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളെയും ഉൾപ്പെടുത്തുമെന്നും ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

2 നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നതു കൂട്ടിച്ചേർക്കുക:
"എന്നാൽ കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുന്നതുമൂലം ജനങ്ങളിലുളവാകുന്ന ആശങ്കകൾ കണക്കിലെടുക്കാതെ റിപ്പോർട്ടിലെ കർഷക വിരുദ്ധ, ജനവിരുദ്ധ ശുപാർശകൾ നടപ്പാക്കുന്നതിനെതിരെ ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

3 നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നതു കൂട്ടിച്ചേർക്കുക:

"എന്നാൽ പാചക വാതക സിലിണ്ടറുകളുടെ വില യാതൊരു മാനദണ്ഡവുമില്ലാതെ ക്രമാതീതമായി വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന നടപടികൾക്കെതിരെ ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

ശ്രീ. സി.കെ.നാണു: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നതു കൂട്ടിച്ചേർക്കുക:

"എന്നാൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ കുറഞ്ഞുവരുന്നതും, ഖാദി-കൈത്തറി-ബീഡി വ്യവസായങ്ങളുടെ പിന്നോക്കാവസ്ഥയും മൂലം ആയിരക്കണക്കിന് തൊഴിലാളികളുടെ തൊഴിൽ നിലനിറുത്തുവാനുള്ള ഫലപ്രദമായ സഹായങ്ങൾ ചെയ്യുവാനുള്ള നടപടികൾ സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിക്കാത്തതിൽ ഖേദിക്കുന്നു. "

ശ്രീ. സി.ദിവാകരൻ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നതു കൂട്ടിച്ചേർക്കുക

   "എന്നാൽ കഴിഞ്ഞ മുപ്പതുമാസക്കാലാവധിക്കുള്ളിൽ സംസ്ഥാനത്ത് പാചകവാതകത്തിന് നിരവധി തവണ വില വർദ്ധിപ്പിച്ചതുകൊണ്ടും, പുതുവത്സരത്തിൽ സിലിണ്ടറൊന്നിന് ഇരുന്നൂറ്റിമുപ്പത് രൂപയോളം വീണ്ടും വില വർദ്ധിപ്പിച്ചിരിക്കുന്നതുകൊണ്ടും സംസ്ഥാനത്ത് ഉളവായിട്ടുള്ള സ്ഥിതിവിശേഷത്തെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ ഒന്നും സൂചിപ്പിച്ചു കാണാത്തതിൽ ഖേദിക്കുന്നു. "

2. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നതു കൂട്ടിച്ചേർക്കുക:

   "എന്നാൽ സംസ്ഥാനത്ത് ഇന്ന് നേരിടുന്നതായി പറയപ്പെടുന്ന സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ ഒന്നും സൂചിപ്പിച്ചു കാണാത്തതിൽ ഖേദിക്കുന്നു. "

ശ്രീ.ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നതു കൂട്ടിച്ചേർക്കുക: "എന്നാൽ സംസ്ഥാനത്ത് കഴിഞ്ഞ മുപ്പത് മാസക്കാലത്തിനുള്ളിൽ അരിയുടെയും മറ്റു നിത്യോപയോഗ സാധനങ്ങളുടെയും വില ക്രമാതീതമായി കുതിച്ചുയർന്നതിനെ സംബന്ധിച്ചും വിലക്കയറ്റം നിയന്ത്രിക്കുന്നതിനെക്കുറിച്ചും ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചുകാണാത്തിൽ ഖേദിക്കുന്നു. "

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നതു കൂട്ടിച്ചേർക്കുക: "എന്നാൽ സംസ്ഥാനത്ത് കഴിഞ്ഞ മുപ്പത് മാസക്കാലത്തിനുള്ളിൽ അരിയുടെയും മറ്റു നിത്യോപയോഗ സാധനങ്ങളുടെയും വില ക്രമാതീതമായി കുതിച്ചുയർന്നതിനെ സംബന്ധിച്ചും വിലക്കയറ്റം നിയന്ത്രിക്കുന്നതിനെക്കുറിച്ചും ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചുകാണാത്തിൽ ഖേദിക്കുന്നു. "

<u>ശ്രീ. വി.എസ്. സുനിൽ കുമാർ</u>: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പി ക്കുന്നു

1. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നതു കൂട്ടിച്ചേർക്കുക: "എന്നാൽ സംസ്ഥാനത്ത് നടന്ന ഭൂമി തട്ടിപ്പ്, സോളാർ തട്ടിപ്പ് തുടങ്ങിയ വിവിധതരം തട്ടിപ്പുകളെ സംബന്ധിച്ചും ഇത്തരം തട്ടിപ്പുകൾ സംസ്ഥാനത്ത് ആവർത്തിക്കാതിരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചു കാണാത്തതിൽ ഖേദിക്കുന്നു. "

2. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നതു കൂട്ടിച്ചേർക്കുക: " എന്നാൽ 'കർഷക രക്ഷ-ഭക്ഷ്യ സുഭിക്ഷ' എന്ന വികസനമുദ്രാവാക്യം മുൻനിറുത്തി കാർഷിക-മൃഗസംരക്ഷണ മേഖലകളിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചു കാണാത്തതിൽ ഖേദിക്കുന്നു "

ശ്രീ. പി.തിലോത്തമൻ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നതു കൂട്ടിച്ചേർക്കുക: "എന്നാൽ ഇപ്പോൾ സംസ്ഥാനത്ത് തകർന്നടിഞ്ഞുപോയതായി പറയപ്പെടുന്ന ക്രമസമാധാനനില മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികളെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചു കാണാത്തതിൽ ഖേദിക്കുന്നു "

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പി ക്കുന്നു

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നതു കൂട്ടിച്ചേർക്കുക: "എന്നാൽ ഭൂരഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം ചെയ്തുവെന്ന് അവകാശപ്പെടുന്ന ഭൂമി ഉപയോഗയോഗ്യമല്ലാത്തതിനാൽ അത് ലഭിച്ചവർ പ്രസ്തുത ഭൂമി ഉപേക്ഷിച്ചു പോകുന്നത് തടയുന്നതിനും ഉപയോഗപ്രദമായ ഭൂമി വിതരണം ചെയ്യുന്നതിനെക്കുറിച്ചും ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

ശ്രീ. കെ.അജിത്ത്: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നതു കൂട്ടിച്ചേർക്കുക: "എന്നാൽ സംസ്ഥാനത്ത് പടർന്ന് പിടിച്ചുകൊണ്ടിരിക്കുന്ന കുളമ്പുരോഗം പ്രതിരോധിച്ച് സംസ്ഥാനത്ത് നിലനിന്നിരുന്ന കന്നുകാലി സമ്പത്തിനെ സംരക്ഷിക്കുന്നതിനുള്ള ഒരു പദ്ധതിയും ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചു കാണാത്തതിൽ ഖേദിക്കുന്നു. "

ശ്രീമതി ഇ.എസ്. ബിജിമോൾ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നതു കൂട്ടിച്ചേർക്കുക: "എന്നാൽ നിർഭയ പദ്ധതി വിജയകരമായി സംസ്ഥാനത്ത് നടപ്പാക്കുന്ന തിൽ പരാജയപ്പട്ടതായി പറയപ്പെടുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗ ത്തിൽ സൂചിപ്പിച്ചു കാണാത്തതിൽ ഖേദിക്കുന്നു. "

ശ്രീ. കെ. രാജു: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പി ക്കുന്നു

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നതു കൂട്ടിച്ചേർക്കുക: "എന്നാൽ ജനസമ്പർക്ക പരിപാടിയിൽ അർഹമായ പരിഗണനന ലഭി ക്കാത്തതുമൂലം അത്മഹത്യ ചെയ്തതായി പറയപ്പെടുന്ന അഞ്ചൽ പഞ്ചായ ത്തിലെ പനയഞ്ചേരി സുശീലന്റെ നിർദ്ധന കുടുബത്തെ സഹായിക്കുന്ന തിനുള്ള ഒരു നടപടിയും ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചു കാണാത്തതിൽ ഖേദിക്കുന്നു. "

ശ്രീമതി ഗീതാ ഗോപി: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പി ക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നതു കൂട്ടിച്ചേർക്കുക: "എന്നാൽ ആധാർ കാർഡ് ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിച്ച് പാചകവാ തക സബ്സിഡി നൽകാൻ തീരുമാനിച്ചതുമൂലം ഉപഭോക്താക്കൾക്ക് നേരിട്ടിരിക്കുന്ന അസൗകര്യങ്ങൾ ഇല്ലായ്മ ചെയ്യുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചു കാണാത്തതിൽ ഖേദിക്കുന്നു.."

ശ്രീ. വി. ശശി: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പി ക്കുന്നു

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നതു കൂട്ടിച്ചേർക്കുക: "എന്നാൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങളും സ്റ്റൈപ്പന്റുകളും യഥാസമയം എത്തിച്ചുകൊടുക്കുന്നതിനുള്ള നടപടിക ളൊന്നും ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചു കാണാത്തതിൽ ഖേദി ക്കുന്നു. "

ശ്രീ. ജി. എസ്. ജയലാൽ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നതു കൂട്ടിച്ചേർക്കുക: "എന്നാൽ കേന്ദ്ര മാനവ വിഭവശേഷി വകുപ്പ് പ്രഖ്യാപിച്ച രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) പദ്ധതി സംസ്ഥാനത്തിന് നഷ്ടമാകാതിരിക്കാൻ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചു കാണാത്തതിൽ ഖേദിക്കുന്നു. "

ശ്രീ. ഇ.കെ. വിജയൻ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പി ക്കുന്നു

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നതു കൂട്ടിച്ചേർക്കുക: "എന്നാൽ സംസ്ഥാനത്ത് സേവനാവകാശ നിയമം കാര്യക്ഷമമായി നടപ്പാക്കുന്നതിനെക്കുറിച്ചും നിയമം അനുസരിച്ചുള്ള സേവനങ്ങൾ ജനങ്ങൾക്ക്സമയബന്ധിതമായി ലഭ്യമാക്കുന്നതിനെക്കുറിച്ചും ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചു കാണാത്തതിൽ ഖേദിക്കുന്നു. "

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നതു കൂട്ടിച്ചേർക്കുക: "എന്നാൽ പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടിൽ തെറ്റായ വിവരങ്ങൾ നല്കി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി നേടിയെടുത്ത ആറന്മുള വിമാനത്താവള പദ്ധതി സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചു കാണാത്തതിൽ ഖേദിക്കുന്നു. "

ശ്രീമതി പി. അയിഷാ പോറ്റി : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്തെ കോടികൾ വിലമതിക്കുന്ന ധാതുമണൽ കടത്ത് നടക്കുന്നതായി പറയപ്പെടുന്നത് തടയുന്നതിനുള്ള ഒരു നടപ

ടിയും ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചു കാണാത്തതിൽ ഖേദി ക്കുന്നു."

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ സൗജന്യ വൈദ്യുത കണക്ഷൻ അനുവദിക്കുന്നതിന് ഒരു നടപടിയും ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ തൊഴിലിടങ്ങളിൽ സ്ത്രീകൾക്കു മതിയായ സൗകര്യവും സുരക്ഷയും ഉറപ്പുവരുത്തുന്ന നടപടികൾ ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
'എന്നാൽ അവശ്യമരുന്നുകൾക്ക് ക്ഷാമം നേരിടുന്നതിനെക്കുറിച്ചും വില വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

5. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ സംസ്ഥാനത്ത് പാചകവാതക വില ഗണ്യമായി വർദ്ധിപ്പിച്ചത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദി ക്കുന്നു."

<u>ശ്രീ. എ. എം. ആരിഫ്</u> : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവ

തരിപ്പി ക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ വൻകിട വൈദ്യുത ഉപഭോക്താക്കൾക്ക് നിയമവിരുദ്ധമായി സൗകര്യങ്ങൾ അനുവദിച്ചതായി പറയപ്പെടുന്നതിനെക്കുറിച്ച് ഗവർണ്ണ റുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ എമർജിംഗ് കേരളയിൽ വന്ന പദ്ധതികൾ നടപ്പിലാക്കാൻ കഴിയാത്തതായി പറയപ്പെടുന്നതിന്റെ കാരണത്തെപ്പറ്റി ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ സംസ്ഥാനത്തെ കുടിവെള്ള സ്രോതസ്സുകൾ മലിനമാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നതായി പറയപ്പെടുന്നത് തടയുന്നതിനാവശ്യമായ നടപടികൾ ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പി ക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ പ്രാഥമിക സഹകരണ ബാങ്കിൽ നിന്നും കാർഷികവായ്പ കൃഷിക്കാർക്ക് നൽകാൻ സാധിക്കാത്ത സ്ഥിതിയുണ്ടാകുന്നതായി പറയപ്പെടുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ സംസ്ഥാനത്ത് മരാമത്ത് ജലസേചന കരാറുകാരുടെ കരാർ ബഹിഷ്ക്കരണം നടക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ച് കാണാത്തതിൽ ഖേദിക്കുന്നു."

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പെൻഷൻ മുടങ്ങുന്നത് തടയാൻ ക്രിയാത്മകമായ പദ്ധതികളെപ്പറ്റി ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: "എന്നാൽ സംസ്ഥാനത്തെ പട്ടികജാതിക്കാരായ നിർദ്ധന യുവതികളുടെ വിവാഹ ധനസഹായം മുടങ്ങാനിടയായതുമൂലം അവർക്കുണ്ടായതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശം ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

5. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: " എന്നാൽ ഭരണ സംവിധാനം ദുരുപയോഗപ്പെടുത്തി രാഷ്ട്രീയ പ്രതിയോഗികളെ കേസ്സുകളിൽ കുടുക്കുന്നതായി പറയപ്പെടുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ച് കാണാത്തതിൽ ഖേദിക്കുന്നു. "

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:</u> സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പി ക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: "എന്നാൽ തീവണ്ടികളിൽ യാത്രക്കാർക്ക് വേണ്ട സുരക്ഷാക്രമീകരണത്തിൽ വീഴ്ച വന്നതായി പറയപ്പെടുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശി ക്കാത്തതിൽ ഖേദിക്കുന്നു. "

2.നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: "എന്നാൽ ഡീസൽ വിലവർദ്ധന കാരണം കെ.എസ്.ആർ.ടി.സി സർവ്വീസുകൾ വെട്ടിക്കുറച്ചതുമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിലുണ്ടായതായി പറയപ്പെടുന്ന കുറവും കെ.എസ്.ആർ.ടി.സി നേരിടുന്ന പ്രതിസന്ധിയും സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: "എന്നാൽ സംസ്ഥാനത്തെ ക്ഷേമപെൻഷനും അനുബന്ധ പ്രവർത്തനങ്ങളും കാലാനുസൃതമായി പരിഷ്കരിച്ചിട്ടില്ലായെന്ന് പറയപ്പെടുന്നതിനെപ്പറ്റി ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: "എന്നാൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങൾ യഥാസമയം നേടിയെടുക്കുന്നതിനുള്ള നടപടികൾ ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ച് കാണാത്തതിൽ ഖേദിക്കുന്നു. "

5. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: “എന്നാൽ സംസ്ഥാനത്ത് ഭൂമി തട്ടിപ്പ് നടത്തുന്നവർക്ക് സംരക്ഷണം നൽകുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗ ത്തിൽ പരാമർശം നടത്താത്തതിൽ ഖേദിക്കുന്നു. ”

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഞാൻ താഴെ പറയുന്ന ഭേദ ഗതികൾ അവതരിപ്പി ക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: “എന്നാൽ ഭൂമി തട്ടിപ്പ് കേസിൽ ഹൈക്കോടതി സർക്കാരിനെതിരെ നട ത്തിയതായി പറയപ്പെടുന്ന പരാമർശങ്ങൾ സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. ”

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: “എന്നാൽ കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനസ്രോതസ്സു കൾ പൂർണ്ണമായും ഉപയോഗപ്പെടുത്താത്തതായി പറയപ്പെടുന്നതിനെ ക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദി ക്കുന്നു. ”

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: "എന്നാൽ സംസ്ഥാനത്ത് നിലവിലുള്ളതായി പറയപ്പെടുന്ന അഴിമ തിയും സ്വജന പക്ഷപാതവും തടയുന്നതിനുള്ള യാതൊരു നടപടിയും ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ച് കാണാത്തതിൽ ഖേദിക്കു ന്നു"

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: "എന്നാൽ സംസ്ഥാനത്തെ ടൂറിസം മേഖലയെ ജനോപകാരപ്രദമായി വികസിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശി ക്കാത്തതിൽ ഖേദിക്കുന്നു."

5. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: "എന്നാൽ സ്വകാര്യമേഖലയിലെ ചൂഷണത്തിൽ നിന്നും സംസ്ഥാ നത്തെ സാധാരണ ജനതയ്ക്ക് സഹായകമാകുംവിധം സഹകരണ

മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. ഇ. പി. ജയരാജൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നോക്കുകുത്തിയാക്കി പുറംവാതിൽ നിയമനം നടത്തുന്നതു കാരണം ഉദ്യോഗാർത്ഥികൾ നേരിടുന്നതായി പറയപ്പെടുന്ന പ്രതിസന്ധിയെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി ക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മൂലധന വിഹിതം നിഷേധിച്ചതു കാരണം കെ.എസ്.ആർ.ടി.സി അമിത പലിശക്ക് കടം വാങ്ങേണ്ട സാഹചര്യം വന്നതായി പറയപ്പെടുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ സംസ്ഥാനത്ത് ഉള്ളതായി പറയപ്പെടുന്ന വർഗ്ഗീയത തടയുന്നതിനും മത-സാമുദായിക സൗഹാർദ്ദചിന്ത വളർത്തുന്നതിന് സഹായകരവുമായ യാതൊരു നടപടിയും സ്വീകരിക്കാത്തതായി പറയപ്പെടുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ സർക്കാർ സബ്സിഡി കുടിശ്ശികയായതു കാരണം കൺസ്യൂമർഫെഡ്, ത്രിവേണി, നന്മ സ്റ്റോറുകൾക്ക് ഏജൻസികൾ സാധനങ്ങൾ നൽകാത്തതായി പറയപ്പെടുന്നത് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

5. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:-

‘‘എന്നാൽ, സംസ്ഥാനത്ത് സർവ്വകലാശാലകളുടെ പ്രവർത്തനത്തിലെ

അപാകതകൾ സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ

പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു.’’

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പി ക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:-

‘‘എന്നാൽ, റബ്ബറിന്റെ വിലയിടിവുമൂലം പ്രതിസന്ധിയിലായതായി പറയപ്പെടുന്ന ചെറുകിട റബ്ബർ കർഷകരെക്കുറിച്ചോ, റബ്ബർ ഇറക്കുമതി നിർത്തിവെയ്ക്കുന്നതിനെക്കുറിച്ചോ ഗവർണ്ണറുടെ പ്രസംഗത്തിൽ പ്രതിപാദിച്ചുകാണാത്തതിൽ ഖേദിക്കുന്നു.’’

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:-

‘‘എന്നാൽ, ശബരിമലയിൽ മാലിന്യസംസ്ക്കരണസംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.’’

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:-

‘‘എന്നാൽ, വിദേശരാജ്യങ്ങളിൽനിന്നും അവിടങ്ങളിലെ നിയമങ്ങളിൽ വന്ന മാറ്റങ്ങളെത്തുടർന്ന് തിരിച്ചെത്തേണ്ടിവന്ന പ്രവാസികൾക്ക്

ആവശ്യമായ സാമ്പത്തികപാക്കേജ് നടപ്പിലാക്കാത്തതായി പറയപ്പെടുന്നതു സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.''

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:-

''എന്നാൽ, മത്സ്യത്തൊഴിലാളികൾക്ക് 20 രൂപ സബ്സിഡി നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കാൻ കഴിയാത്തതായി പറയപ്പെടുന്നതു സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ചുകാണാത്തതിൽ ഖേദിക്കുന്നു.''

5. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:-

''എന്നാൽ, വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ പ്രവൃത്തി പൂർണ്ണതോതിലാക്കാൻ സാധിക്കാത്തതായി പറയപ്പെടുന്നതിന്റെ കാരണത്തെപ്പറ്റി ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.''

<u>ശ്രീ. സാജു പോൾ</u>: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പി ക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:-

''എന്നാൽ, നെല്ലിയാമ്പതിയിലെ പാട്ടക്കാലാവധി കഴിഞ്ഞ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്ന നടപടി തുടർന്നുകൊണ്ടുപോകുന്നതു സംബന്ധിച്ച്

ഗവർണ്ണറുടെ പ്രസംഗത്തിൽ യാതൊരു പരാമർശവും നടത്താത്തതിൽ ഖേദിക്കുന്നു.''

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:-

''എന്നാൽ, സംസ്ഥാനത്തെ നികുതിവരുമാനം പ്രതീക്ഷിച്ചതിനനുസരിച്ചു ലഭിക്കാതിരുന്നതിന്റെ കാരണം ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.''

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:-

''എന്നാൽ, ഫാക്ടിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിനു നിർദ്ദേശങ്ങൾ സമർപ്പിച്ച കൺസൾട്ടന്റ് റിപ്പോർട്ട് നടപ്പിലാക്കിയിട്ടില്ലാത്തതായി പറയപ്പെടുന്നതിന്റെ കാരണം ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.''

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:-

''എന്നാൽ, നെൽക്കൃഷി മെച്ചപ്പെടുത്താനുള്ള ക്രിയാത്മകമായ നടപടികൾ സംബന്ധിച്ചോ, നെല്ലുസംഭരണവില യഥാസമയം കർഷകർക്കു ലഭ്യമാക്കുന്നതിനെക്കുറിച്ചോ

ശ്രീ. എസ്. ശർമ്മ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പി ക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:-

''എന്നാൽ, നെല്ലിന്റെ സംഭരണവില വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളോ, സംഭരണവില യഥാസമയം കൊടുത്തുതീർക്കുന്നില്ലെന്നു പറയുന്നതിനെക്കുറിച്ചോ ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ചുകാണാത്തതിൽ ഖേദിക്കുന്നു.''

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ധനവകുപ്പിൽനിന്നും ലഭിക്കേണ്ട സബ്സിഡി തുക ലഭിക്കാത്തതിനാൽ സഹകരണസ്ഥാപനങ്ങൾക്ക് പൊതുവിപണിയിൽ ഇടപെടാൻ കഴിയാത്ത സാഹചര്യമുണ്ടായതായി പറയപ്പെടുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ബൈതരണിയിൽ അനുവദിക്കപ്പെട്ട കൽക്കരിപ്പാടം നഷ്ടമായതായി പറയപ്പെടുന്നതിന്റെ കാരണത്തെക്കുറിച്ചും ഇതുമൂലം സംസ്ഥാന വൈദ്യുതി മേഖലയിൽ ഉണ്ടായതായി പറയപ്പെടുന്ന നഷ്ടത്തെക്കുറിച്ചും ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഫാക്ട് നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ കഴിയാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പി ക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ, സംസ്ഥാനത്തെ കള്ള് ചെത്ത് വ്യവസായത്തെ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ, ദേശീയ വിദ്യാഭ്യാസനയത്തിന് വിരുദ്ധമായി സംസ്ഥാനത്തെ സ്കൂൾ പാഠപുസ്തകം തയ്യാറാക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ, സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന വ്യവസായസ്ഥാപനങ്ങൾ പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ, മലയാളഭാഷാപഠനം നിർബന്ധമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

5. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ, നവീകരണപ്രവർത്തനങ്ങളിൽ വൈദ്യുതി ബോർഡ് ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നതുമൂലം ഈ മേഖലയിലുണ്ടായതായി പറയപ്പെടുന്ന പ്രതിസന്ധിയെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

6. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ, സംസ്ഥാനത്തുണ്ടാകുന്നതായി പറയപ്പെടുന്ന വനംകൊള്ളയും വന്യമൃഗവേട്ടയും തടയുന്നതിനുള്ള നടപടികൾ ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ച് കാണാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തുള്ളതായി പറയപ്പെടുന്ന വ്യാജമദ്യം കണ്ടെത്തുന്നതിനും വ്യാജമദ്യലോബിയെ നിയന്ത്രിക്കുന്നതിനുമുള്ള നടപടികൾ ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ച് കാണാത്തതിൽ ഖേദിക്കുന്നു."

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ശബരിമല വികസനപദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ പരാജയപ്പെട്ടതായി പറയപ്പെടുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് പ്രകൃതിവാതകം ഉപയോഗിച്ച് വൈദ്യുതോത്പാദനം വർദ്ധിപ്പിക്കാൻ സാധിക്കാത്തതായി പറയപ്പെടുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ആറന്മുള വിമാനത്താവളത്തിനായി ഭൂമിനികത്തൽ സംബന്ധിച്ച വിവരങ്ങൾ മറച്ചുവച്ച് കേന്ദ്രപാരിസ്ഥിതികാനുമതി നേടാൻ സഹായിച്ചതായി പറയപ്പെടുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ചുകാണാത്തതിൽ ഖേദിക്കുന്നു."

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പി ക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ആസൂത്രണത്തിലെ പരാജയംമൂലം വൈദ്യുതിമേഖലയിൽ ഉണ്ടായതായി പറയപ്പെടുന്ന പ്രതിസന്ധിയെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, തലസ്ഥാനനഗരത്തിൽ തുടർച്ചയായി ഉണ്ടാകുന്നതായി പറയപ്പെടുന്ന പൈപ്പുപൊട്ടൽമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ജപ്തിഭീഷണി നേരിടുന്ന മത്സ്യത്തൊഴിലാളികളെസഹായിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ച് കാണാത്തതിൽ ഖേദിക്കുന്നു."

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന മാലിന്യപ്രശ്നത്തിന് ഫലപ്രദമായ പദ്ധതികൾ ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ച് കാണാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പി ക്കുന്നു.

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്ത് ഇരുപത്തിയഞ്ച് ലക്ഷത്തിലധികം തൊഴിലാളികൾ ജോലിചെയ്യുന്ന നിർമ്മാണ മേഖലയിൽ ഉള്ളതായി പറയപ്പെടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പരിരക്ഷിക്കുന്നതിനുമാവശ്യമായ പദ്ധതികൾ ഗവർണ്ണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്തി കാണാത്തതിൽ ഖേദിക്കുന്നു."

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ ലോട്ടറി മേഖലയിലെ തൊഴിലാളികൾക്കുള്ളതായി പറയപ്പെടുന്ന പ്രശ്നങ്ങളെക്കുറിച്ച് യാതൊരു പരാമർശവും ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ച് കാണാതിരുന്നതിൽ ഖേദിക്കുന്നു."

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്തെ റെയിൽവെ മേഖലയിൽ പ്രഖ്യാപിച്ച പല പദ്ധതികളും നടപ്പാക്കാത്തതായി പറയപ്പെടുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ കെ. എസ്. ആർ. ടി. സി. യിൽ പരസ്യയിനത്തിൽ ലഭിക്കേണ്ട വരുമാനം ലഭ്യമാക്കാനുള്ള നടപടികൾ യഥാവസരം സ്വീകരിച്ചിട്ടില്ലാത്തതായി പറയപ്പെടുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

5. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ കയർ മേഖലയിലുള്ളതായി പറയപ്പെടുന്ന പ്രതിസന്ധികൾക്കിടയിലും വകുപ്പ് മന്ത്രിയും സംഘവും നടത്തിയ വിദേശയാത്രകൾ സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പ്രതിപാദിച്ച് കാണാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പി ക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സ്വകാര്യ ബസ്സുകളുടെ അനധികൃത സർവ്വീസ് കാരണം കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടാകുന്നതായി പറയപ്പെടുന്ന നഷ്ടത്തെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ അധികാര പ്രമത്തതയ്ക്കെതിരെ ജനാധിപത്യ രീതിയിൽ നടത്തുന്ന സമരങ്ങളെ അപഹസിച്ചുകൊണ്ടുള്ള ഗവർണ്ണറുടെ പ്രസംഗത്തിലെ പരാമർശത്തിൽ ഖേദിക്കുന്നു."

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്തിന്റെ പരിസ്ഥിതിയും സംസ്കാരവും സംരക്ഷിച്ചുകൊണ്ടുള്ളതും കാലാനുസൃതവുമായ വികസന കാഴ്ചപ്പാടോടെ വിനോദ സഞ്ചാര മേഖലയ്ക്കിണങ്ങുന്നതായൊരു പദ്ധതിയും ഇല്ലാത്തതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശം നടത്താത്തതിൽ ഖേദിക്കുന്നു."

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്ത് യാത്രക്കാരുടെ ആവശ്യത്തിനനുസരിച്ച് തീവണ്ടികൾ അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം പരിഗണിക്കാത്തതായി പറയപ്പെടുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

5. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ വില നിയന്ത്രിക്കാനാകാത്തതായി പറയപ്പെടുന്ന സാഹചര്യം സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ചുകാണാത്തതിൽ ഖേദിക്കുന്നു."

ശ്രീ. സി. കൃഷ്ണൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പി ക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സ്റ്റേറ്റ് ട്രാൻസ്‌പോർട്ട് അണ്ടർ ടേക്കിംങ്ങുകളുടെ സംരക്ഷണത്തിനായി കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ പ്രഖ്യാപിച്ച സംരക്ഷണ നടപടി പ്രാവർത്തികമാക്കിയിട്ടില്ലാത്തതായി പറയപ്പെടുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്തെ കായലുകളും തടാകങ്ങളും വ്യാപകമായി കൈയ്യേറി നികത്തുന്നതായി പറയപ്പെടുന്നത് തടയുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കാത്തതു സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും മതിയായ സംരക്ഷണം നൽകുന്നതിനുള്ള നടപടികൾ ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ച് കാണാത്തതിൽ ഖേദിക്കുന്നു."

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ പരമ്പരാഗത വ്യവസായങ്ങൾ തകർച്ച നേരിടുന്നതായി പറയപ്പെടുന്നതിന്റെ കാരണങ്ങൾ ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

5. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്ത് നടക്കുന്നതായി പറയപ്പെടുന്ന ഭൂമി കൈയ്യേറ്റം സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ച് കാണാത്തതിൽ ഖേദിക്കുന്നു."

ശ്രീമതി കെ. കെ. ലതിക : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പി ക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ സംസ്ഥാനത്ത് തീവണ്ടി കോച്ചുകളുടെ അറ്റകുറ്റ പണിക്ക് വേണ്ടി ഫാക്ടറി അനുവദിക്കണമെന്ന ആവശ്യം ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ സംസ്ഥാനത്ത് ഏറെ വികസന സാദ്ധ്യതകൾ ഉള്ള വിനോദ സഞ്ചാര മേഖലയെ വിൽപ്പനചരക്കാക്കുന്നതായി പറയപ്പെടുന്ന സർക്കാർ നടപടിയെ സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ സംസ്ഥാനത്ത് വർദ്ധിച്ച് വരുന്നതായി പറയപ്പെടുന്ന അതിക്രമങ്ങളെപ്പറ്റി ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ ഉന്നത വിദ്യാഭ്യാസ മേഖലയുടെ നിലവാരത്തെ ബാധിക്കുന്ന തരത്തിൽ സംസ്ഥാനത്ത് കോളേജുകളിൽ സ്വയംഭരണം നടപ്പാക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ച് കാണാത്തതിൽ ഖേദിക്കുന്നു."

ശ്രീ. കെ. കെ. നാരായണൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പി ക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ മദ്യവ്യാപാരികളുടെ സമ്മർദ്ദത്തിന് വഴങ്ങി മദ്യത്തിന്റെ വില തീരുമാനിക്കുന്നതായി പറയപ്പെടുന്ന സർക്കാർ നടപടി സംബന്ധിച്ച് യാതൊന്നും ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ച് കാണാത്തതിൽ ഖേദിക്കുന്നു."

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള യാതൊരു നടപടിയും ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ച് കാണാത്തതിൽ ഖേദിക്കുന്നു."

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ സംസ്ഥാനത്തെ ലക്ഷക്കണക്കിനുവരുന്ന ചുമട്ടുതൊഴിലാളികളുടെ തൊഴിൽ സംരക്ഷണവും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമപ്രവർത്തനങ്ങളും കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് ഉതകുന്ന നടപടികൾ ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ച് കാണാത്തതിൽ ഖേദിക്കുന്നു."

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ സംസ്ഥാനത്തെ തീവണ്ടികളിൽ പഴകിയ കോച്ചുകൾ മാത്രം ഉപയോഗിക്കുന്നതുമൂലം ഉണ്ടാകുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

5. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ ഈ വിദ്യാഭ്യാസ വർഷത്തിൽ സൗജന്യ യൂണിഫോം വിതരണം നടത്താൻ സാധിക്കാതിരുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ച് കാണാത്തതിൽ ഖേദിക്കുന്നു."

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പി ക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

'എന്നാൽ സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക് തടസമില്ലാതെ വൈദ്യുതി നൽകുന്നതിന് സാധിക്കാത്തതായി പറയപ്പെടുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.'

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
'എന്നാൽ പട്ടികവർഗ്ഗക്കാർക്കായുള്ള ഭവന പദ്ധതി നടപ്പിലാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.'

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

'എന്നാൽ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള യാതൊരു നടപടിയും ഗവർണ്ണറുടെ പ്രസം ഗത്തിൽ പരാമർശിച്ച് കാണാത്തതിൽ ഖേദിക്കുന്നു.'

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: 'എന്നാൽ വന്തല്ലൂർ ദേവസ്വത്തിന്റെതടക്കമുള്ള ദേവസ്വം ഭൂമി വ്യാപക മായി കൈയ്യേറുന്നതായി പറയപ്പെടുന്നത് തടയാനുള്ള നടപടിയുണ്ടാ കാത്തത് സംബന്ധിച്ച്  ഗവർണ്ണറുടെ പ്രസംഗത്തിൽ പ്രതിപാദിക്കാതി രുന്നതിൽ ഖേദിക്കുന്നു.'

<u>ശ്രീ. സി. കെ. സദാശിവൻ</u> : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പി ക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: 'എന്നാൽ സംസ്ഥാനത്തെ വൈദ്യുതി വിതരണ മേഖല നവീകരിക്കു ന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.'

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: 'എന്നാൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായ സാഹചര്യ മുള്ള കേരളത്തിന് ധനസഹായം നൽകുന്നതിന് പ്രത്യേക മാനദണ്ഡം വേണമെന്ന കാര്യത്തെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാ മർശിക്കാത്തതിൽ  ഖേദിക്കുന്നു.'

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

'എന്നാൽ മദ്യോപയോഗം കുറയ്ക്കുന്നതിനുള്ള ശക്തമായ യാതൊരു നടപടിയും ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ  ഖേദി ക്കുന്നു.'

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: 'എന്നാൽ സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയിലകപ്പെട്ടതായി പറയ പ്പെടുന്ന സാഹചര്യം സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാ മർശിക്കാത്തതിൽ  ഖേദിക്കുന്നു.'

5. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: 'എന്നാൽ കുടുംബശ്രീ ഇൻഷുറൻസ് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.'

ശ്രീ. ആർ. രാജേഷ് : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: 'എന്നാൽ ഘട്ടം ഘട്ടമായ സമ്പൂർണ്ണ മദ്യ നിരോധനമെന്ന സർക്കാരിന്റെ പ്രഖ്യാപിത നയം നടപ്പിലാക്കുന്നതിനുള്ള യാതൊരു നടപടിയും ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.'

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: 'എന്നാൽ പ്രതിരോധ കുത്തിവയ്പ് യഥാസമയം നടത്തുന്നതിൽ വീഴ്ച പറ്റിയതുമൂലം കുളമ്പ് രോഗം വ്യാപകമായതായി പറയപ്പെടുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.'

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: 'എന്നാൽ സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ ഇല്ലാതാക്കിയതിനെക്കുറിച്ചും പങ്കാളിത്ത പെൻഷന് വേണ്ടിയുള്ള സർക്കാർ വിഹിതവും ജീവനക്കാരുടെ വിഹിതവും പിരിച്ചെടുക്കാത്തതും തുക ഏത് ഏജൻസിയിൽ നിക്ഷേപിക്കണമെന്ന് തീരുമാനിക്കാത്തതും സംബന്ധിച്ചും ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.'

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: 'എന്നാൽ സംസ്ഥാനത്തിന് അനുവദിച്ചതും സ്ഥലം ഏറ്റെടുത്ത് നൽകിയതുമായ കോച്ച് ഫാക്ടറി നടപ്പിലായിട്ടില്ലാത്തതിന്റെ കാരണം ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.'

ശ്രീ. ജി. സുധാകരൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: 'എന്നാൽ കുട്ടനാട് പാക്കേജ് യഥാസമയം നടപ്പിലാക്കുന്നതിൽ പരാജയപ്പെട്ടതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.'

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
'എന്നാൽ അർഹരായ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും മണ്ണെണ്ണ പെർമിറ്റ് നൽകുന്നതിനുള്ള യാതൊരു നടപടിയും ഗവർണ്ണറുടെ പ്രസം ഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.'

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
'എന്നാൽ സംസ്ഥാനത്തെ ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്ത നങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാതെ വന്നതായി പറ യപ്പെടുന്ന സാഹചര്യം ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്ത തിൽ ഖേദിക്കുന്നു.'

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
'എന്നാൽ കായംകുളം താപനിലയ വിപുലീകരണം അനിശ്ചിതത്വത്തി ലായതായി പറയപ്പെടുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.'

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പി ക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:-

''എന്നാൽ, വൈദ്യുതി ബോർഡിന്റെ പ്രവർത്തനത്തിൽ ഉണ്ടായതായി പറയപ്പെടുന്ന കെടുകാര്യസ്ഥതയെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.''

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:-

''എന്നാൽ, എമർജിംഗ് കേരളയുടെ നടത്തിപ്പിലുണ്ടായതായി പറയപ്പെടുന്ന സാമ്പത്തികത്തട്ടിപ്പിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.''

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:-

''എന്നാൽ, സംസ്ഥാനത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ ഒരു നിർദ്ദേശവും ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിക്കാതിരുന്നതിൽ ഖേദിക്കുന്നു.''

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:-

''എന്നാൽ, സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.''

5. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:-

''എന്നാൽ, മഹാത്മാഗാന്ധി സർവ്വകലാശാലാ വൈസ് ചാൻസലർ യോഗ്യതയില്ലാത്ത വ്യക്തിയാണെന്ന് സർക്കാർ തന്നെ റിപ്പോർട്ട് ചെയ്തതായി പറയപ്പെടുന്നതു സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.''

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പി ക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:-
2.

''എന്നാൽ, മാനേജ്മെന്റിന്റെ കെടുകാര്യസ്ഥതമൂലം സംസ്ഥാനപൊതുമേഖലാസ്ഥാപനങ്ങൾ നേരിടുന്നതായി പറയപ്പെടുന്ന തകർച്ചയെ സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.''

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:–

4.

''എന്നാൽ, സംസ്ഥാനത്ത് പ്രത്യേകിച്ച് മലബാർ മേഖലയിലെ വോൾട്ടേജ് പ്രശ്നം പരിഹരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.''

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് നടക്കുന്നതായിപ്പറയപ്പെടുന്ന റേഷൻ കള്ള ക്കടത്ത് തടയാൻ സാധിക്കാത്തത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗ ത്തിൽ സൂചിപ്പിക്കാത്തതിൽ ഖേദിക്കുന്നു."

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഉന്നതബന്ധമുള്ള പ്രതികളെ രക്ഷിക്കുന്നതിന് സർക്കാർ തന്നെ പ്രതികൾക്കനുകൂലമായി കോടതികളിൽ ഇടപെടുന്നതായി പറ യപ്പെടുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാ ത്തതിൽ ഖേദിക്കുന്നു."

5. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ആവശ്യമായ നിർദ്ദേശ ങ്ങൾ ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കു ന്നു."

ഡോ. ടി.എം. തോമസ് ഐസക്: സർ, ഞാൻ താഴെ പറയുന്ന ഭേദ ഗതികൾ അവതരിപ്പി ക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, മണ്ണെണ്ണയുടെയും ഡീസലിന്റെയും വിലവർദ്ധനവുമൂലം വിഷമിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം

കാണുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിക്കാത്തതിൽ ഖേദിക്കുന്നു.”

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
“എന്നാൽ, പൊതുമേഖലാസ്ഥാപനങ്ങളുടെ തകർച്ചയെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.”

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
“എന്നാൽ, സർക്കാർ സർവ്വീസിൽ ഒഴിവുള്ള തസ്തികകളിൽ മുഴുവൻ പി.എസ്.സി. മുഖേന നിയമനം നടത്തുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ച് കാണാത്തതിൽ ഖേദിക്കുന്നു.”

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

“എന്നാൽ, കേന്ദ്രസർക്കാർ നയം മൂലം കെ.എസ്.ആർ.ടി.സി.ക്ക് ഡീസൽ വിലയിൽ വരുന്ന വൻ വർദ്ധനവ് കെ.എസ്.ആർ.ടി.സി.യെ പ്രതിസന്ധിയിലാക്കിയത് പരിഹരിക്കുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.”

5. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
“എന്നാൽ, സംസ്ഥാനത്തിനാവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിന് കരാറുകളിൽ ഏർപ്പെടുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.”

6. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
“എന്നാൽ, സംസ്ഥാനത്ത് ജീവൻരക്ഷാ മരുന്നുകളുടെ വില കുതിച്ചുകയറുകയും, സർക്കാർ ആശുപത്രികളിൽ മരുന്ന് ക്ഷാമം അനുഭവപ്പെടുന്നതുംമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരനിർദ്ദേശം ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.”

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പി ക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.
   "എന്നാൽ നവഉദാരവൽക്കരണ നയങ്ങളുടെ ദോഷഫലങ്ങളെ സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ച് കാണാത്തതിൽ ഖേദിക്കുന്നു"

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.
   "എന്നാൽ സാമൂഹ്യപ്രതിബദ്ധത, യാത്രാസൗജന്യങ്ങൾ തുടങ്ങിയവ വഴി കെ.എസ്.ആർ.ടി.സി. ക്കുണ്ടാകുന്നതായി പറയപ്പെടുന്ന പ്രതിമാസ നഷ്ടം പരിഹരിക്കുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.
   "എന്നാൽ ഐ.എച്ച്.ആർ.ഡി. ഗവേണിംഗ് ബോഡിയിൽ യോഗ്യതയില്ലാത്തവരെ നിയമനം നടത്തിയതായി പറയപ്പെടുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശം നടത്താത്തതിൽ ഖേദിക്കുന്നു"

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.
   "എന്നാൽ സംസ്ഥാനത്തെ പൊതുമാർക്കറ്റിൽ വിലക്കയറ്റം തടയുന്നതിന് കൺസ്യൂമർഫെഡ്, ത്രിവേണി, നന്മ സ്റ്റോറുകൾ സജ്ജമാക്കുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു"

5. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.
   "എന്നാൽ, സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രി മുതൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വരെ സൗജന്യമായി ജനറിക് മരുന്നുകൾ വിതരണം ചെയ്യുമെന്ന പദ്ധതിയെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. പി. കെ. ഗുരുദാസൻ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പി ക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.

"എന്നാൽ കെ.എസ്.ആർ.ടി.സി.യുടെ കടം എഴുതിത്തള്ളി പ്രതിസന്ധിയിൽ നിന്ന് കരകയറ്റുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു"

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.

   "എന്നാൽ സംസ്ഥാനത്തെ സഹകരണമേഖലയുടെ നിയന്ത്രണം സർക്കാരിന്റെയും രജിസ്ട്രാറുടെയും പക്കൽനിന്നും റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിലാക്കാൻ നടക്കുന്നതായി പറയപ്പെടുന്ന നീക്കത്തെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.

   "എന്നാൽ, സംസ്ഥാനത്ത് എ.പി.എൽ. വിഭാഗത്തിന് റേഷൻ ഗോതമ്പ് വിതരണം നിർത്തലാക്കിയതായി പറയപ്പെടുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പ്രസ്താവിച്ച് കാണാത്തതിൽ ഖേദിക്കുന്നു"

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.

   "എന്നാൽ, സംസ്ഥാനത്ത് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനും, ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ ഗവർണ്ണറുടെ പ്രസംഗത്തിൽ പ്രതിപാദിക്കാതിരുന്നതിൽ ഖേദിക്കുന്നു."

5. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.

   "എന്നാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടി ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ച് കാണാത്തതിൽ ഖേദിക്കുന്നു"

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.

"എന്നാൽ കഞ്ചിക്കോട് ഐ.ടി.ഐ. നേരിടുന്നതായി പറയപ്പെടുന്ന തകർച്ചയിൽ നിന്നും കരകയറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു"

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.

"എന്നാൽ, ദേശീയപാതാ ബൈപാസുകളുടെ നിർമ്മാണം സംസ്ഥാനത്ത് അനിശ്ചിതത്വത്തിലായതായി പറയപ്പെടുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.

"എന്നാൽ, സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളെ കാലാനുസൃതമായി വികസിപ്പിക്കുന്നതിനാവശ്യമായ പദ്ധതി ഗവർണ്ണറുടെ പ്രസംഗത്തിൽ പ്രതിപാദിക്കാതിരുന്നതിൽ ഖേദിക്കുന്നു"

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.

"എന്നാൽ ഭരണത്തിലെ ഉന്നതരുമായി ബന്ധപ്പെട്ട കേസ്സുകളിൽ നിഷ്പക്ഷമായ അന്വേഷണം നടത്താതെ പ്രതികളേയും ഉന്നതരേയും രക്ഷിക്കുന്നതായി പറയപ്പെടുന്ന സർക്കാർ നടപടിയ്ക്കെതിരെ ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ച് കാണാത്തതിൽ ഖേദിക്കുന്നു"

5. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.

"എന്നാൽ കെ.എസ്.ആർ.ടി.സിയെ കമ്പനിയാക്കുമ്പോൾ ആ മേഖലയിലുണ്ടാകുന്നതായി പറയപ്പെടുന്ന പ്രതിസന്ധികളെക്കുറിച്ചുള്ള ആശങ്ക ദുരീകരിക്കുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പി ക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.

"എന്നാൽ സംസ്ഥാനത്ത് റയിൽവേ സോൺ ലഭ്യമാക്കണമെന്ന ആവശ്യം കേന്ദ്രം അംഗീകരിക്കാത്തതായി പറയപ്പെടുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.

"എന്നാൽ അടയ്ക്കായുടെ വില കുത്തനെ ഇടിഞ്ഞതായി പറയപ്പെടുന്ന സാഹചര്യത്തിൽ അടയ്ക്കാ കർഷകരെ സഹായിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളൊന്നും ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചുകാണാത്തതിൽ ഖേദിക്കുന്നു."

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.

"എന്നാൽ, സംസ്ഥാനത്ത് രജിസ്ട്രേഷൻ ഫീസുകൾ വർദ്ധിപ്പിച്ചത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.

"എന്നാൽ, സംസ്ഥാനത്തെ തീരദേശവാസികൾ അനുഭവിക്കുന്നതായി പറയപ്പെടുന്ന കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുള്ള നിർദ്ദേശം ഗവർണ്ണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താതിരുന്നതിൽ ഖേദിക്കുന്നു."

ശ്രീ. കെ. വി. വിജയദാസ്: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പി ക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.

"എന്നാൽ എൻ.ടി.പി.സി.യുമായി ധാരണാപത്രം ഒപ്പിട്ടതായി പറയപ്പെടുന്ന കാറ്റാടി പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ലാത്തതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.

"എന്നാൽ സംസ്ഥാനത്ത് ചന്ദനമാഫിയയെ അമർച്ച ചെയ്യുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ച് കാണാത്തതിൽ ഖേദിക്കുന്നു."

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.

"എന്നാൽ സംസ്ഥാനത്തെ ജനങ്ങളെ ബാധിക്കുന്ന പല പ്രശ്നങ്ങളും യഥാസമയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാൻ സാധിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.

"എന്നാൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ തകർച്ചയുടെ വക്കിലാണെന്നു പറയപ്പെടുന്നതിനെപ്പറ്റി ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പി ക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.

"എന്നാൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് ചെക്ക്പോസ്റ്റുകൾ നവീകരിച്ചിട്ടില്ലാത്തതായി പറയപ്പെടുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.

"എന്നാൽ, സംസ്ഥാനം ആവശ്യപ്പെട്ട മെമു ട്രെയിനടക്കമുള്ള ട്രെയിനുകൾ അനുവദിക്കാത്തതായി പറയപ്പെടുന്ന കേന്ദ്ര നിലപാടുകളെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.

"എന്നാൽ അബ്ക്കാരിക്കേസ്സുകൾ യഥാസമയം തീർപ്പാക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ച് കാണാത്തതിൽ ഖേദിക്കുന്നു."

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.

"എന്നാൽ കർഷകർക്ക് ആശ്രയമായിരുന്ന പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും കുറഞ്ഞ പലിശയ്ക്ക് കാർഷിക വായ്പ ലഭിക്കാത്ത

തായി പറയപ്പെടുന്ന സാഹചര്യം സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗ ത്തിൽ പരാമർശിച്ചുകാണാത്തതിൽ ഖേദിക്കുന്നു.''

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പി ക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.

''എന്നാൽ, കൊല്ലം – കോട്ടപ്പുറം ജലപാതയുടെ പൂർത്തീകരണം വാഗ്ദാനങ്ങളിൽ ഒതുങ്ങിയതായി പറയപ്പെടുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.''

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.

''എന്നാൽ സംസ്ഥാനത്ത് നിലനിൽക്കുന്ന സ്റ്റാറ്റ്യൂട്ടറി പെൻഷൻ സംവിധാനത്തിനു പകരം പങ്കാളിത്ത പെൻഷൻ സംവിധാനം നടപ്പിലാക്കുന്നതിലെ ആശങ്കയെ സംബന്ധിച്ച പരാമർശം ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ച് കാണാത്തതിൽ ഖേദിക്കുന്നു.''

3 നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.

''എന്നാൽ റയിൽവേ സർവ്വേ പ്രഖ്യാപിച്ച് വർഷങ്ങളായ പാതകൾ അനുവദിക്കാത്തതായി പറയപ്പെടുന്നതിനെക്കുറിച്ച് ഗവർണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.''

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.

''എന്നാൽ കാർഷിക കടംമൂലം ആത്മഹത്യ ചെയ്തതായി പറയപ്പെടുന്ന കർഷകരെക്കുറിച്ചും അവർക്ക് നൽകേണ്ട സഹായം സംബന്ധിച്ചും ഗവർണറുടെ പ്രസംഗത്തിൽ യാതൊന്നും സൂചിപ്പിച്ചുകാണാത്തതിൽ ഖേദിക്കുന്നു.''

ശ്രീ. പി. റ്റി. എ. റഹീം: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.

''എന്നാൽ വൈദ്യുത മേഖലയിൽ ഉപഭോഗത്തിനനുസരിച്ച് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ലാത്തതായി പറയപ്പെടുന്നതിനെ

ക്കുറിച്ച് ഗവർണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.
"എന്നാൽ ബോഡി നിർമ്മാണമടക്കമുള്ള കാര്യങ്ങളിൽ കെ.എസ്.ആർ.ടി.സി.യുടെ സംവിധാനം ആവശ്യത്തിന് ഉപയോഗപ്പെടുത്താതിരിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ഗവർണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.
"എന്നാൽ അയൽസംസ്ഥാനത്തുനിന്ന് കേരളത്തിലേയ്ക്ക് നടക്കുന്നതായി പറയപ്പെടുന്ന സ്പിരിറ്റ് കടത്ത് തടയുന്നതിനുള്ള നടപടികൾ ഗവർണറുടെ പ്രസംഗത്തിൽ പരാമർശിച്ച് കാണാത്തതിൽ ഖേദിക്കുന്നു."

4.. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
'എന്നാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ പെൻഷൻ സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ യാതൊന്നും സൂചിപ്പിച്ചു കാണാത്തതിൽ ഖേദിക്കുന്നു.'

ശ്രീ. എസ്. രാജേന്ദ്രൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പി ക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
'എന്നാൽ സംസ്ഥാനത്ത് വൈദ്യുതി മേഖലയിൽ നിശ്ചയിച്ച രീതിയിൽ സബ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ യാതൊന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.'

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

'എന്നാൽ കാലാവധി തീർന്ന ഇടുക്കി പാക്കേജ് പരാജയപ്പെട്ടതായി പറയപ്പെടുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ യാതൊന്നും സൂചിപ്പിച്ചു കാണാത്തതിൽ ഖേദിക്കുന്നു.'

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
'എന്നാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരമേഖലയെ ഉൾപ്പെടുത്തി പാലുൽപ്പാദനം മെച്ചപ്പെടുത്താൻ വേണ്ട നിർദ്ദേശങ്ങളൊന്നും നൽകാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച്

ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ചു കാണാത്തതിൽ ഖേദിക്കുന്നു.'

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: 'എന്നാൽ കെ.എസ്.ആർ.ടി.സി.യുടെ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തി പാഴ്ചെലവുകൾ ഇല്ലാതാക്കാൻ നടപടി സ്വീകരിക്കേണ്ടതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.'

ശ്രീ. റ്റി. വി. രാജേഷ് : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പി ക്കുന്നു

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: 'എന്നാൽ സംസ്ഥാനത്ത് വൈദ്യുതിചാർജ്ജ് കുടിശ്ശിക പിരിച്ചെടുത്ത് വൈദ്യുതി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സാധിച്ചിട്ടില്ലാത്തതായി പറയപ്പെടുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.'

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: 'എന്നാൽ രൂപയുടെ വിലയിടിവ് മൂലം വിദേശരാജ്യങ്ങളിൽ നിന്നെടുത്ത വായ്പകൾ അമിതഭാരം ഉണ്ടാക്കിയതായി പറയപ്പെടുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.'

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: 'എന്നാൽ ഹൈക്കോടതി നിരോധിച്ച പുകയില ഉൽപ്പന്നങ്ങൾ വിപണിയിൽ സുലഭമായി ലഭിക്കുന്നതായും അവ കണ്ടെത്തുന്നതിനോ നശിപ്പിക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കാത്തതായും പറയപ്പെടുന്നനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ യാതൊരു പരാമർശവും നടത്താത്തതിൽ ഖേദിക്കുന്നു.'

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: 'എന്നാൽ വയനാട്ടിലെ കാർഷിക പ്രതിസന്ധിക്ക് പരിഹാരം കാണാൻ ഉദ്ദേശിച്ചുകൊണ്ടുള്ള വയനാട് പാക്കേജ് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ചു കാണാത്തതിൽ ഖേദിക്കുന്നു.'

മി. സ്പീക്കർ: പ്രമേയാവതാരകനായ ശ്രീ. ബെന്നി ബെഹനാൻ, അങ്ങേയ്ക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. ബെന്നി ബെഹനാൻ: സർ, രണ്ട് വർഷം പൂർത്തിയാക്കിയ ഐക്യ ജനാധിപത്യ മുന്നണി സർക്കാരിന്റെ മൂന്നാം വർഷത്തിലേയ്ക്കുള്ള വഴിയും ചലനവും വ്യക്തമാക്കുന്ന നയരേഖയാണ് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ഗവർണ്ണർ ഈ സഭയെ അറിയിച്ചത്. വ്യവസ്ഥാപിതമായ പ്രഖ്യാപനങ്ങളിൽനിന്നും ചർവ്വിതചർവ്വണങ്ങളായ വാഗ്ദാനങ്ങളിൽനിന്നും വ്യത്യസ്തമായി വ്യക്തമായ രാഷ്ട്രീയ ധാരണയും സാമൂഹ്യ ബോധവുമുള്ള ഒരു ന്യൂ ജനറേഷൻ നയപ്രഖ്യാപനമായി ഞാൻ ഇതിനെ കാണുന്നു. ഒന്നാം കേരള മോഡലിനുപകരം രണ്ടാം കേരള മോഡലിനെക്കുറിച്ച് ആലോചന തുടങ്ങണമെന്ന അഭിപ്രായമാണ് നമുക്കെല്ലാവർക്കുമുള്ളത്. കഴിഞ്ഞ ദിവസം നമ്മുടെ നിയമസഭയുടെ 125–ാം ജൂബിലി ആഘോഷ പരിപാടിയിൽ പങ്കെടുത്ത മുഖ്യാതിഥിയായ ശ്രീ. എ.കെ. ആന്റണി ഉൾപ്പെടെ അതിൽ പങ്കെടുത്ത്, അഭിപ്രായ പ്രകടനം നടത്തിയ ബഹുമാനപ്പെട്ട ..........

ശ്രീ. ജി. സുധാകരൻ: സർ, പോയിന്റ് ഓഫ് ഓർഡർ..........

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ

ശ്രീ. ജി. സുധാകരൻ: സർ, ഗവർണ്ണറുടെ നയപ്രഖ്യാപനം ഭരണഘടനാനുസൃതമാണെന്ന് ഞാൻ പ്രത്യേകിച്ച് പറയേണ്ട കാര്യമില്ല. ആ നയങ്ങളെല്ലാം കോൺസ്റ്റിറ്റ്യൂഷണൽ ആണ്. ഇന്ത്യാ ഗവൺമെന്റിനോ ശ്രീ. ഉമ്മൻ ചാണ്ടി നയിക്കുന്ന സ്റ്റേറ്റ് ഗവൺമെന്റിനോ ന്യൂ ജനറേഷൻ പോളിസി എന്ന പേരിൽ ഒരു പോളിസി ................. ഇവിടെ ഭരണപരമായി ഉണ്ടോ എന്നുള്ള കാര്യം................................ ഇല്ലെന്നാണ് ................... അങ്ങനെ ഉണ്ടാ

ക്കാൻ പറ്റില്ല. ഈ പ്രയോഗം ശരിയാണോ; അദ്ദേഹം ഈ പ്രയോഗം തിരുത്തണം എന്നാണ് പറയുന്നത്. കാരണം അത് ഓർഡറിലല്ല. ........ഇത് രാഷ്ട്രീയവുമായി കൂട്ടിക്കലർത്താനുള്ള കാര്യമല്ല, ഗൗരവമായ കാര്യമാണ് ചോദിച്ചത്. അതിന് യു.ഡി.എഫ്-ന്റെ സപ്പോർട്ട് വേണ്ട. ഞങ്ങൾ ..... (മൈക്ക് ഓഫ്).......

ശ്രീ. സി.പി. മുഹമ്മദ്: സർ, അതിന്റെ സ്വഭാവം പറഞ്ഞതാണ്.

മി. സ്പീക്കർ: പ്ലീസ്, ശ്രീ. ജി. സുധാകരൻ, ഇത് ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുന്നതാണ്. ഇത് പ്രസംഗമാണ്. സ്വാഭാവികമായും പറയാനുള്ള കാര്യങ്ങളൊക്കെ അത് അവതരിപ്പിക്കുന്ന വ്യക്തി പറയും. അത്രയേയുള്ളൂ.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഏതായാലും എന്റെ ന്യൂ ജനറേഷൻ എന്ന പദപ്രയോഗം അങ്ങ് ശ്രദ്ധിച്ചു എന്നുള്ള കാര്യത്തിൽ എനിക്ക് സന്തോഷമുണ്ട്. അതുതന്നെയാണ് ഞാനും ആഗ്രഹിച്ചത്. ഓൾഡ് ജനറേഷനിലുള്ളവർ അത് ശ്രദ്ധിക്കുന്നത് നല്ലതാണ്. ഞാൻ ഇവിടെ സൂചിപ്പിച്ചത് നമ്മുടെ നിയമനിർമ്മാണ സഭയുടെ 125-ാം ജൂബിലി ആഘോഷ പരിപാടിയുമായി ബന്ധപ്പെട്ടുനടത്തിയ അഭിപ്രായ പ്രകടനങ്ങളിലൊക്കെ ഉയർന്നുവന്ന ഒരഭിപ്രായം ഒന്നാം കേരള മോഡലിനുപകരം രണ്ടാം മോഡലിനെക്കുറിച്ച് ആലോചിക്കണം എന്നതാണ്. രണ്ടാം കേരള മോഡൽ എന്ന പുതിയ ആശയത്തിനും സ്വപ്നത്തിനും ആകാശവും ചിറകും നൽകുന്നതാണ് ഈ നയപ്രഖ്യാപനം. ഇച്ഛാശക്തിയുള്ള ചലനാത്മകമായ ഒരു സർക്കാരിന്റെ ശിരോരേഖയാണിത്. വികസനവും കരുതലും എന്ന വിഖ്യാതമായ മുദ്രാവാക്യത്തിലൂടെ കുതിക്കുന്ന സർക്കാരിന്റെ റൂട്ട് മാപ്പാണ് ഈ നയപ്രഖ്യാപന രേഖ കൊണ്ട് സൂചിപ്പിക്കുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ,

എണ്ണമറ്റ ന്യൂ ജനറേഷൻ ആശയങ്ങൾ ഇതിൽ വിളമ്പരം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ വികസന ലക്ഷ്യങ്ങൾക്കനുസൃതമായി 12–ാം പഞ്ചവത്സര പദ്ധതിയുടെ ചെലവിനായുള്ള വകയിരുത്തൽ ഒന്നേകാൽ ലക്ഷം കോടി രൂപ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് മുൻകാല പദ്ധതികളേക്കാൾ 150 ശതമാനം അധികമാണ്. □പെർസ്പെക്റ്റീവ് പ്ലാൻ 2030□ (ജ്ഋഞടജ്ഋഇഠകഢ്ഋ ജ്ഘഅച 2030)–ന്റെ ആദ്യ കരട് സംസ്ഥാന പ്ലാനിംഗ് ബോർഡ് തയ്യാറാക്കി ക്കൊണ്ടിരിക്കുന്ന ഒരു സന്ദർഭമാണ്. ആസൂത്രിത വളർച്ചാനിരക്കായ 7.5 ശത മാനം അടിസ്ഥാനമാക്കി, മുന്തിയ പുരോഗതി കൈവരിച്ച നോർഡിക് രാജ്യങ്ങളുടെ നിലവാരത്തിലേക്ക് 2040–ഓടെ കേരളത്തെയും എത്തിക്കുക എന്ന താണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. പദ്ധതികളെക്കുറിച്ച് ആലോചി ക്കുമ്പോൾ, പദ്ധതികളുടെ നടത്തിപ്പുകളിൽ ഒരു കാഴ്ചപ്പാടുണ്ടാകണം. പദ്ധതിച്ചെലവുകളിൽ പ്രഥമമായും ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് മെച്ചപ്പെട്ട രീതിയിലുള്ള ധനവിനിയോഗത്തിലായിരിക്കണം. പദ്ധതി നിർവ്വഹണത്തിന്റെ സാമ്പത്തികവും ഭൗതികവുമായ പുരോഗതി നിരീക്ഷിക്കാൻ കഴിയണം. വികസനത്തിന്റെ ഗുണഫലങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും സംസ്ഥാനത്തിന്റെ എല്ലാ മേഖലകളിലും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേ ണ്ടതാണ്. ഇതിനായി തീരപ്രദേശങ്ങളിലേയും മലയോര പ്രദേശങ്ങളിലേയും വികസനപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വാർഷിക പദ്ധതികളിൽ പ്രത്യേക പാക്കേജുകൾക്ക് രൂപം കൊടുക്കണമെന്നുള്ള ശുപാർശയാണുള്ളത്. ഏറ്റവും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലെ പ്രശ്നങ്ങൾ കണ്ടെത്തുന്ന തിനും അവ പ്രത്യേകമായി പരിഹരിക്കുന്നതിനും ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുമെന്ന ഗവർണ്ണറുടെ നയപ്രഖ്യാപനം സ്വാഗതാർഹമാണ്. □റിസൾട്ട്സ് ഫ്രെയിംവർക്ക് ഡോക്യുമെന്റ്□ (ഞലൌഹ േഎൃമാലംീൃസ

ഊീരൗാലിഭ) നടപ്പാക്കുന്നതിനുള്ള പരിശ്രമങ്ങൾക്ക്, 2013 ഒക്ടോബറിൽ ഭാരത സർക്കാരിൽ നിന്നും 'അവാർഡ് ഓഫ് എക്സലൻസ്' (Award of Excellence) സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി എന്നതിൽ നമുക്ക് അഭിമാനിക്കാം. കേരളത്തിന്റെ രണ്ട് പ്രധാനപ്പെട്ട മേഖലകളാണ് വിദ്യാഭ്യാസവും ആരോഗ്യവും. ന്യൂ ജനറേഷനെ സംബന്ധിച്ച് പറഞ്ഞപ്പോൾ എന്റെ സ്നേഹിതർ അതിനെ എതിർത്തു. ഈ നയപ്രഖ്യാപന രേഖ പരിശോധിക്കുമ്പോൾ വിദ്യാഭ്യാസത്തിനും ആരോഗ്യമേഖലക്കും കൊടുത്ത ഊന്നൽ വളരെ സ്തുത്യർഹമാണ്. ഐ.റ്റി. @ സ്കൂൾ പദ്ധതി ഹയർ സെക്കന്ററി സ്കൂളുകളിലേക്കും വ്യാപിപ്പിക്കുന്നതാണ്. സർക്കാർ സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. പാഠ്യ പദ്ധതികൾ പരിഷ്കരിക്കുക, കമ്മ്യൂണിറ്റി കോളേജുകൾ ആരംഭിക്കുക, സർവ്വകലാശാലകൾക്കും കോളേജ് വിദ്യാഭ്യാസ-സാങ്കേതിക വിദ്യാഭ്യാസ വകുപ്പുകൾക്ക് ഇ-ഗവേർണൻസ് പദ്ധതി നടപ്പാക്കുക, മെഡിക്കൽ കോളേജ് ഇല്ലാത്ത ജില്ലകളിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുക, തിരുവനന്തപുരം ജില്ലയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്) -നെ സർവ്വകലാശാലയാക്കി ഉയർത്തുന്നതിന് ഒരു ബില്ലും തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ നയപ്രഖ്യാപന പ്രസംഗത്തിലുണ്ട്. പോലീസ് വകുപ്പിനെ സംബന്ധിച്ച് എപ്പോഴും പരാതികളുണ്ടെങ്കിലും - പോലീസ് ഉദ്യോഗസ്ഥർക്കായി ഒരു പുതിയ മെഡിക്കൽ-ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കൊണ്ടുവരുന്നത് സംബന്ധിച്ചും നയപ്രഖ്യാപനപ്രസംഗത്തിലുണ്ട്. സമസ്ത മേഖലകളിലും പുതിയ ആശയങ്ങൾ ഉൾക്കൊള്ളാനും, ആ ആശയങ്ങൾ പ്രാവർത്തികമായി നടപ്പാക്കുന്നതിനും വേണ്ടിയുള്ള കർമ്മ പരിപാടികൾക്ക് രൂപം നൽകുന്നുവെ

ന്നതിന്റെ സൂചനയാണ് നയപ്രഖ്യാപനപ്രസംഗത്തിൽ കാണുന്നത്. രണ്ടു വർഷം മുമ്പ്, ഈ സഭയിൽ വച്ച് ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ ആദ്യത്തെ നയപ്രഖ്യാപനപ്രസംഗം നടത്തിയപ്പോൾ അപ്പുറത്തിരിക്കുന്ന രാഷ്ട്രീയ പ്രവാചകന്മാർ ഇത് ചാപിള്ളയുടെ ജാതകക്കുറിപ്പ് ആണെന്ന് പറഞ്ഞു. 72 പേരുടെ ഭൂരിപക്ഷമുള്ള ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ 72 ദിവസം പോയിട്ട് 7 ദിവസം പോലും അധികാരത്തിൽ തുടരുകയില്ല എന്ന പ്രവചനമാണ് അപ്പുറത്തുള്ളവർ നടത്തിയത്. ഇടതുപക്ഷത്തിന്റെ പ്രവചനം തെറ്റിച്ചുകൊണ്ട് ശ്രീ. ഉമ്മൻചാണ്ടി സർക്കാർ പൂർണ്ണ ആരോഗ്യത്തോടെ 31 മാസം പിന്നിട്ടിരിക്കുന്നൂവെന്നതിൽ നമുക്ക് അഭിമാനിക്കാൻ കഴിയും. വികസനത്തിന്റെ കാര്യത്തിൽ ഗുജറാത്തിനെ പിന്തള്ളി കേരളം ഒന്നാം സ്ഥാനത്തേയ്ക്ക് എത്തിയിരിക്കുന്നുവെന്നത് രാഷ്ട്രീയ പ്രേരിതമായ സമരകോലാഹലത്തിന്റെ ഇടയിൽ നാം വിസ്മരിച്ചുപോകും. ഗുജറാത്ത് മോഡൽ എന്ന് പറഞ്ഞ് ഇന്ത്യയുടെ പ്രധാനമന്ത്രിയാക്കുന്നതിനുവേണ്ടി ചിലയാളുകളെ ഉയർത്തിപ്പിടിച്ചുകൊണ്ട് സംസ്ഥാന വ്യാപകമായി, രാജ്യ വ്യാപകമായി നടത്തുന്ന..........

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.......പ്ലീസ്......... അദ്ദേഹം സംസാരിക്കട്ടെ.

ശ്രീ. ബെന്നി ബെഹനാൻ: ആര് അവരെക്കുറിച്ച് പറഞ്ഞാലും രാഷ്ട്രീയ കോലാഹലങ്ങൾക്കിടയിൽ അത് വിസ്മരിച്ചുപോകുന്നൂവെന്നാണ് ഞാൻ പറഞ്ഞത്. ഇത് ഇന്നത്തെ വികസനത്തിന്റെ കേരള മേഡലാണ്. അതാണ് ഇവിടെ സംസാരിക്കുന്നത്. അതിനാലാണ് ഗുജറാത്ത് മോഡലിനേക്കാൾ നമ്മൾ മുന്നിൽ വന്നിരിക്കുന്നത്. ലോകം സാമ്പത്തിക മാന്ദ്യത്തിന്റെയും ഭാരതം സാമ്പത്തിക പ്രതിസന്ധിയുടെയും നീർച്ചുഴിയിലകപ്പെട്ടപ്പോഴും കേരളത്തിന്റെ വളർച്ചാനിരക്ക് രണ്ടക്ക ശതമാനത്തിലേക്ക്

എത്തിക്കുന്നതിനുള്ള സജീവമായ പരിശ്രമത്തിലാണ് കേരളം ഏർപ്പെട്ടു ക്കൊണ്ടിരിക്കുന്നത്. മൂലധനരംഗത്ത് എണ്ണായിരം കോടി രൂപ ചെലവഴിച്ച ഈ സർക്കാരിന്റെ മനുഷ്യത്വപരമായ മുഖംവ്യക്തമാക്കുന്നത് നാളിതുവരെ കേരളം കണ്ടിട്ടില്ലാത്ത ക്ഷേമപ്രവർത്തനങ്ങൾ നടപ്പാക്കിക്കൊണ്ടാണ്. ജീവിതത്തിന്റെ നരകയാമങ്ങളിൽ, വേകുന്ന സമൂഹങ്ങൾക്ക്, ആശ്വാസ ത്തിന്റെ കൈനീട്ടങ്ങളായി എല്ലാ സാമൂഹ്യപെൻഷനുകളും 75 ശതമാനം വർദ്ധിപ്പിച്ചിരിക്കുന്നു. വൃദ്ധർ, വികലാംഗർ, അന്ധർ, അഗതികൾ, കർഷകർ, കർഷത്തൊഴിലാളികൾ വിവിധയിനം കൈത്തൊഴിലുകാർ തുടങ്ങി പത്ര പ്രവർത്തകർക്കു വരെ പെൻഷൻ വർദ്ധനവിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. വിശ്വപ്രസിദ്ധമായ ജനസമ്പർക്ക പരിപാടിയെക്കുറിച്ച് ഇന്ന് രാവിലെ ഇവിടെ നടന്ന ചോദ്യോത്തര വേളയിൽ അപ്പുറത്തിരിക്കുന്ന പല സ്നേഹിതന്മാരും, ബഹുമാനപ്പെട്ട അംഗങ്ങളും പല സംശയങ്ങൾ പ്രകടിപ്പിച്ചു. ജനസമ്പർക്ക പരിപാടിയെക്കുറിച്ച് കേരളത്തിലെ ജനങ്ങൾക്ക് ഒരു അഭിപ്രായമുണ്ട്. കണ്ണീർച്ചാലുകൾ നീന്തിക്കടന്ന് കദനപാതങ്ങളുടെ കഷ്ടപാലനങ്ങൾ തേടേണ്ടി വരുന്ന പതിനായിക്കണക്കിന് ആളുകൾക്ക് ശ്രീ. ഉമ്മൻ ചാണ്ടി നൽകിയ സാന്ത്വനവും സമാധാനവും നമ്മുടെ രാജ്യം കണ്ട ഏറ്റവും വലിയ കാരുണ്യ പ്രവർത്തനമാണ് അത്. ജനസമ്പർക്ക പരിപാടിയുമായി 14 ജില്ലക ളിലും മുഖ്യമന്ത്രി കടന്നുവന്നപ്പോൾ കല്ലെറിഞ്ഞ് കൊല്ലാനാണ് നിങ്ങൾ ശ്രമി ച്ചത്, എന്നാൽ ശ്രീ. ഉമ്മൻ ചാണ്ടിയുടെ സ്നേഹവചനങ്ങൾക്ക് മുന്നിൽ, സഹനത്തിനുമുന്നിൽ നിങ്ങളുടെ കല്ലും, കരിങ്കൊടിയും, കുറുവടിയും, ഹർത്താലും, ഉപരോധവുമൊക്കെ വമ്പൻ പരാജയങ്ങളായി മാറി. നിങ്ങൾ തടസ്സപ്പെടുത്തിയ ജനസമ്പർക്ക പരിപാടിയിലൂടെ ആയിരക്കണക്കിന്

ആളുകൾക്ക്, 30 കോടിയിലധികം രൂപ ഈ സർക്കാരിന് വിതരണം ചെയ്യാൻ കഴിഞ്ഞൂവെന്ന് വളരെ സന്തോഷത്തോടുകൂടി ഞങ്ങൾ പറയുകയാണ്. ആ ജന സമ്പർക്ക പരിപാടിയുടെ ഫലമെന്താണെന്ന് ശ്രീ. ഇ.പി. ജയരാജന്റെ സഹോദരിക്കുപോലും മനസ്സിലാക്കിക്കൊടുക്കാൻ ഈ സർക്കാരിന്റെ ജന സമ്പർക്ക പരിപാടിക്ക് കഴിഞ്ഞൂവെന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ശ്രീ. ഉമ്മൻ ചാണ്ടിയുടെ ബഹുജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട് കുറേ സാമ്പത്തിക ആനുകൂല്യങ്ങൾ കൊടുത്തൂവെന്നാണ് നിങ്ങൾ പറയുന്നത്. സാമ്പത്തിക ആനുകൂല്യങ്ങൾ മാത്രമല്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ, എത്രയോ പ്രായോഗികമായ തീരുമാനങ്ങളുടെ തുടക്കം, അതിനുവേണ്ടിയുള്ള ഗവൺമെന്റ് ഓർഡറുകൾ പ്രഖ്യാപിക്കാൻ ഈ ജനസമ്പർക്ക പരിപാടി എന്ന വിശാലമായ യജ്ഞത്തിന്റെ അനുഭവത്തി ലൂടെ ഗവൺമെന്റിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും കഴിഞ്ഞു. വിലക്കപ്പെട്ട വാതിലുകളിലേക്ക് കടന്നുചെല്ലാനും കുരുക്കപ്പെട്ട ചുവപ്പുനാട യുടെ കുരുക്കഴിക്കാനും ജന സമ്പർക്ക പരിപാടി എന്ന മഹായജ്ഞത്തിനു കഴിഞ്ഞു. രോഗത്തിന്റെ വേദനകളും ചികിത്സയുടെ യാതനകളും പേറുന്ന പതിനായിക്കണക്കിന് ജീവിതങ്ങൾക്ക് ആശ്വാസത്തിന്റെ കൈത്തിരി കൊളുത്താനും രോഗമുക്തിയുടെ നിലാവ് പരത്താനും കാരുണ്യ പദ്ധതിയിലൂടെ 250 കോടി രൂപ 25,000 രോഗികൾക്ക് ആശ്വാസം പകരാൻ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞു. ആയിരം പുരുഷായുസ്സുകൾ ജീവി ച്ചാലും ചെയ്തുതീർക്കാനാകാത്ത ഈ പുണ്യപ്രവൃത്തി നിർവ്വഹിച്ച ശ്രീ. ഉമ്മൻ ചാണ്ടിയേയും ശ്രീ. കെ.എം. മാണിയേയും യു.ഡി.എഫ്. ഗവൺമെന്റിനെയും ഞാൻ ആയിരം ആയിരം പൂച്ചെണ്ടുകൾ നൽകി അഭിന

ന്ദിക്കുകയാണ്. യു.ഡി.എഫ്. സർക്കാരിന്റെ വികസന നേട്ടങ്ങളുടെ വസന്തോൽസവം ഇന്ന് കേരളത്തിലെവിടെയും കാണാം. കൊച്ചി മെട്രോയുടെ ഭാഗമായുള്ള എറണാകുളം നോർത്ത് പാലം റിക്കോർഡ് വേഗത്തിൽ പണി പൂർത്തീകരിച്ചു. ശ്രീ. എസ്. ശർമ്മ അത് കണ്ടതാണ്. ഈ സർക്കാരിന്റെ കാലാവധിക്കുമുമ്പുതന്നെ കൊച്ചി മെട്രോയുടെ കുതിപ്പ് ആരംഭിക്കുമെന്ന കാര്യത്തിൽ ആർക്കും ഒരു സംശയവും വേണ്ട. യു.ഡി.എഫ്. സർക്കാർ പച്ചക്കൊടി കാട്ടി പാളത്തിലിറക്കുന്ന മെട്രോ റെയിലിൽ കയറി യാത്ര ചെയ്യാൻ എന്റെ സുഹൃത്തുക്കളായ ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. സി. ദിവാകരൻ, ശ്രീ. എസ്. ശർമ്മ, ശ്രീ. എ.കെ. ബാലൻ തുടങ്ങി എല്ലാവർക്കും ഞാൻ മുൻകൂട്ടി ക്ഷണക്കത്ത് അയയ്ക്കുകയാണ്. നിങ്ങൾ അതിന് വരണം, അതിൽ യാത്ര ചെയ്യേണ്ടി വരുമെന്ന കാര്യത്തിൽ സംശയമില്ല. ശ്രീ. ഇ.പി. ജയരാജൻ ഇരിക്കുന്നു. ഞാൻ ശ്രീ. ഇ.പി. ജയരാജനോട് പറയുന്നു, മട്ടന്നൂർ എം.എൽ.എ. യായ ശ്രീ. ഇ.പി. ജയരാജന് കണ്ണൂർ വിമാനത്താവളത്തിൽ നിന്നും വിമാനം കയറ്റി തിരുവനന്തപുരത്തുള്ള നിയസഭാ സമ്മേളനത്തിന് കൊണ്ടുവരാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. അത് നടപ്പാക്കുമെന്ന കാര്യത്തിൽ ഒരു സംശയവും നിങ്ങൾക്ക് വേണ്ട. കോഴിക്കോടും തിരുവനന്തപുരത്തുമുള്ള ബഹുമാനപ്പെട്ട എം.എൽ.എ. മാർക്ക് മോണോ റെയിലിൽ കയറാനുള്ള സൗഭാഗ്യം ഈ ഗവൺമെന്റിന്റെ കാലാവധിയ്ക്കകത്ത് ഉണ്ടാക്കും. വിഴിഞ്ഞം തുറമുഖം – എന്റെ സ്നേഹിതൻ........

ശ്രീ. വി.എസ്. സുനിൽ കുമാർ: നിയമസഭ പല ഘട്ടങ്ങളിലും ചർച്ച ചെയ്ത ഒരു വിഷയമാണ്. നമ്മുടെ പദ്ധതിയുടെ 30 ശതമാനം പോലും ചെലവഴിക്കപ്പെടാതിരിക്കുന്ന ഒരു സന്ദർഭമാണിത്. ഈ നന്ദി പ്രമേയ

പ്രസംഗം കേൾക്കേണ്ട പ്രധാനപ്പെട്ട ഒരു ഉദ്യോഗസ്ഥനും ഉദ്യോഗസ്ഥ ഗ്യാലറിയിലില്ല. നയപ്രഖ്യാപനത്തിന്റെ നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെ ക്കുറിച്ചുള്ള ചർച്ച നടക്കുകയാണ്. നിയമസഭ പല ഘട്ടങ്ങളിലും ചർച്ച ചെയ്തതും ശക്തമായ തക്കീത് കൊടുത്തിട്ടുപോലും ഈ ഉദ്യോഗസ്ഥന്മാരെ ഗ്യാലറിയിൽ ഇരുത്താൻ കഴിയാത്തത് എന്തുകൊണ്ടാണ്? എന്താണ് ഇതിന്റെ കാര്യം? അങ്ങ് ഇതുസംബന്ധിച്ച് ഒരു റൂളിംഗ് നൽകണം.

മി. ഡെപ്യൂട്ടി സ്പീക്കർ: പറയാം.

ശ്രീ. വി.എസ്. സുനിൽ കുമാർ: ഈ ഗവൺമെന്റ് പോയി. ഉദ്യോഗസ്ഥന്മാർക്ക് താൽപ്പര്യമില്ലാത്തതുകൊണ്ടല്ലേ?

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി.എസ്. സുനിൽ കുമാർ പ്ലീസ്....... പ്ലീസ്........ഇക്കാര്യത്തിൽ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണം. പ്രധാനപ്പെട്ട ഉദ്യേഗസ്ഥന്മാർ ഗ്യാലറിയിൽ ഉണ്ടാകേണ്ടതായിരുന്നു.

ശ്രീ. ബെന്നി ബെഹനാൻ: സർ, വിഴിഞ്ഞം പദ്ധതിയെക്കുറിച്ച് എന്റെ ബഹുമാന്യസ്നേഹിതൻ തുറമുഖവകുപ്പിന്റെ ചുമതലയുള്ള ശ്രീ. കെ. ബാബു ഇവിടെയൊരു സ്റ്റേറ്റ്മെന്റ് നടത്തിയത് ഞാൻ ആവർത്തിക്കുന്നില്ല. വിഴിഞ്ഞം തുറമുഖം ഈ സർക്കാരിന്റെ ഒരു ഫ്ളാഗ്ഷിപ്പ് പദ്ധതിയാണ്. അതിന് പാരിസ്ഥിതിക അനുവാദം ലഭിച്ചു, ടെണ്ടർ നടത്താൻ പോകുന്നു. വിഴിഞ്ഞം പദ്ധതി നടപ്പാക്കേണ്ട ധാർമ്മികമായ ഉത്തരവാദിത്തം ഈ ഗവൺമെന്റിനുണ്ടെന്ന് തിരിച്ചറിഞ്ഞുകൊണ്ട് തടസ്സങ്ങളുടെ മതിലുകൾ തകർത്ത് സങ്കീർണ്ണതയുടെ നൂലാമാലകൾ പിഴുതെറിഞ്ഞ് അതിനുവേണ്ടി ആത്മാർത്ഥമായ പരിശ്രമം നടത്തി അത് നേടിയെടുത്ത എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. കെ. ബാബുവിനെ ഞാൻ മുക്തകണ്ഠം പ്രശംസിക്കുന്നു.

ഇന്ന് കളമശ്ശേരി സ്റ്റാർട്ട് അപ് വില്ലേജ്, വ്യവസായ സംരംഭങ്ങളുടെ പൂക്കാലമാണ്. നിർമ്മാണ സേവന മേഖലകളിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ പുതിയ വ്യവസായ മേഖലയ്ക്ക് കരുത്തു നൽകുന്നു. കേരളത്തിന്റെ വ്യവസായ വികസനത്തിന് ശിരോലിഖിതമെഴുതിയ ടി.വി. തോമസിനോടും കെ.എ. ദാമോദരമേനോനോടുമൊപ്പം ശ്രീ. പി.കെ കുഞ്ഞാലിക്കുട്ടി ഉയർന്നുനിൽക്കുന്നുവെന്നത് നമുക്ക് അഭിമാനത്തോടുകൂടി കാണാം. 'അതിവേഗം ബഹുദൂരം' എന്ന ശ്രീ. ഉമ്മൻ ചാണ്ടിയുടെ മുദ്രാവാക്യം അക്ഷരാർത്ഥത്തിൽ നടപ്പാക്കിക്കൊണ്ട് റോഡുകളുടെ നവീകരണവും നിർമ്മാണവും സർവ്വകാല റിക്കോർഡിൽ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നു. കേരളം ഭൂപരിഷ്കരണത്തിന്റെ നാടാണ്. നിങ്ങൾ മിച്ചഭൂമി സമരം നടത്തിയെങ്കിലും അത് പരാജയപ്പെട്ടു. പക്ഷേ ഈ ഗവൺമെന്റ് ഭൂമിയില്ലാത്തവർക്ക് ഭൂമി കൊടുക്കാൻ തീരുമാനിക്കുകയും ഒരു ലക്ഷം ആളുകൾക്ക് ഭൂമി കൊടുക്കുകയും ചെയ്തു. ഭൂരഹിത ജില്ലയായി ആദ്യം പ്രഖ്യാപിച്ചത് നിങ്ങൾക്ക് മുൻതൂക്കമുണ്ടെന്ന് നിങ്ങൾ അവകാശപ്പെടുന്ന കണ്ണൂർ ജില്ലയെയാണ്. കണ്ണൂരിൽ പട്ടയത്തിനുവേണ്ടി പടി കയറി നിരാശപ്പെട്ട എല്ലാ ജനങ്ങൾക്കും പട്ടയം കൊടുക്കാൻ കഴിഞ്ഞുവെന്ന ആത്മാഭിമാനത്തോടുകൂടിയാണ് ഈ നന്ദി പ്രമേയ ചർച്ചയിൽ ഞങ്ങൾ പങ്കെടുക്കുന്നത്. മുൻകാലങ്ങളിൽ കേരത്തിലെ ജനങ്ങളുടെ ശോച്യാവസ്ഥയെക്കുറിച്ച്,

'പാമ്പുകൾക്ക് മാളമുണ്ട് പറവകൾക്കാകാശമുണ്ട്

മനുഷ്യപുത്രന് തലചായ്ക്കാൻ മന്നിലിടമില്ല' എന്ന കവിതാശകലത്തിലെ ദുരന്തമാണ് നമ്മൾ കേട്ടുകൊണ്ടിരുന്നതെങ്കിൽ ഇന്ന് കേരളത്തിലെ ജനങ്ങൾക്ക്,

'നാളികേരത്തിന്റെ നാട്ടിലെനിക്കൊരു

നാഴിയിടങ്ങഴി മണ്ണുണ്ട്' എന്ന് അവകാശപ്പെടാൻ കഴിയുന്ന സാമൂഹ്യ സാഹചര്യത്തിലേയ്ക്ക് ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റ് ഈ സംസ്ഥാനത്തെ മാറ്റിക്കൊണ്ടിരിക്കുന്നു. അത് നേട്ടമല്ല എന്ന് നിങ്ങൾ പറയും. സാമൂഹ്യക്ഷേമ വകുപ്പിന്റെ നേട്ടങ്ങളെക്കുറിച്ച് സമയമില്ലാത്തതിനാൽ ഞാൻ വിശദീകരിക്കുന്നില്ല. ഇവിടെ പെൻഷൻ പ്രായം 55 എന്നത് 56 ആക്കിയപ്പോഴും അതുപോലെ മറ്റുചില നിയമനിർമ്മാണങ്ങൾ നടപ്പാക്കിയപ്പോഴും എസ്.എഫ്.ഐ.-യുടെയും ഡി.വൈ.എഫ്.ഐ-യുടെയും സ്നേഹിതൻമാർ നിയമസഭയിൽ ഗവൺമെന്റിനെ വെല്ലുവിളിച്ചതാണ്. ഒരു കാലഘട്ടത്തിലുമുണ്ടാകാത്ത രീതിയിൽ 86000 പുതിയ നിയമനങ്ങൾ നടത്തുകയും 29000 -ലധികം പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തുവെന്ന് ഞങ്ങൾ അഭിമാനത്തോടുകൂടി പറയുന്നു. ഇതിനെക്കാൾ പ്രധാനപ്പെട്ടത് നിങ്ങളുടെ കാലഘട്ടത്തിൽ നിങ്ങൾ സ്ഥിരപ്പെടുത്താൻ വിട്ടുപോയ വികലാംഗരുടെ കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് സഭയിൽ പറഞ്ഞിട്ടുണ്ട്. ഗവൺമെന്റ് സെക്രട്ടറിമാരുടെ യോഗം പ്രത്യേകമായി വിളിച്ചുചേർക്കുകയും പബ്ലിക് സർവീസ് കമ്മീഷൻ ചെയർമാനോട് ഇവിടെ ബുദ്ധിമുട്ടനുഭവിക്കുന്ന പാവപ്പെട്ട വികലാംഗർക്ക് സ്ഥിരനിയമനം നൽകാൻ ആവശ്യപ്പെടുകയും ചെയ്തു. നിങ്ങളുടെ കാലത്ത് സ്ഥിരനിയമനം കൊടുക്കാതിരുന്ന 2800-ൽ അധികം വികലാംഗർക്ക് സ്ഥിരനിയമനം നൽകാൻ കഴിഞ്ഞുവെന്ന് ഞങ്ങൾ അഭിമാനത്തോടെ പറയുന്നു. നമ്മുടെ സംസ്ഥാനം നേരിട്ട രണ്ട് ദുരന്തങ്ങളാണ് ക്രൂരമായ വരൾച്ചയും രൂക്ഷമായ വെള്ളപ്പൊക്കവും. വരൾച്ചയെ

നേരിടുന്നതിനുള്ള ക്രൈസിസ് മാനേജ്മെന്റുമായി മുന്നോട്ടുപോകുമെന്ന് മുഖ്യമന്ത്രി സഭയിൽ പറഞ്ഞപ്പോൾ അപ്പുറത്തിരുന്നവർ ആശങ്ക പ്രകടിപ്പിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 14 ജില്ലകളിലെയും ബന്ധപ്പെട്ട മന്ത്രിമാരുടെ യോഗം വിളിച്ചുകൂട്ടി വരൾച്ചയെ നേരിടുന്നതിനുവേണ്ടി ശ്രമിച്ചു. നിങ്ങളുടെ നിയോജക മണ്ഡലങ്ങളിൽപ്പോലും ഒരു കാലഘട്ടത്തിലുമുണ്ടാകാത്ത രീതിയിലുള്ള വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനം നടന്നുവെന്ന് സ്വകാര്യസംഭാഷണത്തിൽ സമ്മതിക്കുന്നവരാണ് അപ്പുറത്തിരിക്കുന്ന എം.എൽ.എ.മാർ. വരൾച്ചയ്ക്കുശേഷമാണ് നമ്മുടെ സംസ്ഥാനം നേരിട്ട മറ്റൊരു പ്രകൃതി ദുരന്തമായ വെള്ളപ്പൊക്കമുണ്ടായത്. ഒരു കാലഘട്ടത്തിലുമുണ്ടാകാത്ത രീതിയിൽ വെള്ളപ്പൊക്കമുണ്ടായപ്പോഴും ഈ ഗവൺമെന്റിന്റെ ക്രൈസിസ് മാനേജ്മെന്റ് തെളിയിക്കാൻ കഴിഞ്ഞു. അടിമാലിയിൽ ഉരുൾപൊട്ടിയ പ്രദേശത്തേയ്ക്ക് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി പോയപ്പോൾ അദ്ദേഹത്തെ കരിങ്കൊടി കാണിച്ച് കൊഞ്ഞനംകുത്തി സമരം ചെയ്യാൻ നിങ്ങൾ ശ്രമിച്ചുവെങ്കിലും അവിടെ കടന്നുവന്ന കർമ്മസേനയോടൊപ്പംനിന്നുകൊണ്ട് കർമ്മനിരതനായി പ്രവർത്തിക്കാൻ കഴിഞ്ഞ ഒരു മുഖ്യമന്ത്രിയുടെ പ്രവർത്തനത്തെ അന്ന് കേരളത്തിലെ ജനങ്ങൾ വിലയിരുത്തിയതാണ്. ഈ ഗവൺമെന്റ് മലയാളഭാഷയ്ക്ക് നൽകിയ അംഗീകാരം, മലയാള ഭാഷയെ ശ്രേഷ്ഠഭാഷയായി ഉയർത്തുന്നതിനായി നമ്മൾ നടത്തിയ പരിശ്രമം, മലയാളം യൂണിവേഴ്സിറ്റി, കസ്തൂരിരംഗൻ റിപ്പോർട്ട് അങ്ങനെ എത്രയോ കാര്യങ്ങൾ. കേരളത്തിലെ ജനങ്ങളെ ഏറ്റവും കൂടുതൽ ബാധിച്ച ഒന്നായിരുന്നു കസ്തൂരിരംഗൻ റിപ്പോർട്ട്. ഈ വിഷയത്തിൽ സംശയങ്ങളുണ്ടാവുകയും നമ്മുടെ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു. കേരള

ത്തിലെ ജനങ്ങൾ ഒരു കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ പാനിക് ആയി മാറിയ കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ നടപടിയെ ഗവൺമെന്റ് വളരെയധികം ഗൗരവത്തോടെ കാണുകയും അതിലെ സംശയങ്ങൾ ദൂരീകരിക്കാൻ കഴിയുകയും ചെയ്തതിൽ നമുക്ക് അഭിമാനിക്കാം. ഇന്നലെ ബഹുമാനപ്പെട്ട പ്രധാന മന്ത്രിയെക്കൊണ്ട് പ്രസ്താവന കൊടുപ്പിച്ചു. കസ്തൂരിരംഗൻ റിപ്പോർട്ടിൽ ജനവാസകേന്ദ്രങ്ങളിലെ കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ച് ആ നിർദ്ദേശങ്ങൾ നടപ്പാക്കുമെന്ന് പറഞ്ഞു. ജൈവ വൈവിധ്യത്തിലെ ഏറ്റവും പ്രധാനപ്പെട്ട കണ്ണിയായ മനുഷ്യന്റെ പ്രയാസങ്ങൾ കണക്കിലെടുക്കുന്നതോടൊപ്പം നമുക്ക് പശ്ചിമ ഘട്ടമുണ്ടാകണമെന്നും ഈ ഗവൺമെന്റ് അർത്ഥശങ്കയ്ക്കിടയില്ലാതെ പറഞ്ഞു. പശ്ചിമഘട്ടമുണ്ടാകേണ്ടത് ശ്രീ. റോഷി അഗസ്റ്റിനുവേണ്ടിയോ മലയോരപ്രദേശങ്ങളിലെ ജനങ്ങൾക്കുവേണ്ടിയോ മാത്രമല്ല. എറണാകുളത്ത് താമസിക്കുന്ന എനിക്കും കൊടുങ്ങല്ലൂരിൽ താമസിക്കുന്ന ശ്രീ. റ്റി.എൻ. പ്രതാപനും തിരുവനന്തപുരത്ത് താമസിക്കുന്ന ശ്രീ. വി. ശിവൻകുട്ടിക്കും ജീവിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകുന്നതിന് പശ്ചിമ ഘട്ടമുണ്ടാകണം. അതുകൊണ്ട് പശ്ചിമഘട്ടത്തെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ശക്തമായ ബോധവൽക്കരണം നമ്മുടെ സമൂഹത്തിനുണ്ടാക്കുന്നതിനാണ് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റ് നേതൃത്വം കൊടുക്കുന്നത്. ഇനി ഞാൻ അല്പം രാഷ്ട്രീയം പറയുന്നു. ഇവിടെ ഇത്രയും വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞ ഈ ഗവൺമെന്റിന്റെ നയപ്രഖ്യപന പ്രസംഗം നടത്തുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണ്ണർ ഈ സഭയിലേയ്ക്ക് കടന്നുവന്നപ്പോഴും അപ്പുറത്തിരിക്കുന്ന സ്നേഹിതൻമാർ വിളിച്ച

മുദ്രാവാക്യം dismiss Oommen Chandy, we want judicial enquiry, sitting enquiry എന്നാണ്. ഈ വിഷയം എത്രപ്രാവശ്യം ചർച്ച ചെയ്തതാണ്. ഇത് സംബന്ധിച്ച അടിയന്തരപ്രമേയം ആദ്യമായി അവതരിപ്പിച്ചത് ശ്രീ. കോടി യേരി ബാലകൃഷ്ണനാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന് മറുപടി പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രശ്നത്തിൽനിന്ന് ഒളിച്ചോടാൻ തയ്യാറായില്ല. സോളാർ പ്രശ്നവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാക്കൻമാർ നിയമസഭയ്ക്കകത്തും പുറത്തും പറഞ്ഞ എല്ലാ വിഷയങ്ങളെക്കുറിച്ചും അന്വേഷിക്കാനും അതിനാ വശ്യമായ നടപടികൾ സ്വീകരിക്കാനും ഗവൺമെന്റ് തയ്യാറായി. അവസാനം ജുഡിഷ്യൽ അന്വേഷണം വേണമെന്ന് പറഞ്ഞപ്പോൾ അതും തീരുമാനിച്ചു. ജുഡീഷ്യൽ അന്വേഷണത്തിന് സിറ്റിംഗ് ജഡ്ജി വേണമെന്നാണ് നിങ്ങൾ ഇപ്പോഴും പറയുന്നത്. ജുഡീഷ്യൽ അന്വേഷണം തീരുമാനിക്കാൻ മാത്രമെ ഗവൺമെന്റിന് അധികാരമുള്ളൂ. സിറ്റിംഗ് ജഡ്ജിയെ വിട്ടുതരേണ്ടത് ബഹുമാ നപ്പെട്ട ഹൈക്കോടതിയാണ്. ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി അതിനായി കത്തെഴുതി. ചീഫ് സെക്രട്ടറിയാണ് കത്തെഴുതേണ്ടതെന്ന് ബഹുമാന്യനായ എന്റെ സ്നേഹിതൻ പിണറായി വിജയൻ പറഞ്ഞു. ഗവൺമെന്റിനുവേണ്ടി കത്തെഴുതേണ്ടത് ചീഫ് സെക്രട്ടറിയാണെന്ന് ഭരണമറിയാവുന്ന എല്ലാവർക്കു മറിയാം. ശ്രീ. പിണറായി വിജയൻ ആ അഭിപ്രായം പ്രകടിപ്പിച്ചശേഷം ബഹു മാനപ്പെട്ട മുഖ്യമന്ത്രിതന്നെ കത്തെഴുതി. സിറ്റിംഗ് ജഡ്ജിയെവിട്ടുതരാൻ കഴിയാത്ത സാഹചര്യമാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി അറിയിച്ചു. സുപ്രീംകോടതി കൊളീജിയം കൂടി തീരുമാനിച്ചതാണ്. നിങ്ങളിവിടെ ജുഡീ ഷ്യൽ അന്വേഷണത്തെക്കുറിച്ച് പറയുന്നു. ജുഡീഷ്യൽ അന്വേഷണം കേരള

നിയമസഭയിൽ വിശ്വാസത്തിലെടുക്കാത്തത് ആരാണ്? ആദ്യമായി കേരള നിയമസഭയിൽ ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിനുവേണ്ടി തീരുമാനിച്ചത് ആന്ധ്ര അരി കുംഭകോണവുമായി ബന്ധപ്പെട്ടാണ്. അന്ന് കേരളത്തിന്റെ മുഖ്യമന്ത്രി സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാടും ഭക്ഷ്യവകുപ്പുമന്ത്രി. കെ. സി. ജോർജുമായിരുന്നു. പിന്നീട് കെ.പി.സി.സി പ്രസിഡന്റായിരുന്ന ആലുവയെ പ്രതിനിധീകരിച്ച് ഈ സഭയിലെത്തിയ ടി.ഒ. ബാവ സാഹിബ് ആന്ധ്ര അരി കുംഭകോണവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാനത്തിലുണ്ടായ സാമ്പത്തിക നഷ്ടത്തെക്കുറിച്ച് ആരോപണമുന്നയിക്കുകയും അത് സംബന്ധിച്ച് അന്വേഷണം നടത്താൻ തീരുമാനിക്കുകയും പി.ടി രാമൻ നായരെ അന്വേഷണ കമ്മീഷനായി തീരുമാനിക്കുകയും ചെയ്തു. ഇന്ന് അന്വേഷണത്തിന്റെ വിശ്വസനീയതയെ ചോദ്യം ചെയ്യുന്ന പ്രതിപക്ഷത്തോട് ചോദിക്കട്ടെ, ശ്രീ. പി.ടി. രാമൻനായരുടെ അന്വേഷണ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞത് എന്താണ്? സാമ്പത്തിക നഷ്ടമുണ്ടായതിന്റെ ധാർമ്മിക ഉത്തരവാദിത്വം സംസ്ഥാനത്തിനുണ്ട് എന്നാണ്. നമ്പൂതിരിപ്പാട് രാജിവയ്ക്കുകയോ കെ.സി. ജോർജിനെ പുറത്താക്കുകയോ ചെയ്തില്ല. അന്വേഷണ കമ്മീഷൻ റിപ്പോർട്ടിന്റെ അന്തിമ തീരുമാനമെടുക്കാനുള്ള അവകാശം ക്യാബിനറ്റിനാണെന്നാണ് സഖാവ് നമ്പൂതിരിപ്പാട് പറഞ്ഞത്.

ശ്രീ. സി. ദിവാകരൻ: സർ, പോയിന്റ് ഓഫ് ഓർഡർ .....

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.

ശ്രീ. സി. ദിവാകരൻ: 1957-ൽ ഭക്ഷ്യക്ഷാമം വന്നപ്പോൾ അന്നത്തെ ക്യാബിനറ്റെടുത്ത തീരുമാനമാണത്. എന്നാൽ സരിത എന്ന സ്ത്രീയുമായി

നടത്തിയ തട്ടിപ്പാണ് ഇവിടത്തെ പ്രശ്നം. രണ്ടും ഒന്നല്ല. രണ്ടും രണ്ടാണ്. ഇത് പണം തട്ടിപ്പാണ്.

ശ്രീ. ബെന്നി ബെഹനാൻ: സർ, 1957-ൽ അന്ന് പ്രതിപക്ഷനേതാവായിരുന്ന പി.ടി. ചാക്കോ, ടി.ഒ. ബാവ, അന്നത്തെ മുഖ്യമന്ത്രിയായിരുന്ന നമ്പൂതിരിപ്പാട് എന്നിവർ പറഞ്ഞതും നിങ്ങളെടുത്ത തീരുമാനത്തിന്റെ കോപ്പിയും എന്റെ കൈവശമുണ്ട്. വേണമെങ്കിൽ ഞാനിത് മേശപ്പുറത്ത് വയ്ക്കാം. അന്ന് കേരള സംസ്ഥാനത്തിന് സാമ്പത്തികമായി നഷ്ടമുണ്ടായെന്നാണ് അന്വേഷണ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞത്. ആ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് സ്വീകരിക്കാതെ ക്യാബിനറ്റ്കൂടി ജുഡീഷ്യൽ അന്വേഷണ റിപ്പോർട്ട് തള്ളിക്കളയാൻ തീരുമാനിച്ച പാരമ്പര്യമുള്ള നിങ്ങളാണ് ഇപ്പോൾ ഇങ്ങനെ പറയുന്നത്. നിങ്ങളുടെ നേതാക്കളായിരുന്ന ടി.വി. തോമസും എം.എൻ. ഗോവിന്ദൻ നായരും അന്നത്തെ സപ്തമുന്നണി ഗവൺമെന്റിലെ എം.കെ. കൃഷ്ണനെതിരെ അഴിമതിയാരോപണം ഉന്നയിച്ചതാണ്. അന്ന് എം.എൻ. ഗോവിന്ദൻ നായർക്കും ടി.വി തോമസിനുമെതിരെ അഴിമതിയാരോപിക്കാൻ മാർക്സിസ്റ്റ് പാർട്ടി പറഞ്ഞു. ബഹുമാനപ്പെട്ട സി. ദിവാകരൻ, നിങ്ങളുടെ പാർട്ടിക്ക് ഒരു പാരമ്പര്യമുണ്ട്. നിങ്ങളുടെ പാർട്ടി ടി.വി. തോമസും എം.എൻ. ഗോവിന്ദൻ നായരും അച്ചുതമേനോനും ചന്ദ്രപ്പനും വെളിയം ഭാർഗവനും നയിച്ച പാർട്ടിയാണ്. ആ പാർട്ടിയിൽ ഇന്ന് ആ കസേരിയിലിരിക്കുന്നത് ശ്രീ. പന്ന്യൻ രവീന്ദ്രനാണ്. മറ്റ് നേതാക്കൻമാർ നയിച്ചപ്പോൾ സി.പി.ഐ അല്പമെങ്കിലും വളർന്നെങ്കിൽ ശ്രീ. പന്ന്യൻ രവീന്ദ്രൻ നയിക്കുമ്പോൾ പന്ന്യൻ രവീന്ദ്രന്റെ മുടി താഴേയ്ക്ക് വളരുന്നതല്ലാതെ സി.പി.ഐ.-ക്ക് ഒരു വളർച്ചയു

മുണ്ടായിട്ടില്ല എന്ന് മനസ്സിലാക്കണം. എന്നിട്ട് നിങ്ങളും ഇപ്പോൾ പറയുന്നു .......

ശ്രീ. സി. ദിവാകരൻ: സർ, ..........

മി. ഡെപ്യൂട്ടി സ്പീക്കർ : അദ്ദേഹം വഴങ്ങുന്നില്ല.

ശ്രീ. ബെന്നി ബെഹനാൻ : സർ, എനിക്ക് സമയമില്ല. പോയിന്റ് ഓഫ് ഓർഡറാണെങ്കിൽ വഴങ്ങാം. ഞാൻ അവസാനം വഴങ്ങാം. ......(ബഹളം).....ഇവിടെ സമരങ്ങളെക്കുറിച്ച് പറയുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്... ചെയർ ഒരു കാര്യം പറയട്ടെ. പ്ലീസ്... ഇരിക്കൂ..... ശ്രീ. സി ദിവാകരൻ,........ ഒരു കാര്യം പറയട്ടെ. ഇന്ന് അങ്ങ് ഈ സഭയിൽ പ്രസംഗിക്കുന്നുണ്ട്. ഇവിടെ പറഞ്ഞതിൽ അങ്ങേയ്ക്ക് അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ തീർച്ചയായും അങ്ങയുടെ പ്രസംഗത്തിൽ അങ്ങേയ്ക്ക് പറയാം. ......(ബഹളം)..... ഇങ്ങനെ ബഹളം ഉണ്ടാക്കുന്നത് ശരിയല്ല. ......(ബഹളം).....ബഹളമുണ്ടാക്കിയിട്ട് കാര്യമുണ്ടോ; ബാക്കിയുള്ളവർക്കും സംസാരിക്കണ്ടേ; ശ്രീ. വി.എസ്. സുനിൽ കുമാർ, പ്ലീസ്..... ഇരിക്കൂ. പ്ലീസ്........

ശ്രീ. സി. ദിവാകരൻ : സർ, കേരളത്തിലെ പ്രമുഖ രാഷ്ട്രീയ പാർട്ടി നേതാവിനെ ആക്ഷേപിക്കുന്നത് ശരിയാണോ?

ശ്രീ. ബെന്നി ബെഹനാൻ : സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ പോലും സമ്മതിക്കുന്ന കാര്യമാണ്. ......(ബഹളം)..... ശ്രീ. ഇ.പി. ജയരാജൻ, ഇവിടെ സമരങ്ങളെക്കുറിച്ചാണ് പറയുന്നത്. ഞാൻ ചോദിക്കുകയാണ്, ......(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് സംസാരിക്കുകയാണോ?

ശ്രീ. ബെന്നി ബെഹനാൻ : സർ, എനിക്ക് പ്രതിപക്ഷത്തെക്കുറിച്ച് ആക്ഷേപമില്ല. പ്രതിപക്ഷ സമരങ്ങളെക്കുറിച്ചാണ് പറയാനുള്ളത്. മാർക്സിസ്റ്റ് പാർട്ടിയും ഇടതുപക്ഷ പ്രസ്ഥാനങ്ങളും കേരളത്തിൽ ഒട്ടേറെ സമരങ്ങൾ നടത്തിയിട്ടുള്ളതാണ്. ......(ബഹളം)..... ഇങ്ങനെ പോയിന്റ് ഓഫ് ഓർഡറായാൽ എന്തുചെയ്യും. ......(ബഹളം).....

Sri. G. Sudhakaran : Sir, I raise a point of order. ......(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്....(ബഹളം)..... പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. ജി. സുധാകരൻ : സർ, പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചാൽ സംസാരിക്കാൻ പാടില്ല. ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞാൽ ഇരിക്കണ്ടേ?

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. ജി. സുധാകരൻ, അദ്ദേഹം അത് പിൻവലിച്ചുകഴിഞ്ഞു. പ്ലീസ്.........

ശ്രീ. ബെന്നി ബെഹനാൻ: ഒന്നും പിൻവലിച്ചില്ല. ഇവിടെ സമരങ്ങൾ......(ബഹളം)..... എനിക്ക് സംരക്ഷണം നൽകണം.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്.....പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കട്ടെ. ശ്രീ. ജി. സുധാകരൻ പറയൂ.

ശ്രീ. ജി. സുധാകരൻ : സർ, പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നതും പിൻവലിക്കുന്നതും രണ്ട് കാര്യമാണ്. അങ്ങ് വ്യക്തമായ മറുപടി പറയണം. നേരത്തേ ഒരു പ്രശ്നം ഉന്നയിച്ചപ്പോൾ, ഭരണഘടനാപരമായി അല്ലാതെ പറഞ്ഞത് ബഹുമാനപ്പെട്ട സ്പീക്കർ ആയതുകൊണ്ട് ഞാൻ പറയുന്നില്ല. നമ്മുടെ ചട്ടങ്ങളിലോ ഭരണഘടനയിലോ ഒരു പുരുഷന്റെ മുടി മുകളിലേയ്ക്ക് വളരണമെന്ന് എവിടെയാണ് പറഞ്ഞിരിക്കുന്നത്? അത് നിങ്ങൾ ക്ലാരിഫൈ ചെയ്യണം. നിങ്ങൾ പിൻവലിച്ചാൽ പോരാ, മുകളിലോട്ട് വളരണ

മെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ മാത്രമേ അങ്ങനെ പ്രസംഗിക്കാൻ പാടുള്ളൂ. അതിനുള്ള ഉത്തരം പറയണം. പിൻവലിച്ചാൽ പോര. അതിനെക്കുറിച്ച് അങ്ങ് പറയണം. അതാണ് എന്റെ പോയിന്റ് ഓഫ് ഓർഡർ. പിൻവലിച്ചത് വേറെ പ്രശ്നം.

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്......പ്ലീസ്........

ശ്രീ. ബെന്നി ബെഹനാൻ : സർ, സി.പി.ഐ. വളർന്നിട്ടില്ലെന്ന് ഞാൻ പറഞ്ഞിട്ടില്ല. ശ്രീ. പന്ന്യൻ രവീന്ദ്രന്റെ മുടി വളർന്നുവെന്ന് പറഞ്ഞു. അത് തെറ്റാണെങ്കിൽ പിൻവലിക്കാൻ ഞാൻ തയ്യാറാണ്. ......(ബഹളം)..... ഞാൻ പറഞ്ഞത് തെറ്റാണെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണന് തോന്നുന്നുണ്ടോ? മാർക്സിസ്റ്റ് പാർട്ടിയുടെ സമരങ്ങളെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. ......(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, രാഷ്ട്രീയ നേതാക്കന്മാരിൽ മുടിയുള്ളവരും ഇല്ലാത്തവരും കഷണ്ടിയുള്ളവരും ഒക്കെയുണ്ട്. സഭാനടപടികളിൽ എങ്ങനെ സംസാരിക്കണമെന്ന് റൂൾ 307–ൽ വളരെ വ്യക്തമായി പറയുന്നുണ്ട്. അതിന് എതിരായിട്ടുള്ള പരാമർശങ്ങളാണ് ശ്രീ. ബെന്നി ബെഹനാൻ ഇവിടെ നടത്തിയിട്ടുള്ളത്. നേതാക്കന്മാരെക്കുറിച്ച് അപകീർത്തികരമായ കാര്യങ്ങൾ പറയുന്നത് ഒഴിവാക്കണം. 307 പ്രകാരം ബഹുമാനപ്പെട്ട അംഗം പറഞ്ഞത്, രാഷ്ട്രീയ നേതാവിനെ അപകീർത്തിപ്പെടുത്തുന്ന കാര്യമാണ്. അതുകൊണ്ട് അദ്ദേഹം പിൻവലിച്ചുകഴിഞ്ഞു. അങ്ങനെയുള്ള പദപ്രയോഗങ്ങൾ നടത്തുന്നത് ഒഴിവാക്കണമെന്നെങ്കിലും ബഹുമാനപ്പെട്ട ചെയർ റൂൾ ചെയ്യണം.

ശ്രീ. ബെന്നി ബെഹനാൻ : സർ, ശ്രീ. പന്ന്യൻ രവീന്ദ്രന്റെ മനോഹരമായ മുടിയുടെ നീളത്തെക്കുറിച്ച് ഞാൻ പറഞ്ഞതിൽ 307 വകുപ്പാണ് നിങ്ങൾ ഉപയോഗിക്കുന്നതെങ്കിൽ ഞാൻ അത് പിൻവലിക്കാൻ തയ്യാറാണ്. പക്ഷേ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. ഉമ്മൻ ചാണ്ടിയെക്കുറിച്ചും അദ്ദേഹത്തിന്റെ കുടുംബത്തെക്കുറിച്ചും ശ്രീമതി സോണിയാ ഗാന്ധിയെക്കുറിച്ചും ഇവിടെ അൽപ്പത്തരം പറഞ്ഞപ്പോൾ 307-ാം വകുപ്പ് പറയാനുള്ള ഔചിത്യം നിങ്ങൾ കാണിച്ചില്ല. ഞാൻ ശ്രീ. കോടിയേരി ബാലകൃഷ്ണനെ ബഹുമാനിക്കുന്നു. ഞാൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സമരത്തിലേയ്ക്ക് വരാം. മാർക്സിസ്റ്റ് പാർട്ടി ഏത് സമരത്തിലും പ്രക്ഷോഭത്തിലും വിളിക്കുന്ന ഒരു മുദ്രാവാക്യമുണ്ടായിരുന്നു. 'തോറ്റിട്ടില്ല, തോറ്റിട്ടില്ല, തോറ്റ ചരിത്രം കേട്ടിട്ടില്ല' എന്ന്. ഇന്ന് ആ മുദ്രാവാക്യം വിളിക്കാൻ നിങ്ങൾക്ക് കഴിയുമോ? നിങ്ങൾ നടത്തിയ ഏത് സമരമാണ് പരാജയപ്പെടാത്തത്? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ രണ്ടുപേരുടെ സാങ്കേതിക ഭൂരിപക്ഷത്തിലുള്ള ഗവൺമെന്റ് തകരുമെന്ന് നിങ്ങൾ പ്രതീക്ഷിച്ചു. പിന്നീട് അതിനെ തകർക്കാൻ നിങ്ങൾ സമരം നടത്തി. എസ്.എഫ്.ഐ.യുടെയും ഡി.വൈ.എഫ്.ഐ.യുടെയും സമരം ഒരു ദിവസം നിന്നില്ല. പെൻഷൻ പ്രായം 55-ൽ നിന്ന് 56 ആക്കിയപ്പോഴും പങ്കാളിത്തപെൻഷൻ നടപ്പിലാക്കിയപ്പോഴും കൊണ്ടുവന്ന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സമരം, കുടുംബശ്രീ സമരം, മിച്ചഭൂമി പിടിച്ചെടുക്കാൻ സമരം, രാപ്പകൽ സമരം, കളക്ടറേറ്റ് പടിക്കൽ സമരം, അവസാനം സെക്രട്ടേറിയറ്റ് ഉപരോധം, ക്ലിഫ് ഹൗസ് ഉപരോധം; ഇതിൽ ഏത് സമരമാണ് നിങ്ങൾക്ക് വിജയിച്ചിട്ടുള്ളത്. ഉപ്പുവച്ച കലം പോലെ തകരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് സമരം ചെയ്ത് പിടിച്ച്

നിൽക്കാനുള്ള കഴിവുപോലും ഇല്ലാതായിരിക്കുന്നു. പാർട്ടിയെ നവീകരിക്കാനാണല്ലോ പാലക്കാട് ജില്ലയിൽ പ്ലീനം നടത്തിയത്. പാർട്ടി പരിപാടിയിൽ നിന്നും കുടുംബപരമായ ആഘോഷത്തിൽ നിന്നും ആഡംബരങ്ങൾ ഒഴിവാക്കണമെന്ന് പ്രഖ്യാപിച്ചു. അഴിമതിക്കാരിൽ നിന്നും കുറ്റാരോപിതരായ വ്യക്തികളിൽ നിന്നും സഹായം സ്വീകരിക്കില്ലെന്ന് നിങ്ങൾ പറഞ്ഞു. പക്ഷേ സമ്മേളനത്തിന്റെ സമാപന ദിവസം പാർട്ടിയുടെ മുഖപത്രത്തിൽ പ്ലീനത്തിന് ഹൃദ്യമായ അഭിവാദ്യങ്ങൾ അർപ്പിച്ച് ഒരു പരസ്യം വന്നു. ആരുടേതായിരുന്നു ആ പരസ്യം; ചാക്ക് രാധാകൃഷ്ണന്റേതായിരുന്നു. ആരാണ് ഈ ചാക്ക് രാധാകൃഷ്ണൻ, മലബാർ സിമന്റ് ഫാക്ടറിയിൽ അഴിമതി നടത്തി ............(ബഹളം)........... ഞാൻ പറയട്ടെ. നിങ്ങൾക്ക് പറയാൻ അവസരമുണ്ടല്ലോ. മലബാർ സിമന്റ് ഫാക്ടറിയിൽ അഴിമതി നടത്തിയെന്ന് ആരോപണമുണ്ടായ ആൾ, മലബാർ സിമന്റ് ഫാക്ടറി ജീവനക്കാരനായ ശശീന്ദ്രനെയും കുട്ടികളെയും തല്ലിക്കൊന്ന് കെട്ടിത്തൂക്കിയ കേസ്സിലെ പ്രതിയായ ചാക്ക് രാധാകൃഷ്ണൻ .............(ബഹളം)...........

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. ഇ.പി. ജയരാജൻ, അടുത്തത് അങ്ങല്ലേ പ്രസംഗിക്കുന്നത്.

ശ്രീ. ബെന്നി ബെഹനാൻ : സർ, ഈ പരസ്യത്തെ ശ്രീ. ഇ. പി. ജയരാജൻ ന്യായീകരിച്ചു. ഞാൻ താങ്കളോട് പറയുന്നു, ദേശാഭിമാനിക്ക് ചാക്ക് രാധാകൃഷ്ണൻ നൽകിയ പരസ്യത്തെ പാർട്ടി വേദികളിൽ ശ്രീ. ഇ.പി. ജയരാജന് ന്യായീകരിക്കാം. പക്ഷേ, പശുക്കിടാവിനെ വിറ്റ് ദേശാഭിമാനിക്ക് പണം നൽകിയ പാലോറ മാതാവിന്റെ ആത്മാവിന് ഉത്തരം പറയേണ്ട ബാദ്ധ്യത ബഹുമാനപ്പെട്ട ഇ.പി. ജയരാജിന് ഉണ്ടെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ശ്രീ. വി.എസ്. അച്ചുതാനന്ദൻ പ്ലീനത്തിന്റെ സമാപന ദിവസത്തിലെ

സമ്മേളനത്തിൽ പങ്കെടുക്കാതെ പോയി. പനിയാണെന്നാണ് കാരണം പറഞ്ഞത്. അദ്ദേഹം കന്റോൺമെന്റിൽ പത്രസമ്മേളനം നടത്തി. പനി വന്നത് എന്തുകൊണ്ടാണെന്ന് അറിയില്ല. ശക്തിപ്രാപിച്ചുവരുന്ന ശ്രീ. പിണറായി വിജയനെ കണ്ട് പേടിച്ചാണോ ശ്രീ. വി.എസ്. അച്ചുതാനന്ദന് പനി വന്നതെന്ന് ഞാൻ സംശയിക്കുന്നു. ദേശീയ രാഷ്ട്രീയത്തെക്കുറിച്ച് ഒരു വാക്ക് പറയട്ടെ.

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്... കൺക്ലൂഡ്...

ശ്രീ. ബെന്നി ബെഹനാൻ : സർ, ഞാൻ അവസാനിപ്പിക്കുകയാണ്. നാല് സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ കോൺഗ്രസ്സിനുണ്ടായ പരാജയത്തിൽ സന്തോഷിക്കുന്നവരാണ് നിങ്ങൾ. പാർലമെന്റ് തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കാൻ പോവുകയാണ്. അവിടെ കാതലായ ഒരു പ്രശ്നമുണ്ട്. ആര് പ്രധാനമന്ത്രിയാകണമെന്നതോ ആര് ഭരണകക്ഷിയാകണമെന്നതോ അല്ല. ഇൻഡ്യയുടെ അടിസ്ഥാന പൈതൃകമെന്ന് വിശേഷിപ്പിക്കാൻ കഴിയുന്ന ഇൻഡ്യയുടെ മതേതരത്വത്തെ സംരക്ഷിക്കാൻ കഴിയുമോയെന്നതിൽ രണ്ട് ചേരികളേയുള്ളു. ഒന്ന് ശ്രീമതി സോണിയാ ഗാന്ധിയുടെ നേതൃത്വത്തിലുള്ള ചേരിയും മറ്റൊന്ന് ശ്രീ. നരേന്ദ്ര മോഡിയുടെ നേതൃത്വത്തിലുള്ള ചേരിയും. നിങ്ങൾ എവിടെ നിൽക്കുമെന്ന് ഞാൻ എന്റെ സ്നേഹിതൻ ശ്രീ. കോടിയേരി ബാലകൃഷ്ണനോട് ചോദിക്കുന്നു. ശ്രീ. നരേന്ദ്ര മോഡി ആരുടെ നോമിനിയാണ്; ശ്രീ. അടൽ ബിഹാരി വാജ്പേയ് ഉൾപ്പെടെയുള്ള പരിചയ സമ്പന്നരായ ബി.ജെ.പി.യുടെ നേതാക്കന്മാരെ പോലും തട്ടിമാറ്റി ആർ.എസ്.എസ്–ന്റെ നോമിനിയായി, ദേശീയ രാഷ്ട്രീയത്തിൽ പ്രധാനമന്ത്രിയാകാൻ നിൽക്കുന്ന ശ്രീ. നരേന്ദ്രമോഡി ഇൻഡ്യയുടെ പ്രധാനമന്ത്രിയാകണമെന്നാഗ്രഹിക്കുന്നവരാണ് നിങ്ങൾ. ഇവിടെ കോൺഗ്രസ് തകരുമെന്ന് പറഞ്ഞു. ഞാൻ വഴങ്ങുന്നില്ല. നാല്

സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ കോൺഗ്രസ് പരാജയപ്പെട്ടത് ഞാൻ സമ്മതിക്കുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥിതി എന്താണ്? കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഡൽഹിയിൽ മൊത്തം കിട്ടിയത് 5016 വോട്ടാണ്.

ചില നിയോജക മണ്ഡലത്തിൽ 72 വോട്ട്, ചില നിയോജക മണ്ഡലത്തിൽ 178 വോട്ട്, സി.പി.ഐ(എം)-ന്റെ ആസ്ഥാനമായ എ.കെ.ജി ഭവൻ ഉൾക്കൊള്ളുന്ന ഡൽഹിയിൽ പോളിംഗ് നടന്നപ്പോൾ, പൊതു തെരെഞ്ഞെടുപ്പിന്റെ സെമി ഫൈനൽ എന്ന് വിശേഷിപ്പിച്ച തെരെഞ്ഞെടുപ്പിൽ സി.പി.എം-ന്റെ അഖിലേന്ത്യാ സെക്രട്ടറിയായ ശ്രീ. പ്രകാശ് കാരാട്ട് വോട്ട് ചെയ്തില്ല. അദ്ദേഹത്തിന്റെ പത്നി ശ്രീമതി വൃന്ദാ കാരാട്ടിന് വോട്ട് ചെയ്യാൻ കഴിഞ്ഞില്ല. നമുക്കറിയാം വർഗ്ഗീയതയെയും ഫാസിസത്തെയും തകർക്കാൻ നമ്മുടെ വിലപ്പെട്ട മൗലീകാവകാശമായ വോട്ടവകാശം രേഖപ്പെടുത്തണമെന്നാണ് നമ്മൾ പ്രതീക്ഷിച്ചിരുന്നതെങ്കിൽ ഈ കഴിഞ്ഞ തെരെഞ്ഞെടുപ്പിൽ വോട്ടവകാശംപോലും രേഖപ്പെടുത്താൻ കഴിയാത്ത നിങ്ങളാണോ ദേശീയ ബദലിനെക്കുറിച്ച് പറയുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്.. പ്ലീസ് കൺക്ലൂഡ്..

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, ഞാൻ അവസാനിപ്പിക്കുന്നു. അഖിലേന്ത്യാ തെരെഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ, ഞാൻ ശ്രീ. കോടിയേരി ബാലകൃഷ്ണനോട് പറയുന്നു, ശ്രീ. കടന്നപ്പള്ളി രാമചന്ദ്രന്റെ കോൺഗ്രസ്സ് (എസ്സ്)-ന് കേരളത്തിലുള്ള പ്രസക്തിപോലും ദേശീയ രാഷ്ട്രീയത്തിൽ മാർക്സിസ്റ്റ് പാർട്ടിക്കില്ലായെന്ന കാര്യമാണ് തെളിയിച്ചിരിക്കുന്നത്. ഇവിടെ ഈ മാർക്സിസ്റ്റ് പാർട്ടിക്ക് വരാൻ പോകുന്ന പാർലമെന്റ് തെരെഞ്ഞെടുപ്പ് ഒരു ജീവന്മരണ പ്രശ്നമാണ്. കാരണം അവിടെ ദേശീയ അംഗീകാര

മുണ്ടോ? കോൺഗ്രസ്സ് സാങ്കൽപ്പികമായി ചിന്തിച്ച് കോൺഗ്രസ്സ് പ്രധാന മന്ത്രി സ്ഥാനത്തുനിന്നും മാറ്റി നിർത്തപ്പെട്ടാലും കോൺഗ്രസ്സ് ഇൻഡ്യയിലെ ഏറ്റവും വലിയ രാഷ്ട്രീയ പാർട്ടി ആയിരിക്കും. നിങ്ങളുടെ പാർട്ടിയുടെ സ്ഥിതിയെന്താണ്? മാർക്സിസ്റ്റ് പാർട്ടിക്ക് എ.കെ.ജി.യുടെ കാലഘട്ടം മുത ലാണ് ദേശീയ അംഗീകാരം ലഭിച്ചത്. ബംഗാളിൽ പത്തിരുപത് സീറ്റ്, കേരള ത്തിൽ നാലഞ്ച് സീറ്റ്. ബംഗാളിലെ 20 സീറ്റുകളുടെയും കേരളത്തിലെ 5 സീറ്റുകളുടെയും പിൻബലത്തോടുകൂടിയാണ് ദേശീയ പാർട്ടിയെന്ന ബഹുമതിയിലേയ്ക്ക് നിങ്ങളെത്തിയതെങ്കിൽ വരാൻ പോകുന്ന പാർലമെന്റ് തെരെഞ്ഞെടുപ്പിൽ ബംഗാളിൽ 20 പോയിട്ട് 2 സീറ്റെങ്കിലും കിട്ടുമെന്ന് പറയാൻ ധൈര്യമുള്ള ഏതെങ്കിലും സ്നേഹിതന്മാർ അപ്പുറത്തിരിക്കു ന്നുണ്ടോ? അതുകൊണ്ട് ഈ ഗവൺമെന്റിനെക്കുറിച്ച് നിങ്ങൾ പറയുന്നു ഈ ഗവൺമെന്റ് തകരും, നിങ്ങൾ സ്വപ്നം കാണുന്നു, അതല്ലെങ്കിൽ ഈ ഗവൺമെന്റിനെ തകർക്കുമെന്ന് നിങ്ങൾ വീമ്പിളക്കുന്നു. 50 വർഷക്കാലം പൊതുപ്രവർത്തന പാരമ്പര്യമുള്ള കെ.എസ്.യു.വിലുടെയും യൂത്ത് കോൺഗ്രസ്സിലൂടെയും സമരതീച്ചൂളയിലൂടെ കടന്നുവന്ന ശ്രീ. ഉമ്മൻ ചാണ്ടിയെ വ്യക്തിപരമായി ആക്ഷേപിക്കുന്നതിനും സ്വഭാവഹത്യ നടത്തുന്ന തിനും ഈ ഗവൺമെന്റിനെ അട്ടിമറിക്കാനുമാണ് നിങ്ങൾ നോക്കുന്നതെങ്കിൽ ഞാൻ ഒന്നു പറയുന്നു, ശ്രീ. ഉമ്മൻ ചാണ്ടി ജനങ്ങളുടെ, ജനങ്ങളോടൊപ്പം നിൽക്കുന്ന നേതാവാണ്. ജനങ്ങളാണ് അദ്ദേഹത്തിന്റെ ശക്തിയും ഊർജ്ജ വും. ആൾക്കൂട്ടത്തിൽ നിന്നു ലഭിക്കുന്ന ആവേശമാണ് ശ്രീ. ഉമ്മൻ ചാണ്ടി യുടെ ആയുധം. അദ്ദേഹത്തിനെതിരെ അപവാദ പ്രചരണം നടത്തുന്നവരോട്, അദ്ദേഹത്തെ കല്ലെറിഞ്ഞ് കൊല്ലാൻ വരുന്നവരോട് ഞാൻ ഒന്നു പറയുന്നു, ആരാണ് ശ്രീ. ഉമ്മൻ ചാണ്ടി; കുടിലുകളിൽ കൂരകളിൽ കൺമണിപോൽ

സൂക്ഷിക്കും ജനമുന്നണി നേതാവാണ് ശ്രീ. ഉമ്മൻ ചാണ്ടിയെന്ന് ഞാൻ അഭിമാനത്തോടുകൂടി പറയുന്നു. ഈ ഗവൺമെന്റിന്റെ ഏതെങ്കിലുമൊരു വികസന പ്രവർത്തനത്തെ നിങ്ങൾ വിലയിരുത്തുമോ? ഈ നന്ദിപ്രമേയ ചർച്ച അവസാനിപ്പിച്ചുകൊണ്ട് ഞാൻ പറയുന്നു, അപ്പുറത്തിരിക്കുന്ന സ്നേഹിതന്മാരുടെ നിയോജക മണ്ഡലത്തിൽ നടന്നിട്ടുള്ള വികസന പ്രവർത്തനങ്ങൾ, കഴിഞ്ഞ കാലഘട്ടങ്ങളിൽ എൽ.ഡി.എഫ്-ന്റെ കാലഘട്ട ത്തിലെ വികസന പ്രവർത്തനങ്ങളുമായി താരതമ്യപ്പെടുത്തിയാൽ മനസ്സാക്ഷി എന്നത് നിങ്ങൾക്കുണ്ടെങ്കിൽ, മര്യാദ എന്നത് നിങ്ങളക്കുണ്ടെങ്കിൽ ഈ ഗവൺമെന്റിന്റെ നന്ദി പ്രമേയത്തെ പാസ്സാക്കാൻ നിങ്ങൾ ഒരുമിച്ച് കൈപ്പൊ ക്കുമെന്ന ആത്മവിശ്വാസത്തോടുകൂടി ഒരിക്കൽകൂടി പ്രമേയം അവതരിപ്പിച്ചു കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): Sir, Rule 303 (2) – A point of order may be raised in relation to the business before the House at the moment:

Provided that the Speaker may permit a member to raise a point of order during the interval between the termination of one item of business and the commencement of another if it relates to maintenance of order in, or arrangement of business before the House. ഇവിടെ നേരത്തെ പല റൂളിംഗുമുണ്ട്. പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുമ്പോൾ റൂൾ ക്വാട്ട് ചെയ്യ ണമെന്ന് റൂളിംഗുകളിൽ പല സ്പീക്കർമാരും പറഞ്ഞിട്ടുണ്ട്. അതിനുപുറമെ 303 സബ് റൂൾ 2 വളരെ വ്യക്തവുമാണ്. സ്പീക്കർ അനുവദിച്ചാൽ മാത്രമെ

പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ പാടുള്ളൂവെന്നാണ്. അതുതന്നെ ഒരു ബിസിനസ്സ് കഴിഞ്ഞ് അടുത്തതിലേയ്ക്ക് കടക്കുന്ന ഇൻർവെൽ സമയത്താണ്. ഇവിടെ ആര് പ്രസംഗിച്ചാലും ഉടനെ പോയിന്റ് ഓഫ് ഓർഡർ എന്നുപറയുകയാണ്. റൂൾ ക്വാട്ട് ചെയ്യുന്നില്ലെന്നുമാത്രമല്ല ഇന്റർവെൽ സമയത്തല്ലാതെ സീപ്ക്കർക്ക് പോലും പോയിന്റ് ഓഫ് ഓർഡർ അനുവദിക്കാൻ പാടില്ലായെന്ന് സ്പെസിഫിക്കായി റൂളിൽ പറഞ്ഞിരിക്കുകയാണ്. ഇതൊന്ന് സ്ട്രിക്റ്റായി നടപ്പാക്കണമെന്ന അപേക്ഷയാണ് എനിക്കുള്ളത്.

<u>ശ്രീ. ഇ.പി. ജയരാജൻ</u> : സർ, നമ്മുടെ ബഹുമാന്യനായ ഗവർണ്ണറെ കൊണ്ടുവന്ന് ഇവിടെ പൊള്ളയായിട്ടുള്ള ഒരു പ്രസംഗം നടത്തി. എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ഈ പ്രമേയം പിൻവലിച്ച് ബഹുമാനപ്പെട്ട ഗവർണ്ണർക്ക് മറ്റൊരു പ്രസംഗം നിങ്ങൾ എഴുതി തയ്യാറാക്കി കൊടുത്ത് ഇവിടെ അവതരിപ്പിച്ചിട്ട്, ശ്രീ. ബെന്നി ബെഹനാൻ അവസാനം പറഞ്ഞ വാക്കുകൾ എടുത്താൽ അത് പരിശോധിക്കാമായിരുന്നു. ഗവർണ്ണറുടെ പ്രസംഗം നമ്മളെല്ലാം കേട്ടിട്ടുള്ളതാണ്. നമ്മുടെ സംസ്ഥാനവും ഇൻഡ്യയും വളരെ വ്യത്യസ്തങ്ങളായ ഒട്ടനവധി പ്രശ്നങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ് ഇത്. അത്തരത്തിലുള്ള ജനകീയ പ്രശ്നങ്ങളെയൊന്നും കാണാതെ, കുറെ റോഡുണ്ടാക്കുന്നു, കുറെ പാലം കെട്ടുന്നു എന്നല്ലാതെ കേരളത്തിന് പ്രതീക്ഷ നൽകുന്ന എന്തെങ്കിലുമൊരു സമീപനം നിങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ? ഇല്ലെന്നുള്ളതാണ് ആ നയപ്രഖ്യാപനത്തിൽ നിന്നും എനിക്ക് മനസ്സിലാകുന്നത്. ഇന്ത്യൻ രാഷ്ട്രീയം വളരെ ഗൗരവവും സങ്കീർണ്ണവുമായിട്ടുള്ള പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയാണ്. 1947 മുതൽ

ഇന്നുവരെ മഹാഭൂരിപക്ഷംകാലം രാജ്യം ഭരിച്ച പാർട്ടിയാണ് കോൺഗ്രസ്സ്. ശ്രീ. ബെന്നി ബെഹനാൻ, ഇന്ന് എവിടെയാണ് കോൺഗ്രസ്സ്; എന്താണ് അതിന്റെ സ്ഥിതി? നിങ്ങൾ ആദ്യം ആത്മപരിശോധന നടത്തണം. ഞങ്ങളുടേത് ഒരു ചെറിയ പാർട്ടിയാണ്, ഒരു പ്രത്യേക രാഷ്ട്രീയ കാഴ്ചപ്പാ ടോടുകൂടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു പാർട്ടിയുമാണ്. കോൺഗ്രസ്സ് പാർട്ടി ഇന്ത്യൻ പാർലമെന്റിൽ നാലിൽ മൂന്ന് ഭൂരിപക്ഷത്തിൽ അധികാര ത്തിൽ വന്ന പാർട്ടിയാണ്. ആ പാർട്ടി ഇന്ന് എവിടെ എത്തി നിൽക്കുന്നു. ഇപ്പോൾ നിങ്ങൾക്ക് ഇന്ത്യൻ പാർലമെന്റിൽ ഭൂരിപക്ഷമുണ്ടോ? നിങ്ങൾ എങ്ങനെയാണ് ഇന്ത്യൻ പാർലമെന്റിൽ അധികാരത്തിൽ വന്നത്? പണം കൊടുത്ത്, ചാക്കിട്ട് പിടിച്ച്..... അതിന്റെ അവകാശി അവിടെ ഇരിക്കുന്നുണ്ട്. ശ്രീ. രമേശ് ചെന്നിത്തല. എന്റെ കൈവശം വീക്ഷണം പത്രത്തിന്റെ കോപ്പി യുണ്ട്. ഞാൻ അവസാനം അത് കാണിച്ചുതരാം ഇതിന്റെ കോപ്പി ശ്രീ. ബെന്നി ബെഹനാന്റെ കൈവശവുമുണ്ട്. അദ്ദേഹം വീക്ഷണത്തിന്റെ പ്രധാ നിയായിരുന്നു. ഇപ്പോൾ അദ്ദേഹത്തെ അതിൽ നിന്നും പുറത്താ ക്കിയെന്നുതോന്നുന്നു. ഏതായാലും ഇന്ത്യൻ രാഷ്ട്രീയത്തിൽ വളരെ സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളുണ്ട്. കോൺഗ്രസ്സിന്റെ രാഷ്ട്രീയ നയങ്ങ ളാണ് നിങ്ങളുടെ തകർച്ചയ്ക്ക് കാരണം. നിങ്ങൾ ഇടതുപക്ഷ വിരുദ്ധ അപസ്മാരം ബാധിച്ച്, ഇടതുപക്ഷക്കാരെ ചീത്തപറഞ്ഞ് നടക്കുന്ന സമയം രാജ്യത്തെക്കുറിച്ച് ചിന്തിക്കൂ. നിങ്ങളുടെ സമയം അതിനുവേണ്ടി ഉപയോഗി ക്കൂ. ഞങ്ങൾ നിങ്ങളെ പിൻതാങ്ങിയിട്ടുണ്ട്. നിങ്ങളെ അധികാരത്തിലേയ്ക്ക് കൊണ്ടുവന്നിട്ടുണ്ട്. ഞങ്ങളുടെ രാഷ്ട്രീയ കാഴ്ചപ്പാടാണത്. ബി.ജെ.പി. അധികാരത്തിൽ വരാതിരിക്കാൻ കോൺഗ്രസ്സും ഞങ്ങളും തമ്മിൽ അങ്കംവെ ട്ടിക്കൊണ്ടിരിക്കുകയായിരുന്നു. പക്ഷേ ഞങ്ങൾ ചെയ്തത് ബി.ജെ.പി. ഇന്ത്യ

യിൽ അധികാരത്തിൽ വരരുത്. ഒരു മതനിരപേക്ഷതാ രാഷ്ട്രത്തിൽ ഒരു വർഗ്ഗീയ കക്ഷി ഇന്ത്യയിൽ അധികാരത്തിൽ വരരുത്. ഞങ്ങൾ ഒരു നിലപാട് സ്വീകരിച്ചു ആ നിലപാടിന്റെ ഭാഗമായി നിങ്ങൾ അധികാരത്തിലേയ്ക്ക് വന്നു. അത്തരത്തിൽ ഒരു നിലപാട് സ്വീകരിച്ചുകൊണ്ടാണ് ഞങ്ങൾ ഇന്ത്യൻ രാഷ്ട്രീയത്തിൽ പ്രവർത്തിക്കുന്നത്. നിങ്ങൾ ഞങ്ങളുടെ ഡൽഹിയിലെ സീറ്റിന്റെ കാര്യങ്ങളൊക്കെ പറഞ്ഞല്ലോ? നിങ്ങൾക്കിപ്പോൾ ഡൽഹിയിൽ എത്രയാണ് സീറ്റ്? നിങ്ങൾ ഭരിച്ച സ്റ്റേറ്റല്ലേ? എഴുപത് മണ്ഡലങ്ങളിലായി കോൺഗ്രസ്സിന് എട്ട് സീറ്റാണ് ഇപ്പോൾ അവിടെ ലഭിച്ചത്. നിങ്ങളുടെ മുഖ്യമന്ത്രി മൂന്നാം സ്ഥാനത്താണ്. 200 സീറ്റുകിട്ടി നിങ്ങൾ ഭരിച്ച സ്റ്റേറ്റാണ് രാജസ്ഥാൻ. ഇപ്പോൾ നിങ്ങൾക്ക് കിട്ടിയത് 21 സീറ്റാണ്. അതുപോലെ ത്തന്നെ മദ്ധ്യപ്രദേശിൽ നിങ്ങൾക്കുള്ളത് 38 സീറ്റാണ്. വളർച്ച എങ്ങോ ട്ടാണ്? 5 സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പുകളിൽ, മിസോറാം ദേശീയ രാഷ്ട്രീയത്തിൽ സ്വാധീനം ചെലുത്തുന്ന സ്റ്റേറ്റല്ല. ബാക്കിയെല്ലാം കൂടി നോക്കിയാൽ നിങ്ങളുടെ നില പരമദയനീയമല്ലേ? ഞങ്ങളുടേത് വളരെ ചെറിയ പാർട്ടിയാണ്. ഞങ്ങൾക്ക് മൂന്ന് സീറ്റെന്നുള്ളതല്ല. ഞങ്ങളുടെ മൂന്ന് സീറ്റ് തന്നെ ചില പ്രത്യേക കാലഘട്ടത്തിൽ നിങ്ങളോടും ബി.ജെ.പി. യോടു മുള്ള വിരോധം കൊണ്ട് ഞങ്ങൾക്ക് വോട്ട് ചെയ്യുന്നതിന്റെ ഫലമായുള്ളതാ ണ്. നിങ്ങൾ ജയിക്കാതിരിക്കാൻ നിങ്ങൾ തന്നെയാണ് ഞങ്ങൾക്കുവേണ്ടി പലപ്പോഴും വോട്ടുചെയ്യുന്നത്. അങ്ങനെ ഒന്നോ രണ്ടോ മൂന്നോ സീറ്റുകൾ കിട്ടിയിട്ടുണ്ട്. ഞങ്ങൾ അവിടെ ഭരിച്ചിരുന്ന പാർട്ടിയൊന്നുമല്ല, ഞങ്ങൾക്ക് അവിടെ സ്വാധീനമൊന്നുമില്ല. ഇപ്പോൾ ഇന്ത്യയിൽ നിങ്ങളുടെ നില എന്ത് ?

ശ്രീ. സാജു പോൾ: സർ, കോൺഗ്രസ്സിന് വളരെ ക്ഷീണമാണെങ്കിലും കേരളത്തിൽ പുതിയ പല കോൺഗ്രസ്സുകളുമുണ്ടാകുന്നുണ്ട്. വഴിയോര കച്ചവടത്തൊഴിലാളി കോൺഗ്രസ്സ്, ഇപ്പോൾ മീറ്റ് വർക്കേഴ്സ് കോൺഗ്രസ്സുണ്ടായിട്ടുണ്ട്. അങ്ങനെ പുതിയ പല കോൺഗ്രസ്സുമുണ്ടാകുന്നുണ്ട്.

ശ്രീ. ഇ. പി. ജയരാജൻ : സർ, പിന്നീട് ആ വിഷയത്തിലേയ്ക്ക് വരാം. ഞാൻ പറഞ്ഞുവരുന്നത് വരാൻപോകുന്ന പതിനാലാം ലോകസഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-ആർ.എസ്.എസ്.-സംഘപരിവാർ സംഘടനകൾ രാജ്യത്തിന്റെ ഭരണം പിടിക്കാനായി ആസൂത്രിതമായി സംഘടിതമായ നീക്കം നടത്തുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ ബി.ജെ.പി.ക്ക് പ്രോത്സാഹജനകമായിട്ടുള്ള എല്ലാ നിലപാടുകളും നിങ്ങൾ സ്വീകരിക്കുകയാണ്. നിങ്ങൾ സ്വീകരിച്ചിരിക്കുന്ന നിലപാടുപയോഗിച്ചുകൊണ്ട് ബി. ജെ.പി. ശക്തിപ്പെടുകയാണ്. അതാണ് ഇന്ത്യയിൽ അടുത്തിടെ തെരഞ്ഞെടുപ്പുനടന്നിട്ടുള്ള എല്ലാ സംസ്ഥാനങ്ങളിലുമുണ്ടായിട്ടുള്ളത്. തെരഞ്ഞെടുപ്പുനടന്ന സംസ്ഥാനങ്ങളിൽ കോൺഗ്രസ്സിനോടുള്ള ജനങ്ങളുടെ ശക്തമായിട്ടുള്ള പ്രതിഷേധമാണ് കാണാൻ കഴിഞ്ഞത്. അതാണ് രാജസ്ഥാനിലും മധ്യപ്രദേശിലും ഛത്തീസ്ഘട്ടിലും കണ്ടത്. കോൺഗ്രസ്സിനെ അത്രമാത്രം ജനങ്ങൾ വെറുക്കുകയാണ്. കോൺഗ്രസ്സിനു ബദലായി മറ്റൊരു പാർട്ടിയും അവിടങ്ങളിൽ ഇല്ലാത്തതിനാൽ ആ വെറുപ്പ് ബി.ജെ.പി.ക്ക് അനുകൂലമായി ഭവിച്ചു. ഡൽഹിയിൽ ഈ പ്രതിഷേധം രേഖപ്പെടുത്താൻ ആം ആദ്മി എന്ന വേറൊരു പാർട്ടിയുണ്ടായി, അവർക്ക് അനുകൂലമായി വോട്ടുകൊടുത്തു. ജനങ്ങൾക്ക് കോൺഗ്രസ്സിനോടുള്ള വിരോധം കാരണം ഡൽഹിയിൽ ആം ആദ്മി പാർട്ടിക്ക് അധികാരത്തിൽ വരാൻ സാധിച്ചു. ബി.ജെ.പി. ഇന്ത്യയുടെ

രാഷ്ട്രീയാധികാരം പിടിച്ചെടുക്കാൻ ശ്രമിക്കുകയാണ്. പക്ഷേ അവർക്കതിന് സാധിക്കില്ല. കോൺഗ്രസ്സിനും ഇനി അധികാരത്തിൽ വരാൻ സാധിക്കില്ല. ഇന്ത്യയുടെ എല്ലാ സംസ്ഥാനങ്ങളിലും ധാരാളം പ്രാദേശിക പാർട്ടികളുണ്ട്. കേരളത്തിൽ ഞങ്ങൾ ഒന്നാമത്തെ പാർട്ടിയാണ്. ഇവിടെ എൽ.ഡി.എഫ്. ഒരു പ്രധാന കക്ഷിതന്നെയാണ്, നിങ്ങൾ അല്ലായെന്നുപറഞ്ഞാൽ അല്ലാതാകില്ല. തമിഴ്നാട്ടിൽ എ.ഐ.എ.ഡി.എം.കെ. ഒരു പ്രധാന കക്ഷിയാണ്. ആന്ധ്രാ പ്രദേശിൽ കോൺഗ്രസ്സില്ല. ആന്ധ്രാപ്രദേശ്, തമിഴ്നാട്, കേരളം എന്നിവിട ങ്ങളിലായി ആകെ 102 ലോക്സഭാ സീറ്റുകളാണുള്ളത്. ആ 102 സീറ്റുക ളിൽ നിങ്ങൾക്ക് എത്ര സീറ്റ് കിട്ടും; ഡൽഹി, രാജസ്ഥാൻ, മധ്യപ്രദേശ്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽനിന്നായി എത്ര സീറ്റുകളാണ് നിങ്ങൾക്ക് കിട്ടാൻ പോകുന്നത്? ഞങ്ങൾ ബംഗാളിൽ തോറ്റു എന്നുപറഞ്ഞ് സന്തോഷിക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്. നിങ്ങളുടെ ആ മനോഭാവം മാറ്റൂ, എന്നിട്ട് നിങ്ങൾ രാജ്യത്തെക്കുറിച്ച് ചിന്തിക്കൂ, ജനങ്ങളെക്കുറിച്ച് ചിന്തി ക്കൂ, രാജ്യസ്നേഹപരമായ സമീപനം സ്വീകരിക്കൂ, മതനിരപേക്ഷത കാത്തു സൂക്ഷിക്കുന്നതിനുവേണ്ടിയുള്ള നിലപാട് സ്വീകരിക്കൂ..... നിങ്ങൾ ഭരിച്ചു ഭരിച്ച് രാജ്യത്തെ എവിടെ കൊണ്ടുചെന്നെത്തിച്ചു? വിലക്കയറ്റമെന്ന പ്രധാന വിഷയം രാവിലെ ചർച്ച ചെയ്തു. എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും വിലക്കയറ്റമാണ്. ജനങ്ങൾക്ക് ജീവിക്കാൻ കഴിയുന്നില്ല. വിലക്കയറ്റം തട ഞ്ഞുനിറുത്താൻ എന്തുനടപടിയാണ് നിങ്ങൾ സ്വീകരിച്ചത്? 2009–ൽ നിങ്ങൾ അധികാരത്തിൽ വരുന്ന സമയത്ത് പാചകവാതകത്തിന്റെ ഒരു സിലിണ്ടറിന് 279 രൂപയായിരുന്നു വില. എന്നാൽ ഇപ്പോഴത്തെ വില 1293 രൂപയാണ്. ഇതിന്മേൽ ന്യായീകരണം കണ്ടെത്താനല്ലേ നിങ്ങളൊക്കെ ശ്രമിച്ചത്.

രാവിലെ പ്രമേയം കൊണ്ടുവന്നപ്പോൾ നിങ്ങൾ അതിനെ ജസ്റ്റിഫൈ ചെയ്ത് സംസാരിച്ചു. ഇങ്ങനെ ജസ്റ്റിഫൈ ചെയ്ത് തെറ്റുകൾ ന്യായീകരിക്കുന്ന നിങ്ങളുടെ സമീപനത്തിനെതിരെ ജനങ്ങൾക്കുവേണ്ടി ഞങ്ങൾ ശബ്ദം ഉയർത്തുകയാണ്. ഇവിടെ വിലക്കയറ്റം ഒരു പ്രധാനവിഷയമാണ്. മറ്റൊരു പ്രധാന വിഷയമാണ് രാഷ്ട്രീയത്തെ ബാധിച്ചിട്ടുള്ള അഴിമതി പ്രശ്നം. നിങ്ങൾക്ക് അത് തിരുത്തിപ്പോകാൻ സാധിക്കുമോ? പണം കൊടുത്ത് വോട്ടു വാങ്ങുകയാണ്, ഇന്ത്യയിലെ ജനാധിപത്യം വിലയ്ക്കുവാങ്ങുകയാണ് നിങ്ങൾ ചെയ്യുന്നത്. ശതകോടീശ്വരന്മാരാണ് ഇന്ത്യൻ പാർലമെന്റിൽ ഭൂരിപക്ഷവും. എന്തു നിയമവും അവർക്കുവേണ്ടി പാസ്സാക്കാം. ഇന്ത്യൻ രാഷ്ട്രീയം വഴിത്തിരിവിലാണ്. അധികാരമുപയോഗിച്ചുകൊണ്ട് പണമുണ്ടാക്കുകയാണ്. ഈ നിലയിൽ പോയാൽ എവിടെ എത്തിച്ചേരും? 2 ജി സ്പെക്ട്രം കേസ് – നിങ്ങൾ ഒരുപക്ഷേ അത് പഴയ കേസാണെന്നു പറയും, കൽക്കരി കുംഭകോണങ്ങൾ, ഹെലികോപ്ടർ കച്ചവടങ്ങൾ ഇങ്ങനെ ദേശീയ രാഷ്ട്രീയത്തിൽ അഴിമതി നിറഞ്ഞുനിൽക്കുന്ന എത്രയെത്ര പ്രശ്നങ്ങളാണുള്ളത്. രാഷ്ട്രീയത്തിൽ ഭരണമുപയോഗിച്ചുകൊണ്ട് പണമുണ്ടാക്കുക, ആ പണമുപയോഗിച്ചുകൊണ്ട് വോട്ടുനേടുക, വോട്ടു നേടിയിട്ട് വീണ്ടും പണമുണ്ടാക്കുക – ഇത്തരമൊരു സമീപനമല്ലേ കോൺഗ്രസ്സിനുള്ളത്. നിങ്ങൾ എന്തു ധൈര്യത്തിലാണ് ഇപ്പോൾ വിലക്കയറ്റത്തിന് അനുകൂലമായ നിലപാട് സ്വീകരിച്ചത്? സാധാരണഗതിയിൽ തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്ന ഒരു പാർട്ടി ഇത്തരത്തിലുള്ള നിലപാട് സ്വീകരിക്കുകയില്ല. എല്ലാ വിഭാഗം ജനങ്ങളും ഉപയോഗിക്കുന്ന പാചകവാതകത്തിന് നിങ്ങൾ എന്തടിസ്ഥാനത്തിലാണ് വിലകൂട്ടിയത്? നിങ്ങൾക്ക് ജനകീയപ്രശ്നങ്ങളോടല്ല, പണം

കൊടുത്ത് അധികാരം പിടിച്ചെടുക്കുന്നതിലാണ് താല്പര്യം. ബി.ജെ.പി.യും ആ വഴിക്കാണ് പോകുന്നത്. ഇടതുപക്ഷം ഒരു കാര്യം ഉറപ്പിച്ചുപറയുന്നു – ഞങ്ങൾ ചെറിയ ശക്തിയാണ്, പക്ഷേ ഇന്ത്യയിൽ അധികാരത്തിലേറാൻ ബി.ജെ.പി.യെ ഞങ്ങൾ സമ്മതിക്കില്ല, അതിനെതിരെ ജീവൻ കൊടുത്തും പോരാടും, ഇന്ത്യയുടെ മതനിരപേക്ഷതയെ ഞങ്ങൾ കാത്തുസൂക്ഷിക്കും. ബി.ജെ.പി.യെ സംരക്ഷിക്കുകയും അവർക്ക് പ്രോത്സാഹനം നൽകുകയും ചെയ്തുകൊണ്ട് ഇടതുപക്ഷത്തെ ശത്രുക്കളായി കണ്ട് ആക്രമിച്ച് തകർക്കുന്ന സമീപനമാണ് കോൺഗ്രസ് ഇന്ന് സ്വീകരിച്ചിരിക്കുന്നത്. അത്തരമൊരു അപ കടം പിടിച്ച സാഹചര്യത്തിലേക്കാണ് നിങ്ങൾ രാജ്യത്തെ കൊണ്ടുചെന്നെ ത്തിച്ചിട്ടുള്ളത്. അതിൽ നിന്ന് മാറി, ജനങ്ങളുടെ പ്രശ്നം പരിഹരിക്കാൻ – വിലക്കയറ്റം, തൊഴിലില്ലായ്മ, പട്ടിണി, നിരക്ഷരത, ആരോഗ്യ പ്രശ്നങ്ങൾ, സ്ത്രീകൾ അനുഭവിക്കുന്ന പീഡനങ്ങൾ, വർഗ്ഗീയ കലാപങ്ങൾ എന്നിവയ്ക്ക് പരിഹാരം കണ്ടെത്താനാണ് ശ്രമിക്കേണ്ടത്. ഉത്തർപ്രദേശിൽ മുസാഫർനഗ റിൽ 60–ലധികം വരുന്ന മുസ്ലീംങ്ങളെയാണ് കൊലചെയ്തത്. നാൽപ്പതിനാ യിരത്തിലധികം ആളുകൾ ഇപ്പോഴും അഭയാർത്ഥി ക്യാമ്പുകളിലാണ്. സ്ത്രീകളെ കൂട്ട ബലാത്സംഗം നടത്തി ആട്ടിയോടിക്കുകയാണ്. ഇതൊക്കെ സംഘടിതമായ പരിപാടികളാണ്. കോടതിപോലും ഇടപെടേണ്ടിവരുന്ന സാഹചര്യത്തിലേയ്ക്ക് കാര്യങ്ങൾ എത്തിയിരിക്കുന്നു. ഇത്തരമൊരു സാഹ ചര്യത്തിൽ ബി.ജെ.പി.–സംഘപരിവാർ സഖ്യം അധികാരം പിടിച്ചെടുക്കാൻ ശ്രമിക്കുമ്പോൾ അതിനെ ചെറുക്കുന്നതിനുപകരം അവരെ പ്രോത്സാഹിപ്പി ക്കത്തക്ക നിലയിലുള്ള നടപടികളും മറ്റും സ്വീകരിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ(മാർക്സിസ്റ്റ്)–നേയും സി.പി.ഐ.യേയും ആർ.എസ്.പി.

യേയും ഇടതുപക്ഷ പാർട്ടികളേയും തെറിപറയാനും ആക്ഷേപിക്കാനും ഒറ്റപ്പെടുത്താനും നിങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത് ബി.ജെ.പി.യെ സാഹായിക്കാൻ മാത്രമേ സാധിക്കൂ. ആ നിലപാടിനെക്കുറിച്ച് നിങ്ങൾ ചിന്തിക്കണം. ദേശീയ രാഷ്ട്രീയത്തിൽ വളരെ സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളുള്ള ഈ പ്രത്യേക സാഹചര്യത്തിലാണ് കേരളത്തിൽ 13-ാം നിയമസഭയുടെ 10-ാം സമ്മേളനം ചേരുന്നത്. ഒരുപക്ഷേ ഇത് 13-ാം നിയമസഭയുടെ അവസാനത്തെ സമ്മേളനമായേക്കാം. 32 മാസക്കാലമായി ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ ഇവിടെ ഭരണം നടത്തുന്നു. ഈ നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പിൽ ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. ഉമ്മൻ ചാണ്ടിയും മത്സരിച്ചു. രണ്ടു നേതാക്കളും മത്സരിച്ചപ്പോൾ ആര് മുഖ്യമന്ത്രിയാകും എന്നതിൽ എല്ലാവർക്കും സംശയമുണ്ടായി. തെരഞ്ഞെടുപ്പുകഴിഞ്ഞപ്പോൾ ശ്രീ. രമേശ് ചെന്നിത്തലയെ വെട്ടി ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായി. അദ്ദേഹം മുഖ്യമന്ത്രിയായി വന്ന് അല്പം കഴിഞ്ഞപ്പോൾ മുസ്ലീം ലീഗിന് അഞ്ചാമത് മന്ത്രി വേണമെന്നായി, അഞ്ചാമത് മന്ത്രിസ്ഥാനം കൊടുക്കാൻ തീരുമാനിച്ചു. അഞ്ചാമത് മന്ത്രിയായപ്പോൾ ശ്രീ. രമേശ് ചെന്നിത്തല പൊട്ടിത്തെറിച്ചു. സാമുദായിക സമവാക്യം സംരക്ഷിക്കണമെന്നായി. അതിനുവേണ്ടി അപ്പോഴും മന്ത്രിസഭാ പുനഃസംഘടന വേണ്ടിവന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ ആഭ്യന്തര വകുപ്പുമന്ത്രിയാക്കി മുഖ്യമന്ത്രി സമർത്ഥമായി ആ പ്രശ്നം കൈകാര്യം ചെയ്തു. ശ്രീ. രമേശ് ചെന്നിത്തല കാസർഗോഡുനിന്നും തിരുവനന്തപുരത്തേയ്ക്ക് ജാഥ സംഘടിപ്പിച്ചു. ജാഥ തിരുവനന്തപുരത്ത് എത്തുമ്പോഴേയ്ക്കും രാഷ്ട്രീയമാറ്റം സംഭവിക്കുമെന്നും ശ്രീ. ഉമ്മൻ ചാണ്ടി താഴെപ്പോകുമെന്നും ഒരു പുതിയ മന്ത്രിസഭ വരുമെന്നും

ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞതാണ്. ജാഥ തിരുവനന്തപുരത്ത് എത്തിയപ്പോൾ ഒന്നും സംഭവിച്ചില്ല. ഇനി ശ്രീ. ഉമ്മൻ ചാണ്ടി മന്ത്രിസഭയിലേയ്ക്ക് ഞാനില്ലായെന്ന് ശ്രീ. രമേശ് ചെന്നിത്തല ശപഥം ചെയ്തു. എന്നിട്ട് ഇപ്പോൾ ശ്രീ. രമേശ് ചെന്നിത്തല എവിടെയാണിരിക്കുന്നത്; ഇത് വേറെ മന്ത്രിസഭയാണോ? അദ്ദേഹം ഇവിടത്തെ ആഭ്യന്തര–വിജിലൻസ് മന്ത്രിയാകാത്തതാണോ കേരളത്തിന്റെ പ്രശ്നം; കേരളത്തിലെ ഇന്നത്തെ ജനകീയപ്രശ്നമിതാണോ? ഞാൻ മുസ്ലീം ലീഗിന്റേയും കേരളാ കോൺഗ്രസ്സിന്റേയുമെല്ലാം സുഹൃത്തുക്കളോട് പറയുകയാണ്– നിങ്ങൾ കോൺഗ്രസ്സിനോടൊപ്പം നിന്ന് ഇത്തരം നിലപാട് സ്വീകരിച്ചാൽ കോൺഗ്രസ്സിന്റെ അധഃപതനത്തിൽത്തന്നെ നിങ്ങളും ചെന്നെത്തും. നിങ്ങളും അതുപോലെ നശിക്കും, അതിന് യാതൊരു സംശയവുമില്ല. കേരളത്തിന്റെ രാഷ്ട്രീയ സ്ഥിതിയെടുക്കാം – ശ്രീ. ബെന്നി ബെഹനാൻ, നിങ്ങൾ ഒറ്റയ്ക്ക് മത്സരിച്ചാൽ കേരളത്തിൽ ഏതെങ്കിലുമൊരു സീറ്റിൽ നിങ്ങൾ ജയിക്കുമോ? മുസ്ലീം ലീഗും കേരളാ കോൺഗ്രസ്സുമില്ലെങ്കിൽ നിങ്ങൾ വട്ടപ്പൂജ്യമാണ്, അതാണ് കേരള രാഷ്ട്രീയം. നിങ്ങൾ ഇവരുടെയെല്ലാം സഹായത്തോടുകൂടി കേമന്മാരായി. എന്നിട്ട് നിങ്ങൾ ഭരണരംഗത്ത് എന്താണ് ചെയ്തത്; 32 മാസക്കാലത്തെ നിങ്ങളുടെ ഭരണം സംസ്ഥാനത്തെ എവിടെക്കൊണ്ടെത്തിച്ചു? നിങ്ങൾ ഇവിടെ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ കേരളത്തിലെ കാർഷിക മേഖലയെക്കുറിച്ച് എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ; 60 ശതമാനം കാർഷിക പ്രാധാന്യമുള്ളതാണ് നമ്മുടെ കേരളം. വ്യാവസായിക തകർച്ചയെക്കുറിച്ച് പറഞ്ഞോ? ഇവിടത്തെ ഏറ്റവും പ്രധാനപ്പെട്ട വിഷയമായ വൈദ്യുതി പ്രശ്നം, മാലിന്യക്കൂമ്പാരങ്ങൾ, കേരളത്തിൽ എവിടെയും യാത്രചെയ്യാൻ കഴിയാത്ത രീതിയിലുള്ള ഗതാഗത

ക്കുരുക്ക് – ഇവ സംബന്ധിച്ചൊരു കാഴ്ചപ്പാടുണ്ടാകണ്ടേ; ഒരു സമീപനമു ണ്ടാകണ്ടേ? ആരോഗ്യ രംഗത്തെക്കുറിച്ച് പറയുകയാണെങ്കിൽ, ഇന്നത്തെ പത്രത്തിൽ വന്ന വാർത്തയാണ്, 'എസ്.എ.റ്റി. ഹോസ്പിറ്റലിൽ ഒരു ആദി വാസി സ്ത്രീ പ്രസവിച്ചു, ചികിത്സ കിട്ടാതെ കുട്ടി മരിച്ചു', ബക്കറ്റിലിട്ടാണ് മൃതദേഹം കൊണ്ടുപോയത്. നിങ്ങളുടെ കണ്ണുതുറക്കണം. ആരോഗ്യ വകു പ്പിന്റെ മന്ത്രി ഇവിടെ ഇരിക്കുന്നുണ്ടല്ലോ; അങ്ങ് ആതുരശുശ്രൂഷാ സേവന ത്തിൽ തൽപ്പരനാണല്ലോ; പലപ്പോഴും ആശുപത്രികളിലൊക്കെ പോകു ന്നതാണല്ലോ; ഇപ്പോൾ ആശുപത്രികളുടെ സ്ഥിതി എന്താണ്? പരമ ദയനീയ മാണ് നമ്മുടെ ആശുപത്രികളുടെ സ്ഥിതി. അവിടെ ഡോക്ടർമാരുണ്ടോ, മരുന്നുണ്ടോ, ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണോ, എന്താണ് അവിടെ നട ക്കുന്നത് എന്നീ കാര്യങ്ങളെല്ലാം ഒന്നുപരിശോധിക്കണം.

നിങ്ങൾ നിയമസഭയിൽ വന്ന് എല്ലാം സമ്പൂർണ്ണമെന്ന് പ്രഖ്യാപി ക്കും. നമ്മുടെ ആരോഗ്യരംഗം വളരെ അപകടപ്പെട്ട് കിടക്കുകയാണ്, കാർഷിക രംഗം തകർന്നു കിടക്കുകയാണ്, റബ്ബർ കൃഷിക്കാർ നെഞ്ചത്തടിച്ച് നിലവിളിക്കുകയാണ്. എന്ത് സംവിധാനമാണ് നിങ്ങൾ ചെയ്യാൻ ഉദ്ദേശിക്കു ന്നത്? ഇടുക്കി ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട കൃഷിയാണ് ഏലം. അത് പ്രകൃതിയുടെ അന്തകനാണെന്നും മുഴുവനും വെട്ടിക്കളയണമെന്നുമാണ് മാധവ് ഗാഡ്ഗിൽ എഴുതി വച്ചിരിക്കുന്നത്. കാസർഗോഡുള്ള കവുങ്ങ് കൃഷിയെ സംബന്ധിച്ച് ഇവിടെ സബ്മിഷൻ വന്നു. കവുങ്ങുകൃഷി പൂർണ്ണമാ യും അവസാനിപ്പിക്കണമെന്നാണ് കേന്ദ്ര ഗവൺമെന്റ് ഉത്തരവിറക്കിയിരിക്കു ന്നത്. കാർഷിക പ്രദേശമായ കേരളത്തിൽ റബ്ബറിന് വിലയില്ല, കുരുമുളക് കൃഷി നശിച്ചുകൊണ്ടിരിക്കുകയാണ്. നാളികേര കൃഷി തൽക്കാലത്തേക്ക്

ആശ്വാസമായി നിൽക്കുന്നുണ്ട്, എത്രകാലം നിൽക്കുമെന്ന് പറയാൻ സാധിക്കില്ല. ഇപ്പോൾ ഉൽപ്പാദനം ഗണ്യമായ തോതിൽ കുറഞ്ഞിട്ടുണ്ട്. നെൽകൃഷിക്കാരുണ്ട്. കാർഷിക രംഗത്ത് ഉൽപ്പാദനച്ചെലവ് കൂടുന്നു. ഇതിൽ നിന്നൊക്കെ കാർഷിക മേഖല ഇന്ന് അന്യവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. കാർഷിക പ്രാധാന്യമുള്ള നമ്മുടെ സംസ്ഥാനത്തിന്റെ കാർഷിക മേഖലയെ വികസിപ്പിച്ചെടുത്ത് ജനങ്ങൾക്ക് ആഹാരം കൊടുക്കാനുള്ള എന്തെങ്കിലുമൊരു പദ്ധതി നയപ്രഖ്യാപനത്തിലുണ്ടോ, ഒരു സമീപനമുണ്ടോ? ഈ നാടിനാവശ്യമുള്ള പച്ചക്കറി ഉൽപ്പാദിപ്പിക്കണം. എന്താണ് ഇവിടത്തെ സ്ഥിതി? പാലിന്റെ ഉൽപ്പാദനത്തിൽ വലിയൊരു സാധ്യത കേരളത്തിലുണ്ട്. മിൽമ എട്ടര ലക്ഷം ലിറ്റർ പാൽ വാങ്ങും. പതിമൂന്നര ലക്ഷം ലിറ്റർ വിൽക്കും. അഞ്ചര ലക്ഷം ലിറ്റർ പാൽ എവിടെനിന്നാണ് ലഭിക്കുന്നത്? തമിഴ്നാട്ടിൽ കൊണ്ടുപോയി അതിൽ പാൽപ്പൊടി കലക്കിയശേഷം പായ്ക്കറ്റാക്കി വിൽക്കും. ഹൈക്കോടതിയുടെ മുമ്പിൽവന്ന കാര്യമാണിത് – ഇതിനെതിരെ നിങ്ങൾക്ക് എന്തുനടപടി സ്വീകരിക്കാൻ സാധിച്ചു? നിങ്ങൾ ഏത് ജനകീയ പ്രശ്നത്തിനാണ് പരിഹാരം കണ്ടത്? സ്കൂൾ അത്‌ലറ്റിക്സ് മീറ്റ് റാഞ്ചിയിൽ നടക്കുകയാണ്. കേരളത്തിൽനിന്ന് ദേശീയ ഗെയിംസിന് പോകുന്ന കുട്ടികൾക്ക് അതിനാവശ്യമായ സജ്ജീകരണം നിങ്ങൾ ചെയ്തു കൊടുത്തോ? ആദിവാസി മേഖലകളിൽ മുഴുവൻ പകർച്ചവ്യാധിയും പട്ടിണിയും നടമാടുകയാണ്. ഇവിടെ മൂന്ന് സെന്റ് വീതം ഭൂമി കൊടുത്തതിനെക്കുറിച്ചും കണ്ണൂർ ഭൂരഹിത ജില്ലയാക്കി പ്രഖ്യാപിച്ചതിനെക്കുറിച്ചുമെല്ലാം പറഞ്ഞു. പരിഹാസമാണ് നിങ്ങൾ നടത്തിയിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ പറയട്ടെ, കണ്ണൂർ ജില്ലയിലെ തളിപ്പറമ്പിൽ നിന്ന് 35 കിലോമീറ്റർ ദൂരെയുള്ള അവുങ്ങാമ്പൊയിൽ കണ്ണൂർ ടൗണിലെ ഒരു ചുമട്ടുതൊഴിലാളിക്ക് മൂന്ന്

സെന്റ് ഭൂമി കിട്ടിയിട്ട് എന്തുചെയ്യാനാണ്? ഞാൻ റവന്യൂ മന്ത്രിക്ക് പരാതിയായി കൊടുത്തിട്ടുള്ള ഒരു കാര്യം പറയാം. 20000 ആളുകൾക്ക് മൂന്ന് സെന്റ് ഭൂമി വീതം കാസർഗോഡ് ജില്ലയിൽ കൊടുത്തു. കണ്ണൂരും കാസർഗോഡും പാലക്കാടും തൃശ്ശൂരുമുള്ള 20000 ആളുകൾക്കാണ് അവിടെ ഭൂമി കൊടുത്തിരിക്കുന്നത്. അവരൊക്കെയാണ് മൂന്ന് സെന്റ് ഭൂമിക്കുവേണ്ടി കാസർഗോഡേയ്ക്ക് പോകേണ്ടത്. ഇവരിൽ ആരെങ്കിലും ആ ഭൂമി വാങ്ങി എന്തെങ്കിലും ചെയ്യുമോ? ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ എന്തെങ്കിലുമൊരു യുക്തി വേണ്ടേ? നിങ്ങൾക്ക് എന്തെങ്കിലും വർത്തമാനം പറഞ്ഞ് കടലാസിൽ പടം അച്ചടിച്ച് വരുത്തുകയേ വേണ്ടൂ, പടം വരുത്താൻ വേണ്ടിയാണെങ്കിൽ ആയിക്കോട്ടെ. എന്റെ മണ്ഡലത്തിൽ പടിയൂർ പഞ്ചായത്തിൽ എട്ട് ആദിവാസികൾക്ക് ഭൂമി കൊടുത്തു. അവർ രേഖകളുംകൊണ്ട് അവിടെ പോയപ്പോൾ അവിടെ വേറെ ആളുകളാണ്. ആ പാവങ്ങളെ അവർ അടിച്ചോടിച്ചു. വയനാട് ജില്ലയിൽ ഞാൻ പോയി. അവിടെ മാനന്തവാടി താലൂക്കിൽ അഞ്ചുകുന്ന് വില്ലേജിൽ പുഴയ്ക്കൽ നബീസ, പുഴയ്ക്കൽ ജമീല എന്നിവരുടെ കൈവശമുള്ള 75 സെന്റ് ഭൂമിയിൽ അവരുടെ ബാപ്പയുടെ കാലംമുതൽ വീടുവച്ച് (ബാപ്പതന്നെ വീടുവച്ചതാണ്) താമസിക്കുകയാണ്. അവരുടെ കുട്ടിയുടെ കല്യാണം വന്നപ്പോൾ അതിൽ നിന്നും പത്ത് സെന്റ് വിറ്റു. അങ്ങനെ അവർ കൈവശം വച്ചിരിക്കുന്ന ഭൂമിയിലെ 45 സെന്റ് സീറോ ലാന്റിൽപ്പെടുത്തി എട്ടുപേർക്ക് മൂന്ന് സെന്റ് വീതം കൊടുക്കാൻ വേണ്ടി ഏറ്റെടുത്തു. ആ ഭൂമിയിലാണ് ഇപ്പോൾ മൂന്ന് സെന്റുവീതം കൊടുക്കുന്നതിനുവേണ്ടി കല്ല് കുഴിച്ചിട്ടിരിക്കുന്നത്. ശ്രീ. എം. വി. ശ്രേയാംസ് കുമാറിന് ഇത് അറിയാമായിരിക്കും. എന്തെല്ലാമാണ് ഇതിന്റെ പേരിൽ നടക്കുന്നത്; നിങ്ങൾക്ക് എന്ത് ആത്മാർത്ഥതയാണുള്ളത്?

ഇവിടെ സോളാറിന്റെ കാര്യത്തെക്കുറിച്ച് വളരെ വാചാലമായിത്തന്നെ സംസാരിച്ചു. യഥാർത്ഥത്തിൽ അതൊന്നും പരാമർശിക്കണമെന്ന് ഞങ്ങൾ ഉദ്ദേശിച്ചിരുന്നില്ല. കാരണം, ഞങ്ങൾ പറയേണ്ടതെല്ലാം പറഞ്ഞു, അത് മുഴുവനും ജനങ്ങൾ കേട്ടു, ഇനി ജനങ്ങൾ വിധിയെഴുതട്ടെ. പക്ഷെ ശ്രീ. ബെന്നി ബെഹനാൻ ഒരു ആവശ്യവുമില്ലാതെ വലിച്ചിഴച്ചു. നിങ്ങൾക്ക് മുഖ്യമന്ത്രിയോട് എന്തെങ്കിലും വിരോധവുമുണ്ടോയെന്ന് എനിക്കറിഞ്ഞുകൂടാ. ഏതായാലും നിങ്ങൾ പറഞ്ഞതുകൊണ്ട് ഇനി പറയണമല്ലോ. ഞാൻ ചോദിക്കട്ടെ, സലീംരാജ് 400 കോടി രൂപയുടെ ഭൂമി തട്ടിപ്പ് നടത്തി. ജോപ്പൻ, സലീംരാജ്, ജിക്കുമോൻ എന്നിവർ മുഖ്യമന്ത്രിയുടെ ആഫീസിലായിരുന്നില്ലേ; ആഫീസ് കേന്ദ്രീകരിച്ചായിരുന്നില്ലേ തട്ടിപ്പ് നടത്തിയത്? ആക്ഷേപം വന്നപ്പോൾ മുഖ്യമന്ത്രി എന്ത് നിലപാടാണ് സ്വീകരിച്ചത്? സംശുദ്ധമായ ഒരു നിലപാട് നിങ്ങൾ സ്വീകരിച്ചില്ല, നിങ്ങൾ അവരെ രക്ഷിക്കാൻവേണ്ടി ശ്രമിച്ചു. ഇപ്പോൾ നിങ്ങളുടെ മുന്നണിയിൽപ്പെട്ട ശ്രീമതി കെ. ആർ. ഗൗരിയമ്മ പറഞ്ഞിരിക്കുന്നത് മുഖ്യമന്ത്രി പെരും നുണയനാണെന്നാണ്. അവർ പറയുന്നു, കുറേ കാലമായി ഒരു ചെറുപ്പക്കാരി മുഖ്യമന്ത്രിയുടെ ആഫീസിലെല്ലാം ശൃംഗരിച്ച് നടക്കുന്നു. അങ്ങനെയൊരു സുന്ദരി ഇങ്ങനെ ശൃംഗരിച്ച് നടന്നത് രണ്ടുകൊല്ലമായിട്ടും മുഖ്യമന്ത്രി മനസ്സിലാക്കിയില്ലെന്നാണോ ധരിക്കേണ്ടത് എന്നാണ് ചോദിച്ചത്. എന്തിനാണ് ശ്രീ. ബെന്നി ബെഹനാൻ ഞങ്ങളെക്കൊണ്ട് ഇതിപ്പോൾ പറയിക്കുന്നത്? സരിതയെ തിരുവനന്തപുരത്തെ അട്ടക്കുളങ്ങര ജയിലിലാണ് പാർപ്പിച്ചിരിക്കുന്നത്. കോട്ടയത്ത് അവർക്കെതിരെ ഒരു കേസ്സുമില്ല. പിന്നെന്തിനാണ് അവരെ പുതുപ്പള്ളിയിൽ കൊണ്ടുപോയത്? നല്ല കർട്ടനെല്ലാമിട്ട പോലീസ് വണ്ടിയിൽ കയറി സരിത പുതുപ്പള്ളിയിൽ പോയത് തട്ടുകട നോക്കിയാണോ? നിങ്ങൾ ആ പോലീസ് ഉദ്യോഗസ്ഥന്മാർക്കെതിരെ നട

പടിയെടുത്തോ? ഇന്നലെ റിപ്പോർട്ട് വന്നില്ലേ; നിങ്ങൾ എന്താണ് ചെയ്തിരിക്കുന്നത്? നിങ്ങൾ ഈ നാടിനെ നശിപ്പിക്കുകയാണ്.

ദേശാഭിമാനിയിൽ രാധാകൃഷ്ണന്റെ പരസ്യം വന്നതിനെ സംബന്ധിച്ച് ഇവിടെ ആക്ഷേപമുന്നയിച്ചു. ഇത് മന്ത്രി ശ്രീ. കെ. പി. അനിൽ കുമാറാണ്, വീക്ഷണത്തിൽ വന്ന പടമാണ് (പത്രത്തിന്റെ പകർപ്പ് ഉയർത്തിക്കാണിച്ചുകൊണ്ട്) ശ്രീ. കെ. പി. അനിൽ കുമാർ രാധാകൃഷ്ണന് ട്രോഫി കൊടുക്കുകയാണ്. മറ്റൊന്ന്, "ശ്രീ. രമേശ് ചെന്നിത്തല നയിച്ച കേരള രക്ഷാ മാർച്ചിന് സൂര്യാ ഗ്രൂപ്പിന്റെ ആശംസകൾ" – ഇതും വീക്ഷണം പത്രത്തിൽ വന്നതാണ് (പത്രത്തിന്റെ പകർപ്പ് ഉയർത്തിക്കാണിച്ചു). വേറൊന്ന്, "സൂര്യതേജസ്സാർന്ന കർമ്മയോഗി. പവിത്ര സ്നേഹത്തിന്റെ ആ പ്രകാശ ഗോപുരം മങ്ങിപ്പോയെന്ന് ആർക്കും വിശ്വസിക്കാൻ കഴിയില്ല. കാരണം തങ്ങളുടെ ഒരേയൊരു ദർശനംപോലും നമുക്കുചുറ്റും അദൃശ്യയമായൊരു സംരക്ഷണ വലയം തീർക്കുന്ന, ഞങ്ങളെ സ്നേഹിച്ച മുസ്ലീംലീഗിന്റെ സമുന്നത നേതാവായ തങ്ങൾ" ........(ബഹളം)........

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. ഇ. പി. ജയരാജൻ, പത്ത് മിനിട്ടായി. ഒരു പോയിന്റ് ഓഫ് ഓർഡറുമില്ലാതെ, ഒരു ബഹളവുമില്ലാതെ പത്ത് മിനിട്ട് കൂടുതൽ അങ്ങ് സംസാരിച്ചു.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: ദേശാഭിമാനിയിൽ പരസ്യം കൊടുത്താൽ തെറ്റ്, നിങ്ങൾക്കൊരു തെറ്റുമില്ല. നിങ്ങളുടെ ഈ മനോഭാവമാണ് തെറ്റ്. ഈ മനോഭാവം നിങ്ങൾ മാറ്റണം. ഇവിടുത്തെ പോലീസ് വകുപ്പിനെ സംബന്ധിച്ച ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. വയനാട് ജില്ലയിൽ ഇപ്പോൾ നടന്ന ഒരു സംഭവമാണ്. വയനാട്

ജില്ലയിലെ പുതുപ്പള്ളി സി.ഐ.-യുടെ കീഴിൽ ഡ്യൂട്ടിക്ക് പോയ ഒരു എ. എസ്.ഐ.-യുടെ ക്വാർട്ടേഴ്സിൽ കയറി അയാളുടെ ഭാര്യയെ ഒരു ഡി.വൈ. എസ്.പി. ബലാത്സംഗം ചെയ്യാൻ ശ്രമിച്ചു. ആ സ്ത്രീ ചെറുത്തു. അവർ ഓടി ഡി.വൈ.എസ്.പി. ആഫീസിൽ ചെന്നു. ഭരണകക്ഷിക്കാരും എസ്.പി.-യും കൂടിച്ചേർന്ന് ആ കേസ് ഒതുക്കാൻ ശ്രമിക്കുകയാണ്. അവിടെ പോലീസ് സ്റ്റേഷനിൽ കുത്തിയിരിപ്പ് സമരം നടക്കുകയാണ്. ഇതാണ് നിങ്ങളുടെ ഭരണത്തിന്റെ സാമ്പിൾ. ശ്രീ. പി. സി. ജോർജ്, താങ്കൾക്ക് ശരിയായ നിലയിൽ പ്രതികരിക്കാൻ കഴിഞ്ഞാൽ നല്ലത്. പക്ഷെ താങ്കൾ മോഡിയുടെ ബനിയനെടുത്ത് മോഡിക്കുവേണ്ടി നടത്തിയത് യു.ഡി.എഫ്.-ന്റെ നയമായിരിക്കും. അതുപോലെതന്നെ ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി, അദ്ദേഹം ലീഗിന്റെ നല്ല വിജ്ഞാനിയായ നേതാവാണ്. നിങ്ങൾ ആർ.എസ്.എസ്.-ന്റെ പരിപാടിയിൽ പങ്കെടുത്തില്ലേ; നിങ്ങൾ ചെയ്തത് കുറ്റമായിപ്പോയി. നിങ്ങൾ ന്യൂനപക്ഷത്തോട് ഇങ്ങനെ കാണിക്കരുത്. ഒരുതരത്തിലും നിങ്ങൾ ബാലഗോകുലത്തിന്റെ പരിപാടിയിൽ പങ്കെടുക്കരുതായിരുന്നു. നിങ്ങൾ ചെയ്ത തെറ്റുകൾ വളരെ ഗുരുതരമാണ്. നിങ്ങൾ അവർക്ക് വെള്ളപൂശിക്കൊടുക്കാൻ ശ്രമിക്കരുത്, ആർ.എസ്.എസ്./സംഘപരിവാറിനെ നിങ്ങൾ ഒരിക്കലും രക്ഷിക്കരുത്, നിങ്ങൾ അവർക്കുവേണ്ടി പ്രചാരണം നടത്തരുത്. കോൺഗ്രസ്സ് അത് ചെയ്യും. നിങ്ങൾ അത് മനസ്സിലാക്കി നിലപാട് സ്വീകരിച്ചാൽ നിങ്ങൾക്കും നമ്മുടെ നാടിനും നല്ലതായിരിക്കും എന്നുപറഞ്ഞുകൊണ്ട് ഈ പ്രമേയത്തെ ശക്തമായി എതിർത്തുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: ഞാൻ ഈ പ്രമേയത്തെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ചതും വിശദീകരിച്ചതുമായ

കാര്യങ്ങളിലേക്ക് ഞാൻ ദീർഘിച്ച് കടന്നു പോകുന്നില്ല. എന്റെ ബഹുമാന്യ സ്നേഹിതൻ, എന്റെ അയൽ നിയോജക മണ്ഡലത്തിന്റെ എം.എൽ.എ ശ്രീ. ഇ. പി. ജയരാജൻ സംസാരിച്ചപ്പോൾ അധികവും ഊന്നൽ നൽകിയത് ദേശീയ രാഷ്ട്രീയത്തിൽ കോൺഗ്രസ്സിനെ ഉപദേശിക്കുന്നതിന് വേണ്ടിയാണ്. ആ ഉപദേശങ്ങൾ അങ്ങേയറ്റം സ്വീകരിക്കുമ്പോൾ അദ്ദേഹം സമ്മതിച്ച ഒരു കാര്യമുണ്ട് – ഇന്ത്യയിൽ ബി.ജെ.പി ഉയർത്തുന്ന വർഗ്ഗീയ വെല്ലുവിളിയെ, നരേന്ദ്ര മോഡി ഉയർത്തുന്ന ഭീഷണിയെ നേരിടാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് മാത്രമേ സാധ്യമാകൂ. അദ്ദേഹത്തിന്റെ പാർട്ടിയും മുന്ന ണിയും അക്കാര്യത്തിൽ ഒന്നും ചെയ്യാൻ കഴിവില്ലാത്തവരാണ് എന്ന് ശ്രീ. ഇ. പി. ജയരാജൻ സമ്മതിച്ചിരിക്കുന്നു. അവസാനം നടന്ന അഞ്ചു നിയമ സഭാ തെരഞ്ഞെടുപ്പുകളിൽ, കോൺഗ്രസ്സ് പരാജയപ്പെട്ട അഞ്ചിൽ നാല് സ്ഥലത്തും കോൺഗ്രസ്സാണ് പ്രതിപക്ഷ കക്ഷിയായി വന്നിട്ടുള്ളത്. ഈ സ്ഥലങ്ങളിൽ എവിടെയെങ്കിലും ശ്രീ. ഇ. പി. ജയരാജന്റെ പാർട്ടിയായ ഇടതു പക്ഷം ജയിച്ചിട്ടുണ്ടോയെന്ന ചോദ്യത്തിന്, വളരെ ബോധപൂർവ്വം, ബുദ്ധി പൂർവ്വം ഞങ്ങൾ ചെറിയ പാർട്ടിയാണ് എന്ന് പറഞ്ഞ് ഉത്തരം പറയാതിരിക്കു കയാണ് ചെയ്തത്. ഇന്ത്യാ രാജ്യത്ത് കോൺഗ്രസ്സ് മാത്രമാണ് ബി.ജെ. പി.യെ എതിർക്കാൻ സാധിക്കുന്ന പാർട്ടി. ആ തിരിച്ചറിവാണ് ഇന്ത്യൻ രാഷ്ട്രീയത്തിൽ, ദേശീയ രാഷ്ട്രീയത്തിൽ ശ്രീ. ഇ. പി. ജയരാജനും അദ്ദേഹ ത്തിന്റെ പോളിറ്റ് ബ്യൂറോക്കുമാവശ്യം. അദ്ദേഹം ഇവിടെ നടത്തിയ പ്രസംഗം അദ്ദേഹം അംഗമായിട്ടുള്ള സെൻട്രൽ കമ്മിറ്റിയിലാണ് നടത്തേണ്ടത്. അദ്ദേഹം സി.പി.ഐ.(എം). ന്റെ സി.സി മെമ്പറാണ്. ഇതാണ് രാജ്യത്തിന്റെ അവസ്ഥയെങ്കിൽ നിങ്ങൾ കോൺഗ്രസ്സിനെ എതിർത്താൽ അതിന്റെ ഗുണം ഫലത്തിൽ ബി.ജെ.പി.ക്കല്ലേ കിട്ടുന്നത്? ഈ തെരഞ്ഞെടുപ്പിൽ മാത്രമല്ല,

ആറു മാസങ്ങൾക്ക് മുൻപ് കർണ്ണാടകയിൽ തെരഞ്ഞെടുപ്പ് ഉണ്ടായി, ഹിമാചൽപ്രദേശിൽ തെരഞ്ഞെടുപ്പുണ്ടായി. ബി.ജെ.പി. ഭരിച്ചുകൊണ്ടിരുന്ന കർണ്ണാടകയും ഹിമാചൽ പ്രദേശും ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ കോൺഗ്രസ് തിരികെ പിടിച്ചപ്പോൾ അതിനെ പ്രശംസിക്കാൻ, ഇന്ത്യയിൽ കാശ്മീർ മുതൽ കന്യാകുമാരി വരെയുള്ള വിവിധ പ്രദേശങ്ങളിൽ അംഗത്വമുള്ള, ജനപിന്തുണയുള്ള ഒരു ദേശീയ പ്രസ്ഥാനം, സ്വാതന്ത്ര്യ സമരത്തിന് നേതൃത്വം നൽകിയ പ്രസ്ഥാനം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണെന്ന് അംഗീകരിക്കാൻ ശ്രീ. ഇ. പി. ജയരാജനും അദ്ദേഹത്തിന്റെ പാർട്ടിയും തയ്യാറായില്ല. കോൺഗ്രസ് വിജയിച്ചാൽ അംഗീകരിക്കില്ല, കോൺഗ്രസ്സ് പരാജയപ്പെട്ടാൽ കുറ്റപ്പെടുത്തുന്നു, കൂടുതലായി കുത്തിനോവിക്കാൻ പരിശ്രമിക്കുന്നു. ഈ ചിന്ത ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കഴിഞ്ഞ കുറേ മാസങ്ങൾക്കു മുൻപ് തിരുവനന്തപുരത്ത് സി.പി.ഐ.(എം)-ന്റെ സെക്രട്ടേറിയറ്റ് അസോസിയേഷൻ സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ചോദിച്ചു. മാർക്സിസ്റ്റ് അനുകൂല സംഘടനയിൽ സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം നടത്തിയ പ്രസംഗം നമ്മൾ പത്രത്തിലും ടി.വി.യിലും കണ്ടതാണ്. അദ്ദേഹം പറഞ്ഞത്, നമ്മുടെ പാർട്ടിയെക്കുറിച്ച് ഇന്നലെവരെ നമ്മൾ പറഞ്ഞത് ബംഗാൾ, കേരളം, ത്രിപുര എന്നീ മൂന്ന് കേന്ദ്രങ്ങളിൽ ശക്തിയുള്ള പാർട്ടി എന്നാണെങ്കിൽ, പശ്ചിമ ബംഗാളിൽ നമ്മൾ ഇല്ലാതെയായി എന്നാണ്. പശ്ചിമബംഗാളിൽ അവർക്ക് ജയിച്ചു വരാൻ സാധിക്കുമെന്ന അവകാശവാദം ശ്രീ. ഇ. പി. ജയരാജനുപോലുമില്ല. കേരളത്തിലെ അവസ്ഥയും ഒട്ടും മെച്ചമല്ല. ഇത് ഞങ്ങളുടെ വാക്കല്ല, ശ്രീ. ഉമ്മൻ ചാണ്ടിയുടേയും ശ്രീ. രമേശ് ചെന്നിത്തലയുടേയും വാക്കല്ല. ബഹുമാന്യനായ പ്രതിപക്ഷ നേതാവിന്റെ വാക്കുകളാണ്. കേരളത്തിലും സ്ഥിതി മെച്ചമല്ല. ശ്രീ. ഇ.

പി. ജയരാജൻ ചെറുതായി കണ്ട, രണ്ട് പാർലമെന്റ് സീറ്റുകൾ മാത്രമുള്ള മിസ്സോറാം പോലുള്ള ഒരു തുരുത്തിൽ മാത്രമാണ് ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ചെങ്കൊടി ഉയർത്താൻ സാധിക്കുന്നത്. ചെങ്കോട്ടയിലും ചെങ്കൊടി പാറിക്കും എന്നു പറഞ്ഞവരുടെ അവസ്ഥയെന്ത് എന്നുള്ളത് പരിശോധിക്കേണ്ടതായിട്ടുണ്ട്. കോൺഗ്രസ്സിനെ എതിർക്കുകയെന്ന രാഷ്ട്രീയ മഞ്ഞപ്പിത്തം ബാധിച്ച മാർക്സിസ്റ്റ് പാർട്ടി നിലപാടുകൾ തിരുത്തണം. ഹിമാലയൻ ബ്ലണ്ടർ ആവർത്തിച്ച പാർട്ടിയാണ് മാർക്സിസ്റ്റ് പാർട്ടിയെന്ന് പ്രഗത്ഭനായ ഭരണാധികാരിയും മാർക്സിസ്റ്റ് പാർട്ടി നേതാവുമായ ജ്യോതിബസുവരെ ഉപദേശിച്ചിട്ടുണ്ട്. ആ ഉപദേശം കേൾക്കാൻ മാർക്സിസ്റ്റ് പാർട്ടി തയ്യാറായില്ല. ശ്രീ. മൻമോഹൻ സിംഗ് ഗവൺമെന്റിനെ പിന്തുണച്ച മാർക്സിസ്റ്റ് പാർട്ടിയും ഇടതുപക്ഷവും 2004–ൽ ആ പിന്തുണ പിൻവലിച്ചത് തെറ്റായിപ്പോയി എന്ന് പിന്നീടവർക്ക് സമ്മതിക്കേണ്ടതായി വന്നിട്ടുണ്ട്. ഇടതുപക്ഷത്തിന്റെ പിന്തുണ ഇല്ലാതെയാണ് വീണ്ടും 2009–ൽ യു.പി.എ അധികാരത്തിൽ വന്നതെങ്കിൽ, വരാൻ പോകുന്ന 2014–ലെ പാർലമെന്റ് ഇലക്ഷനിലും ഇന്ത്യൻ രാഷ്ട്രീയത്തിൽ ബി.ജെ.പി ഉയർത്തുന്ന വെല്ലുവിളിയെ നേരിടാൻ സാധിക്കുന്ന പ്രസ്ഥാനം ഇന്ത്യൻ നാഷണൽ കോൺഗ്രസ് നേതൃത്വം നൽകുന്ന യു.പി.എ തന്നെയാണ്. അവിടെ മാർക്സിസ്റ്റ് പാർട്ടിക്ക്, 'പൂച്ചയ്ക്കെന്ത് പൊന്നുരുക്കുന്നിടത്ത് കാര്യം', 'കുണ്ടിലിരിക്കും തവളക്കുഞ്ഞിന് കുന്നിൻ മീതെ പറക്കാൻ മോഹം' എന്ന് പറയുന്നതുപോലെ, ഇവർ ഏതെങ്കിലും മുന്നണിയുണ്ടാക്കിയാൽ ആ മുന്നണിയിലേക്ക് ഏതെങ്കിലും കക്ഷി വരുമോ? തമിഴ്നാട്ടിൽ കോൺഗ്രസ്സ് ക്ഷീണിച്ചാൽ പകരം വരുന്നത് കമ്മ്യൂണിസ്റ്റ് പാർട്ടിയല്ല. ഇവിടെ കോൺഗ്രസ്സിന്റെ അംഗബലത്തെക്കുറിച്ച് പറഞ്ഞു. നെഹ്റു പ്രധാനമന്ത്രിയാ

യിരുന്ന കാലത്ത് പ്രിയങ്കരനായ, ബഹുമാന്യനായ എ.കെ. ഗോപാലൻ ഇന്ത്യാ രാജ്യത്തിന്റെ പ്രതിപക്ഷ നേതാവായിരുന്നു. ഒരുകാലത്ത് ഇന്ത്യയുടെ പ്രതിപക്ഷമായിരുന്ന മാർക്സിസ്റ്റ് പാർട്ടിക്ക് ഇന്ന് ഇന്ത്യൻ പാർലമെന്റിൽ എത്ര അംഗങ്ങളുണ്ട് എന്ന് പരിശോധിക്കാൻ ശ്രീ. ഇ. പി. ജയരാജൻ തയ്യാറാകണം. അതുകൊണ്ട് ദേശീയ രാഷ്ട്രീയം വിശകലനം ചെയ്യുന്നുവെങ്കിൽ ശരിയായ മാർഗ്ഗത്തിൽ വിശകലനം ചെയ്യാൻ മാർക്സിസ്റ്റ് നേതൃത്വം തയ്യാറാകണം അതാണ് എനിക്ക് ഒന്നാമതായി പറയാനുള്ളത്. ഈ ഗവൺമെന്റിനു വേണ്ടി ബഹുമാനപ്പെട്ട ഗവർണ്ണർ അവതരിപ്പിച്ചിട്ടുള്ള നയപ്രഖ്യാപനത്തിൽ എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്നില്ല. അതിൽ ആമുഖകാര്യങ്ങളുൾപ്പെടെ 107 ഖണ്ഡികകൾ മാത്രമേയുള്ളൂ. 107 പ്രധാനപ്പെട്ട കാര്യങ്ങളാണ് പറഞ്ഞിട്ടുള്ളത്. കൃഷിയെ സംബന്ധിച്ച് ഒന്നുംപറഞ്ഞിട്ടില്ലെന്ന് ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞു. അങ്ങ് വായിച്ചു നോക്കണം. 15 മുതലുള്ള ഖണ്ഡികകൾ കേരള സംസ്ഥാനത്തെ കൃഷി വികസനം സംബന്ധിച്ച നയപരിപാടികളാണ്. ഹൗസിംഗിനെ സംബന്ധിച്ച് 22, 26, 29 ഖണ്ഡികയിൽ പറയുന്നുണ്ട്. 60,000 പുതിയ വീടുകൾ ഐ.എ.വൈ. പദ്ധതിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്നു. ജനസമ്പർക്ക പരിപാടിയിൽ നിന്ന് താൻ പഠിച്ച ഏറ്റവും പ്രധാനപ്പെട്ട കാര്യം വീടില്ലാത്തവരുടെ പ്രശ്നങ്ങളാണെന്നാണ് മുഖ്യമന്ത്രി ഇന്നു രാവിലെ ചോദ്യോത്തര വേളയിൽ പറഞ്ഞത്. വീടുണ്ടാക്കണമെങ്കിൽ അവർക്ക് ആദ്യമായി വേണ്ടത് അതിനുള്ള സ്ഥലമാണ്. കണ്ണൂരിലെ ചുമട്ടുതൊഴിലാളിക്ക് കണ്ണൂരിൽ വീടുകൊടുക്കാൻ സാധിച്ചില്ല എന്ന് ശ്രീ. ഇ. പി. ജയരാജൻ പറയുമ്പോൾ കഴിഞ്ഞ അഞ്ചുവർഷക്കാലം അദ്ദേഹത്തിന്റെ പാർട്ടി ഭരിച്ചപ്പോൾ ഈ തൊഴിലാളികളെ അന്ന് മറന്നുവെങ്കിൽ, ഇന്ന് ആ തൊഴിലാളിക്ക്

കണ്ണൂർ ടൗണിൽത്തന്നെ വീട് കൊടുക്കാൻ സ്ഥലം കണ്ടെത്താൻ കഴിയാത്തതുകൊണ്ട് കണ്ണൂർ ജില്ലയിലെവിടെയെങ്കിലും, ലക്ഷം വീട് പദ്ധതി നടത്തിയതുപോലെ, ഒരു പക്ഷെ അതൊരു കോളനിയായിരിക്കും അവിടെ ഒരു ചെറിയ കൂര വയ്ക്കാനുള്ള മൂന്ന് സെന്റ് ഭൂമി നൽകുന്നതിന് അതിനർഹതയുള്ള ആളുകളുടെ അപേക്ഷകൾ സ്വീകരിച്ചുകൊണ്ട് ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരികയാണ്. 2015 ഓടെ കേരളം ഭൂരഹിതർ ഇല്ലാത്ത ഒരു സംസ്ഥാനമായി പ്രഖ്യാപിക്കപ്പെടണമെന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടത്തുന്നത്. കണ്ണൂർ ജില്ല അതിൽ ഒന്നാമതായിത്തന്നെ നേട്ടം കൈവരിച്ചിരിക്കുന്നു. ശ്രീ. ഇ. പി. ജയരാജൻ അതംഗീകരിക്കേണ്ടതാണ്. അതിൽ പോരായ്മകളുണ്ടാകാം, വേണമെങ്കിൽ ക്രിയാത്മകമായി വിമർശിക്കാം. അതിനുപകരം അതിനെ പൂർണ്ണമായി എതിർക്കുന്ന സമീപനമാണ് നിങ്ങൾ സ്വീകരിച്ചിരിക്കുന്നത്. എസ്.റ്റി ഹൗസസ് സംബന്ധിച്ച് 32-ാം ഖണ്ഡികയിൽ പറയുന്നുണ്ട്. പട്ടികവർഗ്ഗ തൊഴിലാളികൾക്ക് നിലവിലുള്ള ഭവന നിർമ്മാണ പദ്ധതികൾക്ക് അനുബന്ധമായി ഹഡ്കോ വായ്പ മുഖേന അയ്യായിരം വീടുകൾകൂടി നൽകുന്നതിന് 195 കോടി രൂപയുടെ പദ്ധതി ഉദ്ദേശിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവനസഹായ പദ്ധതിയായി ഒന്നേകാൽ ലക്ഷം രൂപ മാത്രമാണ് നൽകിയിരുന്നതെങ്കിൽ ഇപ്പോഴത്തെ ചെലവനുസരിച്ച് ആ തുക മതിയാകില്ല എന്ന് മനസ്സിലാക്കി അത് രണ്ടര ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. കേരളത്തിന്റെ വികസനത്തിന് ഒരു സന്തുലിതാവസ്ഥ വേണമെന്നാണ് ശ്രീ. ബെന്നി ബെഹനാൻ പറഞ്ഞത്. എല്ലാ നിയോജക മണ്ഡലങ്ങളേയും ഒരുപോലെ കാണുന്ന ഒരു സമീപനമാണ് ഈ ഗവൺമെന്റിനുള്ളത്. കോളേജുക

ളില്ലാത്ത എല്ലാ നിയോജക മണ്ഡലങ്ങളിലും ഗവൺമെന്റ് കോളേജ് വേണമെന്ന് തീരുമാനിച്ചു. അതിന്റെ നേട്ടം കണ്ണൂർ ജില്ലയിൽ തലശ്ശേരിയിൽ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ മണ്ഡലത്തിലും പയ്യന്നൂരിൽ സഖാവ് സി. കൃഷ്ണന്റെ മണ്ഡലത്തിനും ലഭിച്ചു. തലശ്ശേരിയിലും പയ്യന്നൂരും കോളേജുണ്ട്. തലശ്ശേരിയിലെ ബ്രണ്ണൻ കോളേജാണ് മലബാറിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ആദ്യത്തെ സ്ഥാപനമെന്ന് ഞങ്ങൾ പഠിച്ചിട്ടുണ്ട്. പക്ഷെ അശാസ്ത്രീയമായി നിയോജക മണ്ഡലങ്ങൾ വെട്ടിമുറിച്ചപ്പോൾ അത് ധർമ്മടത്തു പോയി. തലശ്ശേരി ബ്രണ്ണൻ കോളേജ് എന്നു പേരുള്ള കോളേജ് തലശ്ശേരിയിലല്ല. അതുകൊണ്ട് ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ നിയോജക മണ്ഡലത്തിൽ പുതിയ കോളേജ് കൊടുത്തു. ഭരണകക്ഷി അംഗങ്ങളായ എനിക്കും ശ്രീ. എ. പി. അബ്ദുള്ളക്കുട്ടിക്കും ശ്രീ. കെ. സി. ജോസഫിനും ശ്രീ. കെ. പി. മോഹനനും ശ്രീ. കെ. എം. ഷാജിക്കും പുതിയ കോളേജ് കിട്ടിയിട്ടില്ല. ഇടതുപക്ഷത്തിന്റെ എം.എൽ.എ.മാരായ ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. സി. കൃഷ്ണനും കിട്ടി. അതാണ് യു.ഡി.എഫ്.-ന്റെ വികസന രംഗത്തെ സന്തുലിത സമീപനം.

മെഡിക്കൽ കോളേജുകളില്ലാത്ത 8 ജില്ലകളിൽ പുതിയതായി മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചു. ചില സ്ഥലങ്ങളിൽ അതിന്റെ ഉദ്ഘാടന ചടങ്ങുകൾ തടസ്സപ്പെടുത്താൻ ശ്രമിച്ചുവെങ്കിലും അതുപോലും വിജയിച്ചില്ല. അവിടെയും ഈ ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്. കണ്ണൂർ വിമാനത്താവളത്തിന്റെ കാര്യം ശ്രീ. ബെന്നി ബെഹനാൻ അഭിമാനപൂർവ്വം ഇവിടെ അവതരിപ്പിച്ചു. അതുപോലെ തുറമുഖത്തെക്കുറിച്ച് പറഞ്ഞ ബഹുമാനപ്പെട്ട മന്ത്രി, നേട്ടത്തിന്റെ ഒരു വലിയ പട്ടിക;

റൂൾ 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് ഇന്ന് നിയമസഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്. അതിനെ ഞങ്ങൾ അഭിനന്ദിക്കുകയാണ്. അത്തരത്തിലുള്ള നേട്ടങ്ങളുടെ വികസന മാതൃകകൾ തന്നെയാണ് കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. മോണോ–മെട്രോ റെയിലുകൾ; അത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ......., കണ്ണൂർ വിമാനത്താവളത്തിന്റെ ചിറക് മുളയ്ക്കാൻ പോകുന്നു. ഫെബ്രുവരി ആദ്യവാരം അതിന്റെ റൺവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യപ്പെടുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ശ്രീ. പി. ജയരാജന്റെ നിയോജകമണ്ഡലത്തിലാണ് ഈ വിമാനത്താവളം, എന്റെ നിയോജകമണ്ഡലത്തിൽനിന്നും നാല് കിലോമീറ്റർ മാത്രമേ ദൂരമുള്ളൂ. അത് വികസനത്തിന്റെ ഒരു കാൽവയ്പ്പ് തന്നെയാണ്. എന്നാൽ അത്തരത്തിലുള്ള ബൃഹദ് പദ്ധതികൾ മാത്രമല്ല, വികസനത്തിന്റെ വികേന്ദ്രീകരണം, സന്തുലിതാവസ്ഥ അതിനെക്കുറിച്ചാണ് ഗവൺമെന്റ് ചിന്തിച്ചത്. പുതിയതായി 12 താലൂക്കുകൾ...., പട്ടാമ്പിയിൽ ശ്രീ. സി. പി. മുഹമ്മദിന്റെ മണ്ഡലത്തിൽ താലൂക്ക് ഉദ്ഘാടനം ഒരു വലിയ ഉത്സവമായിരുന്നു. കാൽ ലക്ഷം ആളുകൾ പങ്കെടുത്ത പരിപാടി, എൽ.ഡി.എഫ്. ബഹിഷ്ക്കരിച്ചു. അത്രയും ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട് അങ്ങനെ ഒരു പരിപാടി അവിടെ സംഘടിപ്പിക്കാൻ സാധിച്ചത് കഴിഞ്ഞ 40 വർഷമായി ജനങ്ങൾ ആവശ്യപ്പെടുന്ന ഒരു കാര്യമായതിനാലാണ്. തൊട്ടാൽ പൊള്ളുന്നതും ഒരിക്കലും പരിഹരിക്കാൻ സാധിക്കാത്ത ഒരു കുരുക്കാണ് താലൂക്ക് രൂപീകരണം എന്നു പ്രചരിപ്പിക്കപ്പെട്ടിരുന്നുവെങ്കിൽ ഈ ഗവൺമെന്റിന്റെ ഇച്ഛാശക്തി വേണമെങ്കിലും ചക്ക വേരിലും കായ്ക്കും എന്ന് തെളിയിക്കാൻ ഗവൺമെന്റിന് സാധിച്ചു – 12 താലൂക്കുകൾ രൂപീകരിക്കാൻ സാധിച്ചു. പുതിയ മെഡിക്കൽ കോളേ

ജുകൾ, വിമാനത്താവളത്തിന് സാധ്യതയില്ലാത്ത സ്ഥലങ്ങളിൽ പുതിയ എയർ സ്ട്രിപ്പുകൾ എന്ന കാഴ്ചപ്പാടോടെ മുന്നോട്ടുപോകുകയാണ്. റോഡുകളുടെ കാര്യത്തെക്കുറിച്ച് നേരത്തെ ശ്രീ. ഇ. പി. ജയരാജൻ സംസാരിച്ചു. റോഡുകളുടെ വികസനമാണോ വികസനം എന്ന് ചോദിച്ചു. സത്യത്തിൽ മാർക്സിസ്റ്റ് പാർട്ടി കഴിഞ്ഞ തവണ പാർലമെന്റ് ഇലക്ഷനിലും പഞ്ചായത്ത് ഇലക്ഷനിലും ആവർത്തിച്ച് പരാജയപ്പെട്ടപ്പോൾ അവർതന്നെ പഠനം നടത്തി കണ്ടെത്തിയത് കേരളത്തിലെ റോഡുകളുടെ ശോചനീയമായ അവസ്ഥ കൂടിയാണ് അവരുടെ പരാജയത്തിന്റെ പല കാരണങ്ങളിലൊന്ന് എന്നാണ്. നാഷണൽ ഹൈവേ ഉൾപ്പെടെ ഇന്ന് കേരളത്തിലെ റോഡുകൾ മെച്ചപ്പെട്ട റോഡുകൾ തന്നെയാണെന്ന് വളരെ അഭിമാനത്തോടു കൂടി പറയാൻ സാധിക്കും. എങ്കിലും കേരളത്തിന്റെ റോഡുകൾ ഇനിയും നവീകരിക്കണം എന്ന ലക്ഷ്യം വച്ചുകൊണ്ട് ബൃഹത്തായ പദ്ധതികൾക്ക് രൂപം നൽകിയിരിക്കുന്നു. ഇവിടെ മരാമത്ത് വകുപ്പ് 250 മാർക്ക് വാങ്ങിയ വകുപ്പാണ്. ഇതിന് കൂടുതലായി സാമ്പത്തിക സഹായം ധനകാര്യ വകുപ്പും മുഖ്യമന്ത്രിയുമെല്ലാം അനുവദിച്ചുകൊണ്ട് എം.എൽ.എ. മാരുടെ ആവശ്യങ്ങൾ, നിവേദനങ്ങൾ ഇതെല്ലാം പരിഗണിച്ചുകൊണ്ടുതന്നെ കേരളത്തിന്റെ റോഡ് വികസനരംഗത്ത് വളരെ സമഗ്രമായ മുന്നേറ്റങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. സാജു പോൾ: ബഹുമാനപ്പെട്ട അംഗം ഇവിടെ ഭരണനേട്ടങ്ങളെക്കുറിച്ചൊക്കെ പറഞ്ഞു. അദ്ദേഹത്തിന്റെ നേതാവ് കൂടിയായ കണ്ണൂർ എം. പി. ശ്രീ. കെ. സുധാകരൻ, ആഭ്യന്തര വകുപ്പുമന്ത്രിയെ മാറ്റിയില്ലെങ്കിൽ അടുത്ത തെരഞ്ഞെടുപ്പിൽ മത്സരിക്കില്ലെന്ന് പ്രഖ്യാപിച്ചു. അതുപോലെ വയനാട് എം.പി. യായ ശ്രീ. എം.ഐ. ഷാനവാസ് മാധവ് ഗാഡ്ഗിൽ കമ്മിറ്റി,

കസ്തൂരിരംഗൻ റിപ്പോർട്ടിൽ 100% കുഴപ്പമുണ്ടെന്ന് പറയുന്നു. ഇടുക്കി എം.പി. ശ്രീ. പി.ടി. തോമസ് ഇതിൽ ഒരു കുഴപ്പവുമില്ലെന്ന് പറയുന്നു. ഇങ്ങ നെയുള്ള വൈരുദ്ധ്യങ്ങളെക്കുറിച്ച് എന്താണ് അങ്ങേയ്ക്ക് പറയാനുള്ളത്?

ശ്രീ. സണ്ണി ജോസഫ്: കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് വളരെ ഫലപ്രദമായാണ് പ്രവർത്തിച്ചത്. എന്റെ അഭിപ്രായ ത്തിൽ ഏറ്റവും നല്ല ഇടപെടൽ അക്കാര്യത്തിലുണ്ടായി. കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച ഉത്തരവിനെ കേരളത്തിന്റെ ആശങ്കകളുടെ അടിസ്ഥാനത്തിൽ പൂർണ്ണമായും തിരുത്തിക്കാൻ സാധിച്ചു. ഡിസംബർ മാസം 20-ാം തീയതിയിലെ പുതിയ ഉത്തരവിലെ 3, 4, 5 ഖണ്ഡികകൾ ശ്രീ. സാജു പോൾ ദയവ് ചെയ്ത് വായിച്ചാൽ ഈ ചോദ്യം ചോദിക്കില്ല. മൂന്നാം ഖണ്ഡികയിൽ പറയുന്നത്, It is clarified that the Final Notification will be issued after the boundary of the ESA has been fine tuned after receiving inputs from stakeholders/State Governments. Further, State Governments may suggest modifications based upon physical verification. ഇ.എസ്.എ. നിർണ്ണയിക്കാൻ സംസ്ഥാന സർക്കാരുകൾക്ക് ഇത്രയേറെ അധികാരവും അംഗീകാരവും നൽകിക്കൊണ്ട്, പഴയ നോട്ടിഫി ക്കേഷൻ ദുർബലപ്പെടുത്തി പുതിയത് നടപ്പിലാക്കിയിരിക്കുന്നു. നാലാം ഖണ്ഡികയിൽ പറയുന്നത്, The recommendations given by the HLWG neither put any fresh restrictions on land use in the ESA nor do they in any way impact the continued occupation of land in possession of local people and affect their day to day activities or normal livelihood. എല്ലാ

വർക്കുമുള്ള മറുപടിയാണ്.......... ശ്രീ. എം. ഐ. ഷാനവാസ് അങ്ങനെ പറഞ്ഞിട്ടില്ല. ശ്രീ. എം. ഐ. ഷാനവാസ് കർഷകതാല്പര്യങ്ങൾക്കനുസരിച്ചു അവരുടെ സമരസമിതിയിൽ പങ്കെടുത്തുകൊണ്ട് ആശങ്കകൾ പങ്കുവെയ്ക്കുകയും ഒരു ജനപ്രതിനിധി എന്ന നിലയിൽ......, കോൺഗ്രസ് പാർട്ടി ജനാധിപത്യമുള്ള പാർട്ടിയാണ്. പാർട്ടിയെ സംബന്ധിച്ച് പാർട്ടി നേതാക്കന്മാർക്കും ജനപ്രതിനിധികൾക്കും അഭിപ്രായം പറയാം. ആ അഭിപ്രായങ്ങൾ ക്രോഡീകരിച്ച് പാർട്ടി തീരുമാനമെടുത്താൽ ആ തീരുമാനം എല്ലാവരും അംഗീകരിക്കും. അതാണ് കസ്തൂരിരംഗൻ റിപ്പോർട്ടിനെ സംബന്ധിച്ചുള്ള ആശങ്കകളെല്ലാം......., This Office Memorandum supersedes all other Office Memorandums issued earlier on the subject. ശ്രീ. കെ. സുധാകരൻ അങ്ങനെയൊന്നും പറഞ്ഞിട്ടില്ല. ശ്രീ. സാജു പോൾ ആഗ്രഹിക്കുന്നതാണ്. നേരത്തെ ശ്രീ. ഇ. പി. ജയരാജൻ കോൺഗ്രസിലെ ഐക്യം കണ്ട് നിരാശനാണ്. അതുകൊണ്ടാണ് മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, കെ.പി.സി.സി. പ്രസിഡന്റും ആഭ്യന്തര വകുപ്പുമന്ത്രിയുമായ ശ്രീ. രമേശ് ചെന്നിത്തല, കോൺഗ്രസിലെ എല്ലാവരും ഒന്നിച്ചു നിൽക്കുന്നു എന്നതിലുള്ള പ്രയാസമാണ്. കോൺഗ്രസ് ഭിന്നിച്ചെങ്കിൽ മാത്രമേ നിങ്ങൾക്ക് രക്ഷയുള്ളൂ എന്ന് നിങ്ങളുടെ......,

ശ്രീ. റോഷി അഗസ്റ്റിൻ: കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് കേരളത്തിൽ യാതൊരു അഭിപ്രായവ്യത്യാസവും പാർട്ടികൾ തമ്മിലോ ഈ നിയമസഭയിലോ ഉണ്ടായിട്ടില്ല. ആവശ്യമില്ലാതെ ഇത് ഒരു വിഷയമാക്കേണ്ട കാര്യമില്ല. നിയമസഭയുടെ പൾസ് മുഖ്യമന്ത്രി അറിയിച്ചതിൻ പ്രകാരം വിദഗ്ദ്ധസമിതി കൊടുത്തിരിക്കുന്ന റിപ്പോർട്ടും കേന്ദ്ര ഗവൺമെന്റ് പരിഗണിക്കാമെന്ന് പറഞ്ഞിട്ടുള്ള കാര്യങ്ങളും പോസിറ്റീവായി തന്നെ കാണുകയും

അതിൽ അതീവമായ സമ്മർദ്ദം ചെലുത്തി ഈ കാര്യം നേടിയെടുക്കാൻ ഒരുമിച്ചു നിൽക്കുകയുമാണ് ചെയ്യേണ്ടത്. ഇതിൽ ഒരു തർക്കത്തിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. ശ്രീ. സാജു പോൾ പറഞ്ഞത് രാഷ്ട്രീയമായി മാത്രമേ കാണേണ്ടതുള്ളൂ.

ശ്രീ. സണ്ണി ജോസഫ്: കസ്തൂരിരംഗൻ റിപ്പോർട്ടിനെക്കുറിച്ച് എല്ലാവർക്കും ബോധ്യമായതുകൊണ്ട് ഞാൻ ആ വിഷയത്തിലേക്ക് പോകുന്നില്ല. ഈ ഗവൺമെന്റിനെതിരെ നടത്തിയ സമരങ്ങളെല്ലാം പ്രതിപക്ഷം പിൻവലിച്ചു. സമരങ്ങൾ നടത്തിയിട്ട് സുല്ല് പറഞ്ഞുവെന്ന് ശ്രീ. ഇ. പി. ജയരാജൻ ഏറ്റവും അവസാനം സമ്മതിച്ചിരിക്കുന്നു. തെറ്റായ സമരങ്ങളായിരുന്നുവെന്നും ഇനി ഞങ്ങൾ ആ സമരങ്ങളിലേക്കില്ല....., ആ സുല്ല് പറയിക്കാൻ; എൽ.ഡി.എഫ്.-ന്റെ കണ്ണ് തുറപ്പിക്കാൻ തിരുവനന്തപുരത്ത് സന്ധ്യ എന്ന വീട്ടമ്മ ഇവിടെ ശബ്ദമുയർത്തേണ്ടതായി വന്നു. ഈ സമരങ്ങളെല്ലാം തെറ്റാണ്, ജനാധിപത്യവിരുദ്ധ സമരങ്ങളാണെന്ന് ഞങ്ങൾ ആദ്യമേ പറഞ്ഞു. കഴിഞ്ഞ നിയമസഭാ സമ്മേളനം എന്തുകൊണ്ട് അലങ്കോലപ്പെട്ടു? അതാണ് ശ്രീ. ബെന്നി ബെഹനാൻ ഇവിടെ ചൂണ്ടിക്കാട്ടിയത്. ആ സമ്മേളനത്തിൽ എത്ര അടിയന്തര പ്രമേയങ്ങൾ, എത്ര ചർച്ചകൾ, എത്ര വാക്കൗട്ടുകൾ. ബഹളമയമായി......., അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്. ജുഡീഷ്യൽ അന്വേഷണം തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്, സിറ്റിംഗ് ജഡ്ജിയെ തേടിയിട്ടുണ്ട്, സിറ്റിംഗ് ജഡ്ജിക്കു വേണ്ടി മുഖ്യമന്ത്രി തന്നെ വീണ്ടും കത്തയച്ചിട്ടുണ്ട്. സിറ്റിംഗ് ജഡ്ജിയെ കിട്ടാത്ത സാഹചര്യത്തിൽ റിട്ടയേർഡ് ജഡ്ജിയെ വച്ച് അന്വേഷണത്തിന് ഗവൺമെന്റ് ഉത്തരവിട്ടുണ്ട്. ഞാൻ ചോദിക്കട്ടെ, ആരെ വച്ചാണ് പിന്നെ അന്വേഷിപ്പിക്കേണ്ടത്? നിങ്ങൾ ടി. പി. ചന്ദ്രശേഖരൻ വധക്കേസിൽ ഞങ്ങൾക്ക് പങ്കില്ല എന്ന് മാർക്സിസ്റ്റ് പാർട്ടി പറഞ്ഞു. സി.പി.ഐ.(എം.)-ന്

ടി.പി. ചന്ദ്രശേഖരൻ വധക്കേസിൽ പങ്കില്ല എന്ന് പറഞ്ഞാൽ കേരളത്തിൽ അരി ആഹാരം കഴിക്കുന്നവരാരും വിശ്വസിക്കില്ല എന്ന് പറഞ്ഞത് സഖാവ് വി. എസ്. അച്ചുതാനന്ദനാണ്. അപ്പോൾ വി.എസ്.-നെ തൃപ്തിപ്പെടുത്താൻ; അദ്ദേഹത്തിന്റെ നാവടയ്ക്കാൻ, വായടയ്ക്കാൻ ടി. പി. ചന്ദ്രശേഖരൻ വധ ക്കേസ് അന്വേഷിക്കാൻ ഞങ്ങളൊരു അന്വേഷണ കമ്മീഷനെ വച്ചിരിക്കു ന്നുവെന്ന് മാർക്സിസ്റ്റ് പാർട്ടി പറഞ്ഞു, ആരാണ് ഈ അന്വേഷണ കമ്മീ ഷൻ? സോളാർ കേസിൽ ജുഡീഷ്യൽ അന്വേഷണത്തിന് സിറ്റിംഗ് ജഡ്ജിയെ കിട്ടാതെ വന്നപ്പോൾ റിട്ടയേർഡ് ജഡ്ജി പോരാ എന്ന് പറയുന്ന ആളുകളോട് ഞങ്ങൾ ചോദിക്കുന്നു ടി. പി. ചന്ദ്രശേഖരനെ 51 വെട്ടുവെട്ടി കൊലപ്പെടുത്തിയ കേസിൽ പാർട്ടിക്കെതിരെ ഉയർന്ന ജനവികാരത്തെ തട യാൻ പ്രഖ്യാപിച്ച അന്വേഷണ കമ്മീഷനിലെ അംഗമാർ? ഒന്നിലേറെ അംഗ ങ്ങളുണ്ടെങ്കിൽ അവരാരൊക്കെ എന്നറിയാനുള്ള പൗരാവകാശം വിവരാവ കാശ നിയമപ്രകാരം പി.ബി.-ക്ക് പരാതി കൊടുത്താലും നിങ്ങളുടെ പോളിറ്റ് ബ്യൂറോ വിവരാവകാശ പരിധിക്കകത്ത് വരില്ല എന്ന് പറഞ്ഞ് നിഷേധിക്കി ല്ലേ? ആരാണ് ഈ കമ്മീഷനിലെ അംഗങ്ങൾ? എന്താണ് ആ കമ്മീഷന്റെ നിഗമനങ്ങൾ? ആ കമ്മീഷന്റെ റിപ്പോർട്ട് എവിടെയെങ്കിലും സമർപ്പിച്ചി ട്ടുണ്ടോ? മേശപ്പുറത്ത് വയ്ക്കാൻ..........ഈ സഭയിൽ ഒട്ടേറെ ചർച്ചകൾ നടന്ന പൊതുസമൂഹത്തിൽ ഒട്ടേറേ ചർച്ചകൾ നടന്ന ടി. പി. ചന്ദ്രശേഖരൻ വധക്കേസ് സംബന്ധിച്ച് മാർക്സിസ്റ്റ് പാർട്ടി നടത്തിയതായി പറയപ്പെടുന്ന അന്വേഷണം നടന്നുവെങ്കിൽ ആ അന്വേഷണത്തിന്റെ റിപ്പോർട്ട് എന്ത് എന്നു ള്ളത് കേരളത്തിലെ പബ്ലികിന്റെ മുമ്പിൽ പറയാൻ മാർക്സിസ്റ്റ് പാർട്ടിയെ ഞങ്ങൾ വിനീതമായി ക്ഷണിക്കുകയാണ്. അറിയാനുള്ള താൽപ്പര്യവും

അവകാശവുമുള്ളതിനാൽ മാർക്സിസ്റ്റ് പാർട്ടി അക്കാര്യത്തിൽ നിലപാട് സ്വീകരിക്കണം.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ബഹുമാന്യനായ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് രണ്ട് ആളുകൾ മാത്രം ഒഴിക്കാൻ പോയാൽ താഴെ പോകുന്ന ഗവൺമെന്റെന്നാണ്. ആ സർക്കാരിന്റെ നിയമസഭയിലെ അംഗബലം കൂടിയിട്ടുണ്ട്. ജനങ്ങളുടെ പ്രീതി വർദ്ധിച്ചുവെന്നത് രണ്ട് ഉപതെരഞ്ഞെടുപ്പുകളിലൂടെ തെളിഞ്ഞ കാര്യമാണ്. ഐക്യരാഷ്ട്ര സംഘടനതന്നെ അംഗീകരിച്ച ജനസമ്പർക്ക പരിപാടിയെന്ന ജനകീയ പരിപാടിയുമായി കേരളത്തിലെ മുഖ്യമന്ത്രി മുന്നോട്ടുപോകുമ്പോൾ കണ്ണൂരിൽ നടത്തിയ ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ പ്രതിപക്ഷം സഹകരിച്ചിരുന്നു. എനിക്ക് ഓർമ്മയുണ്ട്, പല പ്രതിപക്ഷ എം.എൽ.എ.മാരും ആ പരിപാടിയിൽ സഹകരിച്ചു, അവരൊക്കെ അതിൽ വളരെ സംതൃപ്തരായിരുന്നു. ആദ്യത്തെ പരിപാടി നാല് മണിക്ക് അവസാനിച്ചു. പിന്നീട് അവർക്ക് മനസ്സിലായി ഈ പ്രോഗ്രാമുമായി മുന്നോട്ടുപോയാൽ ഈ കഠിനാദ്ധ്വാനവുമായി മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി മുന്നോട്ടുപോയാൽ ജനസമ്പർക്ക പരിപാടി യഥാർത്ഥത്തിൽ മുന്നേറിയാൽ രാഷ്ട്രീയമായി അത് അപകടമാകുമെന്ന് മനസ്സിലാക്കിയപ്പോഴാണ് ചില തുറുപ്പുചീട്ട് കിട്ടി അതിൽ പിടിച്ച് അവർ പ്രതിഷേധത്തിന്റെ ഈ സമരങ്ങളുടെയെല്ലാം കോലാഹലങ്ങളുണ്ടാക്കിയത്. അതാണ് ഞാൻ പറഞ്ഞുവന്നത്, ആ സമരം അവസാനിപ്പിക്കാൻ തിരുവനന്തപുരത്തെ സന്ധ്യയെന്ന വീട്ടമ്മയുടെ ഉപദേശം വേണ്ടിവന്നു. സന്ധ്യയ്ക്ക് കൊച്ചൗസേപ്പ് ചിറ്റിലപ്പള്ളി അഞ്ച് ലക്ഷം രൂപയുടെ അവാർഡ് പ്രഖ്യാപിച്ചപ്പോൾ എന്റെ നാട്ടിലെ മാർക്സിസ്റ്റ് പാർട്ടിയുടെ ബ്രാഞ്ച് സെക്രട്ടറിക്ക് കൊച്ചൗ

സേപ്പ് ചിറ്റിലപ്പള്ളി അദ്ദേഹത്തിന്റെ വൃക്ക രോഗത്തിന് ചികിത്സാസഹായമായി നൽകിയ അഞ്ച് ലക്ഷം രൂപ നിഷേധിച്ചു മടക്കി കൊടുത്തുവെന്ന് പറഞ്ഞു. എനിക്ക് കൊച്ചൗസേപ്പ് ചിറ്റിലപ്പള്ളിയോട് പറയ ാനുള്ളത് ആ സംഖ്യകൂടി സന്ധ്യയ്ക്ക് കൊടുക്കണം. കാരണം മാർക്സിസ്റ്റ് പാർട്ടി ഈ സമരങ്ങളെല്ലാം നടത്തി, സമരാഭാസങ്ങളെല്ലാം നടത്തി. സമരാഭാ സങ്ങൾക്കെതിരെ കേരളത്തിൽ ജനവികാരം ഉയർന്നുവന്നിട്ടും അവരുടെ കണ്ണ് തുറന്നില്ല, അവരുടെ കണ്ണ് തുറപ്പിക്കുവാൻ പ്രാപ്തമായത് സന്ധ്യയുടെ വിമർശനമാണെങ്കിൽ ഒരു സന്ധ്യയല്ല ആയിരം വീട്ടമ്മമാർ സന്ധ്യയുടെ സ്വ രത്തിൽ കേരളത്തിൽ നടക്കുന്ന ഈ സമരാഭാസങ്ങൾക്കെതിരെ സംസാരി ക്കാൻ മുന്നോട്ടുവരുമെന്ന് മാർക്സിസ്റ്റ് പാർട്ടി മനസ്സിലാക്കണം. ഇവിടെ മുഖ്യമന്ത്രിക്കെതിരെ മാർക്സിസ്റ്റ് പാർട്ടി സെക്രട്ടേറിയറ്റ് ഉപരോധം നടത്തിയ ദിവസം അന്നൊരു വാർത്ത വന്നിരുന്നു. മുഖ്യമന്ത്രിക്കെതിരെ നിയമനടപടി സ്വീകരിക്കാൻ സഖാവ് വി. എസ്. അച്ചുതാനന്ദനെ പാർട്ടി സെക്രട്ടേറിയറ്റ് ചുമതലപ്പെടുത്തിയിരിക്കുന്നു. ഇത് വളരെ പ്രധാനപ്പെട്ട വാർത്തയാണ്. മുഖ്യ മന്ത്രിക്കെതിരെ സോളാർ കേസിൽ നിയമനടപടി സ്വീകരിക്കാൻ പാർട്ടി സെക്രട്ടേറിയറ്റ് ചേർന്ന് അധികാരപ്പെടുത്തിയിരിക്കുന്നു. മറ്റ് കേസ്സുകളിൽ വേണ്ട. ഇടമലയാർ കേസിലും ലാവ്‌ലിൻ കേസിലും വേണ്ട. അദ്ദേഹത്തെ ഡീപ്രമോട്ട് ചെയ്ത പാർട്ടിയാണ്. മറ്റ് കേസുകളൊന്നും വേണ്ട, പക്ഷേ ഈ കേസിൽ മുഖ്യമന്ത്രിക്കെതിരെ നടപടി സ്വീകരിക്കാൻ ശ്രീ. വി. എസ്. അച്ചു താനന്ദനെ ചുമതലപ്പെടുത്തിയെന്ന് ഔദ്യോഗികമായി രണ്ട് പത്രക്കുറിപ്പ് വന്നിട്ട് മാസം എത്രയായി; എന്ത് നടപടിയാണ് സ്വീകരിച്ചത്? പ്രശാന്ത് ഭൂഷൺ വന്ന് അദ്ദേഹത്തിന്റെ വീട്ടിൽ പോയി സംസാരിച്ചുവെന്ന് പറഞ്ഞു. അദ്ദേഹത്തിനുപോലും മാർക്സിസ്റ്റ് പാർട്ടിയിൽ രക്ഷയില്ല. കേരളത്തിലെ

പ്രതിപക്ഷ നേതാവുപോലും എ.എ.പി.യിൽ ചേരുന്ന കാര്യം ആലോചിച്ചു കൊണ്ടിരിക്കുകയാണ്. ഇന്നലെ വരെ പ്രവർത്തിച്ച, പുന്നപ്ര സമരത്തിൽ പങ്കെടുത്ത് നേതൃത്വം നൽകിയ സഖാവ് വി. എസ്. അച്ചുതാനന്ദൻ പോലും ഇന്ത്യാ രാജ്യത്ത് ബി.ജെ.പി.യെയും കോൺഗ്രസ്സിനെയും എതിർക്കാൻ മാർക്സിസ്റ്റ് പാർട്ടിയോ മറ്റ് ഇടതുപക്ഷ കക്ഷികളോ മതിയാകില്ലെന്ന് മനസ്സി ലാക്കികൊണ്ട്......... ആം ആദ്മി പാർട്ടി (ആപ്പിൽപ്പെട്ട്) അതിന്റെയൊരു ഷോർട്ട്ഫോം ആണ് ശ്രീ. പി.സി. വിഷ്ണുനാഥ് പറഞ്ഞത്. ആപ്പിൽപ്പെടുന്ന അവസ്ഥയാണുള്ളത്. അതുകൊണ്ട് ദേശീയ രാഷ്ട്രീയത്തിൽ കോൺഗ്രസ്സിന് മാത്രമേ ബി.ജെ.പി.യെ തടയാൻ സാധിക്കൂവെന്ന് രാഷ്ട്രീയബോധമുള്ള ശ്രീ. ഇ.പി. ജയരാജൻ അത് വളരെ വ്യക്തമായി സെൻട്രൽ കമ്മിറ്റിയിൽ പ്രക ടിപ്പിക്കണം, ജനങ്ങളോട് പറയണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ സർക്കാ രിന്റെ ജനക്ഷേമ പരിപാടികൾ നിറഞ്ഞുനിൽക്കുന്ന ഈ നയപ്രഖ്യാപനത്തെ പൂർണ്ണമായും പിന്താങ്ങികൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. നമ സ്ക്കാരം.

ശ്രീ. സി. ദിവാകരൻ: സാർ, ഞാൻ ഈ നന്ദി പ്രമേയത്തെ ശക്തമായി എതിർക്കുകയാണ്. ഈ പ്രമേയം ഇവിടെ അവതരിപ്പിക്കാൻ എന്തെങ്കിലും കാര്യമുണ്ടോ? കാരണം എനിക്ക് മനസ്സിലായി, ഒരാളുപോലും ഇവിടെയില്ല. വ്യവസായ വകുപ്പുമന്ത്രി മാത്രം തലയിൽ കൈവച്ചുകൊണ്ട് ഇവിടെയിരിക്കു ന്നു. ശ്രീ. കെ. ബാബുവും ഇവിടെയുണ്ട്. ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന് പിന്തുണ പ്രഖ്യാപിക്കാൻ വേണ്ടി ഇരിക്കുന്നവരാണോ നിങ്ങൾ. ഇങ്ങനെ യാണോ ഒരു നിയമസഭയെ... നിങ്ങൾ നിയമസഭയെ മോക്കറിയാക്കരുത്. ഇവിടെ ഗ്യാലറിയിൽ ഉദ്യോഗസ്ഥന്മാരില്ല. ചീഫ് സെക്രട്ടറിയുടെ ജോലി

എന്താണ്; ഡി.ജി.പി.യുടെ ജോലി എന്താണ്? ഈ മൂന്ന് ദിവസം നടക്കുന്നത് നിങ്ങളുടെ ഗവൺമെന്റിന്റെ സുപ്രധാനമായ ചർച്ചയാണ്, നിർദ്ദേശങ്ങളാണ്, ആക്ഷേപങ്ങളാണ്, പരാതികളാണ്. ഇതെല്ലാം കേൾക്കാൻ ആരാണിവിടെയുള്ളത്. ഇതാണോ നിങ്ങളുടെ സമീപനം. നിങ്ങൾ ഞങ്ങളെ ഒരുപാട് ആക്ഷേപിച്ചു. ശ്രീ. ബെന്നി ബെഹനാന്റെ അപദാന പ്രസംഗം കേട്ടു, അദ്ദേഹത്തെ ഈ ഗതിയിൽ ആക്കിയല്ലോ. അദ്ദേഹം വന്ന വരവ് എന്തായിരുന്നു. സർവ്വശക്തനായി വന്നതല്ലേ. ആഭ്യന്തരവും, വിജിലൻസും തുടങ്ങിയ വകുപ്പുകൾ കൈകാര്യം ചെയ്തിരുന്ന അതിശക്തനായ മുഖ്യമന്ത്രിയെ ശ്രീ. ബെന്നി ബെഹനാൻ പൂജിച്ച് പൂജിച്ച് ഇപ്പോൾ അദ്ദേഹത്തിന്റെ കയ്യിൽ ഉടുതുണിയല്ലാതെ വേറെയൊന്നുമില്ലാതെ ആക്കിയല്ലോ. പരമകഷ്ടമല്ലേ, എന്തെങ്കിലും അധികാരമുണ്ടോ? നിങ്ങൾ ഞങ്ങളെ ആക്ഷേപിച്ചോ. ഇതൊക്കെ ആളുകൾക്ക് അറിയില്ലേ. എത്ര മന്ത്രിമാർ, എത്ര വകുപ്പുമാറി, എന്താണ് കാര്യം, ഞങ്ങൾ വല്ലതും ആക്ഷേപിച്ചിട്ടാണോ. ഭരണ സുസ്ഥിരതയെന്ന് പറയുന്നത് ഇതാണോ; കണ്ടിന്യൂഷൻ എന്ന് പറയുന്നത് ഇതാണോ? ഐ.എ.എസ്. ഉദ്യോഗസ്ഥരുണ്ടോ ഇവിടെ. എത്ര ഉദ്യോഗസ്ഥർ ഇവിടെനിന്നു പോയി. കേരളത്തിലെ സിവിൽ ഭരണം തകർന്ന് തരിപ്പണമായിരിക്കുകയാണ്, സ്തംഭനത്തിലാണ്. അതിന് മറപിടിക്കാനാണ് നിങ്ങൾ ജനസമ്പർക്ക പരിപാടി കൊണ്ടുവന്നത്. അതുസംബന്ധിച്ച് രാവിലെ ഒരുപാട് പറഞ്ഞു. ഞാൻ അതിലേക്ക് കടക്കുന്നില്ല. ശ്രീ. ബെന്നി ബെഹനാൻ, എത്ര ആയിരം പോലീസിന്റെ സ്പെഷ്യൽ ഡ്യൂട്ടിയായിരുന്നു അത്. എത്ര പോലീസ് ഉദ്യോഗസ്ഥർ, നിങ്ങൾ ജില്ലയിൽ ജില്ലാ ഭരണകൂടത്തെ സ്തംഭിപ്പിച്ചു. ആ ദിവസം വില്ലേജ് ഓഫീസിലോ, താലൂക്ക് ഓഫീസിലോ, ആശുപത്രികളിലോ ആരുമില്ല. നിങ്ങൾ പള്ളിക്കൂടങ്ങളെല്ലാം അടച്ചിട്ടു. പ്രധാനമന്ത്രി വരുന്നതുപോലെ പലയിടത്തും

ട്രാഫിക്ക് ബ്ലോക്ക് ചെയ്തു. ഇങ്ങനെയാണോ ബഹുജനസമ്പർക്ക പരിപാടി. യഥാർത്ഥത്തിൽ അത് പോലീസ് സമ്പർക്ക പരിപാടി ആയിരുന്നില്ലേ. നിങ്ങൾ ആലോചിക്കണം. നിങ്ങൾ പരിണതപ്രജ്ഞരായ എം.എൽ.എ.മാരാണ്. ശ്രീ. നരേന്ദ്ര മോഡിയെ നേരിടാൻ നിങ്ങൾ മാത്രമാണ് ഇനി അവശേഷിക്കുന്ന തെന്നും ബാക്കിയെല്ലാവരും ഒളിച്ചോടിയെന്നും ശ്രീ. സണ്ണി ജോസഫ് പറ ഞ്ഞപ്പോൾ എനിക്ക് വളരെ നിരാശ തോന്നി. ശ്രീ. സണ്ണി ജോസഫേ, നിങ്ങ ളല്ലേ ശ്രീ. നരേന്ദ്ര മോഡിയുടെ പാർട്ടിക്ക് ഓരോ സംസ്ഥാനങ്ങളിലായി അധികാരം കൈവിട്ടുകൊടുത്തത്. മഹാത്മാ ഗാന്ധിക്ക് ജന്മം നൽകിയ ഗുജ റാത്തിലെ അധികാരം നിങ്ങൾ കൈവിട്ടു കളഞ്ഞില്ലേ, എത്ര സംസ്ഥാനങ്ങൾ നിങ്ങൾ കൈമാറി. നിങ്ങൾ ഭരിച്ചിരുന്ന യു.പി.യും ബീഹാ റും, തമിഴ്നാടും എവിടെ? എല്ലാ രാഷ്ട്രീയപാർട്ടികളും ആരാധിച്ച, വരദാന മായ കാമരാജ് നാടാരെപ്പോലുള്ള ഒരാളെ ഉയർത്തിക്കൊണ്ടുവന്ന തമിഴ്നാ ട്ടിൽ ഇന്ന് നിങ്ങൾക്ക് സൈൻ ബോർഡ് വയ്ക്കാൻ ആളുണ്ടോ? നിങ്ങളുണ്ടായ കാലം മുതൽ കമ്മ്യൂണിസ്റ്റ് പാർട്ടിയെയാണ് ആക്ഷേപിക്കു ന്നത്. സ്വാതന്ത്ര്യസമരത്തിന് മുമ്പും അതിനുശേഷവും ഇന്നുവരെയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ദേശാഭിമാനം ചോദ്യം ചെയ്യുന്ന നിങ്ങളുടെ പാർട്ടിക്ക് ആർ.എസ്.എസ്.-ന്റെ, ബി.ജെ.പി.യുടെ നരേന്ദ്ര മോഡിക്ക് സ്വാത ന്ത്ര്യസമരത്തിലുള്ള പങ്ക് എന്താണെന്ന് ചോദിക്കാനുള്ള നട്ടെല്ലുണ്ടോ; ഡൽഹിയിൽ നിങ്ങൾ എന്താണ് ചോദിക്കാത്തത്? മഹാത്മാ ഗാന്ധിയെ ഒഴി വാക്കി സർദാർ പട്ടേലിനെ കൊണ്ടുവരുന്നു. അതിനെ സഹായിക്കാൻ നിങ്ങ ളുടെ ചീഫ് വിപ്പ് പോയി. നിങ്ങളാണോ ഞങ്ങളെ രാഷ്ട്രീയം പഠിപ്പിക്കുന്ന ത്. അധികാരമെല്ലാം പിടിച്ചടക്കി കോടിക്കണക്കിന് രൂപയുണ്ടാക്കി, 2 ജി സ്പെക്ട്രം ഉണ്ടായി, ഖനികളെല്ലാം കൊടുത്തിട്ട് അതിന് താൻ ഉത്തരവാദിയ

ല്ലെന്നും ട്രാൻസ്പരന്റായിരിക്കണമെന്നാണ് ഫയലിൽ എഴുതിയതെന്നുമാണ് പോകാൻ നേരത്ത് പ്രധാനമന്ത്രി പത്ര സമ്മേളനം നടത്തി പറഞ്ഞത്.

ശ്രീ. ബെന്നി ബെഹനാൻ: ശ്രീ. ജയരാജനും ശ്രീ. സി. ദിവാകരനുമൊക്കെ ബി.ജെ.പി.യെ എതിർക്കാൻ....... ഞങ്ങളാണോ ബി.ജെ.പി.യെ സഹായിച്ചിട്ടുള്ളത്. ഞങ്ങൾ പറയുന്നത് ബി.ജെ.പി.ക്ക് ബദൽ ഒന്നേയുള്ളൂ. കോൺഗ്രസാണ്. നിങ്ങളുടെ പാർട്ടി പ്രാദേശികമായി പല സംസ്ഥാനങ്ങളിലും സഹായിക്കുന്ന പാർട്ടികൾ ബി.ജെ.പി.യോടൊപ്പം പോകാൻ പോവുകയാണ്. ആ അപകടം നിങ്ങൾ കാണണം. നിങ്ങൾ തമിഴ്നാട്ടിലെ കോൺഗ്രസിനെക്കുറിച്ച് ചോദിച്ചു. നിങ്ങളുടെ പാർട്ടി അവിടെയില്ല. കോൺഗ്രസ് വിരുദ്ധനിലപാടിന്റെ പേരിൽ പ്രാദേശികമായി പല പാർട്ടികളെയും നിങ്ങൾ സഹായിക്കുന്നു. അവരെല്ലാം ശ്രീ. നരേന്ദ്ര മോഡിയോടൊപ്പം നിൽക്കുന്ന പാർട്ടിയാണ്. അതാണ് ഞാൻ അപകടമായി ചൂണ്ടിക്കാണിക്കുന്നത്. നിങ്ങളുടെ മൂന്നാം മുന്നണി.........

ശ്രീ. സി. ദിവാകരൻ: സർ, മോഡിയെ സഹായിക്കുവാനും മോഡിയുടെ ബനിയൻ ഉയർത്തിക്കാണിക്കുവാനും ഇവിടെയിരിക്കുന്നവർ ആരും പോയിട്ടില്ല. കേരളത്തിൽ യാതൊന്നും ചെയ്തില്ല. അവരുടെ ബാലഗോകുലത്തിലെ പരിപാടിക്ക് ഞങ്ങളാരും പോയിട്ടില്ല. ശ്രീ. ബെന്നി ബെഹന്നാൻ, ശ്രീ. പി.സി.ജോർജിനെ അടിയന്തരമായി ചീഫ് വിപ്പ് സ്ഥാനത്തുനിന്ന് മാറ്റണമെന്ന് നിങ്ങളുടെ കെ.പി.സി.സി. തീരുമാനിച്ചത് കറക്ടാണ്. ആ തീരുമാനത്തിന് എന്തെങ്കിലും സാധ്യതയുണ്ടോ? വെറുതെ എന്നെക്കൊണ്ട് ഒരുപാട് പറയിപ്പിക്കരുത്. ഞാൻ ഇത് പറഞ്ഞോട്ടേ. കഴിഞ്ഞ വർഷത്തെ നയപ്രഖ്യാപന പ്രസംഗത്തിന്റെ തനിയാവർത്തനമാണിത്. ഇത് ശ്രീ. എച്ച്. ആർ. ഭരദ്വാജ് ഫെബ്രുവരി 1-ന് ഇവിടെ അവതരിപ്പിച്ചതാണ്. (നയപ്രഖ്യാപന പ്രസംഗ

ത്തിന്റെ കോപ്പി കാണിച്ചുകൊണ്ട്) അതിൽ 88 ഖണ്ഡികയാണുള്ളത്. എന്നാൽ ശ്രീ. നിഖിൽ കുമാർ വന്നപ്പോൾ ഖണ്ഡിക വർദ്ധിപ്പിച്ച് 107 ആക്കി. എന്റെ അഭ്യർത്ഥന നിങ്ങളുംകൂടി സഹായിക്കണം. 106–ാം ഖണ്ഡിക പൂർണ്ണമായും ഈ നയപ്രഖ്യാപനത്തിൽനിന്ന് ഒഴിവാക്കണം. പ്രതിപക്ഷത്തെ നിയമസഭയുടെ അകത്ത് രേഖാമൂലമായി അപഹസിക്കുക, ആക്ഷേപിക്കുക, ദുരാരോപണങ്ങൾ ഉന്നയിക്കുക, അതും ഗവർണ്ണറെ കൊണ്ട്. ഇതാണോ പ്രതിപക്ഷത്തോടുള്ള നിങ്ങളുടെ സമീപനം?

നിങ്ങൾ അത് വായിച്ചുനോക്കുക. ആത്മാഭിമാനവും അന്തസ്സുമുള്ള ഒരു ഭരണകക്ഷി ഇങ്ങനെ ഒരു കാര്യം എഴുതി പിടിപ്പിക്കുമോ? നിങ്ങൾ ഇവിടെ പറഞ്ഞത് എന്താണ്? സമരം ചെയ്യാൻ പാടില്ലെന്ന് ശ്രീ. സണ്ണി ജോസഫ് പറഞ്ഞു. സമരം ചെയ്യാത്തവർ ആരെങ്കിലും അപ്പുറത്ത് ഇരിപ്പുണ്ടോ? ഒരുകാലത്ത് നിങ്ങളുടെ സമരം സമരാഭാസമായിരുന്നു. നിങ്ങളെറിയാത്ത ഏതെങ്കിലും കല്ലുണ്ടോ ഇനി ബാക്കി. അവിടെ ശ്രീ. വർക്കല കഹാർ ഇരിപ്പുണ്ടല്ലോ; സമരം നടത്താത്ത ആളാണോ? ഐ.എൻ.റ്റി.യു.സി. അടക്കം ഞങ്ങളിന്ന് സമരത്തിലാണ്. കേരളത്തിലെ ലക്ഷക്കണക്കിന് ബാങ്ക് ജീവനക്കാരും കർഷകരും വിദ്യാർത്ഥികളും സമരത്തിലാണ്. സമരമില്ലെന്ന് എന്റെ സുഹൃത്ത് ശ്രീ. പി. സി. വിഷ്ണുനാഥ് പറയട്ടെ. സമരത്തെ ആക്ഷേപിക്കരുത്; സമരങ്ങളെ

അപമാനിക്കരുത്. ശ്രീ. ബെന്നി ബെഹനാൻ, എല്ലാ സമരങ്ങളും വിജയിക്കില്ല. സ്വാതന്ത്ര്യ സമരം എടുത്ത് വായിക്കൂ. സ്വാതന്ത്ര്യ സമരം പലപ്പോഴും കാൽ തെറ്റി പരാജയപ്പെട്ടു. തൊഴിലാളി വർഗ്ഗവും വിദ്യാർത്ഥികളും രംഗത്തുവന്ന് വമ്പിച്ച ഒരു സമരമായി മാറും. സമരങ്ങളെയെല്ലാം പുച്ഛിച്ച് തള്ളുന്നത്, ജനാധിപത്യത്തിന് നേരെയുള്ള നിങ്ങളുടെ സമീപനം നിർഭാഗ്യകരമാണ്. നിങ്ങളുടെ സ്വരം ബി.ജെ.പി. യുടെ സ്വരമാണ്. ബി.ജെ.പി.ക്കാരാണ് പ്രതിപക്ഷത്തെ ആക്ഷേപിക്കുകയും നിങ്ങളെ ആക്ഷേപിക്കുകയും സമരങ്ങളെ തള്ളിപ്പറയുകയും ചെയ്യുന്നത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സമര പാരമ്പര്യത്തിൽ അവകാശമുണ്ടെന്ന് പറയുന്ന നിങ്ങൾ ജനാധിപത്യപരമായി.......... ഞാൻ ഒരു സമരം എടുക്കാം. സോളാർ തട്ടിപ്പിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ പങ്കെന്താണെന്ന് നിങ്ങളെല്ലാം ഇരിക്കുമ്പോഴാണല്ലോ ഞങ്ങൾ ഉന്നയിച്ചത്. ഒരു അന്വേഷണം നടത്തണം; അന്ന് നിങ്ങൾ എടുത്ത നിലപാട് എന്താണ്? യാതൊരു കാരണവശാലും സാദ്ധ്യമല്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. നിങ്ങൾ അസംബ്ലി ഗില്ലറ്റിൻ ചെയ്തു. അസംബ്ലിയിൽ പ്രതിപക്ഷം വാക്ക് ഔട്ട് ചെയ്യുകയും അടിയന്തര പ്രമേയം കൊണ്ടുവരികയും ചെയ്യും. കഴിഞ്ഞതവണ ഇതെല്ലാം ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ സഭയിൽ നടന്നതാണ്. അടിയന്തര പ്രമേയങ്ങളുടെ ശരവർഷമായിരുന്നു; പലപ്പോഴും സഭ നടത്താൻ കഴിയാതെ വന്നു; വെല്ലിലിറങ്ങി; ഇതൊക്കെ ഒരു നിയമസഭയിൽ ജനാധിപത്യത്തിൽ സ്വാഭാവികമാണ്. ഞങ്ങൾ അനാവശ്യമായി ഒരു പദപ്രയോഗവും പറഞ്ഞില്ല. ഒരു നേതാവിനെയും ഞങ്ങൾ ആക്ഷേപിച്ചില്ല. എന്റെ പാർട്ടിയുടെ സെക്രട്ടറിയെ ശ്രീ. ബെന്നി ബെഹനാൻ എത്ര അപഹാസ്യമായിട്ടാണ് പറഞ്ഞത്; വളരെ

മോശമായിപ്പോയില്ലേ? പിൻവലിക്കണമെങ്കിൽ പിൻവലിക്കാം. പക്ഷേ അതൊക്കെ ഒഴിവാക്കാൻ കഴിയുന്നതല്ലേ? നമ്മൾ ഏത് പാർട്ടിയായാലും ചെറിയ പാർട്ടിയോ വലിയ പാർട്ടിയോ ആകട്ടെ; നിങ്ങളെപ്പോലെ നല്ല വിവരമുളള ഒരാൾ ഒരിക്കലും അത് ചെയ്യാൻ പാടില്ലാത്തതല്ലേ? അതുകൊണ്ട് കോൺഗ്രസ്സുകാർ ഈ സമരങ്ങളെ അടച്ചാക്ഷേപിക്കുന്നത് അവസാനിപ്പിക്കണം. നിങ്ങളെ പുറത്താക്കാൻ ഇവിടെ പലതും പറഞ്ഞ് പരിഹസിക്കുന്നു. നിങ്ങൾ സ്വീകരിച്ച ചാക്കിൽ ഞങ്ങൾ വിചാരിച്ചാലും കയറും. ഞങ്ങൾ കയറ്റുന്നില്ല. ഞങ്ങളുടെ കയ്യിൽ പണമില്ല. പണമുണ്ടായിരുന്നെങ്കിൽ നിങ്ങൾ കയറ്റിയതുപോലെ ആ ചാക്ക് ഇതിനകത്തും കയറും. അതിനെപ്പറ്റി അധികം പറയുന്നില്ല. ഞങ്ങൾ ജനാധിപത്യ വിരുദ്ധമായ ഒരു സമീപനവും എടുത്തില്ല. അങ്ങനെ ഈ ഗവൺമെന്റിനെ ടോപ്പിൾ ചെയ്യാൻ ഞങ്ങൾ തീരുമാനിച്ചിട്ടില്ല. ഇത് ഞങ്ങൾ ജനങ്ങളോട് പറഞ്ഞതാണ്; നിങ്ങളോട് പറഞ്ഞതല്ല. നിങ്ങൾക്ക് ഭൂരിപക്ഷമുണ്ട്; അതുകൊണ്ട് ഭരിക്കണം. ഞങ്ങൾ ഭരണം അട്ടിമറിക്കാൻ തയ്യാറല്ല. ഞങ്ങൾ വിമോചന സമരം നടത്താൻ തയ്യാറല്ല. ഈ കേരളം വിമോചന സമരം കണ്ടതല്ലേ. നിയമസഭയിൽ ഭൂരിപക്ഷമുണ്ടായിരുന്ന ഒരു ഗവൺമെന്റിനെ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു വേദനയോടെ പാർലമെന്റിൽ ഭരണഘടന 356 ഉപയോഗിച്ച് ഡിസ്മിസ് ചെയ്തു. ആ നിങ്ങളാണോ ജനാധിപത്യം ഞങ്ങളെ പഠിപ്പിക്കുന്നത്. ഭരണഘടനയിലെ ആ വകുപ്പ് ഇന്ത്യയിൽ എവിടെയെങ്കിലും ഉപയോഗിച്ചെങ്കിൽ അത് കേരളത്തിലാണ്. ഞങ്ങൾക്ക് ഭൂരിപക്ഷമുണ്ടായിരുന്നു. കേന്ദ്രത്തിൽ ഞങ്ങൾക്ക് ഭരണമുണ്ടായിരുന്നെങ്കിൽ നിങ്ങൾ ഇന്ന് ഇവിടെ ഇരിക്കുമോ?

നിങ്ങൾ ഇവിടെ ഇരിക്കില്ല. ഞങ്ങൾ പകരംവീട്ടും. ഞങ്ങൾക്ക് അവിടെ ഭരണമില്ലാത്തത് നിങ്ങളുടെ മഹാഭാഗ്യം. രണ്ടാമത്തെ കാര്യം, ഞങ്ങൾക്ക് പണമില്ലാത്തത് മറ്റൊരു ദോഷം. മൂന്നാമത്തേത്, ജനങ്ങൾ അത് ആഗ്രഹിക്കുന്നില്ല. അല്ലാതെ ഞങ്ങളുടെ ദൗർബല്യമല്ല. കേരളത്തിന്റെ ജനാധിപത്യ പാരമ്പര്യത്തിൽ കാലുവാരലും ചാക്കിൽ കയറ്റലും ഗവൺമെന്റിനെ അട്ടിമറിക്കലും ശരിയല്ല എന്നുള്ളതുകൊണ്ടാണ്.

ശ്രീ. ജി. സുധാകരൻ: അങ്ങ് പറഞ്ഞതുപോലെ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനം (കമ്മ്യൂണിസ്റ്റ് പാർട്ടികൾ) പണത്തിന്റെ മേൽ നയത്തെയല്ലേ എപ്പോഴും ഉറച്ചുപിടിക്കുന്നത്.

ശ്രീ. സി. ദിവാകരൻ: തീർച്ചയായും. ജനാധിപത്യമൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്നതുകൊണ്ടാണ് നിങ്ങൾ ആവശ്യമില്ലാത്തതൊക്കെ പറയുന്നത്; ഞങ്ങൾ ഇവിടെ കേട്ടുകൊണ്ടിരിക്കുന്നത്. നിങ്ങളുടെ കഴിഞ്ഞ നയപ്രഖ്യാപനത്തിൽ ഒരു രൂപയ്ക്ക് 25 കിലോ അരി കൊടുക്കുമെന്ന് പറഞ്ഞു. എവിടെ കൊടുത്തുവെന്ന് ആർക്കും അറിയില്ല; എമെർജിംഗ് കേരള – ബഹുമാനപ്പെട്ട പി.കെ. കുഞ്ഞാലിക്കുട്ടി എങ്ങോട്ട് പോയെന്ന് എനിക്കറിയില്ല; കേരളത്തിലും ആർക്കും അറിയില്ല; എറണാകുളത്ത് കൈത്തറി വില്ലേജ് – ഉണ്ടായില്ല; കോക്കനട്ട് ബയോ പാർക്ക്, റൈസ് പാർക്ക് – രണ്ടുമില്ല; ഒരു ലക്ഷം കിടാങ്ങളെ വിതരണം ചെയ്യും – നടന്നില്ല; ഗോട്ട് ഡവലപ്മെന്റ് ബോർഡ് – ഉണ്ടായില്ല; 5 കോഴി വീതം ഒരു ലക്ഷം പേർക്ക് – ആർക്കും കൊടുത്തില്ല; വർഗ്ഗീസ് കുര്യൻ മെമ്മോറിയൽ അവാർഡ് – നടപ്പിലാക്കിയില്ല; 50 പുതിയ ആയുർവ്വേദ ആശുപത്രികൾ – ഇല്ല; മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ – ഒന്നും ഉണ്ടായില്ല; സീ പ്ലെയിൻ –

കാണാനില്ല; സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ എല്ലാ താലൂക്കിലും (75 താലൂക്കിൽ) – ഒരെണ്ണംപോലും ഇതുവരെയും നിങ്ങൾ നടപ്പിലാക്കിയില്ല. ഉണ്ടായിരുന്ന മാവേലി സ്റ്റോറുകൾ പൂട്ടി. ഇപ്പോഴും നിങ്ങൾ അതുതന്നെ ആവർത്തിക്കുന്നു. ബഹുജനസമ്പർക്ക പരിപാടികൊണ്ട് സാധനങ്ങൾക്ക് വില കുറയുമോ? ഏതോ ഒരു സ്ത്രീ ധീരവനിതയായി. ശ്രീ. സണ്ണി ജോസഫേ, ആ സ്ത്രീ ഇനി നിങ്ങളെ കണ്ടാൽ കുറ്റിച്ചൂലെടുത്ത് കൈകാര്യം ചെയ്യും. കാരണം അവർക്കിപ്പോൾ പാചക വാതകം കിട്ടുന്നില്ല. വില കൂടുതലാണ്. പച്ചക്കറികളും മീനും വാങ്ങാൻ കഴിയുന്നില്ല; ജീവിക്കാൻ കഴിയുന്നില്ല. കേരളത്തിന്റെ വിലക്കയറ്റം തടയാൻ ഈ നയപ്രഖ്യാപനത്തിൽ ഒരു വാചകമുണ്ടോ? ആയിരക്കണക്കിന് കന്നുകാലികൾ ചത്തൊടുങ്ങിയതിന്റെ ഫലമായുണ്ടായ പാൽ ക്ഷാമം പരിഹരിക്കാൻ എന്തെങ്കിലും ഒരു നിർദ്ദേശം ഈ നയപ്രഖ്യാപനത്തിലുണ്ടോ? സ്കൂളുകളിൽ ഇപ്പോഴും യൂണിഫോം കിട്ടുന്നില്ല. കുട്ടികൾക്ക് കൊടുത്തുകൊണ്ടിരുന്ന ഉച്ചഭക്ഷണം ഇപ്പോഴില്ല. ഞങ്ങൾ പാലും മുട്ടയും അവർക്ക് കൊടുത്തുകൊണ്ടിരുന്നതാണ്. അത് നിങ്ങൾ കൊടുക്കുന്നില്ല. ഗവൺമെന്റ് സ്കൂളിൽപ്പോലും സാനിട്ടേഷൻ സൗകര്യങ്ങളില്ല. പാഠപുസ്തകങ്ങൾ സമയത്ത് കിട്ടുന്നില്ല. കുത്തഴിഞ്ഞ പുസ്തകമായി വിദ്യാഭ്യാസ മേഖല. വിദ്യാഭ്യാസ മേഖലയെക്കുറിച്ച് പറഞ്ഞിരിക്കുന്നത് നടക്കാത്ത കാര്യങ്ങളാണ്. നിങ്ങൾ യൂണിവേഴ്സിറ്റികളെക്കുറിച്ചാണ് ആലോചിക്കുന്നത്. ഞങ്ങൾ പ്രൈമറി വിദ്യാഭ്യാസത്തെക്കുറിച്ചാണ് പറയുന്നത്. നിങ്ങൾ ആദിവാസികളുടെ ക്ഷേമകാര്യം പറയുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അട്ടപ്പാടിയിലെ നിലവിളികൾ അങ്ങ് കേട്ടോ?

നൂറ് കുട്ടികളാണ് അവിടെ മരിച്ചുവീണത്. ആ അനുഭവമാണ് ഇവിടെ എസ്.എ.ടി.യിലുണ്ടായത്. 20 മന്ത്രിമാരും മുഖ്യമന്ത്രിയും ഭരിക്കുന്ന തലസ്ഥാന നഗരിയിലെ ഒരു സർക്കാർ ആശുപത്രിയിൽ മരിച്ച കുട്ടിയെ ബക്കറ്റിലാക്കി പുറത്താക്കുന്നതാണ് നമ്മുടെ കൺമുമ്പിൽ കണ്ടത്. സൗത്ത് ആഫ്രിക്കയിൽപ്പോലും നടക്കാത്ത കാര്യമാണ് ഇവിടെ നടന്നത്. നിങ്ങൾ എന്ത് നടപടി സ്വീകരിച്ചു. ആരോട് പറയാൻ ഇതൊക്കെ. എമെർജിംഗ് കേരളയ്ക്കുപകരം ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ്; എന്താണെന്ന് അതിൽ പറയുന്നില്ല. എന്ത് മായാജാലമാണെന്ന് അറിയാനും നിവർത്തിയില്ല. നമ്മുടെ ധനകാര്യ മന്ത്രി ഇവിടെയില്ല. അദ്ദേഹം ധനകാര്യം കൈകാര്യം ചെയ്തത് അതിവിദഗ്ദ്ധമായാണ് എന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് തർക്കമില്ല. പക്ഷേ ഇപ്പോൾ ഖജനാവ് പൂട്ടാറായി.

ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ക്രിസ്തുമസ് കാലത്ത് കൊടുത്തുകൊണ്ടിരുന്ന അഡ്വാൻസ് പോലും ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുടെ ഭരണകാലത്ത് കൊടുക്കാൻ കഴിയാത്ത സാമ്പത്തിക പ്രതിസന്ധിയാണ് ഉണ്ടായിട്ടുള്ളത്. ഇപ്പോഴും 1600 കോടി രൂപ കരാറു കാർക്ക് കൊടുക്കുവാനുണ്ട്. കർഷത്തൊഴിലാളി ക്ഷേമബോർഡിനു മാത്രം 174 കോടി രൂപ കുടിശ്ശികയാണ്. മറ്റു പദ്ധതികളെക്കുറിച്ചൊന്നും പറയു ന്നില്ല. വാട്ടർ അതോറിറ്റിക്ക് കൊടുക്കാൻ പണമില്ലാത്തതുകാരണം ഇനി കുടി വെള്ളമുണ്ടാവില്ല. അവർക്ക് കൊടുക്കുവാനുള്ള തുക ഡിപ്പാർട്ടുമെന്റുകൾ കൊടുക്കുന്നില്ല. അവർക്ക് ശമ്പളം കൊടുക്കാൻ പണമില്ല. ഒന്നേകാൽ ലക്ഷം കോടി രൂപ അടങ്കൽ തുക വർദ്ധിച്ചുവെന്ന് ബഹുമാനപ്പെട്ട ബെന്നി ബെഹനാൻ ഇവിടെ പറയുകയുണ്ടായി. ഈ രാജ്യത്തെ നാണയപ്പെരുപ്പവും

രൂപയുടെ മൂല്യത്തകർച്ചയും പരിശോധിച്ചുനോക്കിയാൽ ഇത് വളരെ നിസ്സാര മായ തുകയാണ്. ഈ രാജ്യം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ഗുരുതരമായ ഇൻഫ്ളേഷനാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ യുടെ എല്ലാ റിപ്പോ–റിവേഴ്സ് റിപ്പോ നടപടികളും പരാജയപ്പെട്ടിരിക്കുക യാണെന്ന് മാത്രമല്ല, ഇന്ത്യ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയാണ് നേരിടുന്നത്. അതേസമയം കോർപ്പറേറ്റ് കമ്പനികൾക്ക് അഞ്ച് ലക്ഷം കോടി രൂപയുടെ നികുതി ഇളവുകൊടുത്തു. ഒരു ലക്ഷത്തി ഇരുപത്തിയാറ് കോടി രൂപ പിരിച്ചെടുക്കാൻ കഴിയാത്ത നോൺ പെർഫോർമിംഗ് അസെറ്റായി ബാങ്കുകളിൽ കിട്ടാനുണ്ട്. ഈ രാജ്യത്ത് ദാരിദ്ര്യമില്ല. ഈ രാജ്യം സമ്പന്നമാ ണ്. ഇവിടെ കൊള്ളയടിക്കപ്പെടുകയാണ്. രാജ്യം പുറകോട്ടുപോയി. സാമ്പത്തികമായി ജനങ്ങൾ പാപ്പരായപ്പോൾ എ.ഐ.സി.സി.യെ നയി ക്കുന്നവർ ഇന്ത്യയിലെ നാലാമത്തെ കോടീശ്വരന്മാരുടെ പദവിയിലേയ്ക്ക് എത്തി. ഇന്ത്യൻ ജനത കുടിവെള്ളമോ വസ്ത്രമോ ഇല്ലാതെ പട്ടിണിയി ലാണ്. അവരെ മാവോയിസ്റ്റുകളെന്ന് വിളിക്കുന്നു. എന്നാൽ അമേരിക്കൻ കോടീശ്വരന്മാരെ വെല്ലുന്ന റിലയൻസും മിത്തലും ഇവിടെ ഉയർന്നുവന്നു. ലോകത്തേറ്റവും വലിയ ശതകോടീശ്വരന്മാരുടെ രാജ്യമായി ഇന്ത്യ മാറുകയാ ണ്. ഈ സാഹചര്യത്തിൽ പുരോഗമന ചിന്താഗതിക്കാരായ കോൺഗ്രസ്സുകാ രുണ്ടെങ്കിൽ പലതും ആലോചിക്കേണ്ടിവരും. നിഷ്കളങ്കരും നിരപരാധികളും പാവപ്പെട്ടവരോട് പ്രതിബദ്ധതയുമുള്ള വലിയൊരു വിഭാഗം കോൺഗ്രസ്സുകാർ ഇക്കൂട്ടത്തിലുണ്ടെന്ന് ഞങ്ങൾക്കറിയാം. പക്ഷേ അവർ ഇന്ന് കൂട്ടിലടച്ച തത്തകളാണ്. ഇവിടെ പുതിയ ആഭ്യന്തര വകുപ്പുമന്ത്രി വന്നിട്ടുണ്ടല്ലോ; വിജിലൻസ് എന്നുപറയുന്നത് കൂട്ടിലടച്ച തത്തയാണെന്ന് ശ്രീ. സിബി മാത്യൂ പറഞ്ഞു. അതിനെന്ത് കുഴപ്പമെന്നാണ് ബഹുമാനപ്പെട്ട

ചീഫ് വിപ്പ് ചോദിക്കുന്നത്. ശരിയാണ്. അഴിമതി പുറത്തുകൊണ്ടുവരാൻ കേന്ദ്രഗവൺമെന്റിന് ഏതെങ്കിലും ഏജൻസിയുണ്ടോ? അണപൊട്ടിയൊഴുകിയ അഴിമതികളുടെ ഞെട്ടിപ്പിക്കുന്ന കഥകൾ പുറത്തുകൊണ്ടുവന്നതാരാണ്? പ്രതിപക്ഷാംഗങ്ങളോ ഇടതുപക്ഷ പാർട്ടികളോ ബി.ജെ.പി.യോ അല്ല, സി. ആന്റ് എ. ജി. ആണ് ഈ കഥകൾ പുറത്തുകൊണ്ടുവന്നിരിക്കുന്നത്. സി.ബി.ഐ. സുവോമോട്ടോ കേസെടുത്ത് അന്വേഷണത്തിന് സൂപ്പർവിഷൻ നടത്തിയതുൾപ്പെടെയുള്ള കാര്യങ്ങൾ ഈ രാജ്യത്തെ ജനങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഡൽഹിയിലെ നിങ്ങളുടെ പരാജയം ചെറുതായി കാണരുത്. ഞങ്ങൾക്ക് ഒന്നും നേടാൻ സാധിച്ചില്ലെന്നുള്ളതു പോട്ടെ, നിങ്ങൾ സമാധാനിച്ചോളൂ, നിങ്ങളുടെ നെഞ്ചിലെ കല്ലിറങ്ങുകയാണെങ്കിൽ ഇറങ്ങിക്കോട്ടേ. പക്ഷേ പതിനഞ്ചുകൊല്ലം ഡൽഹിയെ കയ്യിലെടുത്ത് അമ്മാനമാടിയ കോൺഗ്രസ്സും ഷീലാ ദീക്ഷിതും ചവറ്റുകുട്ടയിലായില്ലേ; ഞങ്ങൾക്കതിൽ സന്തോഷമില്ല. ബംഗാളിൽ ഞങ്ങൾ തോറ്റപ്പോൾ നിങ്ങൾ പൂത്തിരി കത്തിച്ചെങ്കിൽ ഡൽഹിയിൽ കോൺഗ്രസ്സിന്റെ ദയനീയമായ പതനത്തിലും ബി.ജെ.പി.യുടെ വരവിലും ഞങ്ങൾ അസ്വസ്ഥരാണ്. അതേടൊപ്പംതന്നെ ഡൽഹിയിൽ വേറൊരു പാഠമുണ്ട്. ഭാവി ഇന്ത്യ ബി.ജെ. പി.യ്ക്കോ കോൺഗ്രസ്സിനോ അല്ലെന്നുള്ള ക്ലിയർ പൊളിറ്റിക്കൽ ഇൻഡിക്കേഷനാണ് ഡൽഹിയിലെ റിസൾട്ട് നൽകിയിരിക്കുന്നത്. സാമാന്യ രാഷ്ട്രീയ ബോധമുള്ള ആളുകൾക്ക് ഇക്കാര്യങ്ങൾ അപഗ്രഥിച്ചാൽ മനസ്സിലാകും. ഒരു സ്പേസുണ്ടിവിടെ. അത് നിങ്ങൾക്കോ ബി.ജെ.പി.ക്കോ അല്ല. ആ സ്പേസ് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ ആലോചിക്കണം. ഞങ്ങൾ ആലോചിച്ചിട്ട് യാതൊരു കാര്യവുമില്ല. നഷ്ടപ്പെടാൻ എന്തെങ്കിലുമൊക്കെയുള്ള ആളുകൾ ഇക്കാര്യങ്ങളെപ്പറ്റി ആലോചിക്കണം. അല്ലെങ്കിൽ ഡൽഹിയിലെ

അനുഭവം ആവർത്തിക്കപ്പെടും. ഞാൻ അവസാനിപ്പിക്കുകയാണ്. പുതുവത്സരത്തോടനുബന്ധിച്ച് കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രി എനിക്കൊരു കേക്ക് അയച്ചുതന്നു. ലോകം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ ഭക്ഷ്യസുരക്ഷാ ബിൽ അവതരിപ്പിക്കുന്നുവെന്നൊരു സന്ദേശവും അതോടൊപ്പമുണ്ടായിരുന്നു. ഇന്നുവരെ ഒരു കിലോ അരി കിട്ടിയിട്ടില്ല. ആ ബിൽ നടപ്പിലാക്കിയിട്ടില്ല. ആ ബിൽ നടപ്പിലാക്കാൻ പറ്റില്ല. കാരണം അതിൽ എ.പി.എൽ/ ബി.പി.എൽ. വിഭാഗങ്ങളില്ല. ഇന്നു കിട്ടിക്കൊണ്ടിരിക്കുന്ന അരിയുടെ അളവ് കുറയ്ക്കുമെന്ന് മാത്രമല്ല, അതിന്റെ പൂർണ്ണ ഉത്തരവാദിത്വവും സംസ്ഥാന ഗവൺമെന്റിനാണ്. അത്യന്തം ആപത്കരമായ പൊതു വിതരണ സമ്പ്രദായത്തിന്റെ കടയ്ക്കൽ കത്തി വയ്ക്കുന്ന ബില്ലാണത്. ആ ബിൽ വാങ്ങി ഏതെങ്കിലുമൊരു മന്ത്രിയുടെ കയ്യിൽ കൊടുക്കരുത് അതിനെക്കുറിച്ച് ചർച്ച ചെയ്യണം. ഒരു വാചകം കൂടി പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. കേരളം വളരെ ഗുരുതരമായ ചില പ്രശ്നങ്ങൾ നേരിടുകയാണ്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി കൂടി കേൾക്കാൻ വേണ്ടിയാണ് ഞാനിത് പറയുന്നത്. കുളമ്പുരോഗ ചികിത്സയ്ക്കായുള്ള ഇഞ്ചക്ഷന്റെ വാക്സിൻ വാങ്ങിയതിലൂടെ കോടിക്കണക്കിന് രൂപയുടെ അഴിമതി നടന്നിരിക്കുന്നുവെന്ന വിവരങ്ങളാണ് ലഭിച്ചിരിക്കുന്നത്. കൂടുതൽ വിശദാംശങ്ങൾ ലഭ്യമല്ലാത്തതുകൊണ്ട് വ്യക്തമായ ആരോപണം ഉന്നയിക്കുന്നില്ല. ദയവു ചെയ്ത് അക്കാര്യത്തെപ്പറ്റി അന്വേഷിക്കണം. രണ്ടാമതായി ലീഗൽ മെട്രോളജി വകുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാലത്ത് അഴിമതി കാരണം പുറത്താക്കപ്പെട്ട ഉദ്യോഗസ്ഥന്മാരെ റീഇൻസ്റ്റേറ്റ് ചെയ്തു. അഴിമതിക്കെതിരായിട്ടുള്ള ഈ ഗവൺമെന്റിന്റെ സമീപനത്തെക്കുറിച്ച് ബലമായ സംശയമുണ്ട്. ഞാൻ കൈകാര്യം ചെയ്ത വകുപ്പിലെ ഏറ്റവും ഉന്നത

നായ പോലീസ് ഉദ്യോഗസ്ഥനെതിരെ സി.ബി.ഐ. കേസ് എടുത്ത് ഒന്നാം പ്രതിയാക്കി വിചാരണ നടക്കുന്ന ആളിനെ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ തിരിച്ചെടുത്ത് ഡി.ജി.പി.ആയി ചുമ തലപ്പെടുത്തുകയുണ്ടായി. ഇപ്പോൾ അദ്ദേഹം റിട്ടയർ ചെയ്ത് പുറത്തുപോ യി. ഇതാണ് നിങ്ങളുടെ സമീപനം. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നടന്ന അഴിമതികളുടെ ഭാഗമായി അന്ന് പുറത്താക്കിയ ചിലയാളുകളെ തിരി ച്ചെടുക്കാനുള്ള ശ്രമംനടന്നു. അഴിമതി സംബന്ധിച്ച് സംശുദ്ധമായ ഒരു ഭരണ മാണ് കാഴ്ചവച്ചതെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? കഴിയില്ലെന്നാണ് ഇതുവരെയുള്ള അനുഭവം. ഏറ്റവും വലിയ പ്രശ്നമായി നിലനിൽക്കുന്നത് ഇന്ത്യയുടെ ഭാവിയാണ്. ഇവിടെ പറയുന്ന മതേതരത്വവും ജനാധിപത്യവും ദേശീയ ഐക്യവും മഹാത്മാഗാന്ധിയെക്കുറിച്ചുള്ള ഓർമ്മകളുമെല്ലാം തകർന്ന് മണ്ണടിയാതിരിക്കണമെങ്കിൽ, ........... ഞങ്ങളെ ആക്ഷേപിക്കുന്ന തിന്റെ ഒരംശമെങ്കിലും ബി.ജെ.പി.ക്കെതിരായി നിങ്ങൾ പറയുന്നുണ്ടോ; നേരെ മറിച്ച് ബി.ജെ.പിയുടെ പരിപാടികളിൽ പങ്കെടുക്കാൻ വേണ്ടിയല്ലേ യു. ഡി.എഫുകാർ നടക്കുന്നത്. ഞങ്ങൾ അതിനാണോ നടക്കുന്നത്. അതു കൊണ്ട് നിങ്ങളുടെ ഇത്തരം നിലപാടുകൾ പുനഃപരിശോധിക്കണം. ഇതൊരു തട്ടിപ്പാണ്. യാതൊരടിസ്ഥാനവുമില്ലാത്ത ഈ നയപ്രഖ്യാപന പ്രസംഗത്തെ തള്ളിക്കളയണമെന്ന് പറയുന്നതിനോടൊപ്പം ഇതിനെ ശക്തമായി എതിർക്കുകയും ചെയ്യുന്നു. ഞങ്ങളെ ആക്ഷേപിക്കുന്ന തരത്തിലുള്ള അവ സാനത്തെ ഖണ്ഡിക എടുത്തുമാറ്റണം.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഇവിടെ അവതരിപ്പിച്ച ഈ നന്ദി പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള നയപ്രഖ്യാപന

പ്രസംഗമാണ് ഇവിടെ നടന്നത്. കാർഷികവ്യാവസായിക രംഗങ്ങളിലെ പുതിയ കാഴ്ച്ചപ്പാടും വ്യാവസായിക രംഗത്ത് കൂടുതൽ പ്രൊഫഷണലിസം കൊണ്ടുവരാനുള്ള ശ്രമങ്ങളും വിദ്യാഭ്യാസരംഗത്തും സാമൂഹ്യനീതി വകുപ്പിലും പൊതുമരാമത്ത് വകുപ്പിലും അതുപോലെ മറ്റ് ഇതര മേഖലകളി ലുമൊക്കെ നടപ്പിലാക്കിയ പല വികസനപരിപാടികളും വളരെ വ്യക്തമായി ഈ നയപ്രഖ്യാപനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത് സന്തോഷകരമായ ഒരു കാര്യമാണ്. കഴിഞ്ഞ വർഷത്തെ നയപ്രഖ്യാപന പ്രസംഗത്തെക്കുറിച്ചാണ് എന്റെ സ്നേഹിതൻ, ശ്രീ. സി. ദിവാകരൻ തുടക്കത്തിൽ ഇവിടെ പ്രസംഗി ച്ചത്. ഈ വർഷത്തെ നയപ്രഖ്യാപന പ്രസംഗത്തെക്കുറിച്ച് പരിശോധിച്ചാൽ ഈ ഗവൺമെന്റ് ചെയ്ത വളരെയധികം നല്ല കാര്യങ്ങളെക്കുറിച്ച് പറയാതിരി ക്കാൻ നിർവ്വാഹമില്ല എന്നതുകൊണ്ടാണോ അങ്ങനെ ചെയ്തതെന്ന് എനിക്ക റിഞ്ഞുകൂടാ. എന്തായാലും നമ്മുടെ സംസ്ഥാനത്തിന്റെ വളർച്ചയിൽ അഭൂത പൂർവ്വമായ പല മാറ്റങ്ങളും വരുത്തിയ, വളരെ നല്ല നിലപാടുകൾ സ്വീകരിച്ച ഒരു ഗവൺമെന്റാണ് ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള കേരള ത്തിലെ യു.ഡി.എഫ്. ഗവൺമെന്റ് എന്നത് വളരെയധികം വ്യക്തമായിട്ടുള്ള ഒരു കാര്യമാണ്. അങ്ങനെയുള്ള ഈ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് കഴിഞ്ഞ പത്തുമുപ്പത് മാസക്കാലമായി നടപ്പിലാക്കിയ നല്ല കാര്യങ്ങളെക്കുറിച്ചോ വികസന പരിപാടികളെക്കുറിച്ചോ പലപ്പോഴും കേരളം ചർച്ച ചെയ്യുന്നതിനുപകരം വിവാദങ്ങളിലൂടെയും തർക്കവിതർക്കങ്ങളിലൂ ടെയും ധാരാളം നുണപ്രചരണങ്ങളിലൂടെയും ഈ ഗവൺമെന്റിന്റെ ശോഭ കെടുത്തുന്നതിനുള്ള പരിശ്രമങ്ങളാണ് ഇവിടെ അധികവും നടന്നിട്ടുള്ളത് എന്നത് നിർഭാഗ്യകരമായ ഒരു കാര്യമാണ്. എങ്കിലും ഈ ഗവൺമെന്റിന്റെ ശോഭയെ ഇല്ലാതാക്കാൻ കഴിയാത്തവിധം വളരെ കാര്യമാത്രപ്രസക്തമായ

പല നല്ല നടപടികളും ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഒരു നിദർശനമാണ് ഈ നയപ്രഖ്യാപനപ്രസംഗമെന്ന് പറയേണ്ടിവരും. അതു കൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ ശക്തമായി അനുകൂലിക്കുകയാണ്. ഇവിടെ എല്ലാവരും ചൂണ്ടിക്കാണിച്ചതുപോലെ, നമ്മുടെ മുമ്പിൽ ഒരു ലോക്സഭാ തെരഞ്ഞെടുപ്പ് വരാനിരിക്കുന്നു എന്നതാണ് ഏറ്റവും പ്രധാന പ്പെട്ട ഒരു സംഗതി. സാധാരണ രാഷ്ട്രീയ സാഹചര്യങ്ങളിൽ നിന്ന് ഭിന്ന മായ ഒരു സാഹചര്യം ഈ ലോക്സഭാ തെരഞ്ഞെടുപ്പ് സമയത്ത് ഇന്ത്യയി ലുണ്ട്. നമ്മുടെ രാഷ്ട്രം ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട സാമ്പത്തിക ശക്തിയായി വളർന്നുകൊണ്ടിരിക്കുകയാണ്. ശാസ്ത്രസാങ്കേതിക മേഖലക ളിൽ അത്ഭുതകരമായ വിജയങ്ങൾ കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ക്രയോജനിക് എൻജിൻ തദ്ദേശീയമായി വികസിപ്പിച്ച് നാം ഉണ്ടാക്കിയ നേട്ടങ്ങളെക്കുറിച്ചാണ് ഇന്ന് രാവിലെ ഈ നിയമസഭ പരാമർശിച്ചത്. ഇതിനു മുമ്പ് കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചും കൊടുങ്കാറ്റിനെക്കുറിച്ചു മൊക്കെ മുന്നറിയിപ്പ് നൽകുന്ന ഘട്ടത്തിൽ, അമേരിക്കൻ ശാസ്ത്രജ്ഞ ന്മാർക്കുപോലും സാധിക്കാത്ത വിജയം കൈവരിക്കാൻ ഇൻഡ്യയിലെ ശാസ്ത്രജ്ഞന്മാർക്ക് കഴിഞ്ഞു. നമ്മുടെ രാഷ്ട്രം ഒരു അഖണ്ഡ ഭാരത മായി ഇപ്പോഴും നിലനിൽക്കുന്നുവെന്നുള്ളത് നല്ലൊരു കാര്യമാണ്. ലോക്സഭാ തെരഞ്ഞെടുപ്പിനെക്കുറിച്ച് പറയുമ്പോൾ ഇൻഡ്യ ഭരിച്ചുകൊണ്ടി രിക്കുന്ന യു.പി.എ. ഗവൺമെന്റ്, ആ ഗവൺമെന്റിന് റൈറ്റ് റ്റു ഇൻഫർമേ ഷൻ ആക്ട്, റൈറ്റ് റ്റു സർവ്വീസ് ആക്ട്, റൈറ്റ് റ്റു എഡ്യൂക്കേഷൻ ആക്ട്, എംപ്ലോയ്മെന്റ് ഗ്യാരന്റി ആക്ട് തുടങ്ങി ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട, ലോകത്തിലെ പല രാഷ്ട്രങ്ങൾക്കും നടപ്പിലാക്കുവാൻ സാധിക്കാത്ത വളരെ യേറെ വികസനപ്രവർത്തനങ്ങളും മാതൃകാപരമായ നിയമങ്ങളും പാസ്സാക്കു

വാൻ ഇൻഡ്യാ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പുകളിൽ ചില സംസ്ഥാനങ്ങളിൽ കോൺഗ്രസ്സ് പാർട്ടിയും അല്ലെങ്കിൽ മുന്നണികളും പരാജയപ്പെട്ടിട്ടുണ്ട്. വിജയപരാജയങ്ങൾ വളരെ സ്വാഭാവികമായ ഒരു സംഗതി മാത്രമാണ്. രാഷ്ട്രീയത്തിൽ കുറച്ചെങ്കിലും സാമ്യതയുള്ളത് ഫുട്ബോളിനോടോ അതുപോലെയുള്ള കളികളോടോ ആണെന്ന് വേണമെങ്കിൽ പറയാൻ സാധിക്കും. നമുക്കറിയാം ഒരു പരമ്പരയിൽ വെസ്റ്റ് ഇൻഡീസ് ജയിച്ചാൽ വേറൊരു പരമ്പരയിൽ ശ്രീലങ്ക ജയിക്കും വേറൊരു പരമ്പരയിൽ ഇൻഡ്യ ജയിക്കും. രാഷ്ട്രീയത്തിലായിരിക്കുമ്പോൾ തെരഞ്ഞെടുപ്പിൽ ഓരോ സന്ദർഭങ്ങളിലും തോൽവിയും വിജയവും അനുഭവിച്ച് പരിചയമുള്ളവരാണ് എല്ലാവരും. അത് സ്വാഭാവികമായും ഒരു പ്രതിഭാസം മാത്രമാണ്. 1977–ൽ, ഇവിടെ മൊറാർജിദേശായിയുടെ ഗവൺമെന്റ് ഭരിച്ചിരുന്ന സന്ദർഭത്തിൽ ഇന്ദിരാഗാന്ധിവരെ പരാജയപ്പെട്ടിട്ടുണ്ട്. സഞ്ജയ്ഗാന്ധിയും വി.സി. ശുക്ലയും പരാജയപ്പെട്ടിട്ടുണ്ട്. എത്രയോ കാലമായി ഇൻഡ്യാ രാജ്യം ഭരിച്ചുകൊണ്ടിരുന്ന ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന് ആദ്യമായി ഭരണം നഷ്ടപ്പെട്ടത് അടിയന്തരാവസ്ഥയ്ക്ക് 19 മാസങ്ങൾക്കു ശേഷം നടന്ന തെരഞ്ഞെടുപ്പിലായിരുന്നു. എനിക്ക് ഓർമ്മയുണ്ട്, പലപ്പോഴും ഞാൻ പറഞ്ഞിട്ടുള്ള ഒരു കാര്യമാണ്. തെരഞ്ഞെടുപ്പിന്റെ ഫലം അറിയുന്നതിനായി റേഡിയോ മാറത്തടക്കി രാത്രി ഉറക്കമൊഴിച്ച് കാത്തിരുന്ന രാഷ്ട്രീയകുതുകിയായ ഒരു ആളായിരുന്നു ഞാൻ. പുലർച്ചെ സുബഹി ബാങ്ക് വിളിക്കുന്ന സമയത്ത് റേഡിയോയിൽ പറഞ്ഞ വാർത്ത – 'ശ്രീമതി ഗാന്ധി നെ റായ്ബറേലി മേം അപ്പനാ നികട്ട് പ്രതിധ്വന്ധി സെ ബഹുത്ത് പീച്ചെ ഹെ' – ശ്രീമതി ഇന്ദിരാ ഗാന്ധി റായ്ബറേലി നിയോജകമണ്ഡല

ത്തിൽ തന്റെ തൊട്ടടുത്ത എതിരാളിയെക്കാൾ വളരെ പിറകിലാണെന്നായിരുന്നു. പക്ഷേ എതിരാളികളെല്ലാം പരാജയപ്പെട്ടെന്നുള്ള വാർത്തയാണ് രാവിലെ പുറത്തുവന്നത്. പക്ഷേ 1980 ജനുവരി മാസത്തിൽ അതായത് വെറും രണ്ട് രണ്ടര വർഷം കഴിഞ്ഞപ്പോൾ എന്താണ് സംഭവിച്ചത്? വീണ്ടും മാറ്റം വന്നു. വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി ശ്രീമതി ഇന്ദിരാ ഗാന്ധി തിരിച്ചു വന്നു. ആ തെരഞ്ഞെടുപ്പ് കാലത്ത് ഇന്ദിരാഗാന്ധി വന്ന് പ്രസംഗിച്ചത് എനിക്ക് ഓർമ്മയുണ്ട്. 'See the price of silver, see the price of gold, see the price of onion, is it not a tragedy'. എന്ന് ഇന്ദിരാഗാന്ധി പ്രസംഗിച്ചത് ഞാൻ കേട്ടതാണ്. സ്വർണ്ണത്തിന്റെ വില കണ്ടോ; വെള്ളിയുടെ വില കണ്ടോ; ഉള്ളിയുടെ വില കണ്ടോ; ഇതൊരു മഹാദുരന്തമല്ലേ; അതിനുത്തരവാദി ജനതാ പാർട്ടിയല്ലേ? എന്നാണ് ഇന്ദിരാഗാന്ധി ചോദിച്ചത്. അന്ന് ഒരു പവൻ സ്വർണ്ണത്തിന് 900 രൂപയാണ് വിലയുണ്ടായിരുന്നത്. ഇപ്പോൾ മാർക്സിസ്റ്റു കാരായിട്ടുള്ള നമ്മുടെ സ്നേഹിതന്മാർ ഉപരോധ സമരമൊക്കെ മാറ്റിവച്ചതിനുശേഷം വിലക്കയറ്റത്തിനെതിരായിട്ടുള്ള സമരം പ്രഖ്യാപിച്ചിട്ടുണ്ട്. നല്ല കാര്യമാണ് അത്. വിലക്കയറ്റത്തിനെതിരായിട്ടുള്ള മുദ്രാവാക്യം ഏത് കാലത്തും പ്രസക്തമായ മുദ്രാവാക്യമായതുകൊണ്ട് അത് ഉപേക്ഷിക്കാതെ മുന്നോട്ടുകൊണ്ടുപോകാൻ അവർക്ക് സാധിക്കുമെന്ന് തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. എന്തായാലും ഈ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ മതേതര ശക്തികളുടെ ഒരു ഗവൺമെന്റ് ഇൻഡ്യയിൽ ഉണ്ടാകണമെന്നത് നിർബന്ധമായിട്ടുള്ള ഒരു കാര്യമാണ്. അതിലെ ഏറ്റവും പ്രധാനപ്പെട്ട ശത്രു ആരാണെന്ന നിഗമനത്തിൽ എത്തുവാൻ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് സാധിക്കാതിരിക്കുന്നുവെന്നതാണ് നിർഭാഗ്യകരമായ ഒരു

കാര്യം. അവർ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെപ്പോലെ ഇൻഡ്യയിലെ ഏറ്റവും പ്രമുഖ കക്ഷിയും ഇൻഡ്യയിലെ ഏറ്റവും വലിയ മതേതര കക്ഷിയുമായിട്ടുള്ള ഒരു പാർട്ടിയുടെ നേതൃത്വത്തിൽ ഒരു വലിയ മതേതരപ്രസ്ഥാനം ഇൻഡ്യയിൽ വളർന്നുവരുന്നതിലൂടെ മാത്രമേ ഇൻഡ്യയുടെ അധികാരം ഭാരതീയ ജനതാ പാർട്ടിക്ക് ഏൽപ്പിച്ചുകൊടുക്കാതിരിക്കാൻ സാധിക്കുകയുള്ളൂ. ഭാരതീയ ജനതാ പാർട്ടിയെന്നുപറഞ്ഞാൽ പഴയ ഭാരതീയ ജനതാ പാർട്ടിയല്ല. ആ ജനതാ പാർട്ടിക്ക് നേതൃത്വം കൊടുക്കുന്ന ശ്രീ. നരേന്ദ്ര മോഡിയുടെ ഫാസിസ്റ്റ് മനോഭാവവും അദ്ദേഹം നടത്തിയ ഗുജറാത്ത് കൂട്ടക്കൊലയും പോലെയുള്ള ഒരുപാട് സംഭവങ്ങൾ വച്ച് നോക്കുമ്പോൾ അദ്ദേഹം എടുക്കുന്ന സമീപനം വളരെയേറെ ആപത്ക്കരമാണെന്ന് നമുക്ക് കാണാൻ സാധിക്കും. നമ്മുടെ ദേശത്തിന്റെ ദേശീയലക്ഷ്യങ്ങളെ മുഴുവനും നിരാകരിക്കുവാനും ഇൻഡ്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന തരത്തിൽ ഇൻഡ്യയെ മുന്നോട്ട് കൊണ്ടുപോകാതിരിക്കുവാനും അദ്ദേഹത്തിന്റെ ഗവൺമെന്റ് പരിശ്രമിക്കും എന്ന കാര്യം എല്ലാവർക്കും ഉറപ്പുള്ളതാണ്. സാമ്പത്തികമായ ദുരിതങ്ങളുടെയും ബുദ്ധിമുട്ടുകളുടെയും മേൽവിലാസത്തിലാണ് ഹിറ്റ്ലർ പോലും ജർമ്മനിയിൽ ഒരിക്കൽ അധികാരത്തിൽ വന്നത്. ഈ സാമ്പത്തിക ദുരിതങ്ങളുടെയും ബുദ്ധിമുട്ടുകളുടെയും മേൽവിലാസത്തിൽ ഇവിടെ ഭാരതീയ ജനതാപാർട്ടി വീണ്ടും അധികാരത്തിൽ വരാതിരിക്കുവാനുള്ള നിർബന്ധബുദ്ധി കാണിക്കേണ്ടത് ഇവിടത്തെ മതേതരകക്ഷികളാണ് – ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സും കമ്മ്യൂണിസ്റ്റുകാരുമെല്ലാം അതിൽ ഉൾപ്പെടുന്നതാണ്. അതുകൊണ്ട് ഫാസിസത്തിനെതിരായ വിശാലമായ ഒരു സഖ്യം രൂപപ്പെടേണ്ട ഒരു സമയമാണിത്. ജോർജ്ജ് ദിമിത്രോവിന്റെ സിദ്ധാന്തങ്ങൾ പ്രയോഗവൽക്കരിക്കുവാൻ ഇടതുപക്ഷക്കാർക്ക്

താൽപ്പര്യമുണ്ടെങ്കിൽ, ഇതാ ഒരു അനുയോജ്യമായ സന്ദർഭം സമാഗതമായിരിക്കുന്നുവെന്ന് അവരെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. വളരെ അപകടകരമായ ഒരു സ്ഥിതിവിശേഷമാണ് ഇന്ത്യയിൽ നിലനിൽക്കുന്നത്. കോർപ്പറേറ്റ് ഭീമന്മാരുടെയും അമേരിക്കൻ സാമ്രാജ്യത്വത്തിന്റേയും അവരുടെ ചാരസംഘടനയായ സി.ഐ.എ. യുടെയും ഇസ്രായേലിലെ ചാരസംഘടനയായ മൊസാദിന്റെയുമൊക്കെ സഹായത്തോടുകൂടി അമേരിക്കയിലെ പ്രസിഡന്റുമാർക്കുപോലും തെരഞ്ഞെടുപ്പിൽ ജയിക്കാനാവശ്യമായ സംഗതികൾ നടത്തിക്കൊടുത്ത ഏജൻസികളെ ചുമതലപ്പെടുത്തി സ്വന്തം പ്രതിച്ഛായ മെച്ചപ്പെടുത്തുന്നതിനുവേണ്ടി നരേന്ദ്രമോഡിയും അദ്ദേഹത്തെ അധികാരത്തിലേറ്റാൻ ശ്രമിക്കുന്ന ബി.ജെ.പി. യും പരിശ്രമിക്കുമ്പോൾ നിർഭാഗ്യകരമായ അങ്ങനെയൊരു സാഹചര്യത്തിൽ, ഒരു മഹാദുരന്തം മുന്നിലുണ്ടാകുമ്പോഴും നിസ്സാരമായ കാര്യങ്ങളിൽ അഭിരമിക്കുവാനാണ് നമുക്ക് താൽപ്പര്യമെന്നത് വളരെയേറെ ദു:ഖകരമായ ഒരു കാര്യമാണ്. എത്രയോ പ്രധാനപ്പെട്ട ഒരു വിഷയമാണ് നമ്മുടെ മുമ്പിലുള്ളത്. ഇൻഡ്യാ രാജ്യം ഇന്നും ഒരു അഖണ്ഡ ഭാരതമായി നിൽക്കുന്നു. നമ്മുടെ രാജ്യത്ത് ഖാലിസ്ഥാൻ പ്രസ്ഥാനമുണ്ടായിരുന്നു, ആസ്സാം പ്രദേശത്ത് 'ഇൻഡ്യൻ പട്ടികളെ മടങ്ങിപ്പോകുക' എന്നു പറയുന്ന വിഘടനവാദ സിദ്ധാന്തങ്ങൾ ഉണ്ടായിരുന്നു. ജമ്മുകാശ്മീരിൽ ഇപ്പോഴും വിഘടനവാദം പൂർണ്ണമായും അവസാനിച്ചിട്ടില്ല. അങ്ങനെ ഈ രാജ്യത്തെ ഛിന്നഭിന്നമാക്കുന്നതിനുവേണ്ടി പല ശക്തികളും വളരെ തീവ്രമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലും ഇൻഡ്യാ രാജ്യത്തിന് ഒറ്റക്കെട്ടായി നിൽക്കാൻ സാധിക്കുന്നു. പഞ്ചാബിലെ ഖാലിസ്ഥാൻ പ്രസ്ഥാനം വരെ ഇല്ലാതായി. പഞ്ചാബിനെയും കിഴക്കൻ ഇൻഡ്യയെയും

പൂർവ്വ ഇൻഡ്യയേയും ജമ്മുകാശ്മീരിനെയുമൊക്കെ കൂടെനിർത്തി ഒരുമിച്ച് മുന്നോട്ടുപോയി ഇത്രയും വലിയ വിജയങ്ങളും മുന്നേറ്റങ്ങളുമുണ്ടാക്കാൻ സാധിച്ചത് നിസ്സാരമായൊരു കാര്യമല്ല. ഇന്നത്തെ സാഹചര്യത്തിൽ നമ്മുടെ മുമ്പിലുള്ള പരമപ്രധാനമായ വിഷയം ഇതാണ്, അത് ഈ രാജ്യത്തിന്റെ രക്ഷയാണ്, സുരക്ഷിതത്വമാണ്, മതേതരത്വമാണ്, ദേശീയലക്ഷ്യങ്ങളുടെ സാക്ഷാത്ക്കാരമാണ്. അതുകൊണ്ട് എല്ലാം വിസ്മരിച്ച് എല്ലാവരും ഒരുമിച്ചു ചേർന്ന് വിശാലമായൊരു സഖ്യത്തിന് രൂപം കൊടുക്കണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്, അതാണ് വേണ്ടത്. എന്റെ പാർട്ടിയായ ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗ് ചെറിയൊരു പാർട്ടിയാണ്. കേരളത്തിൽ ഇതൊരു ശക്തമായ പാർട്ടിയാണെങ്കിലും ഇതര സംസ്ഥാനങ്ങളിൽ നാമമാത്രമായി പ്രവർത്തിക്കുന്ന ഒരു പാർട്ടിയാണ് ഇത്. കമ്മ്യൂണിസ്റ്റുകാരായ ആളുകളെക്കുറിച്ച് നേരത്തെ ജയരാജനും വളരെ സത്യസന്ധമായും വസ്തുനിഷ്ഠമായും പറഞ്ഞു. അവരുടെ പാർട്ടി ഒരു ചെറിയ പാർട്ടിയാണ്. അതുകൊണ്ട് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയും ഞങ്ങളുമൊക്കെ മനസ്സിലാക്കേണ്ടത് മുസ്ലീംലീഗിനും കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിക്കും ഇൻഡ്യ വിധിച്ചിട്ടില്ലെന്ന് നമ്മൾ മനസ്സിലാക്കണം. അള്ളാഹുവിന്റെ അനുഗ്രഹത്താൽ ഇൻഡ്യയിൽ അധികാരത്തിൽ വരാനുള്ള സാദ്ധ്യത നമുക്ക് രണ്ട് കൂട്ടർക്കുമില്ല. അതിന് സാദ്ധ്യതയുള്ള ആളുകളെ സഹായിച്ച് നമ്മുടെ രാജ്യത്തെ രക്ഷിക്കുകയല്ലാതെ നമ്മുടെ മുമ്പിൽ മറ്റ് വഴികളൊന്നുമില്ലാത്ത സാഹചര്യമാണ്. അതിന് മതേതരശക്തികൾ മതേതരത്വത്തോടുള്ള അവരുടെ പ്രതിബദ്ധത .............

മി. ചെയർമാൻ: പോയിന്റ് ഓഫ് ഓർഡർ...........

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, അള്ളാഹുവിന്റെ അനുഗ്രഹത്താൽ മുസ്ലീം ലീഗിനും കമ്യൂണിസ്റ്റിനും അധികാരത്തിൽ വരാൻ കഴിയില്ലായെന്ന് പറഞ്ഞാൽ ഏതെങ്കിലുമൊരു കാലഘട്ടത്തിൽ വന്നുവെന്ന് വിചാരിക്കുക. അപ്പോൾ അള്ളാഹുവിന്റെ അനുഗ്രഹം ഇല്ലായെന്നാണോ അതിന്റെ അർത്ഥം. അള്ളാഹുവിന്റെയും റസൂലിന്റെയും പേരുകൾ ഈ കാര്യത്തിനകത്ത് വലിച്ചിഴയ്ക്കുന്നത് മുൻകമ്യൂണിസ്റ്റുകാരനായ ശ്രീ. കെ. എൻ. എ. ഖാദറിന് നിരക്കുന്നതല്ല. അതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, അള്ളാഹു എല്ലാത്തിനേയും ഇണകളായിട്ടാണ് സൃഷ്ടിച്ചിട്ടുള്ളത്. സുഖവും ദു:ഖവും ഒരുമിച്ച് സൃഷ്ടിച്ചി രിക്കുകയാണ്. കറുപ്പും വെളുപ്പും ഇരുട്ടും വെളിച്ചവും........... ലക്കദ് ഹലഖ്നാ കും അസ്വാജാ........ എന്നാണ് പറഞ്ഞിരിക്കുന്നത്. നിങ്ങളെ ഇണകളായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന് അള്ളാഹു പറഞ്ഞിട്ടുണ്ട്. സുഖ ദു:ഖങ്ങളുണ്ട്. ഇന്ന് ദു:ഖം വന്നാൽ നാളെ സുഖം വരും. രണ്ടും അള്ളാഹു തന്നെ തീരുമാനിക്കും. അത് ശ്രീ. എ. കെ. ബാലന് മനസ്സിലാകാത്തതുകൊ ണ്ടാണ്. ഇവിടെ മതേതരത്വത്തിനോടുള്ള പ്രതിബദ്ധത തെളിയിക്കേണ്ട സമയമാണ്. നമ്മുടെ രാജ്യം പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെയും ശ്രീമതി ഗാന്ധിയുടെയും കാലഘട്ടത്തിൽ സാമ്രാജ്യത്വവിരുദ്ധ വിദേശനയം, കോർപ്പറേറ്റ് കുത്തകവിരുദ്ധ ദേശീയനയം, പൊതുമേഖലയോടുള്ള ആഭിമുഖ്യം എന്നിങ്ങനെയുള്ള ഒരുപാട് പ്രത്യേകതകൾ ഈ രാജ്യത്തിനു ണ്ടായിരുന്നു. ഇന്ന് ആ കാര്യങ്ങളെല്ലാം മാറിപ്പോയി. ഇപ്പോഴും അതുപോ ലെയുള്ള ഒരു നയം സ്വീകരിക്കാൻ നമുക്ക് സാധിക്കണം. ഇവിടെ എണ്ണക്ക മ്പനികൾക്ക് ഇന്ധനവില നിശ്ചയിക്കാൻ കൊടുത്തിട്ടുള്ള അധികാരം മാറ്റി വാസ്തവത്തിൽ സർക്കാർതന്നെ അത് വീണ്ടെടുക്കുകയാണ് വേണ്ടത്.

അങ്ങനെ നയപരമായി നോക്കിയാൽ പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുവാനും രാജ്യത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുവാനുമൊക്കെ സാധിക്കുന്ന ജനപക്ഷ പ്രസ്ഥാനങ്ങൾക്ക് വളരെയധികം സാധ്യതകളുണ്ടെന്ന് നാം മനസ്സിലാക്കണം. ഡൽഹിയിലുണ്ടായിട്ടുള്ള ഒരു പ്രധാനപ്പെട്ട സംഭവം....... ഇവിടെ ആം ആദ്മി പാർട്ടിയെക്കുറിച്ച് പറഞ്ഞു. ആം ആദ്മി പാർട്ടിയിലെ കെജ്‌രിവാളും രാഖി ബിർളയും മറ്റ് മന്ത്രിമാരും ആ പാർട്ടിയും നശിച്ചുപോയേക്കാം. പക്ഷേ ഒരു കാര്യം മനസ്സിലാക്കേണ്ടത്, അവർ മുന്നോട്ടുവച്ച ആശയങ്ങൾക്ക് മരണമില്ലായെന്നുള്ളതാണ്. ഒരു പുതിയ കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. മൂല്യങ്ങൾ പൂർണ്ണമായി വേരറ്റ് പോയിട്ടില്ല. അഴിമതി രഹിതരായ, സത്യസന്ധരായ ജനപക്ഷത്ത് നിൽക്കുന്ന രാഷ്ട്രനേതാക്കൻമാർ ജനങ്ങൾക്ക് സ്വീകാര്യരാണെന്നതിന്റെ ഉത്തമ നിദർശനമാണ് ഡൽഹിയിലെ ആം ആദ്മിപാർട്ടിയുടെ വരവ്. അത് കാലാകാലം നിലനിന്നുകൊള്ളണമെന്നില്ല. പക്ഷേ ആ പ്രതിഭാസം ഇടയ്ക്കിടയ്ക്ക്  ഇവിടെ ആവർത്തിച്ചുകൊണ്ടിരിക്കും. അതിനോട് ഇപ്പോഴും ജനങ്ങൾക്ക് മൂല്യമുണ്ട്. ഇവിടെ നേരത്തെ എന്റെ സ്നേഹിതൻ ശ്രീ. ഇ. പി. ജയരാജൻ, ദേശാഭിമാനിയും കുറേ പത്രങ്ങളും ഉയർത്തിക്കാണിച്ച് ചാക്ക് രാധാകൃഷ്ണന്റെ കാര്യങ്ങളൊക്കെ പറഞ്ഞു. ഞാനൊന്നും ഉണ്ടായിട്ട് പറയുന്നതല്ല. ഈ വിഷയത്തിൽതന്നെ ശ്രീ. ഇ. പി. ജയരാജന്റെ ഒരു പ്രസ്താവന ഞാൻ പത്രത്തിൽ വായിച്ചിരുന്നു. ഒരാളിന് ഭൂമി വിൽക്കുന്നതുകൊണ്ട് തെറ്റില്ല എന്നൊക്കെ ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞു. ശ്രീ. ഇ. പി. ജയരാജന്റെ ആർഗ്യുമെന്റൊക്കെ ടെക്നിക്കലിയും ലീഗലിയും കറക്ടാണ്. അതിൽ  മോറലായിട്ടുള്ള  പ്രശ്നമുണ്ടെന്ന് മാത്രമേയുള്ളൂ. ലോകത്തിലെ ജനങ്ങളുടെ സ്ഥിതിയും അതുതന്നെയാണ്. അമേരിക്കൻ പ്രസിഡന്റാകാൻ മത്സരിച്ചിരുന്ന ഗാരി ഹാർട്ടിന് ആ രംഗത്തുനിന്ന്

പിൻമാറേണ്ടിവന്നത് അദ്ദേഹത്തിന്റെ കാമുകിയുമായി ഒരു അവിഹിത ബന്ധത്തിന് ശ്രമിക്കുന്നതിന്റെ ഒരു ചിത്രം മിയാമി ഹെറാൾഡ് എന്ന പത്ര ത്തിൽ വന്നതുകൊണ്ടാണ്. അമേരിക്കൻ ജനത ഗാരി ഹാർട്ടിന് പ്രസിഡന്റ് പദവിയിലേയ്ക്ക് മത്സരിക്കാൻ അയോഗ്യത കൽപ്പിച്ചു. അമേരിക്കൻ ജനത കുത്തഴിഞ്ഞ ഒരു സമൂഹമായിരിക്കുമെങ്കിലും അവരുടെ ലീഡർഷിപ്പ് അങ്ങ നെയാകരുതെന്നും അവർക്ക് നേതൃത്വം നൽകുന്നവർ സത്യസന്ധരായിരിക്ക ണമെന്നും ജനങ്ങൾക്ക് നിർബന്ധമുണ്ട്. ഇപ്പോൾ പുതിയൊരു കാലഘട്ട മാണ്. നമ്മൾ ഇവിടെയിരുന്ന് പഴയ രീതിയിൽ ചർച്ചകളൊക്കെ നടത്തു മ്പോൾ, ഫേസ് ബുക്കിലും ട്വിറ്ററിലും ബ്ലോഗിലും യു–ട്യൂബിലും വളരെയ ധികം സ്വതന്ത്രമായ ലോകം യുവാക്കളുടെയും യുവതികളുടെയും മുമ്പിൽ അനാവരണം ചെയ്യപ്പെട്ട് കഴിഞ്ഞിരിക്കുകയാണ്. രാജഹംസമേ...... എന്ന് പാടിയ ചന്ദ്രലേഖയെ പിന്നണി ഗായികയാക്കിയതും ഈജിപ്ഷ്യൻ പ്രസിഡന്റ് ഹോസ്നി മുബാറക്കിനെ താഴെയിറക്കിയതും സോഷ്യൽ മീഡിയ യാണെന്നത് വിസ്മരിക്കണ്ട. ഒരു പുതിയ ലോകം അനാവരണം ചെയ്യപ്പെട്ടി ട്ടുണ്ട്. ഇവിടെ ചർച്ച ചെയ്യുന്നതിൽനിന്ന് ഭിന്നമായി ആശയവിനിമയം നിരന്ത രമായി നടക്കുന്ന ഇൻഫർമേഷൻ ടെക്നോളജിയുടെ വളർച്ചകൊണ്ട് കമ്മ്യൂണിക്കേഷൻ രംഗത്തുണ്ടായിട്ടുള്ള വിപ്ലവംകൊണ്ട്, ശാസ്ത്ര സാങ്കേതിക വികാസംകൊണ്ട് ലോകജനതയ്ക്ക് നിരന്തരമായ ആശയവിനിമ യത്തിനും അഭിപ്രായ സമന്വയത്തിനും ഷാർപ്പായിട്ടുള്ള കമെന്റുകളും കഥകളും എഴുതുവാനും അഭിപ്രായങ്ങൾ രേഖപ്പെടുത്തുവാനും രാഷ്ട്രീയ ത്തിൽ ഇടപെടുവാനും മരണം മാറ്റുവാനും സാധിക്കത്തക്ക രീതിയിൽ ഒരു പുതിയ ലോകം അനാവരണം ചെയ്യപ്പെട്ടിട്ടുണ്ട്. ആ ലോകത്താണ് നമ്മൾ ജീവിക്കുന്നതെന്നത് വിസ്മരിക്കാൻ പാടില്ലായെന്നാണ് ഞാൻ പറയുന്നത്.

അതുകൊണ്ടാണ് മതേതരകക്ഷികൾ അവരുടെ പ്രതിബദ്ധത തെളിയിക്കുന്നത്. ഇത് മുസ്ലീം സമുദായത്തിന്റെയും മുസ്ലീം ലീഗിന്റെയും ന്യൂനപക്ഷങ്ങളുടെയും മാത്രം പ്രശ്നമല്ല. ഇന്ത്യാ രാജ്യത്ത് മതേതര ഗവൺമെന്റുണ്ടാകുക എന്നത് രാജ്യത്തിന്റെ മുഴുവൻ ആവശ്യമാണ്. ഇപ്പോൾത്തന്നെ അങ്ങനെയൊരു കോൺഫിഡൻസ് ബിൽഡ് ചെയ്യാൻ മതേ തരകക്ഷികൾക്ക് സാധിക്കാത്തത് എന്തുകൊണ്ടാണ്? ചില ക്രൈസ്തവ സഭകൾ ഏറെക്കുറെ അടുപ്പം കാണിക്കുന്നതുപോലെ..... നരേന്ദ്രമോഡി അത്ര കുഴപ്പക്കാരനല്ല..... ഛത്തീസ്ഗഢിലൊക്കെ ഞാൻ അന്വേഷിച്ചു, എന്റെ ചില ബന്ധുമിത്രാദികൾ ബിലായിലൊക്കെയുണ്ട്. അവിടെ മുസ്ലീം സമുദായ ത്തിന്റെ മഹൽ കമ്മിറ്റികൾ ഒറ്റക്കെട്ടായി ചില പ്രദേശങ്ങളിൽ ഭാരതീയ ജനതാ പാർട്ടിക്ക് വോട്ട് ചെയ്യുന്നുണ്ട്. അവർക്കൊരു സുരക്ഷിതത്വമുണ്ടാകു വാനും അവരെ മുന്നോട്ട് നയിക്കുവാനും നരേന്ദ്രമോഡിയുടെ വരവിനെ ചെറുത്ത് തോൽപ്പിക്കുവാനും മതേതര ശക്തികൾക്ക് കഴിയുമെന്ന കോൺഫിഡൻസ് ന്യൂനപക്ഷ സമുദായത്തിന്റെ ഇടയിലുണ്ടാക്കി കൊടുക്കു വാൻ മതേതര ശക്തികൾ തയ്യാറാകാത്തപക്ഷം വലിയ ആപത്ത് വരും. ഞങ്ങൾക്ക് മാത്രമായിട്ടല്ലെങ്കിൽ മതന്യൂനപക്ഷങ്ങൾക്ക് മാത്രമായിട്ട് ഒരു ആപത്ത് വരാനില്ല. ഇവിടെ മതേതര ശക്തികൾ അധികാരത്തിൽ വന്നാൽ അതിന്റെ 99 ശതമാനം ബെനിഫിറ്റും മതേതര ശക്തികൾക്ക് മാത്രമേയുള്ളൂ. ഒരു ശതമാനമേ ഞങ്ങൾക്ക് കിട്ടുകയുള്ളൂ. ആര് തടുത്താലും നിൽക്കുക യില്ല. വർഗീയ ഫാസിസ്റ്റ് ഭരണമാണ് വരുന്നതെങ്കിൽ, അതും ഞാൻ നേരത്തെ പറഞ്ഞതുപോലെ അള്ളാഹുവിന്റെ വിധിയെന്ന് പറഞ്ഞ് സഹിക്കാൻ ഞങ്ങൾ തയ്യാറാകുമെന്നല്ലാതെ..... ഇത് ഒരു മുസ്ലീം കമ്യൂണിറ്റി

യുടെ, ഒരു ന്യൂനപക്ഷത്തിന്റെ മാത്രം പ്രശ്നമല്ല. രാജ്യത്തിന്റെ മൊത്തത്തിലുള്ള പ്രശ്നമാണ്. ആ ഒരു ഗൗരവത്തിൽ കാര്യങ്ങൾ കാണാൻ നമുക്ക് സാധിക്കുന്നുണ്ടോയെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്. അതിനിടയിൽ ഇവിടെ ആരോ സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട എന്റെ സുഹൃത്ത് എം. പി. അബ്ദുസ്സമദ് സമദാനി ബാലഗോകുലത്തിന്റെ പരിപാടിക്ക് പോയിയെന്നൊക്കെ പറഞ്ഞു. ഞങ്ങളൊക്കെ ഖുറാനും വേദഗ്രന്ഥങ്ങളും വായിക്കുന്നവരാണ്. സാധ്യമാകുന്നത്ര മനസ്സിലാക്കാൻ ശ്രമിക്കുന്നവരാണ്, ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി പ്രത്യേകിച്ചും. ഞങ്ങളൊക്കെ അതിന് ശ്രമിക്കാറുണ്ട്. ഞങ്ങൾ ഭഗവത്ഗീതയും മഹാഭാരതവും രാമായണവും ബൈബിളും വായിക്കാറുണ്ട്. അങ്ങനെയൊക്കെയുള്ള പ്രഭാഷണങ്ങൾ കേൾക്കാറുണ്ട്. ചില ക്ഷേത്രങ്ങളിലെ ഉൽസവ പരിപാടികൾക്കും സാംസ്ക്കാരിക സമ്മേളനങ്ങൾക്കും പോകാറുണ്ട്. ധാരാളം സ്ഥലങ്ങളിലും ധാരാളം ക്ഷേത്രങ്ങളിലും പോയിട്ടുണ്ട്. സ്വാമി വിവേകാനന്ദന്റെ 150-ാം ജൻമവാർഷികം ആഘോഷിക്കുന്ന സമയത്ത് ഗവൺമെന്റ് ഓഫ് കേരളയുടെ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ് സ്വാമി വിവേകാനന്ദന്റെ സന്ദേശത്തെക്കുറിച്ച് ഒരു പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. തിരുവനന്തപുരത്തുനിന്ന് കാസർഗോഡേയ്ക്ക് ഒരു ജാഥ പോയപ്പോൾ ആ ജാഥ ഗവൺമെന്റിന്റെ പിന്തുണയോടുകൂടിയാണ് വോളന്ററി ഓർഗനൈസേഷൻസ്...... സ്വാമി വിവേകാനന്ദന്റെ 150-ാം ജൻമവാർഷിക ആഘോഷത്തിന്റെ ഭാഗമായിട്ടുള്ള ആ ജാഥയെ ഞങ്ങളെല്ലാവരും സ്വീകരിച്ചിട്ടുള്ളതാണ്. ഞങ്ങളൊക്കെ ആ ജാഥയിൽ പങ്കെടുത്തവരാണ്. സ്വാമി വിവേകാനന്ദനെ ഭാരതീയ ജനതാ പാർട്ടിക്ക് വിട്ടുകൊടുക്കേണ്ട കാര്യം എന്താണ്? സ്വാമി വിവേകാനന്ദനൊക്കെ

പൊതുസ്വത്തല്ലേ? അങ്ങനെയുള്ള പ്രഗൽഭൻമാരായ ഋഷീശ്വരൻമാർ, മഹർഷിവര്യൻമാർ എന്നിവരൊക്കെ രാജ്യത്തിന്റെ പൊതുസ്വത്താണ്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, നിങ്ങൾ ബാലഗോകുലത്തിന്റെ കാര്യം പറഞ്ഞാൽ മതി. സ്വാമി വിവേകാനന്ദന്റെ...........

ശ്രീ. കെ. എൻ. എ. ഖാദർ: സർ, സ്വാമി വിവേകാനന്ദന്റെ കാര്യമാണ് പറയുന്നത്. വിവേകാനന്ദന്റെ 150–ാം ജൻമവാർഷികത്തിനാണ് പോയത്. ശ്രീ. പി. ശ്രീരാമകൃഷ്ണൻ പറയാൻ ഉദ്ദേശിക്കുന്ന എല്ലാ കാര്യങ്ങൾക്കും മറുപടി പറയാൻ ഞാൻ തയ്യാറാണ്. അതിന് ബഹുമാനപ്പെട്ട സ്പീക്കർ സമയം തരുകയാണെങ്കിൽ പറയാൻ സാധിക്കും. പക്ഷേ അതിനുള്ള സമയമില്ലല്ലോ.

മി. ചെയർമാൻ: അങ്ങയുടെ സമയം...........

ശ്രീ. കെ. എൻ. എ. ഖാദർ: സർ, സമയം കഴിഞ്ഞിട്ടില്ല. നേരത്തെ 12 മിനിട്ടൊക്കെ അധികം കൊടുത്തിരുന്നു. എനിക്ക് അത്രയൊന്നും കിട്ടിയില്ല. എന്റെ സ്നേഹിതൻമാർ മനസ്സിലാക്കേണ്ട ഒരു കാര്യം, നമോ വിചാർ മൻച് എന്നുപറഞ്ഞ് ബി.ജെ.പി.–യിൽനിന്ന് വേറിട്ട ഒരു ചെറിയ ഘടകവുമായി കണ്ണൂരിലെ പാർട്ടി ഐക്യമുണ്ടാക്കിയെന്നൊക്കെ ഒരു ധാരണ പത്രത്തിൽ വന്നിരുന്നു. ഞാൻ ഇതൊന്നും ഇന്ന് പറയണമെന്ന് വിചാരിച്ചതല്ല. എന്നെക്കൊണ്ട് വെറുതെ പറയിപ്പിക്കരുത്. നമോ വിചാർ മൻച് പോലെയുള്ള രാഷ്ട്രീയത്തിലെ കൃമി കീടങ്ങളുമായി ഐക്യമുണ്ടാക്കുന്നതിൽ തെറ്റില്ല. ഇതൊക്കെ മതസൗഹാർദ്ദത്തിന്റെ പ്രശ്നമാണെന്ന് നമ്മൾ ആലോചിക്കേണ്ടതാണ്. മുസ്ലീം ലീഗിന്റെ ഒരു പ്രതിനിധി അങ്ങനെയൊരു സമ്മേളനത്തിലേയ്ക്ക് പോയാൽ സന്തോഷം പ്രകടിപ്പിക്കുകയല്ലേ വേണ്ടത്. അവർക്ക്

അങ്ങനെ വർഗ്ഗീയതയില്ലായെന്നും അവർ കമ്മ്യൂണൽ അല്ലായെന്നും സെക്യുലറാണെന്നും പറയുകല്ല വേണ്ടത്. അതിനുപകരം ഹൈന്ദവ സമുദായമോ ക്രൈസ്തവ സമുദായമോ ആയി ബന്ധപ്പെട്ട എന്തെങ്കിലും ഒരു സ്ഥാപനത്തിലേയ്ക്ക് ഞങ്ങൾ ആരെങ്കിലും പോയാൽ അത് വളരെ മോശമാണെന്ന് പ്രചരിപ്പിക്കുന്നതിൽ എന്ത് അർത്ഥമാണുള്ളത്. ............... (ബഹളം)........... സ്വാമി വിവേകാനന്ദൻ പൊതുവായിട്ടുള്ള ഒരു സ്വത്താണ്. അപ്പോൾ ആ പറയുന്നതിനൊന്നും അർത്ഥമില്ല. ആർ.എസ്.എസ്.-ന്റെ ഗുണദോഷങ്ങൾ ഞങ്ങളെ പഠിപ്പിക്കണ്ട. അത് ഏറ്റവും കൂടുതൽ അനുഭവിച്ചിട്ടുള്ളത് ഞങ്ങളാണ്. ഇന്ത്യാ രാജ്യത്തിന്റെ ചരിത്രത്തിൽ ആദ്യമായി ശ്രീ. അടൽ ബിഹാരി വാജ്പേയി വിദേശകാര്യ വകുപ്പുമന്ത്രിയും ശ്രീ. എൽ. കെ. അദ്വാനി വാർത്താവിതരണ പ്രക്ഷേപണ വകുപ്പുമന്ത്രിയും മൊറാർജി ദേശായി പ്രധാനമന്ത്രിയുമായത് ആരെക്കൊണ്ടാണ്; വി.പി. സിംഗിന്റെ മന്ത്രിസഭയിൽ ആരൊക്കെയാണ് ഉണ്ടായിരുന്നത്? നിങ്ങളൊക്കെ ഇന്ത്യാ രാജ്യത്ത് കോൺഗ്രസ്സിനോടുള്ള വിരോധംകൊണ്ട് കോൺഗ്രസ്സിന് പകരം ഭാരതീയ ജനതാ പാർട്ടിയും ജനസംഘവും സിൻഡിക്കേറ്റും സ്വതന്ത്ര പാർട്ടിയും ബൽരാജ് മഢ്ഹോക്കും ഒക്കെയുള്ള ഒരു ഗവൺമെന്റ് ഇന്ത്യയിൽ അവരോധിക്കാൻവേണ്ടി അതിന് പിന്തുണ കൊടുത്തിട്ടുള്ള ആളുകളാണ്. ആ തെറ്റുകളൊക്കെ ആവശ്യമാകുമ്പോൾ തിരുത്തുകയെന്നല്ലാതെ ഇനി ഇപ്പോൾ അത് പറഞ്ഞിട്ട് കാര്യമില്ല. ആർ.എസ്.എസ്.-നോടും ബി.ജെ.പി.-യോടും കോൺഗ്രസ്സിനോടും മാർക്സിസ്റ്റ് പാർട്ടിയോടും എന്ത് സമീപനമാണ് സ്വീകരിക്കേണ്ടതെന്നും ഞങ്ങളെ ആരും പഠിപ്പിക്കണ്ടായെന്ന് ഞാൻ ദയവായി ഉപദേശിക്കുകയാണ്. ഇപ്പോഴും വേവലാതിയോടുകൂടി ഇന്ത്യാ രാജ്യത്ത് ആർ.എസ്.എസ്.-ന്റെ സ്പോൺസേഡായിട്ടുള്ള നരേന്ദ്ര മോഡി

അധികാരത്തിൽ വരാൻ പാടില്ലായെന്ന് ശക്തമായി ആവശ്യപ്പെടുന്നവരുടെ മുൻപന്തിയിൽ നിൽക്കുന്ന ഒരു പാർട്ടി മുസ്ലീം ലീഗാണ്. പക്ഷേ സ്വാമി വിവേകാനന്ദനോടുള്ള സമീപനം അതല്ല, വേറൊന്നാണ്. സ്വാമി വിവേകാനന്ദന്റെ ചിത്രം ഡി.വൈ.എഫ്.ഐ.–ക്കാരുടെ സമ്മേളനത്തിൽ ഞാൻ കണ്ടിട്ടുണ്ട്. നമ്മളെല്ലാം പരസ്പരം കാര്യങ്ങൾ മനസ്സിലാക്കുകയും അറിയുകയും ചെയ്യണം. നമ്മളെല്ലാം സങ്കുചിതമനസ്ക്കരായി തീരാൻ പാടില്ല. ബഹുമാനപ്പെട്ട കെ. എം. മാണി സാർ മാർക്സിസ്റ്റ് പാർട്ടിയുടെ സമ്മേളനത്തിന് വന്നില്ലേ? എന്താണ് കുഴപ്പം. അദ്ദേഹം ഭരണകക്ഷിയുടെ മന്ത്രിയായിട്ടും എന്തിന് സമ്മേളനത്തിന് വന്നു......... അങ്ങനെ പോകുന്നതിന് എന്താണ് കുഴപ്പം? അങ്ങനെ പരസ്പരം കാര്യങ്ങൾ ഷെയർ ചെയ്യണ്ടേ. ബാലഗോകുലം പരിപാടി വേറെ, സ്വാമി വിവേകാനന്ദൻ വേറെ. അതൊരു വലിയ സംഭവമാക്കി ചിത്രീകരിക്കാൻ ഒന്നുമില്ല. അത് പരാമർശിക്കാൻതന്നെ പാടില്ലാത്ത ഒരു കാര്യമാണ്. രണ്ടുമൂന്ന് ആളുകൾ ഇവിടെ പറഞ്ഞതുകൊണ്ട് അത് പറയാതിരുന്നാൽ ശരിയാകില്ലായെന്നു വിചാരിച്ചുമാത്രം പറഞ്ഞതാണ്. നമ്മുടെ ഈ രാജ്യം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നത്തിൽ നമ്മൾ എല്ലാവരുംകൂടി അതിശക്തമായി, ഒറ്റക്കെട്ടായി ഒരു മുന്നണിയായി നിന്ന് ഇന്ത്യാ രാജ്യത്തിന്റെ ഭരണത്തിലേയ്ക്ക് നരേന്ദ്ര മോഡിയുടെ നേതൃത്വത്തിൽ ഒരു ഗവൺമെന്റ് വരാതിരിക്കാൻവേണ്ടി പടപൊരുതുകയാണ് വേണ്ടത്. അതിനുപകരം കേരളത്തിൽ പരമാവധി സീറ്റ് യു.ഡി.എഫ് –ന് കുറയ്ക്കുകയെന്ന് ആഗ്രഹിച്ച് പ്രവർത്തിച്ചാൽ അതിന് അർത്ഥം എന്താണ്? യു.ഡി.എഫ്.–ന് പരമാവധി സീറ്റ് കുറച്ചാൽ അതിന്റെ ഗുണം മുഴുവൻ ആർക്കാണ് ഉണ്ടാകുന്നത്? നരേന്ദ്ര മോഡിയ്ക്കാണ് അതിന്റെ ഗുണം ഉണ്ടാകുന്നത്. നിങ്ങൾ എന്ത് നിലപാട് സ്വീകരിക്കുമെന്ന് പറയാൻ പറ്റില്ല.

ഒരു തേർഡ് ആൾട്ടർനേറ്റീവ് ഒന്നും വരാൻ പോകുന്നില്ല. തേർഡ് ആൾട്ടർനേറ്റീവ് എന്നുപറഞ്ഞ സങ്കൽപ്പങ്ങളൊക്കെ എത്രയോ തവണ പറഞ്ഞ് പരാജയപ്പെട്ട സംഗതികളാണ്. അതൊക്കെ വരാൻ പോകുന്നുവെന്ന് പറയുന്നതിൽ അർത്ഥമില്ല. ഇന്ത്യയിൽ കോൺഗ്രസും നിങ്ങളുമായിട്ട് ശത്രുക്കളായിരിക്കും. ബി.ജെ.പി.യും നിങ്ങളുമായിട്ട് ശത്രുക്കളായിരിക്കും. പക്ഷേ മുഖ്യശത്രു ഏതാണെന്ന് നിർവ്വചിക്കലാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ആ മുഖ്യശത്രു ഏതാണെന്ന നിഗമനത്തിലെത്തിച്ചേരാൻ നിങ്ങൾക്ക് കഴിയാത്ത നിർഭാഗ്യകരമായ ഒരു സാഹചര്യമാണുള്ളത്. ജനാധിപത്യപരമായ ഒരു രാജ്യമാണ് ഇന്ത്യ. ജനാധിപത്യപരമല്ലാത്ത പല നടപടികളും കമ്മ്യൂണിസ്റ്റുകാർ തന്നെ ഭരിക്കുന്ന പല രാജ്യങ്ങളിലുമുണ്ട്. രണ്ട് ദിവസം മുമ്പ് നമ്മൾ കണ്ടില്ലേ കിം ജോങ് ഉൻ ഉത്തരകൊറിയയിൽ മൂന്ന് ദിവസം പട്ടിണിക്കിട്ട 120 പട്ടികൾക്ക് തന്റെ അമ്മാവനെയും മൂന്നുപേരെയും അവർ എന്തോ കുറ്റം ചെയ്തുവെന്ന് പറഞ്ഞ് എറിഞ്ഞുകൊടുത്തു. 300 ഉദ്യോഗസ്ഥന്മാരും ഭരണാധികാരികളും ഇരുന്ന് അവരെ പട്ടി കടിച്ചുതിന്നുന്നത് നോക്കി നിൽക്കാൻ അവിടെ മാത്രമേ കഴിയൂ. അത് വേറൊരു രാജ്യത്തും സാധ്യമായിട്ടുള്ള കാര്യമല്ല. ഇന്ത്യ അതല്ല, ഇന്ത്യ ഒരു ഡെമോക്രാറ്റിക് രാജ്യമാണ്. അവിടെയൊന്നും ഒരു ഡെമോക്രസിയും ഇല്ലെന്ന് ഞാൻ പലപ്പോഴും പറഞ്ഞിട്ടുണ്ട്. അവിടെ ആദ്യം കിം ഉൽ സുങ് ആണ് ഭരിച്ചത്. പിന്നീട് അയാളുടെ മകൻ കിം ജോങ് ഇൽ, പിന്നെ അയാളുടെ മകൻ കിം ജോങ് ഉൻ. ഇവരാണ് ഭരിച്ചുകൊണ്ടിരിക്കുന്നത്. ക്യൂബയിൽ ആരാണ് ഭരിക്കുന്നത്? ക്യൂബയിൽ ഡെമോക്രസിയുണ്ടോ? ക്യൂബയിൽ ഫിഡൽ കാസ്ട്രോ ഭരണം അനുജനെ ഏൽപ്പിച്ചാണ് പോയത്. അതൊക്കെ മുത്തുവല്ലിമാർ വഖഫ് ബോർഡി

ലൊക്കെ സാധാരണ ചെയ്യുന്ന ഒരു പണിയാണ്. ഞാൻ പറയുന്നത് ഡെമോക്രസിയിൽ വിശ്വസിക്കുകയാണെങ്കിൽ ശരിയായ ഒരു പാർലമെന്ററി ഡെമോക്രസിയിൽ വിശ്വാസമുള്ള ഒരു പാർട്ടിയായി ഇടതുപക്ഷം മാറണം. അങ്ങനെ വരുമ്പോൾ മാത്രമേ രാജ്യത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ ശരിയായ പങ്ക് വഹിക്കാൻ നിങ്ങൾക്ക് സാധിക്കുകയുള്ളൂ എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ നയപ്രഖ്യാപനത്തെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. സി. കെ. നാണു : സർ, ഞാൻ നയപ്രഖ്യാപനത്തെ എതിർക്കുന്നു. ഇന്ത്യ സ്വാതന്ത്ര്യം നേടിയ ശേഷം ഏതെങ്കിലും ഒരു വർഷത്തിൽ സർക്കാർ ജീവനക്കാർക്ക് നൽകുന്ന ഡി.എ. കുറഞ്ഞിട്ടുണ്ടെങ്കിൽ അത് മൊറാർജി ദേശായി ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന അവസരത്തിൽ മാത്രമാണെന്ന് ഞാൻ ബഹുമാനപ്പെട്ട കെ. എൻ. എ. ഖാദറിനെ ഓർമിപ്പിക്കുകയാണ്. മൊറാർജി ദേശായിയുടെ ഭരണകാലത്ത് ഇവിടെ വിലക്കയറ്റം ഉണ്ടായില്ല. ആ ഗവൺമെന്റ് അധികാരത്തിൽ നിന്നും പോയെങ്കിലും ഏതെങ്കിലും ഒരു മേഖലയിൽ അഞ്ച് നയാപൈസ വർദ്ധിപ്പിച്ചുവെന്ന് മൊറാർജി ദേശായിക്കെതിരായി ഒരു മുദ്രാവാക്യം ഉയർന്നുവന്നില്ല. രണ്ടാമത് നമ്മൾ ഇന്ന് പാർലമെന്റ് തെരഞ്ഞെടുപ്പിനെ എങ്ങനെ സമീപിക്കണമെന്ന് ആലോചിക്കുകയാണ്. ഞാൻ താങ്കളെ ഒരു കാര്യം ഓർമിപ്പിക്കുന്നു. അടിയന്തരാവസ്ഥ കാലത്ത് ഇന്ത്യാ രാജ്യത്തെ മുസ്ലീംങ്ങൾ ഡൽഹിയിലെ ഇമാമിന്റെ നേതൃത്വത്തിൽ സഞ്ചയ് ഗാന്ധിയും കോൺഗ്രസ് നേതൃത്വവും നടത്തിയ ഭീകരതകൾക്കെതിരായി ഇന്ത്യയിലുടനീളം കൊടുങ്കാറ്റ് പോലെ ആഞ്ഞടിച്ചപ്പോൾ അധികാരത്തിനുവേണ്ടി കേരളത്തിൽ മാത്രം നിങ്ങൾ പിടിച്ചുനിന്ന കാര്യം. ഓർമിക്കണം. രാഷ്ട്രീയത്തെ സംബന്ധിച്ച് വിലയിരുത്തുന്ന അവസരത്തിൽ

ഒരു വലിയ ഘട്ടം നമ്മുടെ മുമ്പിൽ വന്നിരിക്കുന്നു. കോൺഗ്രസ് (ഐ)യും ബി.ജെ.പി.യും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസമെന്താണ്? പ്രസംഗിക്കുന്ന അവസരത്തിൽ ബഹുമാനപ്പെട്ട താങ്കൾ ആ വ്യത്യാസം പറയണം. ലോകത്ത് ആയുധങ്ങൾ വാങ്ങാൻ വേണ്ടി ഏറ്റവും കൂടുതൽ പണം ചെലവഴിക്കുന്ന രാജ്യം അമേരിക്കയാണ്. അത് കഴിഞ്ഞാൽ രണ്ടാമതോ മൂന്നാമതോ ഇന്ത്യ വരും. എൺപത് ശതമാനത്തിലധികം ആളുകൾ 20 രൂപ കൊണ്ട് ജീവിക്കുന്ന ഈ രാജ്യത്തിലെ ഗവൺമെന്റാണ് ദേശീയ വരുമാനത്തിന്റെ ഭൂരിഭാഗം അമേരിക്ക കഴിഞ്ഞാൽ ആയുധങ്ങൾ വാങ്ങാൻ വേണ്ടി ചെലവഴിക്കുന്നത്. ഇന്ത്യാ രാജ്യത്തിന്റെ പ്രധാനമന്ത്രിയായിരുന്ന മൊറാർജി ദേശായി പ്രധാനമന്ത്രിപദം ഒഴിഞ്ഞ് വീട്ടിലിരിക്കുമ്പോൾ നവാസ് ഷെറീഫ് മുംബൈയിൽ വന്ന് അദ്ദേഹത്തിന് പാകിസ്ഥാന്റെ പരമോന്നത ബഹുമതി സമ്മാനിച്ചുകൊണ്ട് എന്താണ് പറഞ്ഞത്? ഇന്ത്യയ്ക്കും പാകിസ്ഥാനുമിടയിൽ ഏറ്റവും കൂടുതൽ സൗഹൃദത്തിന്റെ അന്തരീക്ഷമുണ്ടായിരുന്നത് മൊറാർജി ദേശായി പ്രധാനമന്ത്രിയായ കാലത്താണ്. യുദ്ധത്തിന്റെ അന്തരീക്ഷം ഉണ്ടാക്കിയില്ല. ഇന്ത്യയും പാകിസ്ഥാനും ബംഗ്ലാദേശും തമ്മിലുള്ള യുദ്ധത്തിനല്ല, സൗഹാർദ്ദപരമായ അന്തരീക്ഷം ഉണ്ടാക്കാനാണ് മൊറാർജി ദേശായിയുടെ ഭരണകൂടം പരിശ്രമിച്ചത്. ന്യൂനപക്ഷങ്ങൾക്കും പിന്നോക്ക വിഭാഗത്തിനും ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കാതെ വന്നപ്പോൾ മൊറാർജി ദേശായി പ്രധാനമന്ത്രിയായിരുന്ന സമയത്ത് മണ്ഡൽ കമ്മീഷൻ ഏർപ്പെടുത്തി. ഇന്ദിരാഗാന്ധി അധികാരത്തിൽ വന്നപ്പോൾ അത് നടപ്പാക്കിയില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അത് മൊറാർജി ദേശായിയും നടപ്പാക്കിയില്ല.

ശ്രീ. സി. കെ. നാണു :സർ, ആ റിപ്പോർട്ട് സമർപ്പിക്കുന്ന അവസരത്തിൽ മൊറാർജി ദേശായിക്ക് പ്രധാനമന്ത്രി പദത്തിൽ നിന്നും മാറേണ്ടി വന്നുവെന്ന് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് മനസ്സിലാക്കണം. ഇന്ദിരാ ഗാന്ധി അധികാരത്തിൽ വന്നു. അവരും അത് നടപ്പാക്കിയില്ല. രാജീവ് ഗാന്ധി അധികാരത്തിൽ വന്നു. അദ്ദേഹവും നടപ്പാക്കിയില്ല. വി.പി. സിംഗ് അധികാരത്തിൽ വന്നപ്പോഴാണ് അത് നടപ്പാക്കിയത്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെ തകർക്കാൻ കോൺഗ്രസ് (ഐ)യുടെ വിദ്യാർത്ഥി വിഭാഗമായ എൻ.എസ്.യു.(ഐ)യും ബി.ജെ.പി.യുടെ വിദ്യാർത്ഥി വിഭാഗമായ എ.ബി.വി.പി.യും ഒരുമിച്ച് പരിശ്രമിച്ചവരാണ്. ഇന്ന് ഇന്ത്യയിൽ റാഡിയ ടേപ്പ് വന്നല്ലോ? കോൺഗ്രസ് (ഐ)യെ സംബന്ധിച്ച് ചോദിച്ചപ്പോൾ അവർ എന്താണ് പറഞ്ഞത്? അത് ഞങ്ങളുടെ ഷോപ്പാണ്. അമ്പാനിയുടെ റിലയൻസിന്റെ ആളുകളുടെ, ജിൻഡാളിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ. ഇവിടെ രാജ്യത്തിന്റെ വളർച്ചയെ സംബന്ധിച്ചൊക്കെ പറഞ്ഞു. ആരുടെ വളർച്ച? അമ്പാനിയുടെ വളർച്ച. ജിൻഡാലിന്റെ വളർച്ച. അതുപോലുള്ള ഇന്ത്യയിലെ വൻകിട കോടീശ്വരന്മാരുടെ വളർച്ച. ഒറീസയാണ് ഇന്ത്യയിൽ വരുമാനത്തിൽ ഏറ്റവും മുമ്പിൽ. പാവപ്പെട്ട ആദിവാസികൾ ഇരിക്കുന്ന സ്ഥലത്ത് അവനെ ആട്ടിയോടിച്ച് അവന് കൊടുക്കേണ്ട ഭൂമിയും അവിടെത്തെ കോൾ പോലുള്ളവയും ഇന്ത്യയിലെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ കൊള്ളയടിക്കപ്പെടുന്നു. അങ്ങനെ ഇവർ സമ്പന്നരാകുന്നു. ഇവിടെ വലിയ വലിയ തത്വശാസ്ത്രങ്ങളൊക്കെ ബഹുമാനപ്പെട്ട ഗവർണറെ കൊണ്ട് പറയിപ്പിച്ചു. ആദിവാസികൾ കേരളത്തിൽ മരിച്ചതിനെ സംബന്ധിച്ച് ഒരു വരിപോലും പറഞ്ഞില്ല. അവർക്ക് ഒന്ന് മാന്യമായി മരുന്നുകൊടുക്കാൻ ഈ സർക്കാരിന്റെ സകല യന്ത്രങ്ങളും സജ്ജമാകണം എന്നുപറഞ്ഞ് ഒരു വരി

ഗവർണറെ കൊണ്ട് പ്രസംഗത്തിൽ എഴുതിക്കാൻ നിങ്ങൾക്ക് സാധിച്ചോ? ജനങ്ങളുടെ മുമ്പിൽ നിന്നും അത് മാറ്റിയല്ലോ? എത്ര ആളുകൾ മണ്ണാർകാട്ട് മരിച്ചു. പദ്ധതികളൊക്കെ നിയമസഭാ കമ്മിറ്റിയുടെ മുമ്പാകെ വന്നത് ഞങ്ങൾ പരിശോധിച്ചപ്പോൾ കടലാസിൽ എല്ലാം ഉണ്ട്. ഇന്ന് ആദ്യമായി സംസാരിച്ച ശ്രീ. ബെന്നി ബെഹനാൻ അടക്കം ഞങ്ങൾ പോയപ്പോൾ കടലാസിലുണ്ട്. ഒന്നും അവിടെ എത്തിയിട്ടില്ല. ആദിവാസികളെ ഇന്നും നമ്മൾ വേട്ടയാടുന്നു. അതൊന്നും ഇവിടെ പറയുന്നില്ല. ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. എനിക്ക് സമയം കുറവാണ്.

<u>മി. സ്പീക്കർ</u> : സമയം കുറവല്ല. സമയം കഴിഞ്ഞു.

<u>ശ്രീ. സി. കെ. നാണു</u> : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഒരു കാര്യം ഓർമിപ്പിക്കുകയാണ്. വിനയപുരസരം ഞാൻ പറയുകയാണ്. എനിക്ക് താങ്കൾ സ്വീകരിക്കുന്ന നിലപാടുകളെ സംബന്ധിച്ച് അടിസ്ഥാനപരമായി വിയോജിപ്പുണ്ട്. നമ്മൾ സ്വാതന്ത്ര്യം സമ്പാദിച്ചിട്ട് പത്തറുപത്തിയഞ്ച് വർഷ ങ്ങളായി. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും നിയമങ്ങളുമായി ബന്ധപ്പെട്ടു കൊണ്ട് പല ഭരണപരിഷ്കാരങ്ങളും നടത്തി. ആ ഭരണപരിഷ്കാരങ്ങൾ കൊണ്ട് ഒരു സംസ്ഥാന ഗവൺമെന്റിന്റെ ഭരണത്തെ മുമ്പോട്ടുകൊണ്ടു പോകാൻ സാധിക്കില്ല. ഒരു മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും അവരുടേതായ വകുപ്പുകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്ത് ഫലപ്രദമായി മുമ്പോട്ടു പോകാൻ സാധിക്കില്ല. ഇവിടെ കുളമ്പുരോഗം നിമിത്തം അയ്യായിരത്തോളം കാലികൾ ചത്തു. കാലികൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം ലഭിക്കാൻ ബഹുമാനപ്പെട്ട താങ്കൾ ഓരോ ജില്ലയിലും വരുന്നതുവരെ കാത്തിരി ക്കണമോ? ഇവിടെ ഇന്ന് രണ്ട് സബ്മിഷൻ വന്നു. കാസർഗോട്ടും മറ്റൊരു ജില്ലയിലും പ്രകൃതിക്ഷോഭമുണ്ടായി. കൃഷിക്കാർക്ക് നഷ്ടമുണ്ടായി. നഷ്ട

പരിഹാരം ലഭിക്കണം. അതിന്റെ ആവശ്യമെന്താണ്? ഇവിടെ എത്ര കോടി രൂപ താങ്കൾ ഇതിനുവേണ്ടി ചെലവാക്കി? അതൊന്നുമല്ല. ഇവിടെ ഭരണപരമായ ഒരു പ്രശ്നം കൈകാര്യം ചെയ്യാൻ മുഖ്യമന്ത്രി മന്ത്രിമാരെ കഴിവുള്ളവരാക്കണം. അവരെക്കൊണ്ട് കാര്യങ്ങൾ ചെയ്യിക്കണം. ഞാൻ പറയുന്നത് മുഖ്യമന്ത്രി ഈ രൂപത്തിലുള്ള പരിപാടി ചെയ്യുമ്പോൾ മറ്റ് മന്ത്രിമാരെപ്പറ്റി ആർക്കാണ് വിശ്വാസമില്ലാത്തത്?

തന്റെ സഹപ്രവർത്തകരെകൊണ്ട് കാര്യങ്ങൾ ചെയ്യിക്കുന്നതിൽ വിജയിക്കുന്ന ഒരാളാണ് യഥാർത്ഥ മുഖ്യമന്ത്രി. ആ രൂപത്തിൽ ചെയ്യാൻ കഴിയാതെ ജില്ലകൾ തോറും പരിപാടി നടത്തുകയാണ്. മുഖ്യമന്ത്രിയെ കല്ലെറിയിച്ചു എന്ന് ഇവിടെ ആരോ പറഞ്ഞു.. മുഖ്യമന്ത്രിയുടെ നേർക്ക് ഒരേറ് വന്നു, അദ്ദേഹത്തിന് പരിക്കു പറ്റി, അതിനെ സംബന്ധിച്ച് എല്ലാ ശക്തിയും ഉപയോഗിച്ച് അന്വേഷിക്കണം. പക്ഷേ, എന്റെ ചോദ്യം കല്ലെറിയുന്നതിന്റെ ഒരു ഫോട്ടോ ചാനലുകളിൽ വന്നു, പോലീസ് അദ്ദേഹത്തെ വിളിച്ചു സംസാരിച്ചു. എന്തുകൊണ്ടാണ് അറസ്റ്റു ചെയ്യാത്തത്? അദ്ദേഹം ഏതോ കക്ഷിയിൽപ്പെട്ടയാളാണ്, ആർക്കുവേണ്ടി അവിടെയെത്തി, മുഖ്യമന്ത്രിയുടെ പരിപാടി നടക്കുന്നയിടത്ത് അദ്ദേഹം കല്ലെറിയുന്ന ദൃശ്യങ്ങൾ ചാനലിൽ വന്നു. മുഖ്യമന്ത്രിയുടെ നേർക്ക് കല്ലെറിഞ്ഞയാൾ ആരോ ആയിക്കൊള്ളട്ടെ, ഒരു ഫോട്ടോ വന്നാൽ എന്തുകൊണ്ട് അയാളുടെ പേരിൽ കേസ്സെടുത്തില്ല. ആ ഫോട്ടോയിലുള്ള ആളെ വിളിച്ചുവരുത്തി പോലീസുദ്യോഗസ്ഥർ സംസാരിച്ചു. അദ്ദേഹം കുറ്റവാളിയാണോ എന്ന് എനിക്കറിയില്ല. പക്ഷേ, ഗൗരവമായ ഒരു സംഭവമാണ്. ഒരു കാര്യംകൂടി ഓർമ്മിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട സ്പീക്കർ അനുവദിക്കണം. ഇവിടെ ഇടതുപക്ഷ ജനാധിപത്യ

മുന്നണി സമരത്തിൽ പരാജയപ്പെട്ടു എന്ന് ചിലർ പരിഹസിച്ചു. ഞങ്ങൾ അഭിമാനിക്കുന്നു. ഗാന്ധിജി അനുവർത്തിച്ച തരത്തിലുള്ള ഒരു സമാധാനപര മായ പ്രക്ഷോഭം ഇൻഡ്യയുടെ ചരിത്രത്തിൽ വേറെ ഏതെങ്കിലുമൊരു സംസ്ഥാനത്തു നടന്നിട്ടുണ്ടോ; തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിനു ചുറ്റും ഒന്നര ദിവസമാണെങ്കിൽ ഒന്നര ദിവസം ഗവൺമെന്റിനെതിരായി ഒരു പ്രക്ഷോഭം നടന്നിട്ട് സെക്രട്ടേറിയറ്റിന്റെ ഏതെങ്കിലും വാതിലിന്റെ ഒരു കമ്പിപോലുമിളക്കിയില്ലല്ലോ. അവരെ നിങ്ങൾ ആക്ഷേപിക്കുകയാണോ? മൂന്നുനാലു ദിവസം മുമ്പ് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞല്ലോ. ഗൺമാന് കാശു കിട്ടിയത് സംബന്ധിച്ച് ആർക്കുമറിയില്ലേ, പണമെല്ലാം തിരിച്ചുകൊടുക്കാൻ ഈ സ്ത്രീക്ക് എവിടെ നിന്നു പണം കിട്ടി എന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ചോദിച്ചു. ഞങ്ങളാണോ തോറ്റത്, നിങ്ങളല്ലേ. ജനാധിപത്യരാജ്യത്ത് ഒരു പ്രശ്നമുണ്ടായാൽ ആ പ്രശ്നമുയർത്തിപ്പിടിച്ചു കൊണ്ട് പ്രക്ഷോഭം നടത്തുന്നത് സ്വഭാവികമാണ്. സമാധാനപരമായാണ് ഞങ്ങൾ പ്രക്ഷോഭം നടത്തിയത്. ഈയൊരു പ്രശ്നം വരുമ്പോൾ ഒരു നേതാ വിന് ആവേശമാണ്. ഞാൻ ആക്ഷേപിക്കുന്നില്ല. എന്തുകൊണ്ട് അഡ്വക്കേറ്റ് ജനറൽ ഗൺമാനുവേണ്ടി ഹാജരായി. രണ്ടുമൂന്നു നേതാക്കളുടെ സത്യസന്ധ മായ നിലപാടും ഞങ്ങളുടെ പ്രക്ഷോഭവുമെല്ലാം അധികാരത്തിന് മുകളി ലുണ്ട്. ജനാധിപത്യരാജ്യത്ത് അധികാരത്തിലിരിക്കുന്നവർക്ക് ധാർമ്മികമായ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനും ന്യായമായ വസ്തുതകൾ ഉൾക്കൊ ള്ളാനും സാധിക്കാത്തതിന്റെ ഫലമായി ഞങ്ങൾ സമരം പിൻവലിച്ചു. ജയിച്ചത് ഞങ്ങളാണ്. ഈ സംസ്ഥാനത്ത് ആയിരക്കണക്കിന് ആളുകളെ അണിനിരത്തിയ സമരത്തിൽ ഒരു കുഞ്ഞിനുപോലും കല്ലേറുകൊള്ളാതെ ഒരു സർക്കാർ സ്ഥാപനത്തിന്റെ ചില്ലിനു നേരെപ്പോലും കല്ലെറിയാതെ

ഞങ്ങൾ ഉന്നയിച്ച ആവശ്യങ്ങൾ ജനങ്ങളുടെ മുമ്പാകെ, ലോകത്തിനു മുമ്പാകെ ബോദ്ധ്യപ്പെടുത്തിയ ഞങ്ങളെയാണ് ജനം അംഗീകരിച്ചത്. ഈ നയപ്രഖ്യാപനത്തെ എതിർക്കുന്നു.

ശ്രീ. പി. സി. ജോർജ്: സാർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. സാത്വികനായി നാണുവേട്ടൻ വികാരം കൊള്ളുന്നതു കാണുമ്പോൾ അദ്ദേഹത്തിനെന്തു പറ്റിയെന്ന് ഞാൻ ആലോചിക്കുകയായിരുന്നു. കാരണം സമരം വിജയിച്ചു എന്നാണ് അദ്ദേഹം പറഞ്ഞുനിറുത്തിയത്. അതെങ്ങനെയാണ് സമരം വിജയിച്ചത്. മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയെ സെക്രട്ടേറിയറ്റിൽ കയറ്റാതെ രാജിവയ്പിക്കാൻ ഇടതുപക്ഷം നടത്തിയ സമരം വിജയിച്ചു എന്ന് അവർ പറയുമ്പോഴും ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായി ഇവിടെ ഇരിപ്പുണ്ട്. അപ്പോൾ എങ്ങനെയാണ് ജയിച്ചത് എന്ന് എനിക്ക് മനസ്സിലാകുന്നില്ല, ഒട്ടും പിടികിട്ടുന്നില്ല. രാഷ്ട്രീയമായി ജയിച്ചു എന്നു പറയുന്നതിൽ കാര്യമില്ല. അല്ലെങ്കിൽ പിന്നെ നിങ്ങളുടെ സമരത്തിലെന്താണ് കാര്യം. സമരം വിജയിച്ചു എന്നു പറയുമ്പോൾ ആ സമരത്തിന്റെ റിസൾട്ടെന്താണ്? അതു പറയുകയാണ് അതിന്റെ മര്യാദ. ദിവാകരൻ സഖാവേ, പറഞ്ഞു ജയിക്കാൻ ഒരു സുഖമുണ്ട്. അങ്ങനെ പറഞ്ഞു ജയിച്ചതുകൊണ്ടുമാത്രം കാര്യമില്ല. പ്രവർത്തിയിൽ വിജയം വേണം. അതുമാത്രമേ എനിക്ക് പറയാനുള്ളൂ. തെരഞ്ഞെടുപ്പ് രംഗത്തു വരുമ്പോൾ രണ്ടു മുന്നണികളും പ്രകടന പത്രികയിൽ ചില കാര്യങ്ങൾ പറയാറുണ്ട്. അങ്ങനെ പ്രകടന പത്രികയിൽ പറയുന്ന കാര്യങ്ങൾ നടപ്പാക്കുന്നതിൽ ഒരു ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണോ, അതാണ് ഇവിടത്തെ കാര്യം. മറ്റു കാര്യങ്ങൾ വരുന്നത് പീന്നീടാണ്, മറ്റു കാര്യങ്ങൾ ചെറുതാണെന്ന് പറയുന്നില്ല. കഴിഞ്ഞ

നിയമസഭാ തെരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യ മുന്നണിക്കുവേണ്ടി അവതരിപ്പിച്ച പ്രകടന പത്രികയിൽ പറഞ്ഞ കാര്യങ്ങൾ നടപ്പാക്കുന്നതിൽ ഉമ്മൻചാണ്ടി ഗവൺമെന്റ് വിജയമാണോ പരാജയമാണോ എന്ന് പരിശോധിച്ചാൽ വിജയമാണെന്നാണ് എന്റെ അഭിപ്രായം. അവിടെയാണ് പ്രശ്നം. പ്രകടന പത്രികയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പാക്കുന്നതിൽ ശുഷ്കാന്തിയോടുകൂടി ഒരു ഗവൺമെന്റ് പ്രവർത്തിക്കുമ്പോൾ, ഒന്നൊന്നായി പ്രഖ്യാപനങ്ങൾ നടപ്പാക്കാൻ തയ്യാറാകുമ്പോൾ തീർച്ചയായും ആ ഗവൺമെന്റ് പരാജയമാണെന്ന് പറയുന്നതിനോട് യോജിക്കാൻ എളിയവനായ എനിക്ക് കഴിയില്ല. ഒരു കാര്യം കൂടി ഞാൻ സൂചിപ്പിക്കാം. എന്തു ചെയ്താലും നടപ്പാക്കാൻ കഴിയാത്തത് എന്ന് ഇന്നു രാവിലെ മുഖ്യമന്ത്രി ചോദ്യോത്തരവേളയിൽ പറഞ്ഞതുതന്നെയാണ്. ഞാനൊരു ഉദാഹരണം പറയാം. കൃഷി ഡിപ്പാർട്ട്മെന്റിൽ ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിച്ചപ്പോൾ 94-ൽ 104213 പേരോടാണ് ആയിരം രൂപ വച്ച് വാങ്ങിയത്. പ്രകടന പത്രികയിൽ അവരെയെല്ലാം പുനരധിവസിപ്പിക്കും, പരിഹാരമുണ്ടാക്കുമെന്ന് മുഖ്യമന്ത്രിയും മുന്നണിയും പ്രഖ്യാപിച്ചു. എന്നു മാത്രമല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കോൺഫറൻസ് നടത്തി അവർക്ക് കൊടുക്കുന്നതിന് ഗവൺമെന്റ് ഉത്തരവും പുറപ്പെടുവിച്ചു. കൃഷി ഡിപ്പാർട്ട്മെന്റിന്റെ ആ ഉത്തരവുമുണ്ട്. പക്ഷേ, ആ ഉത്തരവുണ്ടായിട്ടും ഇപ്പോഴെന്താണ് ഗതി? കൃഷി വകുപ്പുമന്ത്രി അറിയാൻ വേണ്ടി സൂചിപ്പിക്കുകയാണ്. നിലവിൽ സാധാരണക്കാർക്ക് കാർഷികമേഖലയിൽ യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയിൽ 50 ശതമാനം സബ്സിഡി കൊടുത്തുകൊണ്ടിരിക്കുകയാണ്. ഡിപ്പാർട്ട്മെന്റിന്റെയും മുഖ്യമന്ത്രിയു

ടെയും നിർദ്ദേശം വന്നിട്ടും കൃഷി ഡിപ്പാർട്ട്മെന്റ് ഇറക്കിയിരിക്കുന്ന ഓർഡറിൽ പറഞ്ഞിരിക്കുന്നത് 500 പേർക്ക് 25 ശതമാനം സബ്സിഡി കൊടുക്കാമെന്നാണ്. എന്തിനാണ് അങ്ങനെ ചെയ്യുന്നത്. 50 ശതമാനം സബ്സിഡി അല്ലാതെ തന്നെയുണ്ടല്ലോ. 50 ശതമാനം സബ്സിഡി ജനറൽ കാറ്റഗറിയിൽ കൊടുക്കുന്നുണ്ട്. അപ്പോഴാണ് 500 പേർക്ക് 25 ശതമാനം സബ്സിഡി കൊടുക്കുമെന്ന് കൃഷി ഡിപ്പാർട്ട്മെന്റ് പറയുന്നത്. ഇതൊക്കെ തിരുത്തണം. അതുകൊണ്ടൊന്ന് സൂചിപ്പിച്ചുവെന്നേയുള്ളൂ. ഇന്ന് നന്ദി പ്രമേയം അവതരിപ്പിച്ച ബഹുമാനപ്പെട്ട ബെന്നി ബെഹന്നാൻ പറഞ്ഞതു കേട്ടപ്പോൾ എനിക്ക് ഏറ്റവും കൂടുതൽ അഭിമാനത്തോടെ പിന്തുണയ്ക്കാൻ തോന്നിയ കാര്യമുണ്ട്. പട്ടണത്തിൽ താമസിക്കുന്ന ഞാനും പ്രതാപനുമുൾപ്പെടെയുള്ള ആളുകൾക്ക്, ഞങ്ങളുടെകൂടി ജീവിതം സുരക്ഷിതമാക്കാൻ പശ്ചിമഘട്ടം സംരക്ഷിക്കണം എന്ന് അദ്ദേഹം പറഞ്ഞപ്പോൾ എനിക്ക് വലിയ ബഹുമാനം തോന്നി. അതാണ് ഇവിടത്തെ പ്രശ്നം. നിങ്ങൾ മനസ്സിലാക്കണം, കേരള കോൺഗ്രസ്സുകാരൻ എന്ന നിലയിൽ മാത്രമല്ല കർഷകരുടെ നാട്ടിൽ നിന്നും വന്ന ഒരു എളിയ എം.എൽ.എ. എന്ന നിലയിൽ കൂടി പറയുകയാണ്. ശ്രീ. ഉമ്മൻ വി. ഉമ്മൻ, അദ്ദേഹമാണല്ലോ ഇവിടത്തെ താരം, 2013 നവംബർ 3–ലെ കലാകൗമുദിയിലെ തന്റെ ലേഖനത്തിൽ കസ്തൂരിരംഗൻ റിപ്പോർട്ടിൽ നിന്ന് കേരളത്തിന് ഒഴിയാൻ ആകില്ല എന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. കേന്ദ്ര വനം മന്ത്രാലയം തത്ത്വത്തിൽ അംഗീകരിച്ച കസ്തൂരിരംഗൻ റിപ്പോർട്ട് തിരുത്താനോ തള്ളാനോ നടപ്പാക്കാതിരിക്കാനോ കഴിയില്ല, കസ്തൂരിരംഗൻ റിപ്പോർട്ടിനെ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം രൂപീകരിക്കാൻ നിയോഗിച്ച സമിതി കൺവീനർ ഡോ. ഉമ്മൻ വി. ഉമ്മന്റെ ലേഖനമാണ്.

അങ്ങ് മനസ്സിലാക്കണം. ബഹുമാനപ്പെട്ട റോഷി അഗസ്റ്റിൻ, എം.എൽ.എ. യുടെ സബ്മിഷന് ബഹുമാനപ്പെട്ട പുതിയ വനം വകുപ്പുമന്ത്രിയുടെ മറുപടി സ്വാഗതാർഹമാണ്. അതിനോട് യോജിച്ചുകൊണ്ടാണ് ഇത് പറയുന്നത്. ബഹുമാനപ്പെട്ട ഉമ്മൻ വി. ഉമ്മൻ ഈ ലേഖനം കലാകൗമുദിയിൽ എഴുതിയപ്പോൾ ഞാൻ ഈ മാന്യനെ നേരിട്ടുപോയി കണ്ടു. ഈ ലേഖനമെഴുതിയിട്ട് എന്തിനാണ് നിങ്ങൾ ഇതിന്റെ ചെയർമാൻസ്ഥാനം വഹിക്കുന്നതെന്നും ഇത് നടപ്പാക്കാനാണ് തീരുമാനമെങ്കിൽ എന്തിന് ഈ പണി കൊണ്ടു നടക്കുന്നതെന്നും ഞാൻ അദ്ദേഹത്തോട് ചോദിച്ചു. എന്നിട്ട് അദ്ദേഹത്തോട് ഒരു കാര്യം പറഞ്ഞു. ഈ നാട്ടിൽ കൂടി നടക്കണം, ഇരിട്ടിയിലോ വയനാട്ടിലോ അട്ടപ്പാടിയിലോ ഇടുക്കിയിലോ പോയിട്ടുണ്ടോ; അവിടെ പോയി കണ്ടിട്ടാണോ ഇങ്ങനെ ലേഖനമെഴുതിയിരിക്കുന്നത് എന്ന് ചോദിച്ചു. അദ്ദേഹം ക്ഷമാപണത്തോടുകൂടി ഞാൻ പോയിട്ടില്ല, പഠിക്കാൻ പോകുകയാണെന്ന് പറഞ്ഞു. വയനാട് എം.പി.യും എം.എൽ.എ.മാരുമെല്ലാമുണ്ടായിരുന്നു, ഞങ്ങൾ ചർച്ച ചെയ്തു. ഏതായാലും ശ്രീ. ഉമ്മൻ വി. ഉമ്മൻ കണ്ണൂർ മുതൽ യാത്ര ചെയ്ത് എറണാകുളം വനമേഖലയിലേയ്ക്ക് വന്നു കഴിഞ്ഞപ്പോൾ അദ്ദേഹം തന്നെ പത്രസമ്മേളനത്തിൽ 123 പരിസ്ഥിതിലോല പ്രദേശങ്ങളെന്നതിൽ 100 വില്ലേജുകളെങ്കിലും അതിൽ നിന്നും മാറ്റം വരുത്തേണ്ടിവരുമെന്ന അഭിപ്രായം പറഞ്ഞു. അദ്ദേഹം പോയി കണ്ടതുകൊണ്ടാണ് അങ്ങനെ പറഞ്ഞത്. ഇവിടെ പരിസ്ഥിതിപ്രേമത്തിന്റെ പേരിൽ വാചകമടിക്കുന്ന മാന്യൻമാരോട് വിനയപുരസ്സരം പി. സി. ജോർജ്ജിനു പറയാനുള്ളത് ബഹുമാനപ്പെട്ട ഉമ്മൻ വി. ഉമ്മനോട് പറഞ്ഞതുതന്നെയാണ്. നിങ്ങൾ പോയി ഒന്നു കാണണം, കണ്ടിട്ട് അഭിപ്രായം പറയണം, വെറുതേ പ്രസംഗിച്ചാൽ മാത്രം പോരാ.

ഇവിടെ വളരെ വ്യക്തമായിത്തന്നെ പറയാം. ഗാഡ്ഗിൽ സമിതിയിൽ അംഗമായിരുന്ന ഡോ. കെ. എൻ. ഗണേശയ്യയുടെ നേതൃത്വത്തിലുള്ള കമ്മിറ്റി നാലര ദശലക്ഷം അമേരിക്കൻ ഡോളർ സഹായം പറ്റിയിട്ടുണ്ട്. ഒരു സംശയ വുമില്ല. റിക്കാർഡ് എന്റെ കൈവശമുണ്ട്. അതുപോലെ Salim Ali Centre for Ornithology and National History (SACORN) എന്ന കമ്മിറ്റി, അത് ഗാഡ്ഗിൽ സമിതിയുമായി ബന്ധപ്പെട്ട മറ്റൊരു പ്രസ്ഥാനമാണ്. സലിം അലി ഫൗണ്ടേഷന്റെ ഇപ്പോഴത്തെ ചെയർമാൻ ഡോ. വി. എസ്. വിജയനാണ്. അദ്ദേഹമാണ് പരിസ്ഥിതി പ്രേമിയായി ഇതു മുഴുവൻ വനമാക്കണമെന്ന് പറഞ്ഞുനടക്കുന്നത്. അദ്ദേഹവും ഗാഡ്ഗിൽ സമിതിയിലെ അംഗമാണ്. കേരള ബയോ ഡൈവേഴ്സിറ്റി ബോർഡ് ചെയർമാനായിരുന്ന അദ്ദേഹം ഗാഡ്ഗിൽ സമിതി അംഗമായപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ ഡോ. ലളിതാ വിജയൻ സക്കോണിന്റെ പ്രോജക്ട് കോ-ഓർഡിനേറ്ററായിരുന്നു. ഇതിൽ കൂടുതൽ തെളിവ് വേണോ സക്കോണിന്റെ സാമ്പത്തിക സ്രോതസ്സുകൾ അന്വേഷിക്കേണ്ടതല്ലേ? അതിൽ പറയുന്ന കാര്യങ്ങൾ അതേപടിയാണ് ഗാഡ്ഗിൽ റിപ്പോർട്ടിൽ വന്നിരിക്കുന്നത്. ഞാനൊരു റിപ്പോർട്ട് കൊടുത്തത് നടപ്പാക്കണമെന്ന് പറഞ്ഞ് ലോകം മുഴുവൻ പ്രസംഗിച്ചു നടക്കുന്ന വ്യക്തിയെ ആരെങ്കിലും കണ്ടിട്ടുണ്ടോ; ഗവൺമെന്റ് ഒരു കമ്മിറ്റിയെ വയ്ക്കും. ആ കമ്മിറ്റിയുടെ റിപ്പോർട്ട് വേണമെങ്കിൽ ഗവൺമെന്റ് സ്വീകരി ക്കും. അല്ലെങ്കിൽ തള്ളും. അതിനു പകരം ഞാനൊരു റിപ്പോർട്ട് കൊടുത്തു. ഈ റിപ്പോർട്ട് നടപ്പാക്കണമെന്ന് പ്രസംഗിച്ചു നടക്കുകയാണ്. ഇത് നടപ്പാക്ക ണമെന്ന് പറഞ്ഞ് തൊടുപുഴയിൽ അദ്ദേഹം വന്നിരുന്നു. ഇക്കാര്യത്തെക്കു റിച്ച് ഞാൻ അദ്ദേഹത്തോട് ചോദിച്ചു. പിന്നെ അന്നത്തെ ദിവസം അദ്ദേഹം

മിണ്ടിയിട്ടില്ല. അതാണ് പ്രധാനപ്പെട്ട കാര്യം. പാവപ്പെട്ട കർഷകരുടെ കാര്യം പറയുമ്പോൾ ഇവരെ നമ്മളെല്ലാവരെയും ഉപദ്രവിക്കാൻ നടക്കുന്നു എന്നാണ് പറയുന്നത്. കർഷകരുടെ കാര്യം പറയുമ്പോൾ വിഷമിച്ചിട്ട് കാര്യമില്ല. ഇടുക്കി ജില്ല ഇന്ന് കേരളത്തിന്റെ ഭാഗമായി നിൽക്കുന്നത് ഈ പാവപ്പെട്ട കൃഷിക്കാരുടെ ബുദ്ധിമുട്ട് കൊണ്ടുതന്നെയാണ്. ഗാഡ്ഗിൽ റിപ്പോർട്ടും കസ്തൂരി രംഗൻ റിപ്പോർട്ടിലുമുള്ള ഒരു കാര്യം പറയാം.

The westernghatt region of state of Kerala are by and large protected under the forest laws and other constructed creative measures adopted by the State Government. The Ecologically Fragile Area of the state have been statutorily determined under The Kerala Forest Vesting and Management of Ecologically Fragile Land Act 2003. Kerala has a total forest area of 11125.59 sq.kms. including five national parks and seven wild life sanctuaries covering 28.88 percent of the total land area of Kerala. 600 കിലോമീറ്ററിന് താഴെ നീളവും 66 കി. മീറ്റർ വീതിയും മാത്രമുള്ള കേരളത്തിൽ 28.88 ശതമാനം ഫോറസ്റ്റ് ഏരിയ ആണെന്ന് കസ്തൂരി രംഗൻ റിപ്പോർട്ട് പറയുകയാണ്. എന്നിട്ട് അദ്ദേഹം പറയുന്നത് This is greater than the national average of 19.50 എന്നാണ്. നാഷണൽ ആവറേജിനേക്കാൾ എത്രയോ കൂടുതലാണ് കേരളത്തിൽ. അതിനകത്ത് തീരദേശമുണ്ട്, തീരദേശത്തുള്ള മത്സ്യത്തൊഴിലാളികളുണ്ട്, അവിടെ തീരദേശ നിയമമുണ്ട്. മനുഷ്യന് വീടു വയ്ക്കാൻ കഴിയില്ല. ഫോറസ്റ്റ് നിയമമുള്ളതു കൊണ്ട് ജീവിക്കാൻ സാധിക്കില്ല. ഇവിടെ 44 നദികളുണ്ട്. നമ്മുടെ സ്ഥാപ

നങ്ങൾ, കെട്ടിടങ്ങൾ, സ്കൂളുകൾ, പൊതു സ്ഥാപനങ്ങൾ എല്ലാമുണ്ട്, ഇതിനകത്തുവേണം മൂന്നു കോടി 31 ലക്ഷം ജനം അധിവസിക്കേണ്ടത്. ഇതൊന്നുമറിയാതെ ഇങ്ങനെയൊക്കെ പറയുമ്പോൾ വിഷമമുണ്ടാകും, സ്വാഭാവികമായി തർക്കമുണ്ടാകും. ഞാൻ ഇ.എഫ്.എൽ. നിയമം മാറ്റിയെഴുതണം എന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഈ നിയമം തെറ്റാണ്. അന്ന് ആ നിയമത്തിനനുകൂലമായി കൈ പൊക്കിയ എം.എൽ.എ. എന്ന നിലയിൽ ദു:ഖത്തോടുകൂടി ഞാൻ അങ്ങയോട് പറയുന്നു ഈ നിയമം മാറ്റണം. ഒരു ചെറിയ ഉദാഹരണം പറഞ്ഞാൽ അങ്ങേക്ക് മനസ്സിലാകും. അട്ടപ്പാടിയിൽ അട്ടപ്പാടി വാല്യൂ ഇറിഗേഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട കുറുക്കൻമുണ്ട് എന്ന സ്ഥലത്ത് ഈയിടെ ഞാൻ പോയി. പാലക്കാട്ട് എം.എൽ.എ. ആയ ശ്രീ. എൻ. ഷംസുദ്ദീനും എന്നോടൊപ്പമുണ്ടായിരുന്നു. വളരെ പ്രധാനപ്പെട്ട കാര്യം, ചിറ്റൂർ ഡാമിനുവേണ്ടി 35 കൊല്ലത്തിനുമുമ്പ് സ്ഥലം മുഴുവൻ സർക്കാർ ജനങ്ങളിൽ നിന്ന് വില കൊടുത്തു വാങ്ങിയതാണ്. ഡാം ഒഴിച്ച് ബാക്കിയെല്ലാം അവിടെ പണിതുവച്ചിട്ടുണ്ട്. 35 കൊല്ലമായി, ഇപ്പോൾ ആ പ്രദേശം മുഴുവൻ വനമായിരിക്കുകയാണ്. കെട്ടിടങ്ങൾ മുഴുവൻ വച്ചിരിക്കുകയാണ്. എത്ര കോടി രൂപയാണ് കേരള സർക്കാരിന് നഷ്ടമായത്? ഡാം മാത്രം പണിതിട്ടില്ല. ക്വാർട്ടേഴ്സുകൾ, കെട്ടിടങ്ങൾ തുടങ്ങിയവ മുഴുവനും പണിതു വച്ചിരിക്കുകയാണ്. പക്ഷേ, ആ സ്ഥലം ഇപ്പോൾ ഫോറസ്റ്റ് പോലെയായി. കുറുക്കൻമുണ്ട് പള്ളിയിലും ഞാൻ പോയി, അവിടെ പാവപ്പെട്ട മെലിഞ്ഞ ഒരു വൈദികൻ ഉണ്ട്. 1964–ൽ പട്ടയം കിട്ടിയ ഭൂമിയാണ്. അവിടെ ഹിന്ദുക്കളാണ് കുടുതലുള്ളത്. 167 ആളുകൾ കരഞ്ഞു കൊണ്ടു വന്നുനിൽക്കുന്നു, 1964–ൽ പട്ടയം കിട്ടിയതാണ്, ഇപ്പോൾ

ഇങ്ങോട്ട് കയറാൻ ഫോറസ്റ്റുകാർ സമ്മതിക്കുന്നില്ല എന്ന് അവർ പറയുകയാണ്,. . എങ്ങനെ മുന്നോട്ടുപോകും? ഇവിടെ മൃഗങ്ങളെ തൊടാൻ പാടില്ല, കാട്ടുപന്നിയെ തൊടാൻ പാടില്ല, ആനയെയും കുരങ്ങിനെയും തൊടാൻ പാടില്ല. മനുഷ്യജീവനുമാത്രം വിലയില്ല. ഇത് ഭരണകക്ഷിയും പ്രതിപക്ഷവുമല്ല. മനുഷ്യന്റെ ജീവിതത്തിന്റെ പ്രശ്നമാണ്. മനുഷ്യനില്ലാതെ മൃഗങ്ങൾ എന്തിനാണ്? മനുഷ്യന്റെ സൗകര്യത്തിനുവേണ്ടിയാണ് മൃഗങ്ങൾ. അല്ലാതെ മൃഗങ്ങൾക്കുവേണ്ടിയല്ല മനുഷ്യർ. അമേരിക്ക ഉൾപ്പെടെയുള്ള മുതലാളിത്ത രാഷ്ട്രങ്ങളിൽ ഒരു സ്ക്വയർ കിലോമീറ്ററിൽ ഇത്ര മൃഗം വേണമെന്ന് നിയമമുണ്ട്. അതിൽ കൂടുതൽ മൃഗങ്ങളായാൽ വെടിവച്ചു കൊല്ലും. ഇവിടെ വനത്തിന് വിസ്തൃതി വർദ്ധിപ്പിച്ച് വർദ്ധിപ്പിച്ച് മനുഷ്യന് കിടക്കാൻ സ്ഥലമില്ലെന്നായി. വനത്തോട് ചേർന്ന മേഖലയിൽ ഇന്നൊരു മനുഷ്യനും ജീവിക്കാൻ സാധിക്കില്ല. ഞാൻ അട്ടപ്പാടി മേഖലയിൽ പോയിട്ടുള്ളതാണ്. പാവപ്പെട്ട ആദിവാസികളെയും അവിടത്തെ കൃഷിക്കാരെയും തമ്മിൽ തല്ലിക്കുന്ന നോഡൽ ഓഫീസർമാർ അവിടെ ഇരിക്കുന്നു എന്ന പരാതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എൻ. ഷംസുദീൻ എം.എൽ.എ.യും ആ അഭിപ്രായക്കാരനാണ്. ആദിവാസി സ്ത്രീകൾതന്നെ ഓടിച്ച് ആർ.ഡി.ഒ. ആയിരുന്ന ഒരു ഉദ്യോഗസ്ഥന്റെ പാന്റ്സ് വരെ വലിച്ചു കീറി പിടിച്ചുകെട്ടി. അയാളെ നോഡൽ ഓഫീസറാക്കി വച്ചിരിക്കുകയാണ്. അയാൾ ഇപ്പോൾ ചെയ്യുന്നതെന്താണ്? ആദിവാസികളെയും കൃഷിക്കാരെയും തമ്മിലടിപ്പിക്കുന്നതിന് ശ്രമിക്കുകയാണ്. അവിടെയുള്ള ഒരു സബ്ഇൻസ്പെക്ടറുടെ കാര്യവും ശ്രീ. ഷംസുദ്ദീൻ ഇവിടെ വിശദമായി പറഞ്ഞതാണ്. എങ്ങനെ മുന്നോട്ടുപോകും? മയിൽ ദേശീയ പക്ഷിയാണ്. കാണാൻ സൗന്ദര്യമുണ്ട്. പക്ഷേ, മയിലുകൾ പത്ത്-നൂറെണ്ണം ഒരുമിച്ച് ഒരു

പുരയിടത്തിലേയ്ക്ക് വന്നിറങ്ങിയാൽ 15 മിനിട്ടിനകം ആ കൃഷി ഭൂമിയിലുള്ള മുഴുവൻ വിളകളും നശിപ്പിക്കപ്പെടും. മയിൽ പോലും അങ്ങനെ മനുഷ്യന് ഉപദ്രവമുണ്ടാക്കുന്നു. അതിനുള്ളിലാണ് മനുഷ്യന് ജീവിക്കേണ്ടത്. പാമ്പിനെ പിടിച്ചാലും മൃഗങ്ങളെ പിടിച്ചാലും ഫോറസ്റ്റ് ഉദ്യോഗസ്ഥർ അടുത്ത് മനുഷ്യരുള്ള സ്ഥലങ്ങളിൽ കൊണ്ടുവിടും. അങ്ങനെ മനുഷ്യന് ജീവിക്കാൻ പറ്റാത്ത സാഹചര്യമുണ്ടാകുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങയിൽ മാത്രമാണ് ജനങ്ങൾക്ക് വിശ്വാസമുള്ളത്. ഞാൻ ഒളിച്ചു വക്കുന്നില്ല, നിങ്ങൾ തെറ്റിദ്ധരിക്കും. അങ്ങയുടെ വാക്കുകളിൽ വിശ്വസിച്ചുകൊണ്ടാണ് സമരമുഖത്ത് നിന്ന് ജനങ്ങൾ മാറി നില്ക്കുന്നത്. ഇടുക്കി മേഖല മാത്രമല്ല മലയോര മേഖല മുഴുവൻ ആ വികാരം ഉൾക്കൊണ്ടുതന്നെ നിൽക്കുകയാണ്. യാതൊരു തർക്കവും വേണ്ട. ആ വികാരം അണപൊട്ടി ഒഴുകുന്ന സാഹചര്യം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കാനുള്ള ബാധ്യത നമുക്കുണ്ട്. ഇത് കേരള കോൺഗ്രസ്സിന്റെ രാഷ്ട്രീയമൊന്നുമല്ല. അങ്ങനെയൊരു രാഷ്ട്രീയം എനിക്കില്ല. ഞാനാദ്യം ചെന്ന് കൃഷിഭൂമി കണ്ടു. 79 സെന്റ് സ്ഥലമുള്ള ഒരു പാവം ജാനകി എന്ന സ്ത്രീയുടെ കൃഷി മുഴുവൻ ആന നശിപ്പിച്ചിരിക്കുന്നു. ആനയെ തൊടാൻ പാടില്ല, കല്ലെറിയാൻ പാടില്ല എന്നാണ് പറയുന്നത്. എങ്കിൽ ജയിലിൽ പോകും. മനുഷ്യ ജീവനല്ലേ വില കൽപ്പിക്കേണ്ടത്. ഏതായാലും അക്കാര്യത്തിൽ പ്രത്യേകമായ ശ്രദ്ധയുണ്ടായേ മതിയാകൂ എന്നു ഞാൻ പറയുന്നു.

അതുപോലെ കാർബൺ ക്രെഡിറ്റ് ഫണ്ട് ഏതിലേയൊക്കെ പോയി എന്നുള്ളതിനെക്കുറിച്ച് അന്വേഷിക്കുന്നത് ഗവൺമെന്റിന് ഗുണകരമായിരിക്കും. കേരളത്തിലെ ജനങ്ങളെ സത്യം ബോദ്ധ്യപ്പെടുത്തി, ജനപിന്തുണ

യോടെ മുന്നോട്ടുപോകാൻ ഈ ഗവൺമെന്റിന് ആ അന്വേഷണം ഉപകരിക്കുമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട്........എന്നെക്കുറിച്ചു പറഞ്ഞ ഒരു വാക്കിന് ചെറിയ മറുപടി ...........

മി. സ്പീക്കർ: അത് പോട്ടെ.

ശ്രീ. പി. സി. ജോർജ്: ശ്രീ. ഇ.പി. ജയരാജൊക്കെ എന്റെ പേര് പരാമർശിച്ചു. എനിക്ക് ആരോടും ഒരു വിരോധവുമില്ല. ഉത്തമബോദ്ധ്യത്തോടുകൂടി, മനസ്സാക്ഷിയോടുകൂടിയാണ് ഞാൻ അവിടെ പോയത്. സർദാർ വല്ലഭായ് പട്ടേലിനെ ബി.ജെ.പി.–ക്കാർക്ക് കൊടുക്കണമോ; എനിക്ക് അങ്ങനെ ഒരഭിപ്രായമില്ല. ഞാൻ അദ്ദേഹത്തെ ബഹുമാനിക്കുന്നു. ഇതേ നിലയിൽ പോയാൽ 15 വർഷം കഴിയുമ്പോൾ സർദാർ വല്ലഭായ് പട്ടേൽ കോൺഗ്രസ്സുകാരനാണെന്ന് പറയാൻപോലും ആളെ കിട്ടാതെ വരുമല്ലോ? ഗാന്ധിജി വെടിയേറ്റു മരിച്ച് രണ്ടുമണിക്കൂറിനകം ആർ.എസ്.എസ്. എന്ന വർഗ്ഗീയ സംഘടനയെ നിരോധിക്കാൻ തന്റേടം കാണിച്ച മഹാനായ ഇന്ത്യൻ രാഷ്ട്രീയ നേതാവിന്റെ ഏത് പ്രോഗ്രാമിലും പി.സി. ജോർജ് പങ്കെടുക്കും. അതിൽ ആർക്കും എന്നെ തോൽപ്പിക്കാൻ കഴിയില്ല. ഇനിയും പങ്കെടുക്കും. യാതൊരു സംശയവും വേണ്ട. അതുകൊണ്ട് അങ്ങനെ പറയുന്നതൊന്നും ശരിയല്ല. കേരളത്തിൽ എന്താണ് പ്രശ്നം? കേരളത്തിൽ 20 സീറ്റുകളുണ്ട്. ഈ 20 സീറ്റുകളും ശ്രീമതി സോണിയ ഗാന്ധിക്ക് പിന്തുണ കൊടുക്കാനുള്ളതല്ലേ? എന്തിന് വഴുക്കുണ്ടാക്കുന്നു എന്ന് എനിക്ക് മനസ്സിലാകുന്നില്ല. നിയമസഭയിൽ വേറെ എന്തെങ്കിലും ചർച്ച ചെയ്യുകയാണ് വേണ്ടത്. പാർലമെന്റ് ഇലക്ഷൻ കേരളത്തിൽ പ്രശ്നമല്ല. 20 സീറ്റുകളിൽ കമ്മ്യൂണിസ്റ്റുകാർ ജയിച്ചാലും ഞങ്ങൾ ജയിച്ചാലും ശ്രീമതി സോണിയ ഗാന്ധിക്കല്ലേ പിന്തുണ

കൊടുക്കാൻ പോകുന്നത്; നിങ്ങൾ വഴക്കുണ്ടാക്കേണ്ട. കേരളത്തിലെ 20 സീറ്റും ശ്രീമതി സോണിയ ഗാന്ധിക്കുള്ളതാണ്. അതുകൊണ്ട് പാർലമെന്റ് ഇലക്ഷൻ രാഷ്ട്രീയം പറഞ്ഞ് ഒരു തർക്കമുണ്ടാക്കേണ്ട. അടുത്ത അസംബ്ലി ഇലക്ഷന്റെ കാര്യത്തിൽ നമുക്ക് തർക്കമുണ്ടാക്കാം എന്നുപറഞ്ഞുകൊണ്ട് ഈ നന്ദി പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. എ.എ. അസീസ്: സർ, ഞാൻ ഈ നന്ദി പ്രമേയത്തെ എതിർക്കുക യാണ്. ശ്രീ. പി.സി. ജോർജ് അവസാനം പറഞ്ഞ പൂതി മനസ്സിൽ വച്ചേക്കുക എന്നാണ് ആദ്യം സൂചിപ്പിക്കാനുള്ളത്. ശ്രീമതി സോണിയ ഗാന്ധി പ്രധാന മന്ത്രിയാകുന്നതിന് ഇവിടെ ആര് ജയിച്ചാലും തോറ്റാലും വേണ്ടില്ല എന്നു ള്ളത് ................2014-ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനും ബി.ജെ.പി-ക്കും അധികാരത്തിൽ വരാൻ സാധിക്കില്ല എന്നത് അസന്നിഗ്ദമായ ഒരു കാര്യമാണ്. ആർ.എസ്.പി ഉൾപ്പെടെയുള്ള ഇടതുപക്ഷ ജനാധിപത്യ മതേതര പുരോഗമന പ്രസ്ഥാനങ്ങൾ......... ശ്രീ. കെ.എൻ.എ. ഖാദർ ഇവിടെ സൂചിപ്പിച്ചതുപോലെ മതേതര പ്രസ്ഥാനം ഉണ്ടാകും. ആ മതേതര പ്രസ്ഥാനം നേതൃത്വം കൊടുക്കുന്ന ഒരു ഗവൺമെന്റ് രൂപീകരിക്കുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. ദേവഗൗഡ, ഐ. കെ ഗുജ്റാൾ തുടങ്ങിയവർ പ്രധാനമന്ത്രിയായപ്പോൾ എങ്ങനെയായിരുന്നു; വി.പി.സിംഗ് പ്രധാനമന്ത്രി ആയപ്പോൾ കോൺഗ്രസ്സ് പുറത്തു നിൽക്കുകയല്ലേ ചെയ്തത്. ചന്ദ്രശേഖരൻ പ്രധാനമന്ത്രി ആയപ്പോൾ കോൺഗ്രസ്സ് പിന്തുണച്ചിട്ടുണ്ടാകും പക്ഷെ........ അങ്ങനെയൊക്കെ നമ്മുടെ രാജ്യത്ത് സംഭവിച്ചിട്ടുണ്ട്. അതുപോ ലെതന്നെയാണ് 2014-ലും സംഭവിക്കാൻ പോകുന്നത്. ഏറ്റവും കൂടുതൽ എം.പി.-മാരെ തെരഞ്ഞെടുക്കുന്ന സംസ്ഥാനമായ ഉത്തർ പ്രദേശിൽ 80

പേരെയാണ് തെരഞ്ഞെടുക്കുന്നത്. അതിൽ എത്ര കോൺഗ്രസ്സ് ജയിക്കും; എത്ര ബി.ജെ.പി. ജയിക്കും; ഒന്നുകിൽ അവിടെ ശ്രീ. മുലായാം സിംഗ് യാവദ് അല്ലെങ്കിൽ ശ്രീമതി മായാവതി. ബീഹാറിൽ എത്ര കോൺഗ്രസ്സും ബി.ജെ.പി.- യും ജയിക്കും; അവിടെയും ശ്രീ. ലാലു പ്രസാദ് യാദവ് അല്ലെങ്കിൽ ശ്രീ. നിധീഷ് കുമാർ........ ഓരോ സംസ്ഥാനങ്ങളിലും നിങ്ങൾ ഒന്ന് കണ്ണോടിക്ക് തമിഴ്നാട്ടിൽ എത്ര കോൺഗ്രസ്സുകാർ ജയിക്കും; ശ്രീ. കെ. കരുണാനിധി അല്ലെങ്കിൽ ജയലളിത. ആന്ധ്രാപ്രദേശിൽ ആരാണ് വരാൻ പോകുന്നത്. **ടി.ഡി.പി.,** ഏറ്റവും കൂടുതൽ എം.പി.-മാരെ സംഭാവന ചെയ്യാൻ കഴിയുന്ന സംസ്ഥാനങ്ങൾ ഇന്ന് പ്രാദേശിക കക്ഷികളുടെ കയ്യിലാണ്. അത് കോൺഗ്രസ്സ് അറിയണം. അവിടെ കോൺഗ്രസ്സില്ല, ബി.ജെ.പി. ഇല്ല. അഞ്ച് സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് നടന്നു. കോൺഗ്രസ്സിന്റെ കയ്യിലുണ്ടായിരുന്ന ഒരു സംസ്ഥാനം ബി.ജെ.പി. പിടിച്ചെടുത്തു എന്നതൊഴിച്ചാൽ മതേതര ജനാധിപത്യ പാർട്ടികൾ ........ ഇന്ന് യു.പി.-യിൽ മതേതര പാർട്ടിയുണ്ട്. ബീഹാറിലും, തമിഴ്നാട്ടിലും മതേതര പാർട്ടിയുണ്ട്. ഇടതുപക്ഷ പ്രസ്ഥാനങ്ങൾ നേതൃത്വം കൊടുക്കുന്ന ഒരു മുന്നണി 2014-ൽ കേന്ദ്രത്തിൽ അധികാരത്തിൽ വരും. യു.പി.എ. ഗവൺമെന്റിന് ഇടതുപക്ഷത്തിന്റെ പിന്തുണയായിരുന്നുവല്ലോ; ആ പിന്തുണക്കുവേണ്ടി ശ്രീ. പി. സി. ജോർജ് ഇവിടെ സൂചിപ്പിച്ചതുപോലെ, സോണിയാജി അന്ന് ജീവിച്ചിരുന്ന സൂർജിത് സിംഗിന്റെ വസതിയിൽ കയറിയിറങ്ങുന്നത് ദൃശ്യ-മാധ്യമങ്ങളിൽ രാവിലെയും വൈകുന്നേരവും കണ്ടതല്ലേ; എന്തിനുവേണ്ടിയായിരുന്നു; 64 എം.പി. -മാരുടെ പിന്തുണയ്ക്കുവേണ്ടിയായിരുന്നു. 64 എം.പി.-മാരുടെ പിന്തുണയുണ്ടെങ്കിൽ മാത്രമേ അന്ന് യു.പി.എ. ഗവൺമെന്റിന് അധികാരത്തിൽ

വരാൻ സാധിക്കുമായിരുന്നുള്ളൂ. അങ്ങനെ കയറിയിറങ്ങേണ്ടുന്ന ഒരു സ്ഥിതിവിശേഷം ഇത്തവണയും ഉണ്ടാകുമെന്ന കാര്യം ശ്രീ. പി.സി. ജോർജ് മനസ്സിൽ വയ്ക്കണം. ശ്രീ. പ്രകാശ് കാരാട്ട്, ബർദാൻ തുടങ്ങിയ ഇടതുപക്ഷത്തിന്റെ നേതാക്കന്മാരുടെ ഓഫീസുകളിൽ കയറിയിറങ്ങേണ്ടുന്ന ഒരു സ്ഥിതിവിശേഷം ഇത്തവണയുണ്ടാകും. അതുകൊണ്ട് ഇവിടെ ഇടതുപക്ഷം പരാജയപ്പെട്ടാലും നിങ്ങൾക്ക് കേന്ദ്രത്തിൽ അധികാരത്തിൽ വരാം എന്ന വ്യാമോഹം മനസ്സിൽ വയ്ക്കുന്നതാണ് നല്ലത്. ഞാൻ ഇത്രമാത്രമേ രാഷ്ട്രീയമായി പറയുന്നുള്ളൂ. നമ്മുടെ സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം ഏറ്റവും രൂക്ഷമായ സമയത്താണ് നയപ്രഖ്യാപന പ്രസംഗം നടത്തിയത്. നിത്യോപയോഗ സാധനങ്ങളുടെ വില എങ്ങനെ നിയന്ത്രിക്കാൻ സാധിക്കും, അതിന് എന്റെ ഗവൺമെന്റ് എന്തുചെയ്യും എന്നതിനെ സംബന്ധിച്ച് ഈ നയപ്രഖ്യാപന പ്രസംഗത്തിൽ ഒന്നും പറഞ്ഞിട്ടില്ല. എന്നു മാത്രമല്ല, അഴിമതി അർബുദംപോലെ മുഖ്യമന്ത്രിയുടെ ഓഫീസുൾപ്പെടെ എല്ലാ രംഗത്തും പടർന്നുപിടിച്ചു. അതിനുദാഹരണമാണല്ലോ മുഖ്യമന്ത്രിയുടെ ഗൺമാൻ ഉൾപ്പെടെയുള്ള ഏതാനും ആളുകൾ അഴിമതിക്ക് വിധേയരായത്. മുഖ്യമന്ത്രിയും അഴിമതിയുടെ നിഴലിൽ നിൽക്കുകയാണ്. ആ അഴിമതി എങ്ങനെ അവസാനിപ്പിക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് നയപ്രഖ്യാപനത്തിൽ ഒന്നും പറഞ്ഞിട്ടില്ല. സൗദി അറേബ്യയിൽ നിതാഖാത്ത് നിയമം നടപ്പിലാക്കിയതിന്റെ ഫലമായി ലക്ഷക്കണക്കിന് ആളുകൾ മടങ്ങിവരികയാണ്. ആ ആളുകളെ എങ്ങനെ പുനരധിവസിപ്പിക്കും എന്നുള്ളതിനെക്കുറിച്ച് കാര്യമായിട്ടൊന്നും ഗവർണ്ണറെക്കൊണ്ട് നിങ്ങളുടെ ഗവൺമെന്റ് പറയിപ്പിച്ചില്ല. എന്തു ഭരണമാണ് ഇവിടെ നടക്കാൻ പോകുന്നത്; അത്തരത്തിൽ നമ്മുടെ സംസ്ഥാനത്ത് ദിനംപ്രതിയെന്നോണം ജനങ്ങളുടെ പ്രശ്ന

ങ്ങൾക്ക് പരിഹാരം കാണാൻ കഴിയാത്ത സ്ഥിതിവിശേഷവുമായി മുന്നോട്ടുപോകുകയാണ്. ഇവിടെ ശ്രീ. ബെന്നി ബെഹനാൻ ആദ്യം പ്രസംഗിച്ചപ്പോൾ സമരങ്ങൾക്ക് മാർക്കിടുകയാണ് ചെയ്തത്. സമരങ്ങൾ എല്ലാക്കാലത്തും നടക്കാറുണ്ട്. ഞങ്ങൾ ഭരിച്ചപ്പോൾ നിങ്ങൾ സമരം ചെയ്തു. അന്ന് കോൺഗ്രസ്സും യൂത്ത് കോൺഗ്രസ്സും സമരം ചെയ്തപ്പോൾ നിങ്ങൾ മതിൽ പൊളിച്ചു. ആ സമര കാലഘട്ടത്തിൽ എല്ലാ സമരങ്ങളും വിജയിച്ചോ; ആ സമരങ്ങൾക്കെല്ലാം നിങ്ങൾ മാർക്കിട്ടിരുന്നോ; അപ്പോൾ സമരങ്ങൾക്ക് മാർക്കിടുക എന്നുള്ളത് ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന് യോജിച്ചതാണോ; ട്രേഡ് യൂണിയൻ രംഗത്ത് സമരം ചെയ്യും, രാഷ്ട്രീയ രംഗത്ത് സമരം ചെയ്യും. ആ സമരങ്ങളെല്ലാംതന്നെ ജനങ്ങളെ യോജിപ്പിക്കുവാനും ഒരു വികാരം ജനങ്ങളിൽ വളർത്തിയെടുക്കുന്നതിനുമാണ്. ഇപ്പോൾ ഞങ്ങൾ നടത്തിയിട്ടുള്ള സമരങ്ങളുടെയെല്ലാം പ്രതിഫലനം നിങ്ങൾ അനുഭവിക്കാൻ പോകുന്നത് വരാൻ പോകുന്ന തെരഞ്ഞെടുപ്പിലാണ്. അതിൽ ഒരു സംശയവുമില്ല. ഞങ്ങൾ ഒരു സമരം വളർത്തിക്കൊണ്ടുവന്ന്, ആ സമരങ്ങളുടെയെല്ലാം വിജയം ആഘോഷിക്കുന്നത് 2014-ലെ ലോക്സഭാ തെരഞ്ഞെടുപ്പിലാണ്.........

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.............

ശ്രീ. എ.എ. അസീസ്: ആ തെരഞ്ഞെടുപ്പിന്റെ ഫലം വരുമ്പോൾ നിങ്ങൾക്ക് മുമ്പ് ഉണ്ടായിരുന്നതെത്രയാണോ............ രണ്ടാളുകൾ മാത്രം ഇന്ത്യൻ പാർലമെന്റിൽ ഉണ്ടായിരുന്ന പഴയ ഒരു അനുഭവം-ലീഗും വേറെയൊരു കോൺഗ്രസ്സും മാത്രമുണ്ടായിരുന്നത്. അതുപോലും ഇത്തവണ ഉണ്ടാകുമോ എന്നുള്ള കാര്യം സംശയമാണ്. അതെങ്കിലും ഉണ്ടാ

കണമെന്നുണ്ടെങ്കിൽ ഇനിയുള്ള കാലമെങ്കിലും ജനക്ഷേമപരമായ പ്രവർത്ത നങ്ങളുമായി മുന്നോട്ടുനീങ്ങണം. ഇവിടെ ധാരാളം ജനസമ്പർക്ക പരിപാടി കൾ നടത്തി. കൊല്ലത്ത് ജനസമ്പർക്ക പരിപാടിയിൽ പങ്കെടുക്കുന്നതിന് 1200 പോലീസുകാരുടെ അകമ്പടിയോടുകൂടിയാണ് മുഖ്യമന്ത്രി എത്തിയത്. 1200 പോലീസുകാരെ അണിനിരത്തിയതിനുശേഷം കൊല്ലം പട്ടണത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും അവധി നൽകി. ഇത് എന്ത് ജനസമ്പർക്കമാണ്; എന്ത് ജനകീയൻ; ഇതാണോ ജനകീയനായ ഒരു മുഖ്യമന്ത്രി; കരുത്തുണ്ടെങ്കിൽ എന്തിനാണ് 1200 പോലീ സുകാരെ അണിനിരത്തിയത്; എന്തിന് സർക്കാർ പള്ളിക്കൂടങ്ങളും സർക്കാ രാഫീസുകളും അടച്ചിട്ടു.................

മി. സ്പീക്കർ: ശ്രീ. എ.എ. അസീസ് , അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. എ. എ. അസീസ്: സർ, ഒരു മിനിറ്റുകൂടി. അഞ്ചൽ എന്ന സ്ഥല ത്തുനിന്നുംവന്ന സുശീലിന്റെ കുടുംബം– രണ്ട് മക്കൾ– തീരാരോഗികളാ യിട്ടുള്ള, അരയ്ക്കുതാഴെ തളർന്നുകിടക്കുന്ന രണ്ടാളുകൾ വലിയ പ്രതീക്ഷ യോടുകൂടി ടാക്സിയും പിടിച്ചാണ് അവർ ജനസമ്പർക്ക പരിപാടിയിൽ പങ്കെടുക്കാൻ എത്തിയത്. രാത്രി 4 മണിവരെ കാത്തിരുന്നു. അവസാനം അവരുടെ നിവേദനം സ്വീകരിച്ചത് പോലീസുകാരാണ്. പോലീസുകാർ എല്ലാം വാരിക്കെട്ടിക്കൊണ്ടുപോയപ്പോൾ നിരാശയോടെ മടങ്ങിപ്പോയ സുശീലൻ അന്നുതന്നെ തൂങ്ങിമരിച്ചു. അതിനുശേഷമാണ് അവിടെ സമരം ആരംഭിച്ചത്. ഇന്ന് വൈകുന്നേരം ആ നാട്ടിലെ പൗരന്മാർ പിരിച്ചെടുത്ത 5 ലക്ഷം രൂപ ആ കുടുംബത്തിന് നൽകുന്നുണ്ട്. അതിനുശേഷമാണ്

സർക്കാർ സഹായം നൽകാൻ തീരുമാനിച്ചത്– ഇതാണ് ജനസമ്പർക്കം. ഈ നന്ദി പ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. പി.സി. വിഷ്ണുനാഥ്: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. കേരളത്തിന്റെ വികസനത്തെ സംബന്ധിച്ച് ദീർഘവീക്ഷണമുള്ള കാഴ്ചപ്പാടുകളാണ് ബഹുമാനപ്പെട്ട ഗവർണ്ണർ നയപ്രഖ്യാപനത്തിലൂടെ ഇവിടെ അവതരിപ്പിച്ചത്. കേരളത്തെക്കുറിച്ച് ഞങ്ങൾ എന്തെങ്കിലും പറയുന്നതിനുമുമ്പ് ഇന്ത്യയിലെ പ്രശസ്തമായ ഒരു മാധ്യമം രാജ്യത്തെ സംസ്ഥാനങ്ങളെ വിലയിരുത്തി ഒരു റിപ്പോർട്ട് പുറത്തുവിട്ടു. അതിൽ ശ്രീ. നരേന്ദ്ര മോദിയുടെ –ആപ്കോ വേൾഡിനെ ഉപയോഗിച്ചിട്ടുള്ള പ്രചാരണ പ്രവർത്തനങ്ങൾ.......... സംഘ്പരിവാർ കോർപ്പറേറ്റുകളുമായി ചേർന്നുനടത്തുന്ന അജണ്ട നിലനിൽക്കുമ്പോൾ ഇന്ത്യാ ടുഡേയുടെ സർവ്വേയിൽ ശ്രീ. നരേന്ദ്ര മോദിയുടെ ഗുജ്റാത്തിനെ വികസനത്തിന്റെ കാര്യത്തിൽ നാലാം സ്ഥാനത്തേയ്ക്ക് പിന്തള്ളിക്കൊണ്ട് ശ്രീ. ഉമ്മൻ ചാണ്ടിയുടെ, ഐക്യ ജനാധിപത്യ മുന്നണിയുടെ കേരളം ഒന്നാം സ്ഥാനത്തേയ്ക്ക് വന്നു എന്നുള്ള വസ്തുത നിങ്ങളുടെ മുൻപിൽ വയ്ക്കുകയാണ്.

വികസനത്തിന്റെ കേരളം മാതൃക വളർച്ചയും തുല്യതയും സന്തുലിതമാക്കുന്നു. എം.ജി. രാധാകൃഷ്ണൻ എഴുതിയ ഒരു ലേഖനം ഇന്ത്യാ ടുഡേയിലുണ്ട്. അത് അദ്ദേഹമെഴുതിയ ലേഖനമാണ്. ആ ലേഖനം നിങ്ങൾ വായിക്കണം. നമ്മുടെ ഒരുപാട് ബുദ്ധിജീവികളേയും ബിസിനസ്സുകാരേയും പല രാഷ്ട്രീയ നേതാക്കളേയും ഒന്നിപ്പിക്കുന്ന, പല നിലപാടുകളിൽ ഒന്ന് കേരളത്തിനെക്കുറിച്ചുള്ള അസംതൃപ്തിയാണ്. മറ്റ് എല്ലാ

സംസ്ഥാനങ്ങളും വികസിച്ച് മുന്നേറുമ്പോൾ കേരളം പിന്നിൽ അലിയുകയാണെന്നതാണ് മിക്ക മദ്യവർഗ്ഗ ഉപരിവർഗ്ഗ സ്വീകരണ മുറികളിലേയും ഈ വിഭാഗം മേധാവിത്വം വഹിക്കുന്ന മാധ്യമങ്ങളിലേയും സ്ഥിരം പരിദേവനം. അതിനാൽ സംസ്ഥാനങ്ങളുടെ അവസ്ഥ സംബന്ധിച്ച് ഇന്ത്യാ ടുഡേയുടെ ഇക്കൊല്ലത്തെ വാർഷിക സർവ്വേയിൽ, ഇന്ത്യയിൽ ഏറ്റവും വളർച്ച നേടിയ വലിയ സംസ്ഥാനമായി കേരളം തെരഞ്ഞെടുക്കപ്പെടുമ്പോൾ വിശ്വസിക്കാൻ കേരളീയർക്ക് തന്നെ അൽപ്പം വിഷമമായേക്കുമെന്ന് നിങ്ങളെക്കൂടി ഉദ്ദേശിച്ചിട്ടായിരിക്കാം അദ്ദേഹം എഴുതിയിരിക്കുന്നത്. അദ്ദേഹം മാത്രമല്ല, 2013 ഡിസംബർ 18-ാം തീയതി ഹിന്ദു ദിനപത്രത്തിൽ ലോകത്തെ പ്രശസ്തനായ സാമ്പത്തിക ശാസ്ത്രജ്ഞൻ, ശ്രീ. അമർത്യാസെൻ എഴുതിയ ലേഖനത്തിന്റെ ഒരു ഭാഗം മാത്രം ഞാൻ വായിക്കാം. ആ ലേഖനത്തിന്റെ ഒരു വശത്ത് അദ്ദേഹം പറയുകയാണ്, ‘And this whole idea that the government cannot do anything, you have to look at the examples of TamilNadu, Kerala and Himachal Pradesh. ........it has the highest disposable income per capita in India. The same thing that improves the quality of your life also enhances the economic development. And that story you will not hear. You will hear that [Narendra] Modi has brought such transformation that his State’s growth rate is much higher than [that of] the others.’ ശ്രീ. അമർത്യാസെൻ പറയുന്നു, നിങ്ങൾ പോകൂ, കേരളത്തിലേയ്ക്ക് നോക്കൂ, ഗുജറാത്തിലല്ല വികസനം കേരളത്തിലാണ്. അവിടെപോയി നോക്കി മനസ്സിലാക്കൂവെന്ന് ശ്രീ. അമർത്യാസെൻ പറയു

മ്പോൾ നേബേൽ സമ്മാനം ലഭിച്ച ഇക്കണോമിസ്റ്റ് നമ്മുടെ നാടിനെക്കുറിച്ച് പറഞ്ഞതല്ലേ? അതെങ്കിലുമൊന്ന് അംഗീകരിച്ചു കൂടേ. ശ്രീ. പി.സി. വിഷ്ണുനാഥ് എന്ന നിരപരാധി പറഞ്ഞതിനെ നിങ്ങൾ അംഗീകരിക്കേണ്ട. നയപ്രഖ്യാപന പ്രസംഗത്തിന്റെ മൂന്നാമത്തെ പേജിൽ പറയുന്നത് ആസൂത്രിത വളർച്ചാനിരക്കായ 7.5 ശതമാനം അടിസ്ഥാനമാക്കി, മുന്തിയ പുരോഗതി കൈവരിച്ച നോർഡിക് രാജ്യങ്ങളുടെ അതേ നിലവാരത്തിലേക്ക് 2040-ഓടെ കേരളത്തെയും എത്തിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. നോർഡിക് രാജ്യങ്ങളായ നോർവേയും ഫിൻലാന്റും ഇന്ന് ലോകമൊട്ടാകെ ഏറെ ശ്രദ്ധിക്കപ്പെടുന്ന രാജ്യങ്ങളാണ്. ഫിൻലാന്റ് എന്ന് പറയുന്ന ചെറിയ രാജ്യത്തിലാണ് 'നോക്കിയ' എന്ന് പറയുന്ന വലിയ മൊബൈൽ കമ്പനിയുള്ളത്. നോർവെയും ഫിൻലാന്റും ചേരുന്ന നോർഡിക് രാജ്യങ്ങൾ നമ്മുടെ രാജ്യവുമായി സമാനതകളുണ്ട്. ഒന്ന്, അത് വളരെ ചെറിയ രാജ്യമാണ്. രണ്ട്, ആ രാജ്യങ്ങൾ രണ്ടും കോളനികളായിരുന്നു. നോർവേ ഡെൻമാർക്കിന്റെ കോളനിയായിരുന്നു. ഫിൻലാന്റ് സാർ ചക്രവർത്തിമാരുടെ കാലത്തെ റഷ്യയുടെ കോളനിയായിരുന്നു. ഈ രാജ്യങ്ങളുടെ മാതൃക എന്തുകൊണ്ടാണ് ശ്രദ്ധേയമാകുന്നത്? better development, better democracy, least disparity. കേരള മോഡൽ അമേരിക്കയുടെ മേഡലല്ല. കേരള മോഡൽ ജനാധിപത്യമില്ലാത്ത ചൈനയുടെ ഏകാധിപത്യ മോഡലല്ല. ക്യൂബയുടെയും മോഡലല്ല. ഇവിടെ ബഹുമാന്യനായ കെ.എൻ.എ. ഖാദർ സൂചിപ്പിച്ചത്. ഫിദൽ കാസ്ട്രോ മാറിയാൽ റൗൾ കാസ്ട്രോ, കിംഗ് ജോൺ അല്ലെങ്കിൽ കിംഗ് ജോൺ ഉൻ. ഞാൻ പറഞ്ഞത് ജനാധിപത്യത്തിന്റെ better

democracy ഇല്ലാത്ത, തെരഞ്ഞെടുപ്പില്ലാത്ത ആ രാജ്യങ്ങളുടെ മാതൃകയല്ല. അമേരിക്കയിലെ തെരഞ്ഞെടുപ്പുകളിൽ മാത്രമല്ല എല്ലാ തെരഞ്ഞെടുപ്പു കളിലും മാൽ പ്രാക്ടീസ് ഉണ്ടാകുന്നുവെന്നുള്ള വാർത്തകളുണ്ട്. ഈ രാജ്യങ്ങളുമായി ആ മാതൃക നമ്മൾ സ്വീകരിക്കുകയാണ്. വെൽഫെയർ സ്റ്റേറ്റ് എന്നൊരു കൺസെപ്റ്റ് നമ്മൾ എടുക്കുകയാണ്. അതിന്റെ ഭാഗമായിട്ടുള്ള കാര്യങ്ങൾ ചെയ്യുകയാണ്. നമുക്ക് മഹാബലി ഉള്ളതു പോലെയാണ് അവിടെ സെയിൻ നിക്കോളാസ് എന്ന ബിഷപ്പ് സാന്റാ ക്ലോസായി മാറിയത്. ആ സങ്കൽപ്പങ്ങളുടെ അടിസ്ഥാനത്തിൽ ഇപ്പോഴുള്ള 7 ശതമാനം വളർച്ചാനിരക്ക് നിലനിർത്തി കേരളം മുന്നോട്ടുപോകുമ്പോൾ 2040 ആകുമ്പോൾ നോർഡിക് രാജ്യങ്ങളുടെ വളർച്ചാനിരക്കിന്റെ നിലവാര ത്തിലേയ്ക്ക് ഈ സംസ്ഥാനത്തെ കൊണ്ടുപോകുന്ന ദിശാബോധമുള്ള ഒരു ഗവൺമെന്റിന്റെ നയപ്രഖ്യാപനവും പ്രവർത്തനവുമാണ് ഗവർണ്ണർ ഇവിടെ അവതരിപ്പിച്ചത്. വെൽഫെയർ സ്റ്റേറ്റ് കൺസെപ്ടിൽ നിന്നുകൊണ്ടാണ് ബഹുജനസമ്പർക്ക പരിപാടി മുഖ്യമന്ത്രി നടത്തിയത്. നിങ്ങൾ പറ യുന്നതുപോലെ ആനുകൂല്യവിതരണമല്ല. ഇതൊരു ലേണിംഗ് എക്സ്പീരി യൻസാണ്. അദ്ദേഹം പഠിക്കുകയാണ്. ആ പഠനത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനങ്ങളെടുക്കുകയാണ്. നിങ്ങൾക്ക് അറിയാമല്ലോ. പെൻഷൻ എന്ന് പറയുന്നത് അതിലേറ്റവും പ്രധാനപ്പെട്ട കാര്യമാണ്. എന്റെ ജില്ലയായ, ആല പ്പുഴ ജില്ലയിൽ ജനസമ്പർക്ക പരിപാടിയിൽ അപേക്ഷിച്ച എല്ലാ പേർക്കും പെൻഷൻ കൊടുത്ത രാജ്യത്തെ ആദ്യത്തെ ജില്ലയായി മാറി. കഴിഞ്ഞ വർഷം മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്ക് ശേഷം പ്രധാനപ്പെട്ട മൂന്ന് ഉത്തരവുകൾ ഇറങ്ങി. അതിൽ ഒന്ന്, വാർദ്ധക്യകാല

പെൻഷന് 65 വയസ്സ് എന്നുള്ളത് 60 വയസ്സാക്കി കുറച്ച ഉത്തരവാണ്. രണ്ട്, പ്രായപൂർത്തിയായ ആൺ മക്കളുള്ള അമ്മമാർക്ക് വാർദ്ധക്യകാല വിധവാപെൻഷൻ കൊടുക്കുന്ന ഉത്തരവാണ്. മൂന്ന്, എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ ആ ഉത്തരവിന്റെ ഒരു ബുക്ക് പബ്ളിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിന്റെ കയ്യിലുണ്ട്. ഈ പ്രസംഗം അവസാനിക്കുമ്പോൾ ഞാൻ ആ ഉത്തരവ് തന്നേയയ്ക്കാം. എന്നാണ് ഇറങ്ങിയത് എന്നുള്ളത് ആ ഉത്തരവ് നോക്കിയതിനുശേഷം അടുത്ത പ്രാസംഗികനെ കൊണ്ട് പറയിപ്പിച്ചാൽ മതി. വരുമാന പരിധി 3 ലക്ഷമാക്കി ഉയർത്തിയത് എന്നാണെന്ന്. ഈ രാജ്യത്തെ പാവപ്പെട്ടവർക്കും സാധാരണക്കാർക്കും പെൻഷൻ കൊടുക്കാൻ നടപടികൾ സ്വീകരിച്ചു. ജനസമ്പർക്ക പരിപാടിക്ക് മുമ്പൊരു കാര്യമുണ്ടായിരുന്നു. ഭർത്താവ് നഷ്ടപ്പെട്ട സ്ത്രീകൾക്ക് സർക്കാരിൽ നിന്നും ആനുകൂല്യം ലഭിക്കണമെങ്കിൽ വില്ലേജ് ഓഫീസർ അവർ പുനർ വിവാഹം കഴിച്ചിട്ടില്ലായെന്ന് മൂന്ന് മാസത്തിനകമുള്ള ഒരു സർട്ടിഫിക്കറ്റ് നൽകണമായിരുന്നു. വില്ലേജ് ഓഫീസിൽ വിധവകളായ അമ്മമാരും സഹോദരിമാരും പോകണമായിരുന്നു. ഈ ഗവൺമെന്റ് കഴിഞ്ഞ ജനസമ്പർക്ക പരിപാടിക്ക് ശേഷം ഒരു ഉത്തരവിറക്കി. ഭർത്താവ് മരിച്ച സ്ത്രീകൾക്ക് സർക്കാരിൽ നിന്നും ആനുകൂല്യം ലഭിക്കാൻ പുനർ വിവാഹം കഴിച്ചൂവെന്ന് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് വേണ്ട. ഒരു വെള്ളക്കടലാസ്സിൽ ഒപ്പിട്ടു കൊടുത്താൽ മതി. അത് അംഗീകരിക്കുന്ന ഒരു ഗവൺമെന്റ് ഈ സംസ്ഥാനത്തുണ്ടായിട്ടുണ്ട്. ഈ നന്മകളെ നിങ്ങൾ കാണണം. നിങ്ങൾ കാണാതെ പോയതാണിത്. ശ്രീ. കെ.എം. മാണി സാറിന്റെ മനസ്സിൽ വന്ന ‘കാരുണ്യപദ്ധതി’ പോലെയുള്ള ഒരു പദ്ധതി ഇന്ത്യയിലെ ഏതെങ്കിലും ഒരു സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളതായി കാണിച്ചു

തരാൻ കഴിയുമോ? 250 കോടി രൂപ 25,000 പേർക്ക് കൊടുത്തു. നിങ്ങൾക്ക് കഴിഞ്ഞോ? നിങ്ങൾ അധികാരത്തിലിരിക്കുമ്പോൾ സാന്റിയാഗോ മാർട്ടിന്റെ അനുജൻ കെന്നഡിക്ക് വേണ്ടി നടത്തിയ അതേ ലോട്ടറിയാണ് ഈ രാജ്യത്തെ ക്യാൻസർ രോഗികൾക്കും ഡയാലിസിസ് ചെയ്യുന്ന രോഗികൾക്കും പാവങ്ങൾക്കും വേണ്ടി കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞത്. നിങ്ങൾക്ക് കഴിഞ്ഞില്ല. നിങ്ങൾക്ക് പശ്ചാത്താപമുണ്ട്. കുറ്റബോധവുമുണ്ട്. ഇവിടെ നിൽക്കുമ്പോൾ ഞങ്ങൾക്ക് അത് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ഇവിടെ ശ്രുതിതരംഗം 'കോക്ലിയർ ഇംപ്ലാന്റേഷൻ' 'ആരോഗ്യ കിരണം' 'താലോലം' എന്നീ പദ്ധതികൾ നിങ്ങൾക്ക് നടപ്പിലാക്കാൻ സാധിച്ചോ? ഇതെല്ലാം നടപ്പിലാക്കാൻ കഴിഞ്ഞ ഒരു ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തെ ഏറ്റവും കുറഞ്ഞ പക്ഷം പരിഹസിക്കാതിരിക്കണം, പുച്ഛിക്കാതിരിക്കണം അതിനുള്ള ഒരു സാമാന്യ ജനാധിപത്യ മര്യാദ നിങ്ങൾ കാണിക്കണം. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നിങ്ങൾക്ക് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. നിങ്ങൾ ഭൂമി കൊടുത്തത് ആർക്കൊക്കെയാണ്? നിങ്ങൾ റിയൽ എസ്റ്റേറ്റ് കമ്പനികൾക്ക് കൊടുത്തു. ബ്ലൂസ്റ്റാർ റിയർ എസ്റ്റേറ്റിന് എച്ച്.എം.ടി.യുടെ ഭൂമി കൊടുത്തു. തോന്നിയവാസമാണെന്ന് നിങ്ങൾക്ക് ഇപ്പോൾ തോന്നുന്നുണ്ടല്ലോ? അന്നേരം തോന്നിയവാസമാണെന്ന് പറയേണ്ടതായിരുന്നല്ലോ. ഭൂമി കൊടുത്തത് തോന്നിയവാസമാണെന്ന് ഇപ്പോൾ പറഞ്ഞിട്ട് കാര്യമില്ല. .ബ്ലൂസ്റ്റാർ റിയൽ എസ്റ്റേറ്റിന് ഭൂമി കൊടുത്തത് അന്ന് പറയണമായിരുന്നു. ഇപ്പോൾ എന്നോട് പറഞ്ഞിട്ട് കാര്യമില്ല. അത് ഞാനാണോ കൊടുത്തത്. ആ ക്ഷേമ രാഷ്ട്ര സങ്കൽപ്പം എന്താണ്; നിങ്ങൾ പറഞ്ഞു, ഞങ്ങൾ സ്വകാര്യ മേഖലയുടെ ആളുകളാണെന്ന്. നിങ്ങൾ പൊതു മേഖലയുടെ ആളുകളാണ്.

പക്ഷെ സർക്കാർ മേഖലയിൽ ഒരൊറ്റ മെഡിക്കൽ കോളേജ് നിങ്ങൾക്ക് കൊടുക്കാൻ കഴിഞ്ഞില്ല.

മഞ്ചേരിയിൽ മെഡിക്കൽ കോളേജിന്റെ ഉദ്ഘാടനം കഴിഞ്ഞു. പാലക്കാട്, കോന്നി, ഇടുക്കി, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിൽ അതിന്റെ പ്രവർത്തനം ആരംഭിച്ചു. ക്ഷേമരാഷ്ട്ര സങ്കല്പമാണ് നടപ്പിലാക്കുന്നത്. നിങ്ങൾക്കിത് നടപ്പിലാക്കാൻ കഴിയാത്തതിൽ പശ്ചാത്താപവും കുറ്റബോധവുമുണ്ടെന്ന് എനിക്കറിയാം. പക്ഷേ നിങ്ങൾ ഇതിനെ അംഗീകരിക്കുകയും പിന്തുണയ്ക്കുകയും ചെയ്താൽ നിങ്ങൾ ജനങ്ങളിൽനിന്ന് ഒറ്റപ്പെട്ടുപോകില്ല. ഇരിട്ടി, പട്ടാമ്പി, ചാലക്കുടി, കൊണ്ടോട്ടി, ഇടുക്കി എന്നീ താലൂക്കുകൾ രൂപീകരിച്ചു. വർക്കല താലൂക്ക് ഉദ്ഘാടനം ചെയ്യാൻ പോകുന്നു. നിങ്ങളുടെ റവന്യൂ മന്ത്രി ശ്രീ. കെ.ഇ. ഇസ്മായിൽ പട്ടാമ്പിയിലുണ്ടായിരുന്നിട്ടും ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് പട്ടാമ്പിയിലെ എം.എൽ.എ ആയിരുന്നിട്ടും നിങ്ങൾക്ക് താലൂക്ക് രൂപീകരിക്കാൻ കഴിഞ്ഞില്ല. ഇച്ഛാശക്തിയുള്ളൊരു ഗവൺമെന്റിന് പ്രഖ്യാപനം മാത്രമല്ല, അത് നടപ്പിലാക്കി അഭിമാനത്തോടുകൂടി തല ഉയർത്തിപ്പിടിച്ചാണ് ഞങ്ങൾ ഈ നിയമസഭയിലേയ്ക്ക് കടന്നുവന്നതെന്ന് നിങ്ങൾ തിരിച്ചറിയണം. കോളേജിന്റെ കാര്യം ഞാൻ പറഞ്ഞല്ലോ. കോളേജ് യു.ഡി.എഫ്–ന്റെ എം.എൽ.എ.–മാർക്കല്ല കൊടുത്തത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ നല്ല നിയമസഭാ സാമാജികനും രാഷ്ട്രീയ നേതാവും ഇന്ത്യയിലെ ഒരു പ്രധാനപ്പെട്ട രാഷ്ട്രീയപ്പാർട്ടിയുടെ പോളിറ്റ് ബ്യൂറോ മെമ്പറുമാണ്. പുതിയ കോളേജ് അനുവദിച്ചു, അദ്ദേഹത്തിന് അഭിവാദ്യങ്ങൾ എന്ന ഫ്ളക്സ് ബോർഡ് തലശ്ശേരിയിൽ കണ്ടിരുന്നു. അതിൽ മുഖ്യമന്ത്രിയുടെയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും ചിത്രം കൂടി ഉൾപ്പെടുത്തിയാൽ കുഴപ്പമി

ല്ലായിരുന്നു. എന്തായാലും അദ്ദേഹം വച്ചല്ലോ. അവിടെ ഒരു കോളേജ് വന്നത് നാട്ടുകാർ അറിയട്ടെ. നാദാപുരത്തും തൃത്താലയിലും മണ്ണാർകാടും കൊണ്ടോട്ടിയിലും സർക്കാർ കോളേജുകൾ വന്നു. ഈ ഗവൺമെന്റ് പ്രവർത്തിക്കുന്ന ഗവൺമെന്റാണ്. കഴിഞ്ഞ വർഷം പറഞ്ഞെങ്കിൽ ഈ വർഷം ആ കോളേജുകളുടെയെല്ലാം ഉദ്ഘാടനം നടത്തിയിട്ടാണ് ഞങ്ങൾ നിയമസഭയിലേയ്ക്ക് വരുന്നത്. ഞങ്ങൾ വെറുതെ പറയുന്ന ഗവൺമെന്റല്ല. ഞങ്ങൾ പറയുന്നത് പ്രവർത്തിക്കുന്ന ഗവൺമെന്റാണെന്ന് കേരളത്തിലെ ജന ങ്ങൾക്ക് കാണിച്ചുകൊടുത്തിട്ടാണ് ഞങ്ങൾ ഇവിടെ വന്നത്. ഞങ്ങളെക്കുറിച്ച് നിങ്ങൾക്ക് വലിയ താല്പര്യമാണ് എന്ന കാര്യത്തിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ബഹുമാനപ്പെട്ട ശ്രീ. ഇ.പി. ജയരാജനുൾപ്പെടെയുള്ളവർ കോൺഗ്രസ് നന്നാകണമെന്ന് ആഗ്രഹമുള്ളവരാണ്. കോൺഗ്രസിൽ എന്തെ ങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അത് പരിഹരിച്ച് തെരഞ്ഞെടുപ്പിനെ നേരിടണ മെന്ന ആ നല്ല മനസ്സിനെ ഞാൻ അഭിനന്ദിക്കുകയാണ്. നിങ്ങൾ ഞങ്ങളോടു കാണിക്കുന്ന ഈ സ്നേഹത്തിനുമുന്നിൽ ഞാൻ ശിരസ്സ് കുനിക്കുകയാണ്. 5 വർഷത്തിനിടയിൽ യു.ഡി.എഫ് പരാജയപ്പെട്ട ഏതെങ്കിലും തെരഞ്ഞെടു പ്പുണ്ടോ? പാർലമെന്റിൽ 16 സീറ്റിൽ ജയിച്ചു, തദ്ദേശസ്വയം ഭരണ സ്ഥാപന ങ്ങളിൽ 70 ശതമാനം ജയിച്ചു. ഇടുക്കിയിൽ പ്രതിപക്ഷത്തുള്ള ഒരു ജില്ലാപ ഞ്ചായത്ത് മെമ്പറെങ്കിലുമുണ്ടോ? പ്രതിപക്ഷ നേതാവില്ലാത്ത കേരളത്തിലെ ജില്ലാ പഞ്ചായത്താണ് ഇടുക്കി ജില്ലാ പഞ്ചായത്ത്. എല്ലാവരും യു.ഡി.എഫ് കാരാണ്. മൂന്ന് ബൈ ഇലക്ഷനുകളിൽ ആലപ്പുഴ ഞങ്ങൾ ജയിച്ചു, എറണാ കുളം ശ്രീ.ഡൊമിനിക് പ്രസന്റേഷനും കണ്ണൂരിൽ ശ്രീ. എ.പി. അബ്ദുള്ളക്കു ട്ടിയും ജയിച്ചു. അതിനുശേഷം നിയമസഭ തെരഞ്ഞെടുപ്പിലും ഞങ്ങൾ ജയി

ച്ചു. പിറവത്തും നെയ്യാറ്റിൻകരയിലും നടന്ന തെരഞ്ഞെടുപ്പുകളിലും ഞങ്ങൾതന്നെ ജയിച്ചു. കഴിഞ്ഞ ആഴ്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടന്ന ബൈ ഇലക്ഷനിൽ 14 സ്ഥലത്തും ഞങ്ങൾ ജയിച്ചു. 8 സ്ഥലത്ത് നിങ്ങൾ ജയിച്ചു. നിങ്ങൾ ജയിപ്പിച്ച ഒരു സമരത്തിന്റെ പേര് പറയാമോ? കോൺട്രിബ്യൂട്ടറി പെൻഷൻ സമരം – നിങ്ങൾ അർദ്ധരാത്രിയിൽ മാണി സാറിനെ വിളിച്ചുണർത്തി മാണിസാറുമായി മുഖ്യമന്ത്രിയുടെ വീട്ടിൽപോയി 12.30 മണിക്ക് സമരം പിൻവലിച്ചു. പിറ്റേ ദിവസം മലപ്പുറത്ത് സംസ്ഥാന സ്കൂൾ യുവജനോത്സവം ആരംഭിക്കുന്നതിനാൽ 10.30–ന് രാജധാനി എക്സ്പ്രസിൽ പ്രധാന നേതാക്കളെല്ലാം പോയിരുന്നു. ആ സമരം പരാജയപ്പെട്ടു. അതിനുശേഷം ഭൂസമരം നടത്തി. നനഞ്ഞ പടക്കം എന്നു പറഞ്ഞാൽ ആ പ്രയോഗം ദുർബലമായിപ്പോകും എന്നതുകൊണ്ട് ആ പ്രയോഗം ഞാൻ ഉപയോഗിക്കുന്നില്ല. അതിനുശേഷം അടുപ്പുകൂട്ടി സമരം ദയനീയമായി പരാജയപ്പെട്ടു. ഒന്നാം ലോക മഹായുദ്ധം രണ്ടാംലോക മഹായുദ്ധം എന്ന് പറയുന്നതുപോലെ നിങ്ങളുടെ ഒന്നാം രാപ്പകൽ സമരം കുടുംബശ്രീക്കാരെ കൊണ്ടായിരുന്നു. രണ്ടാം രാപ്പകൽ സമരവും മുഖ്യമന്ത്രി രാജി വയ്ക്കാതെ അവസാനിപ്പിക്കില്ലെന്ന് പറഞ്ഞു. മുഖ്യമന്ത്രി രാജിവച്ചിട്ടാണോ നിങ്ങൾ സമരം പിൻവലിച്ചത്? ഈ സമരം പിൻവലിക്കുന്നത് ഇതിനെക്കാൾ വലുത് വരാനിരിക്കുന്നതുകൊണ്ടാണെന്ന് പറഞ്ഞു. ഒരു ലക്ഷം പേരുടെ ഉപരോധം ദുരൂഹമായ കാരണങ്ങളാൽ അവസാനിപ്പിക്കുകയുണ്ടായി. ഞാനൊരു സാധാരണ നിയമസഭാസാമാജികനായതുകൊണ്ട് കാരണം എനിക്കറിയില്ല. അതിനുശേഷം ഒന്നര മാസത്തെ തയ്യാറെടുപ്പുമായി ക്ലിഫ് ഹൗസിലേയ്ക്ക് വരികയാണെന്ന് പറഞ്ഞു. കേരളത്തിലെ സ്ത്രീകൾ ചൂല് എടുക്കുക

യാണെന്ന് ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രതിപക്ഷനേതാവ് പറഞ്ഞു. പിറ്റെ ദിവസം ഒരു സ്ത്രീ അവിടെ ചൂല് എടുക്കുകയും സമരം അവസാനിക്കു കയും ചെയ്തു. കടകംപള്ളി സുരേന്ദ്രൻ പോലീസുകാരോട് 'നമ്മളെ ചീത്ത വിളി കേൾപ്പിച്ചപ്പോൾ നിങ്ങൾക്കിപ്പോൾ സമാധാനമായല്ലോ' എന്ന് ചോദി ക്കുന്നത് ടിവിയിൽ കാണുകയുണ്ടായി. ആ സമരം ദയനീയമായി നിങ്ങൾക്ക് അവസാനിപ്പിക്കേണ്ടി വന്നു. കഴിഞ്ഞ സഭയിൽ ബഹളം വച്ച് പുറത്തു പോയത് പുറത്തു കാണിക്കാം എന്നുപറഞ്ഞാണ്. പുറത്തെ സമരം തീർന്ന പ്പോൾ അകത്ത് കാണിക്കാമെന്നാണ് പറയുന്നത്. അകത്തുനിന്ന് പുറത്തോട്ട് പോകുമ്പോൾ പുറത്ത് കാണിക്കാമെന്നും പുറത്തുനിന്ന് അകത്തോട്ട് വരു മ്പോൾ അകത്ത് കാണിക്കാമെന്നും പറയുന്നതല്ലാതെ ഒന്നും കാണുന്നില്ലെ ന്നുള്ളതാണ് വസ്തുത. ആ സത്യം നിങ്ങൾ അംഗീകരിക്കണം, ഉൾക്കൊള്ള ണം. നിങ്ങളുടെ പ്രശ്നമല്ല. കാരണം കേരളത്തിലെ ജനങ്ങളുടെ മാനസികാ വസ്ഥ നിങ്ങൾ മനസിലാക്കിക്കഴിഞ്ഞു. ഈ ഗവൺമെന്റിനോട് ജനങ്ങളുടെ സമീപനം തിരിച്ചറിയാനുള്ള വിവേകം നിങ്ങളുടെ നേതാക്കൻമാർക്കുണ്ടായി ക്കഴിഞ്ഞു എന്ന തിരിച്ചറിവാണ് ഈ തീരുമാനങ്ങളെടുപ്പിക്കുന്നത്. വേലി യിൽകിടന്ന അനാകോണ്ടയുടെ കാര്യം പറഞ്ഞതുപോലെ ആയിപ്പോയി പാല ക്കാട് നടന്ന പ്ലീനം. പ്ലീനത്തിനുമുമ്പുള്ളതിനേക്കാൾ ദയനീയമായിരുന്നു പ്ലീനത്തിനുശേഷം. സോഷ്യൽ മീഡിയ സ്ഥിരമായി നോക്കുന്നവർക്കറിയാം പ്ലീനത്തിനുശേഷം മലയാളത്തിൽ 'പ്ലീനിതനായി' എന്ന ഒരു പുതിയ വാക്കു ണ്ടായി. പ്ലീനിതനായി എന്നത് എന്താണെന്ന് ആളുകൾക്ക് മനസിലായില്ല. അപ്പോഴാണ് ശ്രീ. ഇ.പി. ജയരാജൻ പത്രക്കാർക്കുമുമ്പിൽ എങ്ങനെയാണ് പ്ലീനത്തിനുശേഷം പ്ലീനിതനാകേണ്ടത് എന്നത് സംബന്ധിച്ച് ഒരു ഡെമോ

ദൃശ്യമാധ്യമങ്ങൾക്കുമുന്നിൽ കാണിച്ചുകൊടുത്തു. എന്നിട്ടും മനസിലാകാത്തവർക്കായി ബേബി ജോൺ നന്തൻകോട് ജംഗ്ഷനിൽ 'എങ്ങനെ പ്ലീനിതനാകാം' എന്നത് സംബന്ധിച്ച് വിശദമായ ഒരു ക്ലാസ് മാധ്യമ പ്രവർത്തകരുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. മോശപ്പെട്ട ആളുകളിൽനിന്ന് കാശ് വാങ്ങാൻ പാടില്ല, സഖാക്കൾ ഇനിമുതൽ റിയൽ എസ്റ്റേറ്റ് കച്ചവടം നടത്താൻ പാടില്ല, മദ്യമാഫിയ സംഘങ്ങളുമായി എന്തെങ്കിലും ബന്ധമുണ്ടെങ്കിൽ പ്ലീനത്തോടെ അവസാനിപ്പിക്കണം, ഇനിയുണ്ടാകാൻ പാടില്ല. പക്ഷേ ചാക്കിനെന്താ കുറവെന്ന് ഒരു കേന്ദ്ര കമ്മിറ്റി അംഗം ചോദിക്കാൻ പാടില്ല. ചാക്കിനൊരുപാട് കുറവുണ്ട് എന്നത് കേരളത്തിന്റെ സമൂഹത്തിന് അറിയാവുന്നതുകൊണ്ട് ചാക്കിനെന്താ കുറവെന്നൊക്കെ ചോദിച്ച് ചാക്കിന് ഒരു സർട്ടിഫിക്കറ്റ് കൊടുക്കേണ്ട കാര്യമൊന്നും കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ മാർക്സിസ്റ്റിനില്ലല്ലോ എന്നുള്ള കാര്യംകൂടി ഉൾക്കൊള്ളേണ്ടതാണ്. അതുകൊണ്ട് ശ്രീ. ബാബു എം. പാലിശ്ശേരി പെട്ടെന്നൊരു പോസ്റ്റിടുകയും പെട്ടെന്ന് പിൻവലിക്കുകയും ചെയ്തു. അങ്ങനെ പാർട്ടി ചാക്കിൽ കയറാൻ പാടില്ലായിരുന്നു എന്നാണ് ശ്രീ. ബാബു എം. പാലിശ്ശേരിയുടെ അഭിപ്രായം. ദേശാഭിമാനിയിലാണെങ്കിൽ അങ്ങനെയില്ല എന്നൊക്കെ പറയും. ഫെയ്സ് ബുക്കിൽ വന്നാൽ ഉടനെ പിൻവലിക്കാൻ കഴിയില്ല. ധാരാളം പേർ സേവ് ചെയ്ത് സോഷ്യൽ മീഡിയയിൽ പല സ്നേഹിതൻമാരുടെയും കൈവശമുണ്ട്. അവസാനം പുറത്തുവന്ന ഡെൽകോ റിയൽ എസ്റ്റേറ്റുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് ശ്രീ. ജെയിംസ് മാത്യു വിശദീകരിക്കുമായിരിക്കും. റിയൽ എസ്റ്റേറ്റ് ബന്ധം പാടില്ലെന്ന് പറയുമ്പോൾ അത് സംബന്ധിച്ച വരുന്ന വാർത്തകൾ എന്താണ്? ശ്രീ. ഇ.പി. ജയരാജൻ എനിക്ക് വളരെ ബഹുമാന

മുള്ള നേതാവാണ്. സി.പി.എം.–ലെ നയരൂപീകരണത്തിൽ വളരെ പ്രധാന പങ്കുള്ള ആളാണ്. ശ്രീമതി ഗൗരിയമ്മ ഇന്നലെ നടത്തിയ പത്രസമ്മേളനത്തെ അദ്ദേഹം വളരെ ഗൗരവമായിട്ടാണെടുത്തിരിക്കുന്നത്. ശ്രീമതി ഗൗരിയമ്മ പറഞ്ഞതായി ഇന്നത്തെ മാധ്യമത്തിൽ വന്നത് വായിക്കാം. 'ഉത്തരം മുട്ടി സി.പി.എം. വി.എസ് പക്ഷം ആയുധമാക്കുന്നു'. അതായത് 2011–ൽ മുഖ്യമന്ത്രിയാകാൻ ശ്രീമതി ഗൗരിയമ്മയെ സി.പി.എം.–ൽ ഒരു വിഭാഗം സമീപിച്ചിരുന്നു. എനിക്ക് ഒരു ലക്ഷം അംഗങ്ങളുള്ള ഒരു പാർട്ടിയുണ്ട്. ആ പാർട്ടിയെ മൊത്തത്തിലെടുത്താൽ ഞാൻ വരാം, എന്നെ മാത്രമായി വേണ്ട എന്നാണ് ശ്രീമതി ഗൗരിയമ്മ അന്ന് പറഞ്ഞത്. 2011–ൽ മുഖ്യമന്ത്രിയാകാനുള്ള ഓഫർ ശ്രീമതി ഗൗരിയമ്മക്കുണ്ടായിരുന്നു എന്നുപറയുമ്പോൾ അധികാരം കിട്ടിയിരുന്നെങ്കിലും ശ്രീ. വി.എസ്. അച്ചുതാനന്ദനെ മുഖ്യമന്ത്രിയാക്കില്ലായിരുന്നു എന്ന് ശ്രീമതി ഗൗരിയമ്മ വെളിപ്പെടുത്തിയപ്പോഴും 'ശ്രീമതി ഗൗരിയമ്മ പറഞ്ഞത് ശരിയല്ല ഞങ്ങളങ്ങനെ പറഞ്ഞിട്ടില്ല' എന്ന് നിയമസഭയിൽ സി.പി.എം.–ന്റെ നേതാക്കൻമാർ പ്രസംഗിച്ചപ്പോൾ ഈ നിമിഷം വരെ പറഞ്ഞിട്ടില്ല. പറഞ്ഞാൽ അത് വിശദീകരിക്കേണ്ടി വരും. ഇവിടെ ശ്രീ. കെ. എൻ.എ ഖാദർ പറഞ്ഞു, നമ്മൾ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളെക്കുറിച്ചാണ് പറയുന്നത്. കമ്മ്യൂണിസത്തെക്കുറിച്ച് ഞാനും വായിച്ചിട്ടുണ്ട്. മറ്റുള്ളവന്റെ ശബ്ദം സംഗീതംപോലെ ആസ്വദിക്കുന്ന ഒരു നല്ല കാലം വരും എന്ന പ്രതീക്ഷയാണ് കമ്മ്യൂണിസ്റ്റ് നേതാക്കൻമാരെല്ലാം പങ്കുവച്ചിരുന്നത്. സംഗീതം പോലെ ആസ്വദിക്കേണ്ട, അധികാരത്തിലേയ്ക്ക് കൂട്ടിക്കൊണ്ടുവന്ന സ്വന്തം അമ്മാവനെ ഇപ്പോഴത്തെ നോർത്ത് കൊറിയയുടെ ഭരണാധികാരി കിം ജോങ്

യുൻ, ജാങ് സോങ് തേയിയെ എങ്ങനെയാണ് കൊന്നത്? 120 വേട്ടപ്പട്ടിയെ മൂന്ന് ദിവസം പട്ടിണിക്കിട്ടതിനുശേഷം അമ്മാവനെ തുണിയുരിഞ്ഞ് പട്ടിയുടെ മുന്നിലേയ്ക്കിട്ടുകൊടുത്തതിനുശേഷം അമ്മാവനെ മുഴുവൻ കടിച്ചു തിന്നിട്ടുണ്ടോയെന്ന് 200 ഉദ്യോഗസ്ഥൻമാരുമായി ഉറപ്പുവരുത്തിയതിനുശേഷമാണ് കിം ജോങ് യുൻ എന്ന കമ്മ്യൂണിസ്റ്റ് ഭരണാധികാരി ആ സ്ഥലത്തുനിന്ന് പോയതെന്നാണ് ഇന്ത്യൻ എക്സ്പ്രസും ഹിന്ദുവും മറ്റ് പത്രങ്ങളും റിപ്പോർട്ട് ചെയ്തത്. നോർത്ത് കൊറിയയുടെ കാര്യത്തിന് സമാനമായ ഒരു സാഹചര്യം കേരളത്തിലുണ്ട്. നോർത്ത് കൊറിയയിൽ കമ്മ്യൂണിസമാണ്. അതുപോലെ കേരളത്തിലും നല്ല കമ്മ്യൂണിസ്റ്റ് പാർട്ടികളുണ്ട്. ഇവിടെയും പാർട്ടിയിലേയ്ക്ക് കൈപിടിച്ചുകൊണ്ടുവന്ന അമ്മാവനുള്ള സ്ഥലത്ത് ഒരു അനന്തിരവൻ, അത്യാവശ്യം കേസൊക്കെ ജയിച്ചതിനുശേഷം, സ്വീകരണമൊക്കെ ഏറ്റുവാങ്ങി നടക്കുകയാണ്. അമ്മാവനെ ആരുടെ മുന്നിലാണ് അനന്തിരവൻ ഇട്ടുകൊടുക്കാൻ പോകുന്നതെന്നുള്ളത് കേരളത്തിൽ കാത്തിരുന്ന് കാണാൻ കഴിയുന്ന കാര്യമാണ്. സഖാവ് വി.എസ്. അച്ചുതാനന്ദൻ ഇന്ത്യൻ ജനാധിപത്യത്തോട് നമുക്കാർക്കുമില്ലാത്ത നന്ദിയുള്ള ആളായിരിക്കും. നോർത്ത് കൊറിയയിലെ ജനാധിപത്യമായിരുന്നു ഇന്ത്യയിലുണ്ടായിരുന്നതെങ്കിൽ എന്തായിരിക്കുമായിരുന്നു അവസ്ഥ. ഇൻഡ്യൻ ജനാധിപത്യത്തോട് നമുക്കില്ലാത്ത നന്ദിയും കടപ്പാടും ശ്രീ. വി.എസ്. അച്ചുതാനന്ദന് ഉണ്ടാകുമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ ശക്തമായി എതിർക്കുകയാണ്. നയമില്ലാത്ത പ്രഖ്യാപനങ്ങളുടെ ഭാണ്ഡക്കെട്ടാണ് നയപ്രഖ്യാപന പ്രസംഗം. ഇത് പഴകിപ്പുളിച്ച പഴങ്കഞ്ഞി നിറച്ച് നീട്ടിയ പാത്രം പോലെ വ്യർത്ഥമായ ഏർപ്പാടാണ്; വ്യർത്ഥ വ്യായാമമാണ്. നയപ്രഖ്യാപന പ്രസംഗത്തിൽ, കേരളം നേരിടുന്ന പരമപ്രധാനമായ പ്രശ്നങ്ങളെയൊന്നും അഭിസംബോധന ചെയ്തിട്ടില്ല. ഇവിടെ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടുന്നതു മുതൽ സമരങ്ങൾ ഒന്നും പാടില്ലെന്നുവരെയുള്ള കാര്യങ്ങൾ ഗവർണ്ണറെക്കൊണ്ട് എഴുതിതത്തയ്യാറാക്കി വായിപ്പിച്ചുവെന്നുള്ളതല്ലാതെ കേരളം നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങളിൽ ഏതെങ്കിലും ഒന്നിന് തനതായ വിഷൻ മുന്നോട്ടുവയ്ക്കുന്നതിൽ നയപ്രഖ്യാപനം പൂർണ്ണമായും പരാജയപ്പെട്ടിരിക്കുകയാണ്. ഇവിടെ എന്റെ സുഹൃത്ത് ശ്രീ. പി.സി. വിഷ്ണുനാഥ് വളരെ ആവേശോജ്ജ്വലമായ ഒരു പ്രസംഗം നടത്തുകയുണ്ടായി. പ്രസംഗം കേട്ട് അദ്ദേഹത്തിന്റെ സഹപ്രവർത്തകരെല്ലാം ആഹ്ലാദഭരിതരായി കയ്യടിച്ചു. മനസ്സിലാക്കേണ്ട കാര്യം, ഇവിടെ പറഞ്ഞ വാദകോലാഹലങ്ങളെല്ലാം ഇൻഡ്യയിലെ പല സ്ഥലത്തും പഠിപ്പിക്കാൻ വേണ്ടി അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു സംഘം ഡൽഹിയിലേയ്ക്ക് പോയിരുന്നു. ഡൽഹിയിൽ മലയാളികൾ തിങ്ങിപ്പാർക്കുന്ന മൂന്ന് മണ്ഡലങ്ങളുണ്ട്. വികാസ്പുരി, ഹരിനഗർ, കോണ്ട്ലി. ഈ മൂന്ന് മണ്ഡലങ്ങളിലും കൊടുംതണുപ്പിൽ ശ്രീ. പി.സി. വിഷ്ണുനാഥിന്റെ നേതൃത്വത്തിൽ അഞ്ചെട്ട് ആളുകൾ കോട്ടുമിട്ട് പ്രചരണം നടത്താൻ പോയി. ആ പ്രചരണത്തിൽ വിളിച്ച് പറഞ്ഞത് 'ഹം ആപ്കെ ഹൈക്കോൺ' എന്നാണ്. അതിനർത്ഥം ഞങ്ങളെല്ലാവരും നിങ്ങളുടെ കൂടെയുണ്ടെന്നാണ്. ആ പ്രചരണത്തിനുശേഷം മലയാളികൾ തിങ്ങിപ്പാർക്കുന്ന

വികാസ്പുരിയിലും ഹരിനഗറിലും കോണ്ട്ലിയിലും കോൺഗ്രസ്സിന് കെട്ടിവച്ച കാശ് കളയാനുള്ള സഹായമാണ് അവർ കൊടുത്തത്. അന്നേദിവസം ഡൽഹിയിൽ ഇറങ്ങിയ മലയാള പത്രത്തിലെ വാർത്ത, 19 വർഷമായി കോൺഗ്രസ്സിന് ഒപ്പം നിൽക്കുന്ന മിനി കേരള മയൂർ വിഹാർ ഫേസ് ത്രീ ഒരു തവണ കൂടി കൈപ്പത്തിക്കുള്ളിലാക്കാനാണ് മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി നേരിട്ടെത്തി അദ്ദേഹത്തിന്റെ യുവസംഘവുമായി പര്യടനം നടത്തിയത് എന്നാണ്. ഇവിടെ മെട്രോയുണ്ട്, അവിടെ മെട്രോ വരുന്നതേയുള്ളു. ഡൽഹി മെട്രോയാണ് കൊച്ചിയിൽ മെട്രോ പണിയുന്നത് തുടങ്ങിയ പരാമർശങ്ങളിലൂടെ ഡൽഹിയും കേരളവുമായുള്ള മെട്രോ ബന്ധം മുഖ്യമന്ത്രി ജനങ്ങളോട് പറഞ്ഞു. ആ വാക്കുകളെ മലയാളം മനസ്സിലാകാത്ത ഹിന്ദിക്കാർ ഉൾപ്പെടെ എല്ലാവരും കയ്യടിച്ച് സ്വീകരിച്ചു. ഫലമോ, 15 വർഷം എം.എൽ.എ. യും നിലവിലെ ഡെപ്യൂട്ടി സ്പീക്കറുമായ കോൺഗ്രസ് നേതാവ് ശ്രീ. അമരീഷ് സിംഗ് ഗൗതം മൂന്നാം സ്ഥാനത്തെങ്കിലുമെത്തി. അസ്തായിലെ പ്രചരണത്തിലൂടെ കോൺഗ്രസ്സിന്റെ സിറ്റിംഗ് എം.എൽ.എ. യ്ക്ക് രണ്ടാം സ്ഥാനവും ഹരിനഗറിലെ പ്രസംഗത്തിലൂടെ മണ്ഡലത്തിൽ പാർട്ടിക്ക് മൂന്നാം സ്ഥാനവും ഉറപ്പിക്കാൻ കഴിഞ്ഞു. ശ്രീ. പി.സി. വിഷ്ണുനാഥ് ഉൾപ്പെടുന്ന കോൺഗ്രസ് നേതാക്കന്മാർ കേരളത്തിന്റെ കാര്യങ്ങളെല്ലാം വിശദീകരിച്ചതിനുശേഷം ഡൽഹിയിൽ ഉണ്ടായ അനുഭവമാണ് ഞാൻ പറഞ്ഞത്. ഞങ്ങളെല്ലാം നിങ്ങളുടെ കൂടെയുണ്ടെന്ന് ഹിന്ദിയിൽ വീരവാദം മുഴക്കിയിട്ട് ഡൽഹിയിൽ ചരിത്രത്തിന്റെ ചവറ്റുകുട്ടയിലേയ്ക്ക് പോയപ്പോൾ പറയുന്നത്, ഞങ്ങൾക്ക് ചൂല് കൊണ്ട് അടികിട്ടി, പക്ഷേ ആ ചൂല് ഇടതുപക്ഷത്തിന്റേതല്ലെന്നുള്ളതാണ്. നിങ്ങൾ മനസ്സിലാക്കേണ്ടത്, ഇൻഡ്യൻ രാഷ്ട്രീയ

ത്തിൽ നിന്ന് ചൂല് കൊണ്ട് അടിച്ചോടിക്കുന്ന അനുഭവമാണ് നിങ്ങൾക്കുണ്ടായത്. ആ അനുഭവം ഉണ്ടായിട്ടും പഠിക്കാൻ നിങ്ങൾ തയ്യാറല്ല. ഇവിടെ ശ്രീ. കെ.എൻ.എ. ഖാദറിന്റെ പ്രസംഗത്തിൽ ചില കാര്യങ്ങൾ വിശദീകരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ നവീനമായ ആശയങ്ങളോട് നമുക്ക് യോജിക്കാം. ഇൻഡ്യയിലെ മതനിരപേക്ഷ രാഷ്ട്രീയം രൂപപ്പെട്ടുവരുന്നതിനെക്കുറിച്ച് അദ്ദേഹം ചില വാദങ്ങൾ പറഞ്ഞു. അദ്ദേഹം ആദ്യം പറഞ്ഞതല്ല, അവസാനം പറഞ്ഞത്. കൂട്ടത്തിൽ ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി, ബാലഗോകുലത്തിന്റെ പരിപാടിയിൽ പങ്കെടുത്തതിനെ ന്യായീകരിച്ച് പ്രസംഗം നടത്തുകയുണ്ടായി. ബാലഗോകുലത്തെയും സ്വാമി വിവേകാനന്ദനെയും കൂട്ടിക്കെട്ടേണ്ട. സ്വാമി വിവേകാനന്ദന്റെ സൂക്തങ്ങളും ബാലഗോകുലത്തിന്റെ രാഷ്ട്രീയ ലക്ഷ്യവും രണ്ടാണ്. നമ്മൾ ഇതുവരെ മനസ്സിലാക്കിയത് സദ്യയ്ക്ക് പോകുമ്പോൾ കിട്ടുന്നതെല്ലാം കഴിക്കുന്ന സ്വഭാവമുള്ള ആളുകളാണ് പൊതുവെ ലീഗിലുള്ളത് എന്നാണ്. പയിച്ചിട്ടല്ലേ, നെയ്ച്ചോറല്ലേ, ലീഗല്ലേ, തിന്നോട്ടെ, ദഹിച്ചോട്ടെ എന്നാണ് പൊതുവെ പറയുന്നത്. അങ്ങനെ ദഹിച്ചതാണെങ്കിൽ മനസ്സിലാക്കാമായിരുന്നു. പക്ഷേ, ഇവിടെ അദ്ദേഹത്തിന്റെ പ്രസംഗത്തോടെ, ലീഗിന്റെ രാഷ്ട്രീയ നിലപാടാണ് ബാലഗോകുലത്തിന്റെ പരിപാടിയിൽ പങ്കെടുക്കുന്നതെന്നുള്ള കാര്യം അദ്ദേഹം പ്രഖ്യാപിച്ചിരിക്കുകയാണ്. ഇത് വളരെ ചെറിയ കാര്യമല്ല. ബാലഗോകുലം ആർ.എസ്.എസ്. നേതൃത്വം കൊടുക്കുന്ന, കൊച്ചുകുട്ടികളിൽ വർഗ്ഗീയതയുടെ വിഷവിത്ത് വളർത്താൻ ഉപകരിച്ചുകൊണ്ടിരിക്കുന്ന, ശോഭായാത്രകളിലൂടെ കേരളത്തിൽ വലിയ തോതിൽ വിഭാഗീയത സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന സംഘടനയാണ്. ആ സംഘടനയുടെ പൊതുപരിപാടികളിൽ പങ്കെടുത്തും അതിനെ പ്രചോദിപ്പിച്ചുമുള്ള രാഷ്ട്രീയ നയം ഞങ്ങൾക്കുണ്ടെന്ന് മുസ്ലീം ലീഗിന്റെ നേതാവ്

നിയമസഭയിൽ പറഞ്ഞത് ലീഗിന്റെ സമീപനമാണോ എന്ന് ലീഗ് പരസ്യമായ ഒരു നിലപാട് സ്വീകരിക്കേണ്ടതുണ്ട്. അനുഭവങ്ങൾ കൊണ്ട് പഠിക്കാതെ തെറ്റുകൾ ആവർത്തിച്ചുകൊണ്ടിരിക്കുന്ന നിങ്ങൾ സരിതമാരെ രക്ഷിക്കുകയും ഷീലാ ദീക്ഷിത്തുമാരെ പരാജയപ്പെടുത്തുകയും ചെയ്തു. കേരള സംഘം ആഞ്ഞുപിടിച്ചു, പാർട്ടിക്ക് ചരിത്ര നേട്ടമെന്നാണ് ഡൽഹിയിലെ പത്രങ്ങൾ എഴുതിയത്. ഈ ഗവൺമെന്റ് വിലക്കയറ്റത്തിന്റെ ഭാഗമായി ഉണ്ടായ പ്രശ്നങ്ങളെ അതിസംബോധന ചെയ്യാൻ എന്തു നിലപാടാണ് സ്വീകരിച്ചത്. വിപണിയിൽ ഇടപെടലുണ്ടോ; അതിന് നയമുണ്ടോ? സാധനങ്ങൾ വിതരണം ചെയ്ത കരാറുകാർക്ക് 350 കോടി രൂപയുടെ കുടിശ്ശികയാണ്. 2012-ലെ ക്രിസ്തുമസ് ചന്ത, 2013-ലെ ഓണം-വിഷു-റംസാൻ ചന്തകൾ, വില കൊടുത്തിട്ടില്ല. കൺസ്യൂമർഫെഡിന്റെ ക്രിസ്തുമസ് ചന്തകൾ മുടങ്ങിയത് ഇതിനുമുമ്പ് ഒരിക്കലും കേരളത്തിൽ ഉണ്ടായിട്ടില്ല. 300 ത്രിവേണി സ്റ്റോറുകളും 840 നന്മ സ്റ്റോറുകളും അടച്ചുപൂട്ടലിന്റെ ഭീഷണിയിലാണ്. സബ്സിഡി സാധനങ്ങൾ വന്നിട്ട് കാലമേറെയായി, അവിടെയെല്ലാം അഴിമതിയുടെ കൂത്തരങ്ങാണെന്നുള്ളതിന്റെ ഭാഗമായി നിരവധി അന്വേഷണങ്ങൾ നടന്നു, അതിന്റെ റിപ്പോർട്ട് വിജിലൻസ് ഡയറക്ടർ തയ്യാറാക്കിയത് എവിടെപ്പോയെന്ന് ആർക്കും അറിയില്ല. വിജിലൻസിന്റെ എ.ഡി.ജി.പി. ശ്രീമതി ആർ. ശ്രീലേഖ അന്വേഷണം നടത്തി, ഓപ്പറേഷൻ അന്നപൂർണ്ണ. അതിന്റെ റിപ്പോർട്ട് എവിടെയാണ്? 16 മുതൽ 70 ശതമാനം വരെ വിലക്കുറവിൽ മരുന്ന് വിതരണം നടത്തുന്നതിനാണ് നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചത്. മരുന്നുകൾ മെഡിക്കൽ വെയർ ഹൗസുകളിൽ നിന്ന് സ്വകാര്യ മരുന്ന് കമ്പനികളിലേയ്ക്ക് ഒഴുകുന്നതിന്റെ വാർത്ത തുടർച്ചയായി വരിക

യാണ്. കൊല്ലത്തുമാത്രം 14 ലക്ഷം രൂപയുടെ മരുന്ന് പുറത്തേയ്ക്കൊഴുകി. പൊതുവിതരണ സംവിധാനത്തിന്റെ ഭാഗമായി വിലക്കയറ്റം പിടിച്ചു നിറുത്താൻ ജനങ്ങളെ സഹായിക്കേണ്ട എല്ലാ പദ്ധതികളും തകർന്ന് തരിപ്പണ മായി. ഓജസ്വിറ്റ, ശക്തിടോപ്സ് തുങ്ങിയ ഉത്തേജകങ്ങൾ ആർട്ട് ഓഫ് ലിവിങ് പുറത്തിറക്കുന്ന ചില മരുന്നുകളാണ്. ലക്ഷക്കണക്കിന് രൂപയുടെ ആ മരുന്നുകൾ ഇറക്കുമതി ചെയ്തിട്ട് നശിപ്പിച്ചുകളഞ്ഞുവെന്നുള്ള വാർത്തകൾ പുറത്തുവരികയാണ്. പൊതുവായി ഓജസ് നഷ്ടപ്പെടുന്നതിന് യു.ഡി.എഫ്. ഗവൺമെന്റ് എന്തെങ്കിലും ഓജസ് ഉത്തേജക മരുന്നുകൾ ഇറക്കുമതി ചെയ്യു ന്നുണ്ടോ? ഓജസ് നഷ്ടപ്പെട്ട ബഹുമാന്യനായ പഴയ ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെയിരിക്കുന്നുണ്ട്. അദ്ദേഹത്തെക്കുറിച്ച് ഒരിക്കൽ ഞാൻ ഇവിടെ പറയുകയുണ്ടായി, ഷേക്സ്പിയറിന്റെ ഹാംലെറ്റിൽ ക്ലോഡിയസ് എന്ന കഥാപാത്രത്തെക്കുറിച്ച് പറഞ്ഞതുപോലെ may smile, smile and be a villain ഞാൻ ആ വാക്കുകൾ തിരുത്തുകയാണ്. അതിനുപകരം ടോൾസ്റ്റോയിയുടെ കഥാപാത്രം മാക്സിനോവ് പറഞ്ഞത് അദ്ദേഹത്തെ ഓർമ്മപ്പെടുത്തുകയാണ്. ദൈവം സത്യം കാണും പക്ഷേ അത് താമസിക്കു മെന്ന് ഭേദഗതി ചെയ്യുകയാണ്. അദ്ദേഹം മനസ്സിലാക്കേണ്ടത് ഗീതാഞ്ജലി യിലെ നാല് വരികളാണ്.

"വലിയ കുണ്ടിൽ നീ എവരെ താഴ്ത്തിയോ
വലിച്ചുകൊണ്ടുപോയവർ നിന്നെത്തന്നെ.
പുറകിലേയ്ക്കാരെ പിടിച്ചുമാറ്റി നീ–

പുറകിലേയ്ക്കവർ വലിക്കുന്നു നിന്നെ." ഈ അനുഭവം അദ്ദേഹത്തിനുണ്ടായിരിക്കുകയാണെന്ന് അദ്ദേഹം മനസ്സിലാക്കണം. ശ്രീ. രമേശ് ചെന്നിത്തല കേരളത്തിന്റെ ആഭ്യന്തര വകുപ്പ് മന്ത്രിയായി, കേരളത്തിലെ ഏറ്റവും വലിയ രാഷ്ട്രീയ പ്രശ്നമായും രാഷ്ട്രീയ നേട്ടമായും ആഘോഷിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീ. രമേശ് ചെന്നിത്തല ഇപ്പോൾ ഇവിടെയില്ല. ആഭ്യന്തരവകുപ്പുമന്ത്രി മനസ്സിലാക്കേണ്ടത്,

"അടഞ്ഞ കണ്ണ് നീ തുറന്നു നോക്കുക

നടയിൽ നിൽക്കുന്നു മരണ കിങ്കരൻ" ഇതും ഗീതാഞ്ജലിയിലെ വരികളാണ്. ശ്രീ. രമേശ് ചെന്നിത്തല, നിങ്ങൾ അടഞ്ഞ കണ്ണ് തുറക്കുക, നിങ്ങളുടെ നടയിൽ മരണകിങ്കരന്മാർ നിൽക്കുന്നുണ്ട്. ആഭ്യന്തരവകുപ്പ് ഏറ്റെടുത്താൽ സുധാകരനെപ്പോലെയുള്ള മരണ കിങ്കരന്മാരുടെ ഭീഷണി നിങ്ങൾക്കുണ്ടാകും. കാരണം ആഭ്യന്തര വകുപ്പ് സരിതയുടെ പാദാരവിന്ദങ്ങളിലും മാഫിയകളുടെ മാറിലും സമർപ്പിച്ച പുഷ്പഹാരങ്ങളാക്കി മാറ്റിയതിന്റെ പ്രതിഫലമാണ് അങ്ങിപ്പോൾ ഏറ്റുവാങ്ങിയത്. ചീഫ് വിപ്പ് എവിടെയാണ്? അദ്ദേഹം കുറച്ച് പ്രലോഭനങ്ങളും വീരവാദങ്ങളും നടത്തിയിരുന്നു. 40,000 കോടി രൂപയുടെ തട്ടിപ്പിനെക്കുറിച്ച് അദ്ദേഹത്തിന് ആക്ഷേപമുണ്ടായിരുന്നല്ലോ; എവിടെ അദ്ദേഹത്തിന്റെ ആക്ഷേപങ്ങൾ? അദ്ദേഹം ഈ നാട്ടുകാരനേയല്ല, മാവിലായിക്കാരനാണെന്ന ഭാവത്തിൽ ഇവിടെ പ്രസംഗിച്ചല്ലോ. അദ്ദേഹത്തിന്റെ ഭീഷണികളും അട്ടഹാസങ്ങളും അറബിക്കടലിലെ തിരമാലകൾ പോലെ തകർന്നടിഞ്ഞോ?

ഗുജറാത്തിലെ വ്യവസായ ബന്ധങ്ങളെക്കുറിച്ച് അദ്ദേഹം ചില വീരവാദങ്ങൾ ഇവിടെ പറഞ്ഞിരുന്നു. പഴയ ആഭ്യന്തരവകുപ്പുമന്ത്രിയുടെ മകനുമായി ബന്ധപ്പെട്ട് അദ്ദേഹം നടത്തിയ ആക്ഷേപങ്ങളുൾപ്പെടെ എവിടെപ്പോയി? കേരളത്തിൽ ആഭ്യന്തരവകുപ്പ് ഇത്രമാത്രം പക്ഷപാതപരമായ നിലപാട് സ്വീകരിച്ച ഒരു കാലഘട്ടം ഇതിനുമുമ്പുണ്ടായിട്ടുണ്ടോ? സരിത എസ്. നായരുടെ 30 കേസ്സുകളിൽ 28 കേസുകൾ അട്ടിമറിക്കപ്പെട്ടു. ആ കേസ്സിൽ നിന്നെല്ലാം അവർ ഊരിപ്പോന്നു. ആരാണ് അവരെ സഹായിച്ചത്? പണം കൊടുത്താണ് ഇതെല്ലാം ഒതുക്കിയത്. ആരാണ് ഇതിന് പണം കൊടുത്തത്? കേരള ഹൈക്കോടതി ചോദിച്ചിട്ട് നിങ്ങളത് അന്വേഷിച്ചോ? വിഷ്ണുനാഥിന്റെ ഈ ധാർമ്മിക പ്രലാപനങ്ങൾക്കിടയിൽ അദ്ദേഹം അന്വേഷിച്ചോ? സരിത എസ് നായരുടെ 30 കേസുകളിൽ 28 കേസ്സുകളും ഒതുക്കിത്തീർക്കാനുള്ള പണം ആര് കൊടുത്തു? മടുപ്പുകൊണ്ട് എല്ലാം പറയുകയാണ് ഭീഷണിപ്പെടുത്തുകയല്ലായെന്നാണ് സരിത എസ്. നായർ പറഞ്ഞത്. ആരാണ് സരിതയെ മടുപ്പിക്കുന്നത്; ഏതാണ് ഉന്നതൻ? ആരാണ് മിനിഞ്ഞാന്ന് പുതുപ്പള്ളിയിൽ കൊണ്ടുപോയത്? തിരുവനന്തപുരത്തുനിന്ന് എറണാകുളത്തേയ്ക്ക് പോകുമ്പോൾ പുതുപ്പള്ളിവഴിയാണോ യാത്ര ചെയ്യേണ്ടത്? പുതുപ്പള്ളിയിലെ തട്ടുകടയിൽ എന്തായിരുന്നു സരിത എസ്. നായരുടെ കച്ചവടം; ഏത് പോലീസ് ഉദ്യോഗസ്ഥനാണ് നടത്തിയത്? എന്താണ് ഇതിന്റെ പുറകിലുള്ള കാര്യങ്ങൾ; ഇക്കാര്യത്തെക്കുറിച്ച് അന്വേഷിച്ചോ? ഇതെല്ലാം നാട്ടിലെ മുഴുവൻ ആളുകൾക്കും അറിയാവുന്ന കാര്യമാണ്. നാട്ടിലാകെ പാട്ടായ ഈ കാര്യങ്ങളെ സംബന്ധിച്ച് എന്തെങ്കിലുമൊരു നിലപാട് ഈ ഗവൺമെന്റിനുണ്ടോ? വിവരാവകാശനിയമപ്രകാരം സരിതയുടെ മൊഴി 22 പേജുണ്ടായിരുന്നുവെന്നത് പുറത്തുവന്നില്ലേ; ഞങ്ങളാരും പറഞ്ഞതല്ലല്ലോ. ആ 22

പേജുള്ള മൊഴി മൂന്നര പേജായി ചുരുങ്ങിയതെങ്ങനെ; ആരാണവിടെ ഇടപെട്ടത്? എന്തിനാണ് പത്തനംതിട്ടയിൽ നിന്ന് സരിതാ എസ്. നായരെ അട്ടക്കുളങ്ങര ജയിലിലേയ്ക്ക് മാറ്റിയത്? സരിതയെ കാണാൻ വന്ന അവരുടെ അമ്മയുടെ കൂടെയുണ്ടായിരുന്നയാൾ ആരാണെന്ന് ചോദിച്ച ശ്രീരാമൻ എന്നുപറയുന്ന ഉദ്യോഗസ്ഥനെ അവിടെനിന്നും സ്ഥലം മാറ്റിയതെന്തിനാണ്? ഇത്തരം ചോദ്യങ്ങളെല്ലാം കേരളത്തിലുയർന്നുവരുമ്പോൾ നിങ്ങളുടെ ആഭ്യന്തരവകുപ്പിന് ഏതെങ്കിലും കാര്യത്തിലൊരു നിലപാട് സ്വീകരിക്കാൻ സാധിച്ചിട്ടുണ്ടോ? ഇതൊക്കെ കേട്ടിട്ടും കേൾക്കാത്തതുപോലെ മൗനം പൂണ്ടിരുന്നിട്ട് ധാർമ്മികമായ ഈ പ്രലംഭനങ്ങൾ നടത്തുന്ന വേശ്യയുടെ ചാരിത്ര്യ പ്രസംഗമുണ്ടല്ലോ അത് അർഹിക്കുന്ന അവഗണനയോടുകൂടി കേരളത്തിലെ ജനത പുച്ഛിച്ചുതള്ളിക്കളയുമെന്ന കാര്യത്തിൽ സംശയം വേണ്ട. ഷുക്കൂർ വധക്കേസ്സ് നിങ്ങളിപ്പോൾ സി.ബി.ഐ. അന്വേഷണത്തിന് വിട്ടു. സോളാർ കേസ് സി.ബി.ഐ-ക്ക് വിടുമോ? ഇത് കേരളമാണോ അധോലോകമാണോ? 178 കുടുംബങ്ങൾ താമസിക്കുന്ന പ്രദേശത്ത് ഒരു ദിവസം സുപ്രഭാതത്തിൽ അവരുടെ ഭൂമി കൈമാറിക്കഴിഞ്ഞുവെന്ന് പറയുകയാണ്. മുഖ്യമന്ത്രിയുടെ ഗൺമാൻ സലിംരാജിന്റെ നേതൃത്വത്തിലാണ് കൈമാറ്റം. ആ കേസിലെ ഒരു ഇര കേരളത്തിലെ ദൃശ്യ മാധ്യമങ്ങളോട് പറഞ്ഞത്, ഞങ്ങളുടെ ഭൂമിയിൽ കയറിക്കഴിഞ്ഞുവെന്നാണ്. ഞങ്ങൾ 70 കൊല്ലമായി നികുതി അടച്ചുകൊണ്ടിരിക്കുന്ന പ്രദേശത്തെ നികുതി അടയ്ക്കാൻ പറ്റുന്നില്ല. അവിടെ പോക്കുവരവ് ചെയ്തുകൊടുത്തുകഴിഞ്ഞു. ഇത് എന്തുകൊണ്ടാണ് അന്വേഷിക്കാത്തത്? എവിടെ നിന്നാണ് ഈ പണം വന്നത്; നിങ്ങൾക്കെന്താണ് പേടിയാണോ? എത്ര തവണ കേരള ഹൈക്കോടതി ഇക്കാര്യങ്ങൾ ചോദിച്ചു; സലിംരാജ് എന്നുപറയുന്ന മുഖ്യമന്ത്രിയുടെ ഗൺമാൻ മുഖ്യമന്ത്രിയുടെ ഓഫീസിന്റെ

സഹായം ഉപയോഗപ്പെടുത്തി നടത്തിയ അവിശ്വസനീയമായ ഈ ഭൂ തട്ടിപ്പുമായി ബന്ധപ്പെട്ട് കേരളത്തിലെ ഗവൺമെന്റിന് ഒരു നിലപാടുണ്ടോ? ഇല്ലല്ലോ. അതുകൊണ്ടാണ് പറയുന്നത് ആഭ്യന്തരവകുപ്പ് പരമാവധി ജന വിരുദ്ധമാക്കി നടപ്പിലാക്കിയതിന്റെ ഫലമാണ് അങ്ങിപ്പോൾ അനുഭവിച്ചത്. അതിന്റെ അടുത്ത ഫലം ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് അനുഭവിക്കേണ്ട തായി വരും. ജനസമ്പർക്ക പരിപാടിയെക്കുറിച്ച് രാവിലെയും ഇവിടെ നമ്മൾ ചർച്ച ചെയ്തു. ജനാധിപത്യത്തിന്റെ വധമാണിത്. മുഖ്യമന്ത്രിയെ വണങ്ങു ന്നവർക്കുമാത്രം നീതി കിട്ടിയാൽ മതിയോ? എല്ലാ സർക്കാർ ഓഫീസുകളും നന്നാവണ്ടേ; അതല്ലേ ഗവേണൻസ് എന്നുപറയുന്നത്? അങ്ങയുടെ കഠിനാ ദ്ധ്വാനത്തെയൊന്നും ആരുമിവിടെ കുറച്ചുകാണുന്നില്ല. 30 ലക്ഷം പട്ടയങ്ങൾ വിതരണം ചെയ്ത കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രിയാണ് സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാട്. അദ്ദേഹം ഏലംകുളം മനയ്ക്കലിലെ ചാരുക സേരയിലിരുന്നിട്ട് എന്റെ മുമ്പിൽ വന്ന് കുമ്പിട്ട് നിന്നവർക്കൊക്കെ പട്ടയം കൊടുക്കാമെന്ന് പറയുകയല്ല ചെയ്തത്, അതർഹമായ നിലയിൽ കൊടുക്കു കയാണ് ചെയ്തത്. 30 ലക്ഷം ആളുകൾക്ക് പട്ടയം കൊടുത്ത ഇ.എം.എസ്. നമ്പൂതിരിപ്പാട് മുതൽ 200 കോടി രൂപയുടെ കാരുണ്യ പദ്ധതി നമ്മുടെ ധന കാര്യവകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ നേതൃത്വത്തിൽ കേരളത്തിൽ നടപ്പിലാക്കി. ആരെയും അദ്ദേഹം സ്വന്തം മുന്നിലേയ്ക്ക് വിളിച്ചുവരുത്തി മുട്ടുകുത്തിച്ചിട്ടില്ല. 5.5 കോടി രൂപ മുടക്കിയിട്ട് 24 കോടി രൂപ വിതരണം ചെയ്തത് ശരിയാണോ? 2,47,996 അപേക്ഷകൾ തീരുമാനമില്ലാതെ കിടക്കുക യാണ്. എന്താണ് എ.പി.എൽ/ബി.പി.എൽ കച്ചവടം? എന്താണതിന്റെ മാന ദണ്ഡം; അങ്ങ് ഇന്ന് രാവിലെ കുറെ മാനദണ്ഡങ്ങൾ വായിച്ചല്ലോ. ആരാ ണിത് രണ്ടായി തിരിച്ചത്; നിങ്ങളുടെ ഗവൺമെന്റല്ലേ? നിങ്ങൾ കേരളത്തിലെ

എല്ലാ ജില്ലകളിലും വിളിച്ചുകൂട്ടുന്ന ആളുകളിൽ 90% അപേക്ഷകരും എ.പി. എൽ–ൽ നിന്ന് ബി.പി.എൽ–ലേയ്ക്ക് മാറിയവരാണ്. മുഖ്യമന്ത്രിയെ നേരിട്ട് കണ്ട് വണങ്ങിയാൽ എ.പി.എൽ–നെ ബി.പി.എൽ. ആക്കാൻ സാധിക്കുമോ? കേന്ദ്ര സർക്കാരിന്റെ മാനദണ്ഡമനുസരിച്ച് ഒരു സ്വാഭാവികമായ നടപടിക്രമ മായിട്ടല്ലേ ഇത് ലഭിക്കേണ്ടത്? ആ നടക്കേണ്ട കാര്യം എങ്ങനെയാണ് മുഖ്യ മന്ത്രിക്ക് ഒറ്റയ്ക്ക് ചെയ്യാൻ കഴിയുന്നത്? മലപ്പുറം ജില്ലയിൽ നിന്ന് വിവരാവ കാശനിയമപ്രകാരം കിട്ടിയ ഒരു കണക്ക് പറയാം. മലപ്പുറം ജില്ലയിൽ 2385 റേഷൻ കാർഡുകൾ ഈ കഴിഞ്ഞ ജനസമ്പർക്ക പരിപാടിയിൽ ബി.പി.എൽ– ആയി മാറി. അതിൽ 653 പേരും ചാലിയാർ പഞ്ചായത്തിൽ മാത്രമാണ്. എന്താണ് ചാലിയാർ പഞ്ചായത്തിൽ പെട്ടെന്നൊരു ബി.പി.എൽ കുത്തൊഴു ക്കുണ്ടായോ? 653 പേരും അങ്ങ് പറഞ്ഞ മാനദണ്ഡമുള്ളവരാണോ? വിവ രാവകാശനിയമപ്രകാരം എനിക്ക് കിട്ടിയ രേഖ ഇവിടെ വയ്ക്കാൻ തയ്യാ റാണ്. പൊന്നാനി താലൂക്കിൽ 60 ആളുകൾക്കാണ് ആകെ കിട്ടിയത്. മറ്റെല്ലാ പഞ്ചായത്തുകളിലും ശരാശരി അഞ്ചോ ആറോ ആളുകൾക്കും എല്ലാ താലൂക്കിലും ശരാശരി നാൽപ്പതോ അൻപതോ പേർക്കും ലഭിച്ചപ്പോൾ എങ്ങ നെയാണ് നിലമ്പൂർ താലൂക്കിലെ ഒരു പഞ്ചായത്തിൽ മാത്രം 653 പേർക്ക് ലഭിച്ചത്? പ്രാദേശിക രാഷ്ട്രീയ പാർട്ടി പ്രവർത്തകരുടെ സമ്മർദ്ദത്തിനും അഴിമതിക്കും വഴങ്ങി അങ്ങ് ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി എ.പി. എൽ കാർഡ് ബി.പി.എൽ ആക്കികൊടുത്തതിന്റെ ഒരു ഉദാഹരണമാണ് ഞാൻ ഇപ്പോൾ പറഞ്ഞത്. ഇതുൾപ്പെടെ അന്വേഷിക്കാൻ അദ്ദേഹത്തിന് സാധിക്കുമോ? അതുപോലെതന്നെ ഈ നയപ്രഖ്യാപന പ്രസംഗത്തിൽ വിദ്യാഭ്യാസത്തെ സംബന്ധിച്ച് എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ? വിദ്യാഭ്യാസം കേരളത്തിന്റെ അമൂല്യമായ ഒരു മേഖലയാണ്. വിദ്യാഭ്യാസ മേഖലയിൽ

എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളും ഏറെക്കുറെ തകരാറിലാക്കി. എസ്.എസ്.എ., ആർ.എം.എസ്.എ., എല്ലാം തകരാറിലാക്കി. മുപ്പതിനായിരം ഹയർ സെക്കന്ററി സീറ്റുകൾ കേരളത്തിൽ ഒഴിഞ്ഞുകിടക്കുമ്പോഴാണ് 44,050 കുട്ടികൾക്ക് കേരളത്തിൽ പ്രവേശനം കിട്ടാതിരിക്കുന്നത്. എങ്ങനെയാണ് ഇത് മാച്ച് ചെയ്യുന്നത്? മുപ്പതിനായിരം സീറ്റുകൾ ഒരു ഭാഗത്തു ഒഴിഞ്ഞുകിടക്കുകയാണ്. ഏകദേശം നാൽപ്പത്തിനാലായിരം കുട്ടികൾക്ക് പ്രവേശനം കിട്ടിയിട്ടില്ല. പ്ലസ് ടു ബാച്ച് അനുവദിച്ചപ്പോൾ അത് അസമത്വത്തോടെയും വേണ്ടത്ര ഗൃഹപാഠമില്ലാതെയും അനുവദിച്ചതിന്റെ ഭാഗമായിട്ടുള്ള അനുഭവമാണ് ആ മേഖലയിൽ കാണുന്നത്. കേരളത്തിലെ 8.5 ലക്ഷം കുട്ടികൾക്ക് ലഭിക്കേണ്ടിയിരുന്ന യൂണിഫോറം ഇപ്പോൾ ഡിസംബർ മാസം കഴിഞ്ഞു, ഇനി ഒന്നര മാസം കഴിഞ്ഞാൽ പരീക്ഷയാകും, ഇതുവരെ കിട്ടിയിട്ടില്ല. 133 കോടി രൂപയാണ് അതിന്റെ ഭാഗമായി വിതരണം ചെയ്യേണ്ടത്. അതിൽ 33.5 കോടി രൂപ എസ്.എസ്.എ. പദ്ധതിയുടെ ഭാഗമായി പെൺകുട്ടികൾ, ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന ആൺകുട്ടികൾ, പട്ടികജാതിയിൽപ്പെട്ട കുട്ടികൾ എന്നിങ്ങനെ 8.5 ലക്ഷം കുട്ടികൾക്ക് കിട്ടേണ്ട യൂണിഫോറത്തിനുള്ള തുണിക്ക് കൊടുക്കാനുള്ള തുക നിങ്ങൾ കഴിഞ്ഞ എട്ടുമാസമായി തടഞ്ഞ്വച്ചതിലെന്താണ് ഒരു ന്യായീകരണമുള്ളത്? ഇതുവരെ യൂണിഫോറത്തിനുള്ള തുണി കൊടുത്തിട്ടില്ല. നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷനെ ഒഴിവാക്കി 8 കമ്പനികൾക്ക് വീതം വച്ചുകൊടുത്തതായിട്ടാണ് ഇപ്പോൾ കേൾക്കുന്നത്. ജൂൺ മാസത്തിൽ ആരംഭിച്ച അദ്ധ്യയന വർഷം ഡിസംബർ മാസം കഴിഞ്ഞിട്ടും യൂണിഫോറത്തിന്റെ തുണി വാങ്ങാനുള്ള പൈസപോലും കൊടുക്കാതെ തടഞ്ഞ് വച്ചത് എന്ത് അഴിമതിക്ക് വേണ്ടിയാണെന്ന് ആലോചിക്കണം. ഉച്ചഭക്ഷണം സദ്യയാക്കി മാറ്റിയ കാലത്ത്, ആ സദ്യയിൽ നിന്ന് അരി മാത്രം

വിതരണം ചെയ്ത് സാമ്പാറിന് അഞ്ച് രൂപയും കൊടുത്ത് തടിയൂരിയ ഗവൺമെന്റാണിത്. പാഠ്യപദ്ധതി അട്ടിമറിച്ചത് വെറും യാദൃശ്ചികമല്ലെന്ന് ശ്രീ. കെ.എൻ.എ. ഖാദറിന്റെ പ്രസംഗത്തിൽ നിന്ന് മനസ്സിലാക്കേണ്ടിവരും. പാഠ്യപദ്ധതിയുടെ ഭാഗമായി എൻ.ഡി.എ. സർക്കാരിനുവേണ്ടി അന്നത്തെ എൻ.സി.ഇ.ആർ.ടി. ഡയറക്ടർ പ്രൊഫ. ജയസ് രജ്പുത്ത് ദേശീയ പാഠ്യപദ്ധതിയുടെ ചട്ടക്കൂട് തയ്യാറാക്കിയിരുന്നു. ബി.ജെ.പി.യുടെ ദേശീയ വിദ്യാഭ്യാസ നയത്തിന് അനുകൂലമായി പ്രൊഫ. ജയസ് രജ്പുത്ത് ചട്ടക്കൂടിന്റെ ഭാഗമായി തയ്യാറാക്കിയ മിഷൻ 2020 ഉണ്ട്. ആ മിഷൻ 2020 കേരളത്തിൽ നടപ്പാക്കാൻ നിലവിലുള്ള പാഠ്യപദ്ധതി മാറ്റിമറിച്ചുകൊണ്ട് കേരളത്തിൽ അസീസ് കമ്മിറ്റി റിപ്പോർട്ട് വന്നിരിക്കുകയാണ്. നിങ്ങൾ ആരുടെ ഭാഗത്ത് നിൽക്കും? ഇൻഡ്യയിൽ മതനിരപേക്ഷ സമൂഹം തള്ളിക്കളഞ്ഞ ഒരു പാഠ്യപദ്ധതി, രജപുത്തിന്റെ പാഠ്യപദ്ധതി കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ അക്കാദമിക് സമൂഹത്തിന്റെയും മതനിരപേക്ഷ സമൂഹത്തിന്റെയും താൽപ്പര്യങ്ങളെ അംഗീകരിക്കാതെ എൻ.സി.എഫ്. തള്ളിക്കളഞ്ഞ ഒരു പാഠ്യപദ്ധതിയെ കേരളത്തിലേയ്ക്ക് ഇറക്കുമതി ചെയ്യുന്നത് ആർക്കുവേണ്ടിയാണ്? അതുപോലെ തന്നെയാണ് ഉന്നതവിദ്യാഭ്യാസരംഗവും. ഓരോ കോളേജുകളുടെയും സൗകര്യങ്ങൾ പരിശോധിച്ച ശേഷമാണ് എയ്ഡഡ് കോളേജുകളിലും ഗവൺമെന്റ് കോളേജുകളിലും യു.ജി.സി. യുടെ സഹായം നമുക്ക് ലഭിക്കുന്നത് പക്ഷേ, ഇവിടെ സംഭവിക്കുന്നത്, ROOSA എന്നു പറയുന്ന പുതിയ പദ്ധതിക്ക് ലക്കുംലഗാനുമില്ലാതെ അനുവാദം കൊടുത്തു. അതിന്റെ ഭാഗമായി ഉത്തരേൻഡ്യയിൽ 90:10 എന്നുള്ള നിലയിലാണ് ധനസഹായം കിട്ടുന്നത്. അതായത് 10 ശതമാനം തുക മാത്രമാണ് സംസ്ഥാന സർക്കാരുകൾ ചെലവാക്കേ

ണ്ടത്. കേരളത്തിൽ അതിന്റെ മാനദണ്ഡം നിശ്ചയിച്ചപ്പോൾ 65:35 ആയിമാറി. കേരളത്തിൽ ലഭ്യമാകേണ്ട ദേശീയ ഗവൺമെന്റിന്റെ ഫണ്ടിൽ നിന്ന് വലിയ തോതിലുള്ള കുറവ് നമുക്ക് വരാൻ പോവുകയാണ്. മാത്രമല്ല ROOSA നടപ്പിലാകുന്നതോടെ യു.ജി.സി. യുടെ മാനദണ്ഡങ്ങൾ എല്ലാം അതിലേയ്ക്ക് വരും. ആ സാഹചര്യത്തിൽ സ്വകാര്യ-സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടുന്ന, ഇന്ന് യു.ജി.സി. ഫണ്ട് ലഭിക്കാത്ത നിരവധി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഫണ്ടിന് അർഹരാകുന്ന സ്ഥിതിവിശേഷം വരും. ഇൻഡ്യയിൽ ആദ്യമായി യു.ജി.സി. യുടെ ഫണ്ട് സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കൈമാറുന്നസ്ഥിതി നടക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ എത്ര ശതമാനം ഫണ്ട് ചെലവഴിക്കണമെന്നുള്ള നിബന്ധനകൾ തയ്യാറാക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. കേരളത്തിൽ 65:35 ആണെങ്കിൽ എല്ലാ സംസ്ഥാനങ്ങളിലും അങ്ങനെ തന്നെയായിരിക്കും. താങ്കൾ പറഞ്ഞതുപോലെ മറ്റുള്ള സംസ്ഥാനങ്ങളിൽ 90:10 അല്ല.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : നെഗോഷ്യബിൾ ആണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങ് പരിശോധിച്ചാൽ മതി.

ശ്രീ. പി. കെ. അബ്ദു റബ്ബ്: കേന്ദ്ര പദ്ധതിയിൽ എത്ര ശതമാനം കേന്ദ്രം വഹിക്കണം എത്ര ശതമാനം സംസ്ഥാനം വഹിക്കണമെന്നുള്ളത് ആൾ ഇൻഡ്യാ നിയമമാണ്. അത് സംസ്ഥാനത്തിനനുസരിച്ച് വ്യത്യാസപ്പെട്ടില്ല.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, കേന്ദ്ര പദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന ഫണ്ട് സ്വീകരിക്കുമ്പോൾ 35% ഫണ്ട് നമ്മൾ ചെലവഴിക്കേണ്ടി വരും.

സ്വാശ്രയ കോളേജുകൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കും നൽകേണ്ടിവരും. അതുമാത്രമല്ല, പ്രവാസി ക്ഷേമത്തെക്കുറിച്ച് ഇവിടെ നേരത്തെ സൂചിപ്പിച്ചു. കേരളത്തിന്റെ വരുമാനത്തിന്റെ ഒരു പ്രധാനപ്പെട്ട മേഖലയാണ് പ്രവാസികളുടെ ക്ഷേമം. നിതാഖത്തിലൂടെ തിരിച്ചുവരുന്ന ആളുകളെ സംബന്ധിച്ച് എന്തെല്ലാം വീരവാദങ്ങളാണ് ഇവിടെ മുഴക്കിയത്. 14,260 പേർ ഇവിടെ തിരിച്ചുവന്നു. 14,260 പേർക്കും വിമാന ടിക്കറ്റ് നൽകും, അവർക്കെല്ലാം ചാർട്ടേർഡ് വിമാനമുണ്ടാകും എന്നെല്ലാം പറഞ്ഞിട്ട് 90 പേർക്കാണ് ടിക്കറ്റ് കൊടുത്തത്. 36 പേർക്കാണ് ചാർട്ടേർഡ് വിമാനത്തിൽ വരാൻ സാധിച്ചത്. അതായത് 128 പേർക്കുമാത്രമാണ് ഈ പ്രയോജനം ലഭിച്ചത്. ഏകദേശം 15000 ആളുകൾ നിതാഖത്തിലൂടെ പുറത്തുവന്നപ്പോൾ 128 ആളുകളെ മാത്രം കണ്ടൊരു ഗവൺമെന്റാണിത്. ടാക്സി വാങ്ങാൻ സബ്സിഡി നൽകും, പല രൂപത്തിൽ വായ്പ നൽകും എന്നിങ്ങനെ പല കാര്യങ്ങളും പറഞ്ഞു. ഒരു വായ്പയും നൽകുന്നുമില്ല, ഒരു പ്രത്യേക പരിഗണനയുമില്ല. അവരോട് ആവശ്യപ്പെടുന്നത് നിങ്ങൾ നിതാഖത്തുവഴി തിരിച്ചുവന്നവരാണെന്നുള്ള സർട്ടിഫിക്കറ്റ് സൗദി അറേബ്യയിൽ നിന്ന് വാങ്ങിക്കൊണ്ടുവരണമെന്നാണ്. സൗദി അറേബ്യയിൽ നിന്ന് സർട്ടിഫിക്കറ്റ് കിട്ടുമോ? ഇത്രയും നിഷ്കരുണം കേരളത്തിലെ പ്രവാസി സമൂഹത്തിനോട് പെരുമാറിക്കൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റ് കേരളത്തിന്റെ വരുമാനത്തിന്റെ ഒരു പ്രധാനപ്പെട്ട മേഖലയായ പ്രവാസി മേഖലയിൽ എന്ത് നിലപാടാണ് സ്വീകരിക്കുന്നത്? അങ്ങനെ കേരളത്തിന്റെ എല്ലാ മണ്ഡലങ്ങളിലും തരംതിരിഞ്ഞു നിൽക്കുന്ന എല്ലാ തരത്തിലും ദർശനമില്ലാത്ത പരിപൂർണ്ണമായും ജനവിരുദ്ധമായ ഈ നയപ്രഖ്യാപന പ്രസംഗമെന്ന കാപട്യത്തെ അനുകൂലിക്കുന്ന പ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുന്നു.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:</u> സർ, ഈ നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഏറെ ഗൃഹപാഠം നടത്തിയ ഒരു നയപ്രഖ്യാപനമാണ് ഇവിടെ ഇന്നലെ ഉണ്ടായത്. അടിത്തറയുടെ പിൻബലം പരിശോധിച്ച് അനുസൃതമായി കെട്ടിപ്പൊക്കിയ ഒരു ഗോപുരംപോലെ കേരളത്തിന്റെ സാമ്പത്തിക സാമൂഹിക അടിത്തറ കൃത്യമായി പരിശോധിച്ചാണ് ഈ നയം ചിട്ടപ്പെടുത്തിയിട്ടുള്ളതെന്ന് ബോധ്യമാകും. ലോകത്തിന്റെ ക്രമവും രാജ്യത്തിന്റെ നിലപാടും സംസ്ഥാനത്തിന്റെ സാധ്യതയും നമ്മുടെ സന്തുലിത വളർച്ചയുമൊക്കെ മുന്നിൽ കണ്ടുകൊണ്ടാണ് ഇങ്ങനെയുള്ള ഒരു നയപ്രഖ്യാപനമുണ്ടായത് എന്നുള്ളത് വ്യക്തമാണ്. ലോകത്ത് രൂപയുടെ മൂല്യത്തകർച്ച സംഭവിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ കയറ്റുമതിയുടെ കുറവും അതോടൊപ്പംതന്നെ ഇറക്കുമതിയുടെ വളർച്ചയും നാം കാണുകയാണ്. നമ്മുടെ രാജ്യത്തിന്റെ കയറ്റുമതിയിൽ 40 ശതമാനമെന്നുപറയുന്നത് ചെറുകിട വ്യവസായ ഉത്പന്നങ്ങളായിരുന്നു. ആ ചെറുകിട വ്യവസായ ഉത്പന്നങ്ങൾ ഇന്ന് യൂറോപ്യൻ രാജ്യങ്ങളിൽ ആരും ഏറ്റെടുക്കുന്നില്ല. അതുകൊണ്ടുതന്നെ നമ്മുടെ കയറ്റുമതി കുറയുകയാണ്. അതോടൊപ്പം ഇറക്കുമതി കൂടുകയുമാണ്. നമ്മുടെ രാജ്യത്തിന്റെ ഇന്ധനത്തിന്റെ ഇറക്കുമതി കൂടുന്നു, സ്വർണ്ണത്തിന്റെ ഇറക്കുമതി കൂടുന്നു. അങ്ങനെയുള്ളൊരു രാജ്യത്ത് ജനങ്ങളെ ഏതുരീതിയിൽ മുന്നോട്ടു നയിക്കണമെന്ന് ആലോചിച്ചുകൊണ്ടെടുക്കേണ്ട തീരുമാനമാകണം ഓരോ നയപ്രഖ്യാപനവും. നമ്മുടെ രാജ്യത്തിന്റെ കൈത്താങ്ങായി നിൽക്കുന്നത് നമ്മുടെ സമ്പന്നമായ മനുഷ്യവിഭവശേഷിയാണ്. 2030-ഓടെ ലോകത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രാജ്യമായി ഇന്ത്യ മാറുമെന്നാണ് പറയുന്നത്. അതിൽ ഏകദേശം 60

ശതമാനത്തിലധികം യുവാക്കളായിരിക്കും. അങ്ങനെവരുമ്പോൾ ലോകത്ത് ഏറ്റവും കൂടുതൽ യുവാക്കളുള്ള രാജ്യമായി ഇന്ത്യ മാറും. ആ യുവാക്കളെ എങ്ങനെ ക്രിയാത്മകമായി വിനിയോഗിക്കണമെന്നുള്ളതാണ് ഒരു ഗവൺമെന്റ് കാണേണ്ട ഏറ്റവും പ്രധാനപ്പെട്ട വിഷയം. മാനവ വിഭവശേഷി കൊണ്ട് വിദേശ നാണ്യം നേടുന്ന രാജ്യങ്ങളിൽ ഇന്ത്യ ഇന്ന് ഒന്നാം സ്ഥാന ത്താണ്. ചൈന രണ്ടാം സ്ഥാനത്തേയ്ക്ക് തള്ളപ്പെട്ടിരിക്കുന്നു. ഇന്ത്യയ്ക്ക് എന്നും മോഡൽ സൃഷ്ടിച്ച കേരളം പുതിയ തലമുറയുടെ വികസനത്തിലും മോഡൽ സൃഷ്ടിക്കാനാകുമെന്നാണ് നാം കണക്കുകൂട്ടുന്നത്. രൂപയ്ക്കു മൂല്യം കുറഞ്ഞാൽ സംഭവിക്കുന്നത് യൂറോപ്യൻ രാജ്യങ്ങൾ സ്വാഭാവിക മായും അവരുടെ തൊഴിൽ മേഖലയായി ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളെ കാണും. ഇവിടെയുള്ള ചെറുപ്പക്കാരെ എങ്ങനെ ഉപയോഗിക്കാനാകും, ഐ.ടി. മേഖലയിൽ അവരെ ഉപയോഗപ്പെടുത്താൻ സാധിക്കും. യു.ഡി. എഫ്. സർക്കാർ ഐ.റ്റി. മേഖലയിൽ ഉണ്ടാക്കിയ വളർച്ച ഈ കാലഘട്ട ത്തിന്റെ നാഡീസ്പന്ദനമാണെന്നുമാത്രമല്ല, ഐ.റ്റി.യിൽ ഇന്ത്യാ രാജ്യത്ത് ഏറ്റവും കൂടുതൽ വളർച്ചയുണ്ടാക്കിയ സ്റ്റേറ്റ് ഈ കൊച്ചുകേരളമാണ് എന്നു ള്ളത് നമുക്ക് അഭിമാനപൂർവ്വം പറയാൻ കഴിയും. അത് തീർച്ചയായും അപ്പു റത്തിരിക്കുന്ന ആളുകൾ വിസ്മരിക്കരുത്. ഇടതുസർക്കാർ തുടക്കം കുറിച്ച് സ്മാരകമാക്കിയതായിരുന്നു സ്മാർട്ട് സിറ്റി. സ്മാർട്ട് സിറ്റിക്കുവേണ്ടി ഒരു ഉദ്ഘാടനം നടത്തി തറക്കല്ലിട്ടതല്ലാതെ അതിനപ്പുറം മുന്നോട്ടുപോകാൻ കഴി യാത്തൊരവസ്ഥയിൽ നിന്ന് മാറി സ്മാർട്ട് സിറ്റി വരുന്ന ഒരു വർഷംകൊണ്ട് ഉദ്ഘാടനം ചെയ്ത് നമ്മുടെ രാജ്യത്തിന്റെതന്നെ ഐ.റ്റി. ഹബ്ബാക്കി മാറ്റാൻ കഴിയുന്ന ഉയരങ്ങളിലേയ്ക്ക് മാറിയിട്ടുണ്ട്. അതുപോലെതന്നെയാണ് കേരള ത്തിലെ സ്റ്റാർട്ട് അപ്പ് വില്ലേജുകൾ. സ്റ്റാർട്ട് അപ്പ് വില്ലേജുകളെന്ന

യാഥാർത്ഥ്യത്തെ കാണാതിരുന്നുകൂടാ. വിദ്യാർത്ഥികളുടെ കൈയിൽ കല്ലു കൊടുത്ത്, കത്തികൊടുത്ത് കലാലയങ്ങളിൽ കല്ലെറിയാനും ബസ്സുകത്തിക്കാനും മാത്രം പഠിപ്പിച്ചിരുന്ന വിദ്യാർത്ഥി സമൂഹത്തോടെല്ലാം നിങ്ങൾക്ക് രാഷ്ട്ര പുനർനിർമ്മാണത്തിൽ പങ്കാളിയാകാം, നിങ്ങൾക്ക് സ്വയം പര്യാപ്തരാകാം, നിങ്ങൾക്ക് വ്യവസായ സംരംഭകരാകാം എന്നുകാണിച്ചു കൊടുത്തുകൊണ്ട് സ്റ്റാർട്ട് അപ്പ് വില്ലേജുകൾ ആരംഭിച്ചത് കേരളത്തിന് ഇന്ന് ഒരു മികവായി മാറിയിരിക്കുന്നു. കേരളത്തിന്റെ മാതൃകയാണ്. സ്റ്റാർട്ട് അപ്പ് വില്ലേജുകൾ പ്രതീക്ഷയുടെ വിസ്ഫോടനമാണ് വരുത്തുന്നത്. പാലക്കാട് ഗവൺമെന്റ് കോളേജിലെ സ്റ്റാർട്ട് അപ്പ് വില്ലേജിലുണ്ടാക്കിയ ഏറ്റവും പ്രധാനപ്പെട്ട ഒട്ടേറെ ഉല്പന്നങ്ങളും അതിന്റെ പ്രൊഡക്ഷനും ഇന്ന് വിദേശരാജ്യങ്ങൾ ഏറ്റെടുത്തുകഴിഞ്ഞു. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ഫോൾഡിംഗ് ഹെൽമറ്റ്. ഫോൾഡിംഗ് ഹെൽമറ്റ് അവിടത്തെ വിദ്യാർത്ഥികളാണ് സൃഷ്ടിച്ചത്. ഈ യാഥാർത്ഥ്യത്തെ കാണാതിരുന്നുകൂടാ. അതോടൊപ്പം വിദേശത്ത് ജോലി ചെയ്യുന്ന മലയാളികൾ നമ്മുടെ വലിയ സമ്പത്താണ്. ഇവിടെ ചോദിച്ചു നിതാഖാത്തിന്റെ കാര്യത്തിൽ എന്താണ് ഈ ഗവൺമെന്റ് ചെയ്തതെന്ന്. നിതാഖാത്തിന്റെ കാര്യത്തിൽ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങളൊക്കെ ചെയ്തു. സൗദി അറേബ്യയിൽ നിതാഖാത്ത് നിയമം വന്നപ്പോൾ ആ നിതാഖാത്ത് നിയമത്തിന്റെ ഇളവുകൾ മറ്റ് രാജ്യങ്ങൾക്കുകൂടി ലഭിക്കുന്ന അന്തരീക്ഷം സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ അത് കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി നടത്തിയ ശക്തമായ ശ്രമത്തിന്റെ ഭാഗമായിട്ടാണെന്ന യാഥാർത്ഥ്യം നമുക്ക് അഭിമാനത്തോടുകൂടി പറയാൻ കഴിയും. അതിന് ഗുണഫലമുണ്ടായി. നിതാഖാത്തിന്റെ സാഹചര്യങ്ങളിലുണ്ടായതെന്താണെന്നുവച്ചാൽ അവിടെനിന്നും മടങ്ങിയവരെ അന്ന്

എംബസിയിൽ കിട്ടിയില്ല. എംബസിയിൽ ചോദിക്കുമ്പോൾപോലും എംബസിയിലേയ്ക്ക് ആരും വന്നിരുന്നില്ല. ഏറ്റവുമൊടുവിൽ സന്നദ്ധസംഘടനകളെ ഏർപ്പാടാക്കി, അവർ ജനങ്ങളുടെയിടയിൽപോയി അവരെ പിടിച്ചുകൊണ്ടുവന്നാണ് 100-ലധികം ആളുകൾ അവസാന ഘട്ടത്തിലെത്തിയത്. അല്ലാതെ ഗവൺമെന്റ് ഇത് തുറന്നിട്ടും 100 പേരെ വന്നുള്ളുവെന്ന വാദം അങ്ങ് ഉന്നയിച്ചാലും അവിടത്തെ ഒരു പ്രവാസി ഉന്നയിക്കുമെന്ന് തോന്നുന്നില്ല. അവർക്കുവേണ്ടി ചെയ്യാവുന്നതൊക്കെ ചെയ്തു. പത്തൊമ്പതിനായിരത്തോളം അപേക്ഷകരാണ് ഗവൺമെന്റിനു മുമ്പിലുള്ളത്. ആ പത്തൊമ്പതിനായിരത്തോളം അപേക്ഷകരിൽ നിന്ന് വയബിൾ പ്രോജക്ട് സമർപ്പിക്കുന്നവരെ കണ്ടെത്താനുള്ള പരിശ്രമം ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നു. അതിനുള്ള നീക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഏറെപ്പേർക്ക് നൽകിക്കഴിഞ്ഞു. ഇത്തരം കാര്യങ്ങളിൽ ഒരു ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നതിന്റെ പരമാവധി കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. അതോടൊപ്പംതന്നെയാണ് ഒരു സ്റ്റേറ്റിന്റെ അടിസ്ഥാന സൗകര്യവികസനവും. ഏതൊരു വികസിത രാഷ്ട്രത്തിന്റേയും ഏറ്റവും പ്രധാനപ്പെട്ട ഘടകം അടിസ്ഥാന സൗകര്യവികസനം തന്നെയാണ്. കൊച്ചി മെട്രോയും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവും കണ്ണൂർ എയർപോർട്ടും തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലെ മോണോ റെയിലും തീരദേശ കോറിഡോറും പതിനായിരം കോടി രൂപയുടെ സ്പീഡ് കേരളാ പദ്ധതിയുമൊക്കെ യാഥാർത്ഥ്യമാകുന്നതോടുകൂടി കേരളത്തിന്റെ മുഖച്ഛായ മാറുന്ന വളരെ മനോഹരമായൊരന്തരീക്ഷം ഈ സംസ്ഥാനത്തുണ്ടാകും. എന്നുമാത്രമല്ല, ചിന്തിക്കുന്ന ഭാഷയിൽ പ്രവർത്തിക്കുക എന്ന വികസിത രാഷ്ട്രങ്ങളുടെ മാതൃക ഇന്ന് കേരളം തിരി

ച്ചറിഞ്ഞു. നല്ല മനോഹരമായ മലയാളത്തിൽ ഒരുപക്ഷേ നിഘണ്ടുനോക്കിയാൽപോലും അതിന്റെ അർത്ഥമെന്താണെന്ന് തിരിയാത്ത ഭാഷയിൽ പ്രസംഗിക്കുന്ന ആളുകൾ അപ്പുറത്തുണ്ട്. ഒരുപാട് ബഞ്ചന്മാരും സഹബഞ്ചന്മാരുമായ ആളുകളുണ്ട്. പക്ഷെ മലയാള ഭാഷയ്ക്ക് ഒരു സർവ്വകലാശാല കൊണ്ടുവരാനും മലയാള ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി കൊണ്ടുവരാനും ഈ സർക്കാർ വേണ്ടിവന്നുവെന്നത് വിസ്മരിക്കാൻ കഴിയില്ല. അത് ഈ ഗവൺമെന്റിന്റെ നന്മയായിത്തന്നെ കാണണം. ഗവൺമെന്റ് ചെയ്യുന്ന നേട്ടങ്ങളെ ചെറുതായി കാണുന്ന ഒരു സാഹചര്യമുണ്ടാകരുത്. ഇവിടെ നിങ്ങൾ എല്ലാത്തിനേയും വിമർശിക്കുകയാണ്. കുട്ടികളുടെ മായാവി കഥയിൽ കുട്ടുസനെന്നൊരു കഥാപാത്രമുണ്ട്. ആ കുട്ടൂസന്റെ പ്രത്യേകതയെന്താണ്? കുട്ടുസൻ എപ്പോഴും കുനിഷ്ടക്കാരനാണ്. ആ കുനിഷ്ടക്കാരനെപ്പോലെ കേരളത്തിൽ എന്ത് നന്മകളുണ്ടെങ്കിലും അവിടെയൊക്കെ കുട്ടൂസന്റെ വേഷം കെട്ടുന്ന ചില കുനിഷ്ടക്കാർ കേരള രാഷ്ട്രീയത്തിലുമുണ്ട്. അവർ ആ കർത്തവ്യം നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ 14 ജില്ലകളിലൂടെ രാപ്പകലില്ലാതെ സഞ്ചരിച്ച് അവസാനം ലക്ഷക്കണക്കിന് പാവപ്പെട്ടവരെ നേരിൽക്കണ്ട് മുപ്പത് കോടിയിൽപ്പരം രൂപ സാമ്പത്തിക സഹായം നൽകിയ മുഖ്യമന്ത്രിയുടെ നടപടിയെ ഇവർ കാണുന്നില്ല. അതിനെ തടയാനാണ് ശ്രമിക്കുന്നത്. ജനസമ്പർക്കം കേരളത്തിൽ പാവപ്പെട്ടവന്റെ കണ്ണീരൊപ്പുന്ന കൈലേസായി മാറിയിട്ടുണ്ട്. കേരളത്തിലെ ഗ്രാമങ്ങളിലെ കവലകളിൽ നാടോടികൾ നടത്തുന്ന സൈക്കിൾയജ്ഞംപോലെയാണ് ഈ അടുത്ത കാലത്തായി ഇടതുപക്ഷം നടത്തിയ സമരങ്ങൾ. അത് അടുപ്പുകൂട്ടൽ സമരം കൊണ്ട് തുടങ്ങി. വലിയവലിയ മഹിളകൾ അടുപ്പുകൂട്ടി നല്ല പാചകറാണിമാ

രാണെന്ന് തെളിയിച്ചുതുടങ്ങിയ ആ സമരം ഇന്ന് അടപ്പുപോയ സമരമായി മാറിയിട്ടുണ്ട് എന്നതാണ് യാഥാർത്ഥ്യം. ഇന്ന് ആ സമരത്തിന്റെ അവസ്ഥയെന്താണ്? ഇന്ന് ആ സമരത്തിന് മുന്നോട്ടുപോകാനാകാത്ത അവസ്ഥയാണ്. എന്നുമാത്രമല്ല, ചില വാക്കുകൾ അറംപറ്റുമെന്ന് കേട്ടിട്ടുണ്ട്. ഇവിടെ ശ്രീ. വിഷ്ണുനാഥ് പറഞ്ഞു, കേരളത്തിലെ സ്ത്രീകൾ ചൂലെടുക്കുമെന്നു പറഞ്ഞ് നാവെടുക്കുന്നതിനുമുമ്പ് ചൂലെടുത്ത് സമരത്തെ അടിച്ചിറക്കി. ഒറ്റ നോവൽകൊണ്ട് ബുക്കർ പ്രൈസ് നേടിയ ശ്രീമതി അരുന്ധതീറോയിയുടെ നാടാണിത്. ഒറ്റ ശകാരം കൊണ്ട് ലോകശ്രദ്ധ പിടിച്ചുപറ്റി പാരിതോഷികം വാങ്ങിയ വനിതയായി ശ്രീമതി സന്ധ്യ മാറുകയും ചെയ്തു. ഇതിലും വലിയ അത്ഭുതമുണ്ടോ? ഒരു ഗവൺമെന്റിന്റെ ധനകാര്യമന്ത്രിയെന്നുപറഞ്ഞാൽ കർക്കശക്കാരനായിരിക്കും. പക്ഷേ കേരളത്തിലെ ധനകാര്യമന്ത്രിയുടെ മുഖം കാരുണ്യത്തിന്റെ മുഖമാണ്. 200 കോടി രൂപയാണ് കാരുണ്യ ബെനവലന്റ് ഫണ്ടുവഴി പാവപ്പെട്ടവർക്കു നൽകിയത്. ഇത് പ്രതിപക്ഷത്തുള്ള എം.എൽ.എ.മാർക്ക് കിട്ടിയിട്ടില്ലേ? അവിടെ ഏതെങ്കിലും ഭാഗത്ത് ഏത് രാഷ്ട്രീയപാർട്ടിയാണെന്ന് ഈ ഗവൺമെന്റ് നോക്കിയിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സാന്റിയാഗോ മാർട്ടിന്റെ കരങ്ങളിലേയ്ക്ക് ഒഴുകിയിരുന്ന പണമാണിത് എന്നോർക്കുമ്പോഴാണ് മാണിസാറിന്റെ ഇടപെടലിന്റെ മേന്മ എന്താണെന്ന് തിരിച്ചറിയുന്നത്. പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 4973 വീടുകളാണ് ഇപ്പോൾ നിർമ്മിക്കുന്നത്. ഞാനും മത്സ്യത്തൊഴിലാളിമേഖലയിലുള്ള എം.എൽ.എ. ആണ്. 800 വീടുകൾക്ക് 2 ലക്ഷം രൂപ വീതം കൊടുക്കുന്നു. 6000 വീടുകൾ ഈ വർഷവും നിർമ്മിക്കുന്നു. സമ്പൂർണ്ണമായും മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുന്ന

ബൃഹത്തായ പദ്ധതികളാണ് കേരളത്തിൽ ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുന്നത്. നാം മനസ്സിലാക്കേണ്ടത് ഒരു രാജ്യത്തെ ദുർബ്ബല വിഭാഗങ്ങളായ ജനങ്ങളോടൊപ്പം നിന്നുകൊണ്ട് ഗവൺമെന്റ് പ്രവർത്തിക്കുന്നു. ഇവിടെ വിദ്യാഭ്യാസ മന്ത്രിയെക്കുറിച്ചുപറഞ്ഞു. കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് ഇത്തരം മാറ്റങ്ങളുണ്ടായിട്ടുള്ള കാലഘട്ടമെന്നാണുണ്ടായിട്ടുള്ളത്. കഴിഞ്ഞ കാലത്ത് അയൽ സംസ്ഥാനങ്ങളിൽ ഉന്നത പഠനങ്ങൾക്കുവേണ്ടി പോയിരുന്ന ജനവിഭാഗത്തെ സ്വന്തം നാട്ടിൽ പഠിക്കാൻ കഴിയുന്നവിധം ഉയർത്തിക്കൊണ്ടുവരിക മാത്രമല്ല, വരും കാലങ്ങളിൽ ഈ നിലയിൽ കേരളം മുന്നോട്ടുപോയാൽ ഇന്ത്യയുടെ എഡ്യൂക്കേഷൻ ഹബ്ബായി കേരളത്തെ മാറ്റാൻ ശ്രീ. പി. കെ. അബ്ദു റബ്ബിന് കഴിയുമെന്ന ആത്മവിശ്വാസം നമുക്കുണ്ട്. ആ രീതിയിലാണ് കേരളം മുന്നോട്ടുപോകുന്നത്. ഈ നേട്ടങ്ങളൊക്കെ ഒരുഭാഗത്തു നടക്കുമ്പോഴും രാജ്യം നേരിടുന്ന വലിയ ഭീഷണിയെ ചിലർ കാണാതെ പോകുകയാണ്. ഇവിടെ ചിലർ അങ്ങനെ പറഞ്ഞു പ്രചരിപ്പിക്കുകയാണ്. ഇവിടെ ശ്രീ. നരേന്ദ്രമോദിയെ നേരിടാനുള്ള ഏക പരിഹാരം ഞങ്ങൾ മാത്രമേയുള്ളൂവെന്നുള്ള ധാരണ തിരുത്തണം. ശ്രീ.നരേന്ദ്രമോദിയുടെ കരുത്തല്ല ബി.ജെ.പി.യുടെ വിജയത്തിന് നിദാനമാകുന്നത്. ശ്രീ. നരേന്ദ്രമോദിയുടെ കരുത്തായിരുന്നെങ്കിൽ മോദി ഇരുന്നുനിരങ്ങി രാഷ്ട്രീയം കളിച്ച ഛത്തീസ്ഘട്ടിന്റെ മണ്ണിൽ സീറ്റ് വർദ്ധിപ്പിക്കാൻ ബി.ജെ.പി.ക്ക് കഴിഞ്ഞിട്ടില്ല. ഇത് തെളിയിക്കുന്നത് എന്താണ്; മോദിക്ക് അവിടെ ഏറെ കളിക്കാൻ സാധിച്ചിട്ടില്ല. ഡൽഹിയിൽ ബി.ജെ.പി. സീറ്റിന്റെ എണ്ണം കൂട്ടിയെന്ന് പറയുമ്പോഴും അവിടെ മതേതര കക്ഷിയായ കോൺഗ്രസ്സിന്റെ വോട്ട് മതേതര പാർട്ടികൾതന്നെ ഭിന്നിപ്പിച്ചുവെന്നത് കാണാം. മതേതര വോട്ടുകളുടെ ഭിന്നിപ്പാണ് ബി.ജെ.പി.-ക്ക് വളക്കൂറുണ്ടാക്കിക്കൊടുത്തതെന്ന

യാഥാർത്ഥ്യത്തെ വിസ്മരിക്കാൻ കഴിയുകയില്ല. രാജസ്ഥാന്റെ കാര്യമെടുത്താൽ അവിടെയും ഇത് കാണാം. സി.പി.ഐ.(എം)–ന് രാജസ്ഥാനിൽ നിലവിലുണ്ടായിരുന്ന മൂന്ന് സീറ്റും പോയി. 4.8% വോട്ട് വാങ്ങിയിരുന്ന സ്ഥാനത്തുനിന്നും താഴേക്കുവന്ന് 0.14%–ലേക്കെത്തി. ഇങ്ങനെ ഇടതുപക്ഷ പാർട്ടിക്കുണ്ടായ അപചയത്തെക്കുറിച്ച് അറിയണം. ഇടതുപക്ഷം നേരെ താഴേക്കുവരുന്ന ഒരു അവസ്ഥയുണ്ടായി. മുസ്ലീംലീഗ് വലിയ പാർട്ടിയാണെന്ന് ഞങ്ങൾ പറയുന്നില്ല. പക്ഷെ ഒരുകാര്യം പറയാൻ കഴിയും, മതേതര കക്ഷികളുടെ കെടുകാര്യസ്ഥതയാണ് ഇന്ത്യാ രാജ്യത്തിന്റെ പരാജയത്തിന് കാരണമെങ്കിൽ അത് തിരിച്ചറിഞ്ഞ് തിരുത്താൻ മതേതര ശക്തികൾ ബാധ്യസ്ഥരാണ്. അവർ ആ ചുമതലകൾ നിർവ്വഹിക്കണം. കോൺഗ്രസ്സിനെതിരായി മത്സരിച്ച ആം ആദ്മി പാർട്ടിയുടെപോലും ആത്മാഭിമാനം സംരക്ഷിക്കുന്നതിന് മതേതരകക്ഷിയായ കോൺഗ്രസ്സ് പിന്തുണ നൽകുന്നു. മതേതര കക്ഷികൾ യോജിക്കണമെന്നും ഒന്നിച്ചുനിൽക്കണമെന്നുമുള്ള സന്ദേശമാണ് വരാനിരിക്കുന്ന തെരഞ്ഞെടുപ്പ് നൽകുന്നത്. മുസ്ലീം ലീഗിന്റെ പരിമിതികൾ തിരിച്ചറിയുന്നതോടൊപ്പംതന്നെ ഒരു കാര്യം ഞങ്ങൾ പറയുന്നു, മുസ്ലീം ലീഗിന് വേരോട്ടമുള്ള ഒരു മണ്ണിലും, കേരളത്തിലാകട്ടെ, തമിഴ്നാട്ടിലാകട്ടെ, ബി.ജെ.പി.–ക്ക് ഇന്നുവരെ അക്കൗണ്ട് തുറക്കാൻ കഴിഞ്ഞിട്ടില്ലെന്ന സത്യം കൂടി നിങ്ങൾ അറിയണം. അത് ലീഗ് കാണിക്കുന്ന മതേതര പ്രവർത്തനത്തിന്റെ ഫലമാണ്. അത് ലീഗിന്റെ മതേതര മുന്നേറ്റമാണ്. ആ മുന്നേറ്റത്തെ ചെറുതായിക്കാണാൻ ആർക്കും കഴിയില്ല. കാരണം ഞങ്ങൾ ഈ രാജ്യത്തിലെ ന്യൂനപക്ഷങ്ങളെ നേരായ ജനാധിപത്യത്തിന്റെ, മതേതരത്തിന്റെ

ഭാഷയിലൂടെ രാഷ്ട്രീയ പ്രവർത്തനം നടത്താൻ പ്രേരിപ്പിക്കുകയാണ്. അതിന് തടസ്സമുണ്ടാക്കുന്ന വാദങ്ങളാണ് ചിലർ ഉയർത്തിക്കൊണ്ടുവരുന്നത്.

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, മതേതര പാർട്ടികൾ ആത്മപരിശോധന നടത്തണമെന്ന് അങ്ങ് ഉദ്ദേശിച്ചത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ ഉദ്ദേശിച്ചാണോ? മാത്രമല്ല, കോൺഗ്രസ്സിന്റെ വോട്ട് കുറഞ്ഞുകൊണ്ടിരിക്കുകയും ലീഗിന്റെ വോട്ട് കൂടിക്കൊണ്ടിരിക്കുകയും ചെയ്യുന്നുവെന്നാണ് അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്നത്. അപ്പോൾ, വരാൻപോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിന് മുന്നോടിയായി മതേതര കക്ഷിയായ കോൺഗ്രസ്സിന്റെ നയത്തിൽ മാറ്റം വരുത്തണമെന്നുദ്ദേശിച്ചുകൊണ്ടാണോ അങ്ങ് ഈ പറഞ്ഞത് എന്നുകൂടി വ്യക്തമാക്കിയാൽ നന്നായിരുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: അങ്ങയുടെ കൂടെനിൽക്കുന്ന ആളുകൾ തകർന്നുകൊണ്ടിരിക്കുന്നുവെന്ന് അങ്ങേയ്ക്കറിയാം. അങ്ങയെ നയിക്കുന്നവരുടെ വോട്ട് കുറഞ്ഞുകൊണ്ടിരിക്കുന്നുവെന്നാണ് ഞാൻ സൂചിപ്പിച്ചത്. ജയിച്ചിരിക്കുന്നുവെന്ന് നിങ്ങൾ പറയുന്ന മതേതര കക്ഷികൾ കോൺഗ്രസ്സിന്റെ വോട്ട് ഭിന്നിപ്പിച്ചിരിക്കുന്നു. അങ്ങനെ ഭിന്നിപ്പിക്കുന്നിടത്ത് ബി.ജെ.പി. വളർച്ച പ്രാപിക്കുന്നു. അതുകൊണ്ട് മതേതര കക്ഷികളുടെ വോട്ട് ഭിന്നിപ്പിക്കുന്ന അവസ്ഥയുണ്ടാകരുതെന്നാണ് ഞാൻ ആവർത്തിച്ചു പറഞ്ഞത്. വളരെ ശക്തമായി ലീഗ് നടത്തുന്ന പ്രവർത്തനങ്ങളെ മറ്റുള്ള രീതിയിൽ വ്യാഖ്യാനിക്കുന്ന ചില ആളുകൾ ഇവിടെയുണ്ട്. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി ഒരു പരിപാടിയിൽ പങ്കെടുത്തതിനെക്കുറിച്ച് ഇവിടെ ചിലർ പറഞ്ഞു, എനിക്ക് ഖേദം തോന്നി. ഇക്കാര്യം ഒരുതവണ ശ്രീ. കെ. എൻ. എ. ഖാദർ ഇവിടെ ആവർത്തിച്ചതാണ്. നിങ്ങൾ ആ ഒരു രീതിയിലേക്ക് കാര്യങ്ങളെ കൊണ്ടുപോകരുത്. സ്വാമി വിവേകാനന്ദനെയും ശ്രീനാരായണ

ഗുരുദേവനെയും ബി.ജെ.പി.–ക്കാരുടെ ആലയിൽ കെട്ടിക്കൊടുക്കണമെന്ന് അപ്പുറത്തിരിക്കുന്ന എൽ.ഡി.എഫ്.–കാർ ആഗ്രഹിച്ചാലും മുസ്ലീംലീഗ് ആഗ്രഹിക്കുന്നില്ല. അവർ ബി.ജെ.പി.ക്കാരുടേത് മാത്രമല്ലല്ലോ. ഇന്ത്യയുടെ മതേതര മുഖം കാണിക്കാനായി നമുക്ക് നൽകാൻ കഴിയുന്ന ഒന്നാമത്തെ മെറ്റീരിയൽ സ്വാമി വിവേകാനന്ദന്റെ ദർശനം തന്നെയാണ്, ആർക്കും അതിൽ അഭിപ്രായവ്യത്യാസമുണ്ടാകില്ല. പേർഷ്യക്കാരുടെ അഹർമസ്തയാണോ, ക്രിസ്ത്യാനികളുടെ യഹോവയാണോ, ബുദ്ധ സമുദായത്തിലെ ശ്രീബുദ്ധനാണോ അതിന്റെ നാമത്തിൽ ഞാൻ തുടങ്ങുന്നുവെന്ന് പറയുക മാത്രമല്ല, ഒരുപാട് മതങ്ങളുടെ മണ്ണിൽ നിന്നുവരുന്ന ഞാൻ മതേതരമായ ഒരു സംസ്ക്കാരത്തെക്കുറിച്ച് പറയാനാണ് വന്നതെന്ന് ചിക്കാഗോയിൽപ്പോയി പ്രസംഗിച്ച വിവേകാനന്ദ സ്വാമികളുടെ ദർശനങ്ങൾ ഇവിടെ പ്രചരിപ്പിക്കാൻ പാടില്ലെന്നുപറഞ്ഞാൽ ഞങ്ങൾക്കത് മനസ്സിലാകുന്നില്ല. പക്ഷെ അങ്ങനെ പറയുന്നവരെക്കുറിച്ച് വിവേകാനന്ദ സ്വാമികൾ പറഞ്ഞു, □മനുഷ്യൻ കുഞ്ഞായി ജനിക്കാം പക്ഷെ കുഞ്ഞായി മരിക്കരുത്; വലിയവരായി മരിക്കണം, വലിയവരായി മരിച്ചാൽ മരണം ചെറുതാകും.□ ഞങ്ങൾക്ക് അപ്പുറത്തിരിക്കുന്നവരോട് പറയാനുള്ളത് വലിയവരായി മരിക്കാൻ നിങ്ങൾ ശ്രമിക്കണം, എന്നാലേ മരണം ചെറുതാകൂ. നിങ്ങൾ കുഞ്ഞായി മരിക്കരുത്. വിവേകാനന്ദ സ്വാമിയുടെ വാചകം ഞാൻ അങ്ങോട്ട് പറയുകയാണ്. നിങ്ങൾ ഈ രീതിയിൽ കേരളത്തെ ചെറുതാക്കരുത്. വിവേകാനന്ദ സ്വാമികളുമായി ബന്ധപ്പെട്ട പരിപാടിയിൽ മുസ്ലീംലീഗ് പാർട്ടി പങ്കെടുക്കാൻ പാടില്ലെന്ന് ആരാണ് വ്യാഖ്യാനിച്ചത്? ഞങ്ങൾക്ക് അങ്ങനെയൊന്നില്ല. മുസ്ലീം ലീഗിന്റെ നേതാവായ സി.എച്ച് മുഹമ്മദ് കോയ വാഗ്ഭടാനന്ദ സ്വാമികളോടൊപ്പം വേദി പങ്കിട്ടുകൊണ്ടാണ് തന്റെ രാഷ്ട്രീയ പ്രവർത്തനം ആരം

ഭിച്ചത്. അത് അറിയാതെ ഈ രീതിയിൽ വ്യാഖ്യാനിക്കരുതെന്നേ ഞങ്ങൾ പറയുന്നുള്ളൂ. വിവേകാനന്ദ സ്വാമികളേയും ശ്രീനാരായണഗുരുദേവനേയും ഒരു കൂട്ടർക്കും തീറെഴുതിക്കൊടുക്കാൻ കഴിയില്ല. നിങ്ങൾ അങ്ങനെ ധരിക്കരുത്, ഞാനതിന് വഴങ്ങുന്നില്ല. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി അതിന്റെ തലേദിവസം പങ്കെടുത്ത പരിപാടി വിപ്ലവകവി ചെറുകാടിന്റെ പുസ്തക പ്രകാശന ചടങ്ങാണെന്ന് നിങ്ങൾക്കറിയാമോ; അതുകൂടി നിങ്ങൾ അന്വേഷിക്കണം. വിപ്ലവകവി ചെറുകാടിനെക്കുറിച്ച് അദ്ദേഹം നടത്തിയ പ്രസംഗം ശ്രവിച്ച്, കവിയുടെ പുസ്തകമേറ്റുവാങ്ങിക്കൊണ്ട് ചെറുകാടിന്റെ മകൾ പൊട്ടിക്കരഞ്ഞു. വിപ്ലവകവി ചെറുകാടിന്റെ ആത്മകഥ പുറത്തിറക്കുന്ന ഘട്ടത്തിൽ അതിന്റെ പ്രകാശന ചടങ്ങിൽ പോകാനും ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനിക്ക് സാധിച്ചിട്ടുണ്ട്. അതുകൊണ്ട് ഞങ്ങളെ പാർശ്വവത്ക്കരിച്ച് ഒരു കോണിൽ കെട്ടിയിടാമെന്ന് ആരെങ്കിലും മോഹിക്കുന്നുവെങ്കിൽ മുസ്ലീംലീഗ് പാർട്ടിക്ക് അതിന് മനസ്സില്ല എന്നുമാത്രമേ ഇത്തരക്കാരോട് പറയുന്നുള്ളൂ. ഞങ്ങൾ അങ്ങനെ ആർക്കും ഇവരെയൊന്നും തീറെഴുതിക്കൊടുക്കില്ല. ഇവർ പൊതുസ്വത്താണ്, ഈ നാടിന്റെ സ്വത്താണ് എന്നുമാത്രമേ ഞാൻ ആ കാര്യത്തെക്കുറിച്ച് പറയുന്നുള്ളൂ. വരാനിരിക്കുന്ന തെരഞ്ഞെടുപ്പിന്റെ പ്രാധാന്യം നമ്മൾ കാണണം. രാജ്യത്തിന് വന്നുകൊണ്ടിരിക്കുന്ന അപകടകരമായ ഭവിഷ്യത്ത് തിരിച്ചറിയണം. അത് തിരിച്ചറിഞ്ഞുകൊണ്ട് മുന്നോട്ടുപോകേണ്ട ഘട്ടത്തിൽ ദുർബലമായ ഇത്തരം വാദമുഖങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് നിൽക്കരുത്. കേരളത്തിലെ ജനങ്ങളോടൊപ്പം നിൽക്കുന്ന, പാവപ്പെട്ടവരോടൊപ്പം നിൽക്കുന്ന ഒരു സർക്കാരാണിത്. ഏത് വകുപ്പെടുത്താലും, ധനകാര്യ മന്ത്രിയാകട്ടെ, ബഹുമാന്യനായ മുഖ്യമന്ത്രിയാകട്ടെ, ഓരോ മന്ത്രിയും പാവപ്പെട്ടവരോടൊപ്പം നിൽക്കുകയാണ്. മലപ്പു

റത്ത് നടന്ന ഒരു സംഭവത്തെക്കുറിച്ചുകൂടി ഞാൻ പറയാം. മലപ്പുറത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്ത ചടങ്ങിൽ ഒരു ചെറുപ്പക്കാരിയായ, സോറിയാസിസ് ബാധിതയായ പെൺകുട്ടിയും വന്നിരുന്നു. അവരുടെ ശരീരം വിണ്ടുകീറിയിട്ടുണ്ടായിരുന്നു, ശരീരത്തിൽ നിന്നും രക്തവും നീരും വാർന്നുകൊണ്ടിരിക്കുകയായിരുന്നു. ശ്രീ. പി. ഉബൈദുള്ളയും അവിടെയുണ്ടായിരുന്നു. അവർ മുഖ്യമന്ത്രിയുടെ അടുത്തുവന്ന് ഒന്നും മിണ്ടാതെ കരഞ്ഞുകൊണ്ടുനിന്നപ്പോൾ എവിടെയാണ് വീടെന്ന് മുഖ്യമന്ത്രി ചോദിച്ചു. വീട്ടിൽ നിന്ന് പുറത്താക്കിയിരിക്കുന്നുവെന്നും കയറിക്കിടക്കാൻ വീടില്ലെന്നും അവർ മറുപടി പറഞ്ഞു. ഏതോ ഒരു മലയുടെ പാർശ്വത്തിൽ ഒരു ചെറിയ കൂരവച്ച് താമസിക്കുകയാണ്. ബസ്സിൽ കയറ്റുന്നില്ലെന്നും, സഞ്ചരിക്കാൻ കഴിയുന്നില്ലെന്നും അവർ കയറുന്ന ബസ്സിൽ നിന്നും മറ്റ് യാത്രക്കാർ ഇറങ്ങിപ്പോകുന്നുവെന്നുമായിരുന്നു അവരുടെ പരാതി. ബഹുമാന്യനായ മുഖ്യമന്ത്രി അവർക്ക് യാത്ര ചെയ്യുന്നതിനായി ഒരു മുച്ചക്ര വാഹനം അനുവദിച്ചു നൽകുകയും അവർ താമസിക്കുന്ന വീടിന് നമ്പർ അനുവദിക്കണമെന്നും ബി.പി.എൽ. റേഷൻ കാർഡ് കൊടുക്കണമെന്നും കളക്ടറോട് പറയുകയും താൽക്കാലികമായി ധനസഹായം നൽകുകയും ചെയ്തു. ഞാൻ അപ്പുറത്തിരിക്കുന്നവരോട് ചോദിക്കട്ടെ ഇത് നാടകമാണോ; ഈ നാട്ടിലെ പാവപ്പെട്ടവന് സർക്കാരിൽനിന്നും ലഭിക്കുന്ന എന്തെങ്കിലുമൊരു വിഹിതം ആ പെൺകുട്ടിക്കും ലഭിക്കാൻ അർഹതയില്ലേ? നീതി നിഷേധിക്കപ്പെട്ടവർക്ക് അത് എത്തിച്ചുകൊടുക്കുന്ന ദൗത്യം നിർവ്വഹിക്കുന്ന ഈ ഗവൺമെന്റിന്റെ, അടുത്ത വർഷം എങ്ങനെ മുന്നോട്ടുപോകുമെന്ന് കൃത്യതയോടുകൂടി വിലയിരുത്തുന്ന നയപ്രഖ്യാപനം ഇവിടെ അവതരിപ്പിച്ചതിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ട്, അതിനെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എസ്. ശർമ്മ</u>: പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിൽ ഗവർണ്ണർ അവതരിപ്പിച്ചിട്ടുള്ള നയപ്രഖ്യാപനത്തെയും രാവിലെ ചർച്ച തുടങ്ങി വച്ച എന്റെ സ്നേഹിതൻ ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച നന്ദിപ്രമേയ പ്രസംഗത്തെയും ഞാൻ ശക്തിയായി എതിർക്കുന്നു. ഗവർണ്ണറുടെ നയപ്രഖ്യാപനവും എന്റെ സ്നേഹിതനായ ശ്രീ. ബെന്നിയുടെ രാഷ്ട്രീയ പ്രഖ്യാപനവും നോക്കിയാൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട അനാഥബാലൻ സമർപ്പിച്ചിട്ടുള്ള ദയാഹർജിയുടെ സ്വഭാവത്തോടുകൂടിയുള്ള ഒരു നിലപാടാണെന്ന് പറയാം. വധശിക്ഷക്ക് വിധിക്കപ്പെട്ടവൻ, എന്നെ വധശിക്ഷയിൽ നിന്ന് രക്ഷപ്പെടുത്തണം കാരണം എനിക്ക് അച്ഛനില്ല, അമ്മയില്ല, മറ്റാരുമില്ല, ഞാനൊരു അനാഥനാണ് എന്ന് പറഞ്ഞ് അമേരിക്കൻ പ്രസിഡന്റിന് അപേക്ഷ കൊടുത്തു. അത് പരിശോധിച്ചപ്പോൾ കാര്യം ശരിയായിരുന്നു, അച്ഛനുമില്ല അമ്മയുമില്ല. കാരണം ആ അച്ഛനെയും അമ്മയെയും കൊന്നതിന്റെ പേരിലാണ് വധശിക്ഷക്ക് വിധിക്കപ്പെട്ടിട്ടുള്ളത്. അങ്ങനെ വധശിക്ഷക്ക് വിധിക്കപ്പെട്ട അനാഥബാലന്റെ മാനസികാവസ്ഥയിൽ നിന്നുകൊണ്ട് വന്ന ഒരു നയവും പ്രഖ്യാപനവുമാണിത്. ഇന്ന് രാവിലെ വിലക്കയറ്റത്തെക്കുറിച്ച് ഇവിടെ ചർച്ച ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുന്ന സന്ദർഭത്തിൽ ഇക്കാര്യം പറയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ആനുകൂല്യം കൊടുക്കുന്നതിന് ആധാർ കാർഡ് കണക്ട് ചെയ്യാൻ പാടില്ല എന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതിപറഞ്ഞു. ഇന്ത്യാ ഗവൺമെന്റ് അപ്പീലിന് പോയി, റിവ്യൂ ഹർജി കൊടുത്തു. അതും തള്ളി. ബഹുമാനപ്പെട്ട ഇന്ത്യാ ഗവൺമെന്റിനും കോൺഗ്രസ്സ് നേതൃത്വത്തിനും ഇന്ത്യയിൽ സുപ്രീം കോടതിയെക്കാൾ ആരോടാണ് കടപ്പാട്; ഓയിൽ കമ്പനിയോട് മാത്രമാണോ?

ലോകത്ത് കുത്തിതിരിപ്പുകൾ ഉണ്ടാക്കാൻ ശ്രമിക്കുന്ന അമേരിക്കയുടെ ചാര സംഘടനയായ സി.ഐ.എ.യ്ക്ക് ഏറ്റവും കൂടുതൽ ഷെയർ ഉള്ള മാംഗോ ഡിബി എന്ന കമ്പനിയെയാണ് ആധാർ കാർഡ് തയ്യാറാക്കുന്നതിനുവേണ്ടി കേന്ദ്രമന്ത്രിസഭ ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇന്ത്യയിലെ മുഴുവൻ പൗരൻമാരുടെയും രേഖാപരമായിട്ടുള്ള വിവരങ്ങൾ  ഈ കാർഡിലൂടെ, ഈ സോഫ്ട് വെയറിലൂടെ ശേഖരിക്കപ്പെട്ടുകഴിഞ്ഞാൽ ഭാരതത്തിന്റെ ആഭ്യന്തര സുരക്ഷിതത്വത്തെത്തന്നെ പ്രതികൂലമായി ബാധിക്കാവുന്ന വിധത്തിലുള്ള ഏറ്റവും ഗൗരവമായിട്ടുള്ള ഒരു സ്ഥാപനത്തെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഇന്ത്യയിലെ പരമോന്നത നീതി പീഠമായ ബഹുമാനപ്പെട്ട സുപ്രീം കോടതി പറഞ്ഞിട്ടും റിവ്യൂ പെറ്റീഷൻ കൊടുത്തത് തള്ളിയിട്ടും ഇതുമായി മുന്നോട്ട് പോകുന്നത് കോർപ്പറേറ്റുകൾക്ക് വേണ്ടി മാത്രമല്ല അമേരിക്കൻ ചാര സംഘടനയായ സി.ഐ.എ.ക്കുകൂടി വേണ്ടിയാണ്. കേരളത്തിൽ 1957 ലെ ഗവൺമെന്റിനെ അട്ടിമറിക്കുന്നതിന്റെ പിന്നിലും സി.ഐ.എ. പങ്കു വഹിച്ചിട്ടുണ്ട്, ഞാൻ അതിലേക്ക് വരുന്നില്ല. സാധനങ്ങൾക്ക് വിലകൂട്ടാൻ ലോകത്തുള്ള ഒരു ഗവൺമെന്റും തയ്യാറാകില്ല, ഇന്ത്യയുടെ ചരിത്രത്തിൽ മൻമോഹൻ ഗവൺമെന്റ് മാത്രമാണ് അതിനു തയ്യാറായത്. ലോക ചരിത്രത്തിൽ, എത്ര പിന്തിരിപ്പൻ ഗവൺമെന്റുകളാണെങ്കിൽപ്പോലും വിലക്കയറ്റം ഉണ്ടായിട്ടുണ്ടെങ്കിൽ ആ ക്രൈസിസ് മാനേജ് ചെയ്യാനും അത് തടുത്ത് നിർത്താനും അഡ്മിനിസ്ട്രേറ്റീവ് സ്റ്റെപ്പ് എടുത്തിട്ടുണ്ട്.  പക്ഷെ, ഇന്ത്യാ ഗവൺമെന്റ്  ചെയ്തത് പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിപ്പിക്കാൻ കഴിയുന്ന വിധത്തിൽ കോർപ്പറേറ്റ് സ്ഥാപനങ്ങൾക്ക് സ്വതന്ത്ര പരമാധികാരം കൊടുക്കുകയാണ്.  രാസവളങ്ങളുടെ വില നിശ്ചയിക്കുന്ന ഉത്തരവാദിത്വത്തിൽ നിന്ന് ഗവൺമെന്റ് മാറിനിന്നു.  രാജ്യത്തെ ജനങ്ങളെ വിദേശ മൂലധന ശക്തിക

ളുടെ കഴുകൻമാർക്ക് എറിഞ്ഞുകൊടുത്തുകൊണ്ട് വിലക്കയറ്റം സൃഷ്ടി ക്കുന്ന ഒരു കശ്മല സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. ആ ഗവൺമെന്റിനെ ന്യായീകരിക്കുന്ന ഗവൺമെന്റാണ് ഇവിടുത്തെ ഗവൺമെന്റ്. ഇന്ത്യാ ഗവൺമെന്റിന്റെ ഭാഗമായ, ഒരു ബ്രാഞ്ച് ഓഫീസ് പോലെ പ്രവർത്തി ക്കുന്ന ഒരു ഗവൺമെന്റാണ് സംസ്ഥാനത്തുള്ളത്. അതുകൊണ്ടുതന്നെ, വധ ശിക്ഷയ്ക്ക് വിധിക്കപ്പെട്ട ഒരു അനാഥ ബാലന്റെ മാനസികാവസ്ഥപോലെ യാണ് ഈ നയവും പ്രവർത്തിയും എന്ന കാര്യം ഈ അവസരത്തിൽ ഞാൻ വ്യക്തമാക്കുന്നു. ശ്രീ. ബെന്നി ബെഹനാൻ അദ്ദേഹത്തിന്റെ സംഭാഷണം ഉപ സംഹരിച്ചുകൊണ്ട്, 1957 –ൽ അരിക്ഷാമം വന്നപ്പോൾ അന്നത്തെ ഇ.എം. എസ്. കമ്മ്യൂണിസ്റ്റ് മന്ത്രി സഭ ആന്ധ്രാപ്രദേശിൽ നിന്ന് അരി എടുക്കാൻ തീരുമാനിച്ച കാര്യം പറഞ്ഞു. അരിക്ഷാമവും വിലക്കയറ്റവും രൂക്ഷമാ യപ്പോൾ അത് നിയന്ത്രിക്കാൻ വേണ്ടി ജനാധിപത്യ കേരളം ഉണ്ടായതിന് ശേഷം ആദ്യമായാണ് അരി വരുത്താൻ അന്ന് തീരുമാനിച്ചത്. ഇപ്പോൾ കൺസ്യൂമർഫെഡും സിവിൽ സപ്ലൈസ് കോർപ്പറേഷനും ദിവസം പ്രതി അരി കൊണ്ടുവരികയല്ലേ; ആരും ഒന്നും അനേഷിക്കുന്നില്ലല്ലോ? അന്ന് അക്കാര്യത്തിൽ ആക്ഷേപം വന്നതിനെത്തുടർന്ന് അന്വേഷണ കമ്മീഷനെ നിയമിച്ചു, കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചു. നഷ്ടം വന്നു എന്നല്ലാതെ ഒരു അഴിമതിയെക്കുറിച്ചും ആ റിപ്പോർട്ടിൽ പറഞ്ഞിട്ടില്ല. അന്ന് മന്ത്രി സഭ തീരു മാനിച്ച് ചെയ്തതാണ്. അതും സോളാർ കേസിലെ ജുഡീഷ്യൽ അന്വേഷണ വുമായി താരതമ്യം ചെയ്യുന്നത് 'കടലും' 'കടലാടിയും' തമ്മിൽ ബന്ധപ്പെടുത്തുന്നതുപോലെയാണ്. സോളാർ കേസിന്റെ പേരിലുള്ള സമര ങ്ങളൊക്കെ പരാജയപ്പെട്ടെന്ന് പറഞ്ഞ് നിങ്ങൾ ആനന്ദിച്ചുകൊള്ളൂ. നിങ്ങൾ

ഗ്യാസിന്റെ വില കൂട്ടുന്ന ആളുകൾ, ഞങ്ങൾ അടുപ്പു കൂട്ടുന്ന ആളുകൾ. അപ്പോൾ വില കൂട്ടുന്നത് വിജയിച്ചു. അങ്ങനെ ആനന്ദം കൊണ്ടും ആസ്വദിച്ചും ഇരുന്നോളൂ, നിങ്ങൾക്ക് നല്ലതുപോലെ കിട്ടും. ബസ് ചാർജ് കൂട്ടി, വൈദ്യുതി ചാർജ് കൂട്ടി, വെള്ളക്കരം കൂട്ടി, റേഷനരിക്കും മറ്റ് സാധനങ്ങൾക്കും വില കൂട്ടി, ഗ്യാസിന് കേന്ദ്രം വില കൂട്ടി, മണ്ണെണ്ണയുടെ സബ്സിഡി വെട്ടിക്കുറച്ചു – ഇത്തരം കാര്യങ്ങൾക്കെതിരായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനം  സമരം ചെയ്തിട്ടുണ്ട്. വില കൂട്ടിയതെല്ലാം നിങ്ങളാണ്. അത് കുറയ്ക്കാൻവേണ്ടി നടത്തുന്ന, ജനങ്ങൾക്കുവേണ്ടിയുള്ള  സമരത്തെയാണ് നിങ്ങൾ പുച്ഛിക്കുന്നത് എന്ന കാര്യം മറക്കരുത്. ഞങ്ങൾ സോളാർ പ്രശ്നവുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിനുമുന്നിൽ ഒരു ലക്ഷത്തിൽ താഴെ വരുന്ന ആളുകളെ അണിനിരത്തിക്കൊണ്ട് സമരം ചെയ്തു. സമരത്തിന്റെ ഒരു പ്രത്യേക ഘട്ടത്തിൽ, സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് ജുഡീഷ്യൽ അന്വേഷണം നടത്തുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരസ്യമായി പറഞ്ഞു.  പ്രത്യേകിച്ചൊരു ചർച്ച നടന്നില്ല,  പക്ഷെ ഒരു പ്രഖ്യാപനം നടത്തി. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി അത് മുഖവിലയ്ക്കെടുത്തു, അതാണോ തെറ്റ്? സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷണം നടത്തുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരസ്യമായി പത്രസമ്മേളനം വിളിച്ചു ചേർത്ത് പറഞ്ഞപ്പോൾ രാഷ്ട്രീയ ധാർമ്മികതയും മാന്യതയും കാണിച്ചുകൊണ്ട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനം സമരം പിൻവലിച്ചു. ആ സമരം പരാജയപ്പെട്ട് പിന്നോട്ട് പോയെന്നാണ് നിങ്ങൾ പറയുന്നത്. നാണംകെട്ടവരുടെ ആസനത്തിൽ ആലുമുളച്ചാൽ തണലെന്ന് കേട്ടിട്ടുണ്ട് അതിൻമേൽ ആരും ഊഞ്ഞാൽ കെട്ടി ആടിയിട്ടുണ്ടെന്ന് കേരളത്തിലെ ജനങ്ങൾ കേട്ടിട്ടില്ല.  ആ രാഷ്ട്രീയ മാന്യത പിന്നീട് ഗവൺമെന്റ് കാണിച്ചില്ല.

സിറ്റിംഗ് ജഡ്ജിയുടെ കാര്യത്തിൽ കത്തയച്ചുവെന്ന് പറയുന്നത് ശരിയാണ്. 1996–ലെ ഗവൺമെന്റിന്റെ കാലത്ത് ഇ.കെ. നായനാർ മുഖ്യമന്ത്രിയായിരിക്കുമ്പോൾ കല്ലുവാതിൽക്കൽ മദ്യദുരന്തമുണ്ടായി. ആ ദുരന്തത്തെക്കുറിച്ച് അന്വേഷണം നടത്തുന്നതിന് മന്ത്രിസഭ ചേർന്ന് സിറ്റിംഗ് ജഡ്ജിയെ ചോദിച്ചു. തിരക്ക് കൂടുതലാണ്, സിറ്റിംഗ് ജഡ്ജിയെ നിശ്ചയിക്കാൻ വിഷമമാണ് എന്നായിരുന്നു മറുപടി. ഇ. കെ. നായനാർ കത്ത് കൊടുത്തത് കൂടാതെ മന്ത്രിസഭയെ പ്രതിനിധീകരിച്ച് അന്നത്തെ നിയമമന്ത്രിയായിരുന്ന സഖാവ് ഇ. ചന്ദ്രശേഖരൻ നായരെ ചീഫ് ജസ്റ്റീസ് ലക്ഷ്മണയുടെ അടുത്ത് പറഞ്ഞു വിടുകയും ഇത് ഗൗരവമായ കാര്യമാണ്, ജീവൻ നഷ്ടപ്പെട്ട പ്രശ്നമാണ്, അന്വേഷിക്കാൻ സിറ്റിംഗ് ജഡ്ജി വേണം എന്നാവശ്യപ്പെടുകയും ചെയ്തു. ശ്രീ. ചന്ദ്രശേഖരൻ നായർ പോയി സംസാരിച്ചതിന്റെ തൊട്ടടുത്ത ദിവസം സിറ്റിംഗ് ജഡ്ജിയെ വിട്ടു കൊടുത്തു.

വനവും പരിസ്ഥിതിയും ഗതാഗതവും സിനിമയും സ്പോർട്ട്സും വകുപ്പു മന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കാര്യങ്ങളൊക്കെ അങ്ങേയ്ക്ക് അറിയാവുന്നതാണ്, അങ്ങ് മനഃപൂർവ്വം പുറത്ത് പറയാതിരിക്കുകയാണെന്നാണ് തോന്നുന്നത്. സിറ്റിംഗ് ജഡ്ജിയെ വേണമെന്ന് ആവശ്യപ്പെട്ടു, ക്യാബിനറ്റിൽ തീരുമാനവുമെടുത്തു. പ്രതിപക്ഷ ഉപനേതാവ് പറഞ്ഞതനുസരിച്ച് അതിനുവേണ്ടി മുഖ്യമന്ത്രി കത്തെഴുതി, ആവശ്യമായ എല്ലാ കാര്യങ്ങളും ചെയ്തു. ഇതുപോലുള്ള അന്വേഷണങ്ങൾക്ക് സിറ്റിംഗ് ജഡ്ജിയെ കൊടുക്കേണ്ട എന്നാണ് സുപ്രീം കോടതി എടുത്തിരിക്കുന്ന തീരുമാനമെന്നാണ് അവർ മുഖ്യമന്ത്രിയുടെ കത്തിനുള്ള മറുപടിയിൽ പറഞ്ഞിരിക്കുന്നത്. അത് കേരള ഗവൺമെന്റിന്റെ തലയിൽ വയ്ക്കണോ? അപ്പോൾ

ഞങ്ങൾ ചെയ്തത്, നിങ്ങൾ കമ്മീഷനാക്കി വച്ചിരുന്ന ഒരു റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയെ തീരുമാനിച്ചു. അതല്ലാതെ വേറെ എന്തു പോംവഴിയാണ് ഗവൺമെന്റിന്റെ മുമ്പിലുള്ളത്?

ശ്രീ. എസ്. ശർമ്മ: സുപ്രീം കോടതി അങ്ങനെ തീരുമാനിച്ചിട്ടുണ്ടോ എന്ന കാര്യം എനിക്കറിയില്ല. സിറ്റിംഗ് ജഡ്ജിയെ കിട്ടാത്തതിനെ സംബന്ധിച്ച് നിങ്ങൾ ഇന്നോളം നടത്തിയിട്ടുള്ള പ്രസ് റിലീസിലോ, കേരള ഹൈക്കോടതിയിൽ നിന്ന് സിറ്റിംഗ് ജഡ്ജിയെ ചോദിച്ചുകൊണ്ട് മുഖ്യമന്ത്രി കത്ത് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച മറുപടിയിൽ സുപ്രീം കോടതി പോലും ഇങ്ങനെയാണ് തീരുമാനിച്ചിരിക്കുന്നത്, ഈ സാഹചര്യത്തിൽ ഒരു രക്ഷയുമില്ല, അതുകൊണ്ട് നിലവിലുള്ള സിറ്റിംഗ് ജില്ലാ ജഡ്ജി ഇത് അന്വേഷിക്കുമെന്ന് പറഞ്ഞാൽ മനസ്സിലാകും. പക്ഷേ മുഖ്യമന്ത്രിയുടെ പ്രസ്സ് മീറ്റിലോ അങ്ങയുടെ തന്നെ ഏതെങ്കിലും പ്രസ്സ് മീറ്റിലോ, ഇപ്പോൾ പറയുന്നതല്ലാതെ, ഏതെങ്കിലുമൊരു ഘട്ടത്തിൽ പറഞ്ഞിട്ടുള്ളതായി എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഉണ്ടെങ്കിൽ അംഗീകരിക്കുന്നതിൽ തെറ്റില്ല. ഞങ്ങൾ നടത്തിയ സമരം പരാജയമായിരുന്നു എന്നിവിടെ ആക്ഷേപിച്ച് ആനന്ദം കൊള്ളുന്നവരോട് ഞാൻ പറഞ്ഞത് സിറ്റിംഗ് ജഡ്ജിയെ വയ്ക്കുന്ന പ്രശ്നത്തിൽ ഞങ്ങളുടെ കാലത്ത്, 1996–ൽ എടുത്ത സമീപനമായിരുന്നു. അന്ന് നിയമ വകുപ്പ് മന്ത്രിയായിരുന്ന ഇ. ചന്ദ്രശേഖരൻ നായരെ നേരിട്ടയച്ച് ചീഫ് ജസ്റ്റിസായിരുന്ന ലക്ഷ്മണയുമായി സംസാരിച്ചു. അതാണ് ഞങ്ങൾ സ്വീകരിച്ചത്. അന്നും, ജഡ്ജിയെ നൽകില്ല എന്നാണ് ആദ്യം പറഞ്ഞിരുന്നത്. ഹൈക്കോടതി സിറ്റിംഗ് ജഡ്ജിയെ കൊണ്ടുവന്ന് അന്വേഷിപ്പിക്കുമെന്ന് മുഖ്യമന്ത്രി പരസ്യമായി രണ്ടുപ്രാവശ്യം പറഞ്ഞു. അങ്ങനെ പറഞ്ഞപ്പോൾ ഈ സമരം മറ്റൊരു രൂപത്തിലേയ്ക്ക് മാറ്റി. രാജി ആവശ്യപ്പെട്ടിട്ടുള്ള സമരം

തുടരുമെന്നും സെക്രട്ടേറിയറ്റ് ഉപരോധം നിർത്തിവയ്ക്കുമെന്നും പറഞ്ഞു. അതൊക്കെ പരാജയമാണെന്നു പറഞ്ഞാൽ....., ഗവൺമെന്റിന്റെ നേതൃത്വ ത്തിൽ നടക്കുന്ന ജനവിരുദ്ധ നയങ്ങളെ മറച്ചു വയ്ക്കാനുള്ള വ്യാഖ്യാനങ്ങ ളായിട്ടാണ് ഇത്തരം വാദഗതികൾ ഉന്നയിക്കുന്നത്. എല്ലാ സമരങ്ങളും പരാ ജയപ്പെട്ടുവെന്ന് പറഞ്ഞ് നിങ്ങൾ സന്തോഷിക്കുകയാണല്ലോ. വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചതിനും വെള്ളക്കരം കൂട്ടിയതിനും നാട്ടിൽ നടന്ന എല്ലാ വിലവർദ്ധനവിനുമെതിരായി ഈ രാജ്യത്ത് നടന്ന സമരങ്ങൾ പരാജയപ്പെട്ടു എന്നാണ് നിങ്ങൾ പറയുന്നതെങ്കിൽ ആ സമരങ്ങൾ ഇനിയും കൂടുതൽ കരു ത്തോടെ തുടരും, ഒരു സംശയവും വേണ്ട. അത്തരം സമരങ്ങളുമായി മുന്നോട്ടു പോകുക തന്നെ ചെയ്യും. ഈ ഗവൺമെന്റിന് അഭിമാനിക്കാൻ കഴിയുന്ന ചില കാര്യങ്ങളുണ്ട്. ചില സന്ദർഭങ്ങളിൽ ചിലർക്ക് താമ്രപത്രം ലഭിക്കും, ചിലർക്ക് പത്മശ്രീ കിട്ടും, ചിലർക്ക് പത്മവിഭൂഷൺ കിട്ടും, ചിലർക്ക് ഭാരതരത്നം കിട്ടും. കേരള ഹൈക്കോടതിയിൽ നിന്ന് ഇതൊക്കെ കിട്ടിയിട്ടുള്ള ഗവൺമെന്റാണ് കേരളത്തിലെ ഗവൺമെന്റ്. 2014 ജനുവരി 2-ാം തീയതിയിലെ പത്രം നോക്കിയാൽ കാണാം, കേരള ഗവൺമെന്റിന് ഒരു നല്ല താമ്രപത്രം കിട്ടിയിട്ടുണ്ട് - "മുഖ്യമന്ത്രിയുടെ ഗൺമാൻ സലിംരാജ് ഉൾപ്പെട്ട ഭൂമി തട്ടിപ്പ് കേസിൽ സി.ബി.ഐ. അന്വേഷണമാണ് വേണ്ടതെന്ന് കേരള ഹൈക്കോടതി". എന്നുപറഞ്ഞാൽ, നിങ്ങളുടെ പോലീസ് അന്വേഷിച്ച് ശരിയായ പ്രതിയെ കൊണ്ടുവരില്ല, സി.ബി.ഐ. അന്വേഷണമാണ് വേണ്ട തെന്ന് ഹൈക്കോടതി. "ഉന്നതരുടെ പങ്ക് പുറത്തുകൊണ്ടുവരാൻ പോലീസ് അന്വേഷണം പോരെന്നും കേരള ഹൈക്കോടതി പരാമർശിച്ചു. തട്ടിപ്പിന് പിന്നിൽ വൻശക്തികളാണുള്ളത്. അത് ഭരണപക്ഷത്തെ നേതാക്കളോ, മന്ത്രി

മാരോ ആരുമാകാമെന്നും ഹൈക്കോടതി പറഞ്ഞു.” ഇതിൽപ്പരം വലിയ സർട്ടിഫിക്കറ്റ് ഈ ഗവൺമെന്റിന് കിട്ടാനുണ്ടോ? “ഉന്നത ബന്ധമുള്ള രാഷ്ട്രീയക്കാരെ ചോദ്യം ചെയ്യാൻ സി.ബി.ഐ. തന്നെ വേണം. അധികാര മുപയോഗിച്ചാണ് ഭൂമി തട്ടിയെടുക്കാൻ ശ്രമിച്ചത്. ഭൂമി ഇടപാടിൽ പണ ത്തിന്റെ വ്യാപ്തി വളരെ വലുതാണെന്നും കോടതി പറഞ്ഞു. ” ഇതിൽ കൂടു തൽ സർട്ടിഫിക്കറ്റ് വേറെ എന്തിനാണ്; ഓരോ താമ്രപത്രം കിട്ടുകയല്ലേ? ചില സവിശേഷ ഭരണത്തിനും സവിശേഷ മൂല്യങ്ങൾക്കുമൊക്കെ അതാതു സന്ദർഭങ്ങളിൽ ഓരോ കാറ്റഗറിയിലുള്ളവർക്ക് പ്രത്യേകം പ്രത്യേകം പദവി കൾ കൊടുക്കുമല്ലോ, അങ്ങനെയുള്ള പദവികളാണ് ഇത്. ജനുവരി 3–ാം തീയതിയിലെ പത്രം – “സോളാർ കേസുകൾ ഒത്തുതീർപ്പാക്കാൻ സരിത എസ്. നായർ തിരികെ നൽകിയ പണത്തിന്റെ സ്രോതസ്സ് അന്വേഷിച്ചോ എന്ന് ഹൈക്കോടതി കേരള ഗവൺമെന്റിനോട് ആരാഞ്ഞു. സോളാർ ഇടപാ ടിലൂടെ സരിതയും കൂട്ടരും തട്ടിയെടുത്ത പണം കണ്ടെത്താൻ അന്വേഷണ സംഘത്തിന് കഴിഞ്ഞോയെന്നും കോടതി ചോദിച്ചു.” ഈ ചോദ്യമല്ലേ പ്രതി പക്ഷവും ഉന്നയിച്ചത്? ചില സന്ദർഭങ്ങളിൽ ശ്രീ. പി. സി. ജോർജ്ജും പറ ഞ്ഞിട്ടുണ്ട്. ജനുവരി 4–ാം തീയതി വന്ന മറ്റൊരു വാർത്ത, നിങ്ങളുടെ രാഷ്ട്രീയ വിവേചനത്തിന് ഏറ്റ തിരിച്ചടി – “ഷുക്കൂർ വധക്കേസ് സി.ബി. ഐ.–ക്ക് വിടാനുള്ള സർക്കാർ നടപടിക്കെതിരെ ഹൈക്കോടതിയുടെ രൂക്ഷ വിമർശനം. തീരുമാനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്താണെന്ന് വിശദീകരി ക്കാൻ ജസ്റ്റിസ് ഹാറുൺ അൽ–റഷീദ് ആവശ്യപ്പെട്ടു. അന്വേഷണം സി.ബി. ഐ.–ക്ക് വിട്ടത് ഷുക്കൂറിന്റെ അമ്മയെ തൃപ്തിപ്പെടുത്താനാണോയെന്നും

രാഷ്ട്രീയ നേതാക്കന്മാർ പ്രതിയാകുന്ന എല്ലാ കേസുകളും സി.ബി.ഐ.–ക്ക് വിടുമോ എന്നും കോടതി ചോദിച്ചു. അന്വേഷണം കാര്യക്ഷമമായിരുന്നു വെന്നും ആരും സ്വാധീനിച്ചിട്ടില്ലെന്നും പബ്ലിക് പ്രോസിക്യൂട്ടർ വിശദീകരിച്ച പ്പോഴാണ് സി.ബി.ഐ. അന്വേഷണത്തിന് വിടാനുള്ള തീരുമാനത്തിൽ ഹൈക്കോടതി സംശയം പ്രകടിപ്പിച്ചത്. " പത്രത്തിൽ ഇന്നു വന്ന വാർത്ത – "സംസ്ഥാനത്തെ പോലീസിനെതിരെ ഹൈക്കോടതിയുടെ രൂക്ഷവിമർശനം. പോലീസ് നിഷ്ക്രിയമാണെന്നാണ് കോടതി വിമർശിച്ചത്. ജനങ്ങൾക്ക് സംര ക്ഷണം നൽകുന്നതിൽ കേരള പോലീസ് പരാജയപ്പെട്ടെന്ന് കോടതി വിമർശി ച്ചിരിക്കുന്നു." ആലുവ സ്വദേശിയുടെ ഒരു പെറ്റീഷനെ അടിസ്ഥാനമാക്കി യാണ് ഈ വിമർശനം. ഇതുപോലെ ധാരാളം താമ്രപത്രവും പത്മഭൂഷണു മൊക്കെ കൃത്യമായി കിട്ടുന്നുണ്ട്. അതിനെല്ലാമെതിരായി, നിങ്ങൾ ചെയ്യുന്ന കാര്യങ്ങൾ തെറ്റാണെന്നും തിരുത്തിക്കണമെന്നും പറഞ്ഞ് ഞങ്ങൾ ആത്മാർത്ഥമായി സമരം ചെയ്യുമ്പോൾ, ആ സമരങ്ങളൊക്കെ വിജയിച്ചോ എന്നാണ് നിങ്ങൾ ചോദിക്കുന്നത്. സമരങ്ങൾ വിജയിപ്പിക്കണമെങ്കിൽ വണ്ടി കത്തിക്കണമെന്നാണോ; അതോ സെക്രട്ടേറിയറ്റ് തല്ലിപ്പൊളിക്കണമെന്നാണോ നിങ്ങൾ പറയുന്നത്. സമാധാനപരമായ മാർഗ്ഗത്തിലൂടെ, സംഘടനാ കരു ത്തുപയോഗിച്ച്, യുക്തിസഹമായി ഗവൺമെന്റിന്റെ മുന്നിൽ പ്രശ്നങ്ങൾ ഉന്നയിക്കുക എന്നുള്ളത് ഒരു ജനാധിപത്യ സംവിധാനത്തിൽ പ്രതിപക്ഷ ത്തിന്റെ ധാർമ്മികമായ ചുമതലയാണ്, വിശേഷിച്ച് ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിന്റെ കടമയാണ്. ആ കടമ ഇനിയും ഞങ്ങൾ കൂടുതൽ കരു ത്തോടെ നിർവ്വഹിക്കും എന്നാണ് സമരങ്ങളുമായി ബന്ധപ്പെട്ട് എനിക്ക് പറ യാനുള്ളത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രധാനമന്ത്രിയുമൊക്കെ പങ്കെടുത്ത എൽ.എൻ.ജി.-യുമായി ബന്ധപ്പെട്ട ഒരു ചടങ്ങ് കഴിഞ്ഞ ദിവസം കൊച്ചിയിൽ നടന്നു. 1998 മുതൽ എൽ.എൻ.ജി.-യുമായി ബന്ധപ്പെട്ട് സ്ഥലമെടുപ്പും മറ്റു കാര്യങ്ങളുമൊക്കെ നടന്ന് ഇപ്പോൾ യാഥാർത്ഥ്യമായി. അക്കാലത്തുതന്നെ ഗുജറാത്തിലെ ദഹേജിൽ തുടങ്ങിവച്ചത്, 2005-ൽ കമ്മിഷൻ ചെയ്തു. ഗൗരവതരമായിട്ടുള്ള പ്രശ്നം, ഇവിടെ എൽ.എൻ.ജി.-ക്ക് ഇപ്പോൾ 24 ഡോളറാണ് വില നിശ്ചയിച്ചിട്ടുള്ളത്. ഗുജറാത്തിലെ ദഹേജയിൽ പെട്രോനെറ്റ് നൽകുന്ന എൽ.എൻ.ജി.-ക്ക് 13 ഡോളറേ കൊടുക്കേണ്ടതുള്ളൂ. ഇന്ത്യൻ പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവായ ശ്രീ. രംഗരാജൻ ചെയർമാനായ കമ്മിറ്റി റിപ്പോർട്ടിൽ നിലവിലുള്ള 4.2 ഡോളർ എന്നത് ഏപ്രിൽ 1 മുതൽ 8.4 ആക്കി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. കേന്ദ്ര ഗവൺമെന്റ് അതംഗീകരിച്ചു. പെൻഷൻ പോലും കൊടുക്കാൻ പ്രയാസപ്പെടുന്ന കെ.എസ്.ആർ.ടി.സി. ഇന്ധനക്ഷാമം പരിഹരിക്കുന്നതിന് ഡീസലിൽ നിന്നും സി.എൻ.ജി.യിലേയ്ക്ക് കൺവർട്ട് ചെയ്യുകയാണെങ്കിൽ കേരളത്തെ സംബന്ധിച്ചിടത്തോളം അത് ലാഭത്തിലേയ്ക്ക് പോകുമെന്നും അങ്ങനെ കൺവർട്ട് ചെയ്യുന്നതിന് കേന്ദ്രം സഹായിക്കുമെന്നും പത്രവാർത്ത കാണുകയുണ്ടായി. അത്തരം സാഹചര്യം പ്രയോജനപ്പെടുത്താൻ കഴിയണമെന്നുണ്ടെങ്കിൽ എൽ.എൻ.ജി.-യെ സി.എൻ.ജി.-യാക്കി മാറ്റുന്നതിനും, എൽ.എൻ.ജി.-യെ പി.എൻ.ജി.-യാക്കി (പൈപ്പ്ലൈൻ നാച്വറൽ ഗ്യാസ്) മാറ്റി ഹൗസ് കണക്ഷൻ കൊടുക്കുന്നതിനും - 40% ആണ് ഇളവുള്ളത്. അപ്പോൾ നിലവിലുള്ളതിനൊക്കെ 40% കുറയും. രണ്ടുതരം വിലയാണ് ഇന്ന് നിശ്ചയിച്ചിട്ടുള്ളത് - ഗുജറാത്തിലെ എൽ.എൻ.ജി.-ക്ക് 13 ഡോളറും, കൊച്ചിയിലെ എൽ.എൻ.ജി.-ക്ക് 24 ഡോളറും, ഇതെന്തു നീതികേടാണ്?

കേന്ദ്രം ഭരിക്കുന്ന കക്ഷിയല്ല ഗുജറാത്തിൽ, കേന്ദ്രം ഭരിക്കുന്ന കക്ഷി യാണ് കേരളത്തിൽ. ഇവിടെ എൽ.എൻ.ജി.ക്ക് 24 ഡോളറും ഗുജറാത്തിലെ എൽ.എൻ.ജി.ക്ക് 13 ഡോളറുമാണ്. ഗുജറാത്തിൽ പല വിമർശനങ്ങളും ഉണ്ട്. കുറച്ച് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് വന്നതിൽ പങ്കുവഹിച്ചിട്ടുള്ളത് എൽ. എൻ.ജി.യാണ്. കേരളത്തെ സംബന്ധിച്ച്, കായംകുളം എൻ.ടി.പി.സി. ചീപ്പസ്റ്റാക്കി മാറ്റാൻ കഴിയണമെങ്കിൽ, ബി.എസ്.സി.എസ്. മാറാൻ കഴിയണ മെങ്കിൽ, ട്രാൻസ്പോർട്ട് ലാഭകരമായി പ്രവർത്തിക്കാൻ കഴിയുന്ന സാധ്യത പ്രയോജനപ്പെടുത്താൻ കഴിയണമെങ്കിൽ, കേരളത്തിലെ വീടുകളിലേക്ക് പൈപ്പ് വഴി ഗ്യാസ് എത്തിക്കാൻ കഴിയണമെങ്കിൽ ആ രൂപത്തിലേക്ക് നമ്മുടെ കേരളത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും സുപ്രധാനമായ പങ്ക് വഹിക്കാൻ കഴിയുമെന്ന് കണക്കാക്കികൊണ്ട് അതിന് പ്രത്യേകമായിട്ടുള്ള ഇടപെടൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തുകയും ഇക്കാര്യത്തിൽ അവിടെ ഉണ്ടായിരിക്കുന്ന.... അവിടത്തെ ലോക്കലായിട്ടുള്ള പ്രോജക്ടിരി ക്കുന്ന സ്ഥലത്തെ ജനപ്രതിനിധികൂടി ആയതുകൊണ്ടാണ് കാര്യങ്ങൾ ഈ രൂപത്തിൽ പറഞ്ഞത്. അതുകൂടാതെ ഈ പ്രോജക്ട് വന്നതോടുകൂടി സ്ഥലം നിരോധിത മേഖലയാക്കിയിട്ടുണ്ട്. മത്സ്യം പിടിച്ച് ജീവിക്കുന്നവർക്ക് തൊഴിൽ നഷ്ടപ്പെട്ടതിന്റെ പാക്കേജിന്റെ കാര്യവും ലോക്കലായിട്ടുള്ള ഇത്തരം പ്രോജ ക്ടുകൾ വരുമ്പോഴുള്ള വികസന കാര്യത്തിൽ പ്രത്യേക തീരുമാനങ്ങളെടു ക്കുന്നതിൽ പങ്കുവഹിക്കാൻ കഴിയണമെന്നുള്ളതാണ് അതുസംബന്ധിച്ച് പറ യാനുള്ളത്. ഊർജ്ജ വില വർദ്ധനവ് വന്നാൽ അത് ശൃംഖല പ്രത്യാഘാതം തന്നെ സമ്പദ് ഘടനയിലുണ്ടാക്കും. തലച്ചോറിനെ രോഗം ബാധിക്കുന്നതു പോലെയാണ്. എല്ലാ അവയവങ്ങളെയും ബാധിക്കും. പിന്നെ സംരക്ഷണം

കിട്ടില്ല. ആ രൂപത്തിലേക്ക്, തകർച്ചയിലേക്ക് പോകുന്ന സ്ഥിതിവിശേഷം ഒഴിവാക്കാൻ ഇപ്പോൾത്തന്നെ കണകാക്കിക്കൊണ്ടുള്ള നേതൃത്വപരമായ ഇടപെടൽ ഉണ്ടാകണമെന്ന് ഈ അവസരത്തിൽ പറയുകയാണ്. കൊച്ചിൻ പോർട്ടിന്റെ ഐ.സി.ടി. കരാർ വളരെ പ്രശ്നമായി നിൽക്കുകയാണ്. വൻതോതിൽ നഷ്ടമാണ് ഉണ്ടാകുന്നത്. കൽക്കട്ട പോർട്ടിന് ചെയ്തതുപോലെ ഡ്രഡ്ജിംഗിന്റെ എക്സ്പെൻസ് കേന്ദ്രം ഗവൺമെന്റ് കൊച്ചിക്കും കൊടുത്താൽ അത് വയബിളായി പോകും. അല്ലെങ്കിൽ ഒരു ഡ്രെഡ്ജർ വാങ്ങിച്ചു കൊടുക്കുക. ഈ രൂപത്തിൽ അല്ലെങ്കിൽ കൊച്ചിൻ പോർട്ട് നശിക്കും. കേരളത്തിന്റെ ഡെവലപ്മെന്റ് ഫേയ്സാണ് കൊച്ചിൻ പോർട്ട്. അത് നശിക്കാൻ ഇടവരാത്ത വിധത്തിൽ കണ്ടുകൊണ്ടുള്ള നടപടികൾ സ്വീകരിക്കണം. കയർ, കൈത്തറി, കശുവണ്ടി, മത്സ്യബന്ധനം, ഈറ്റ, ആർട്ടിസാൻ തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെ ഒരുകോടിയോളം ജനങ്ങൾ ആശ്രയിക്കുന്നുണ്ട്. അത് തകർച്ചയെ നേരിടുകയാണ്. അതിന്റെ വൈവിദ്ധ്യവൽക്കരണത്തിനും തൊഴിൽ സംരക്ഷണത്തിനും ആവശ്യമായ നടപടിയെ സംബന്ധിച്ചൊന്നും നയപ്രഖ്യാപനത്തിൽ പറയുന്നില്ല. പരമ്പരാഗത മേഖല ശ്മശാന മൂകമാകാതിരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. മത്സ്യമേഖലയിലെ കടാശ്വാസ കമ്മീഷനുള്ള തുക ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കെ. എം. മാണി അനുവദിച്ചുകൊടുക്കണം. കടാശ്വാസ കമ്മീഷൻ തുക കൊടുക്കാൻ തീരുമാനിച്ചു. പക്ഷേ ധനകാര്യ വകുപ്പ് തുക അനുവദിച്ചിട്ടില്ല. അതുകൊണ്ട് കമ്മീഷൻ പ്രതിസന്ധിയിലാണ്. അത്തരമൊരു പ്രതിസന്ധിയിലേക്ക് പോകാൻ ഇടവരാത്ത വിധത്തിൽ ഇടപെട്ട് സാമ്പത്തിക സഹായം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ നയപ്രഖ്യാപനത്തെ എതിർക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ്: സർ, നയപ്രഖ്യാപനത്തെ ഞാൻ പിന്താങ്ങുന്നു. ശ്രീ. എസ്. ശർമ്മ ഇവിടെ വിശേഷിപ്പിച്ചത് വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട ഒരു അനാഥ ബാലന്റെ ദയാഹർജിയാണ് ഈ നയപ്രഖ്യാപനമെന്നാണ്. ഇത് അടിച്ചമർത്തപ്പെടുകയും യാതനയുടെയും വേദനയുടെയും ചങ്ങലക്കെട്ടുകൾ മുതുകത്ത് കയറ്റിവയ്ക്കുകയും ചെയ്ത ലക്ഷകണക്കിന് പാവപ്പെട്ട മനുഷ്യരുടെയും തൊഴിലില്ലാത്ത ലക്ഷകണക്കിന് ചെറുപ്പക്കാരുടെയും കേരളത്തിലെ ശാന്തി കാംക്ഷിക്കുന്ന മുഴുവൻ ജനങ്ങളുടെയും ഒരു ഉണർത്തുപാട്ടാണെന്ന് പറയുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ബാലന് സാധാരണ വധശിക്ഷ വിധിച്ചാൽ ലോകത്ത് ഒരിടത്തും ദയാഹർജി കൊടുക്കേണ്ടതില്ല. കാരണം 18 വയസ്സാകാതെ ഒരാളെയും തൂക്കിക്കൊല്ലൽ പതിവില്ലായെന്നും ഇത്തരുണത്തിൽ ശ്രീ. എസ്. ശർമ്മയെ അറിയിക്കുകയാണ്. ന്യൂജനറേഷൻ നയപ്രഖ്യാപനമെന്ന മുഖവുരയോടുകൂടിയാണ് ബഹുമാന്യനായ ബെന്നി ബെഹനാൻ ഈ നന്ദിപ്രമേയം ഇവിടെ അവതരിപ്പിച്ചത്, അത് ശരിയാണ്. മാറുന്ന കാലത്തിന്റെ ആ മാറ്റത്തിനനുസൃതമായി കേരളത്തേയും കേരളത്തിലെ ജനങ്ങളെയും മാറ്റിയെടുക്കുന്നതിനുവേണ്ടിയുള്ള ഒരുപാട് പദ്ധതികളാണ് ഈ നയപ്രഖ്യാപനത്തിലുള്ളത്. കേരളമാണ് മോഡൽ ഗുജറാത്തല്ലായെന്ന് ഇൻഡ്യാ ടുഡേ പ്രഖ്യാപിച്ചുകഴിഞ്ഞു. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ശ്രീ. പി. സി. വിഷ്ണുനാഥ് അതിവിടെ അവതരിപ്പിച്ചു. ഇൻഡ്യാ ടുഡേ ഒരു കോൺഗ്രസ് അനുകൂല വാരികയല്ല. അൽപ്പമെങ്കിലും പിന്തുണ നൽകുന്നുണ്ടെങ്കിൽ അത് പ്രോ ബി.ജെ.പി.യാണ്. ആ ഇൻഡ്യാ ടുഡേ ഒരു സർവ്വേ നടത്തി വിവിധ മേഖലകളിൽ കേരളമാണ് മുന്നിലെന്ന് കണ്ടെത്തുകയും ഗുജറാത്ത് പല രംഗങ്ങളിലും നാലാം സ്ഥാനത്താണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. എന്നാലും അപ്പുറത്തിരിക്കുന്നവർക്ക് അത് മനസ്സിലാകുന്നില്ല.

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയെ സംബന്ധിച്ച് ഐക്യരാഷ്ട്ര സഭയുടെ പ്രശംസ ഉണ്ടായി. അതും നിങ്ങൾക്ക് ബാധകമല്ല. ഒരു ഭരണാധികാരി തീരുമാനമെടുക്കുമ്പോൾ സമൂഹത്തിലെ പാവപ്പെട്ടവന്റെ മുഖമാണ് ഓർക്കേണ്ടതെന്ന നമ്മുടെ രാഷ്ട്രപിതാവിന്റെ ആ വാക്യം അന്വർത്ഥമാക്കിയ ഒരു ഭരണകൂടമാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ളത്. ഈ മന്ത്രിസഭയിലെ ധനകാര്യ വകുപ്പുമന്ത്രി 250 കോടി രൂപ ചെലവഴിച്ച് ഇരുപത്തി അയ്യായിരത്തോളം പേർക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ആനുകൂല്യം നൽകിയത് ഇവിടെ പലരും പരാമർശിക്കയുണ്ടായി. 2,15,000 അപേക്ഷകൾ കിട്ടിയ ഭൂരഹിത കേരളം പോലെയുള്ളൊരു പദ്ധതിയെപ്പോലും ഇവിടെ നിന്ദിച്ചാണ് പലരും സംസാരിച്ചത്. എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജും എല്ലാ നിയോജക മണ്ഡലങ്ങളിലും കോളേജും ആരംഭിച്ചു. ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞതുപോലെ, മഹാനായ ഇ. എം. എസ് നമ്പൂതിരിപ്പാട് മരിക്കുന്നതിന് ഏതാനും വർഷങ്ങൾക്ക് മുമ്പ് മാതൃഭൂമിക്ക് നൽകിയ ഒരഭിമുഖത്തിൽ പറഞ്ഞത് പട്ടാമ്പി താലൂക്ക് എന്റെ നടക്കാതെ പോയ സ്വപ്നമാണെന്നാണ്. ആ പട്ടാമ്പി താലൂക്ക് ഈ ഗവൺമെന്റാണ് യാഥാർത്ഥ്യമാക്കിയത്. അതിനോടൊപ്പം മറ്റു പതിനൊന്നു താലൂക്കുകളും.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇ.എം.എസ് അങ്ങനെയൊന്നും പറഞ്ഞിട്ടില്ല.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഇ.എം.എസ് അങ്ങനെ പറഞ്ഞിട്ടില്ലാ എന്ന് നിങ്ങൾ പറഞ്ഞാൽ, മാതൃഭൂമി പത്രം ഇപ്പോൾ എന്റെ കയ്യിലില്ല. ഞാൻ ഈ സഭയിൽ വയ്ക്കാം. മാതൃഭൂമി പത്രത്തിലുണ്ട്. താലൂക്ക് ഉദ്ഘാടനത്തിൽ ഞാനതെടുത്ത് കാണിച്ചതാണ്. ഞാൻ വെറുതെ പറയുന്നതല്ല. അങ്ങനെ

വെറുതെ പറയുന്നൊരു ഭോഷ്ക്ക് ഈ 13 കൊല്ലമായി ഈ സഭയിൽ ഞാൻ കാണിച്ചിട്ടുമില്ല. ഞാനത് തെളിയിച്ചുതന്നാൽ നിങ്ങളതിന് മാപ്പുപറയാൻ തയ്യാറുണ്ടോ? നേതാവില്ലെങ്കിലും ബ്യൂറോക്രസിയില്ലെങ്കിലും കയറ്റുമതിയി ല്ലെങ്കിലും വ്യവസായമില്ലെങ്കിലും ഒരു രാഷ്ട്രം നിലനിൽക്കും. പക്ഷേ കൃഷി ക്കാരനില്ലെങ്കിൽ ലോകാവസാനമാണ്. അതുകൊണ്ട് കൃഷി നമ്മുടെ രാജ്യത്ത് പുരോഗമിക്കണം. ഈ നയപ്രഖ്യാപന പ്രസംഗത്തിൽ അതിനെക്കു റിച്ചൊരു വാക്കുമില്ലായെന്ന് അപ്പുറത്തുനിന്ന് പറഞ്ഞു. അവർ ഈ നയപ്ര ഖ്യാപന പ്രസംഗം വായിച്ചിട്ടില്ല എന്നാണ് എനിക്ക് പറയാനുള്ളത്. പച്ചക്കറി വികസനത്തിനും ഹോർട്ടികൾച്ചർ മേഖലയുടെയും നെൽകൃഷിയുടെയും അഭിവൃദ്ധിക്കുംവരെ ഈ നയപ്രഖ്യാപനത്തിൽ വകുപ്പുകളുണ്ട്. മാലിന്യ സംസ്ക്കരണ രംഗത്ത് കേരളം വലിയ വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കു കയാണ്. വ്യക്തിജിവിതത്തിൽ വൃത്തി പുലർത്തുന്ന മലയാളി ദിവസവും കുളിക്കുകയും പല്ലു തേക്കുകയും നാക്ക് വടിക്കുകയും പുതിയ വസ്ത്രങ്ങൾ അലക്കി ധരിക്കുകയും മുറ്റം അടിക്കുകയും വീട് വൃത്തിയായി സൂക്ഷിക്കു കയും ചെയ്യുന്ന മലയാളി വ്യക്തിജീവിതത്തിന് പുറത്ത് വൃത്തി കാണിക്കു ന്നില്ല. പൊതുവഴികളും ജലാശയങ്ങളുമെല്ലാം വൃത്തികേടാക്കികൊണ്ടിരിക്കു കയാണ്. അതുകൊണ്ട് വരാനിരിക്കുന്ന വർഷങ്ങളിൽ കേരളം നേരിടുന്ന ഭീകരമായ പ്രശ്നം മാലിന്യമാണെന്ന കാര്യത്തിൽ തർക്കമില്ല. അതിന് ഇനിയും ഒരുപാട് പദ്ധതികൾ ആവിഷ്കരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കസ്തൂരി രംഗൻ റിപ്പോർട്ടിനെ കുറിച്ച് ഇവിടെ പലരും പറഞ്ഞു. കാട്ടിലുള്ള മൃഗങ്ങളും പക്ഷികളും വാനരൻമാരുമൊക്കെ മനുഷ്യരുമായി യുദ്ധം ചെയ്യുകയാണെന്നും അവയെയെല്ലാം കൊല്ലണ മെന്നുള്ള അഭിപ്രായമുള്ളവരും ഉണ്ടാകും. മനുഷ്യൻ വേട്ടയാടി പിടിക്കു

കയും കായ്കനികൾ ഭക്ഷിക്കുകയും ചെയ്ത ആദിമ മനുഷ്യന്റെ ഗോത്ര സംസ്കൃതി മുതൽ ഈ ലോകത്ത് മൃഗങ്ങളും അതുപോലെ പക്ഷികളും ഇതര ജീവജാലങ്ങളും ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് മുനഷ്യനും മൃഗങ്ങളും ജീവജാലങ്ങളും തമ്മിലുള്ള പൊരുത്തത്തോടുകൂടിയാണ് ഈ ഭൂമി ഇന്നേ വരെ നിലനിന്നത്. അതുകൊണ്ട് മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള സംഘർഷം പരമാവധി കുറയ്ക്കാനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം അവയെയെല്ലാം വെടിവച്ചുകൊല്ലാമെന്ന ധാരണ ആർക്കെങ്കിലുമുണ്ടെങ്കിൽ അത് വ്യാമോഹമാണെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. പശ്ചിമഘട്ടം എന്നുപറയുന്നത്, ഇവിടെ ശ്രീ. ബെന്നി ബെഹനാൻ പറയുന്നതുപോലെ ഏതാനും ഗ്രാമപ്രദേശങ്ങളോ മലയോര മേഖലയിലെ ഏതാനും മനുഷ്യവാസമുള്ള പ്രദേശങ്ങളോ അല്ല. ഗോദാവരി, നേത്രാവതി, കാവേരി, വൈഗ അടക്കമുള്ള പ്രശസ്തമായ നദികളും കേരളത്തിലെ 38 നദികളും പശ്ചിമഘട്ട നിരയിൽനിന്ന് ഉത്ഭവിച്ച് അറബിക്കടലിലേക്ക് ചെന്നുചേരുന്നവയാണ്. 30 കോടി ജനങ്ങളുടെ ആവാസ വ്യവസ്ഥയാണ് പശ്ചിമഘട്ടങ്ങളിലെ നദികളടക്കമുള്ള പ്രകൃതി വിഭവങ്ങൾകൊണ്ട് നിലനിൽക്കുന്നത്. അതുകൊണ്ട് കേരളത്തിലെ പശ്ചിമഘട്ട പ്രദേശങ്ങളിലുള്ള മനുഷ്യരുടെ ആവാസ വ്യവസ്ഥയ്ക്ക് ഭീഷണി ആവാത്തവിധം പശ്ചിമഘട്ടത്തെ സംരക്ഷിക്കേണ്ട ബാധ്യത നമുക്കുണ്ട്. മലയോരത്ത് താമസിക്കുന്നവർ മാത്രമല്ല മനുഷ്യർ എന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മഹാനായ കാറൽ മാർക്സ്പോലും പരിസ്ഥിതിയുടെ പ്രാധാന്യത്തെപ്പറ്റി ഊന്നിപ്പറഞ്ഞിട്ടുണ്ട്. പക്ഷേ താമരശ്ശേരിയിലെ ചന്ദന മാഫിയയും കരിങ്കല്ല്

ക്വാറി മാഫിയയുമടക്കമുള്ള ഏതാനും മാഫിയകളെ പരിസ്ഥിതി വാദത്തിന്റെ കാര്യത്തിലുള്ളവരുടെ............ മൗലികവാദമല്ല ഞാൻ പറയുന്നത്. താമരശ്ശേരി യിൽ മലയോര കുടിയേറ്റ കർഷകരല്ല അവിടെ അക്രമം നടത്തിയിട്ടുള്ളത്. അതിന് എത്രയോ തെളിവുകൾ അന്ന് ആഭ്യന്തരമന്ത്രി പുറത്തുവിട്ടതാണ്. ശ്രീ. പിണറായി വിജയനെപ്പോലുള്ള ഒരു പാർട്ടി നേതാവ് ഈ പരിസ്ഥിതി കാര്യ മെല്ലാം മറന്ന് നാല് വോട്ടിനുവേണ്ടി, നാണമില്ലാതെ ഒരുകാലത്ത് നികൃഷ്ട ജീവിയെന്നുവിളിച്ച താമരശ്ശേരി ബിഷപ്പിനെ കണ്ട് കൈമുത്താൻ ശ്രമിച്ചുവെ ങ്കിൽ നിങ്ങളിനി കമ്മ്യൂണിസത്തെക്കുറിച്ച് സംസാരിക്കരുത് എന്നാണ് എന്റെ അഭിപ്രായം. നിങ്ങളിവിടെ ഒരുപാട് പ്രസംഗം നടത്തി. ഇവിടെ ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി ബാലഗോകുലത്തിന്റെ വിവേകാനന്ദസ്വാമികളുടെ 150 –ാം വാർഷിക പരിപാടിയിൽ പങ്കെടുക്കാൻ പോയതിനെ കളിയാക്കി. ഒരു സംഘപരിവാർ സംഘടനയാണ് ബാലഗോകുലം എന്നുള്ള കാര്യത്തിൽ സംശ യമില്ല. പക്ഷേ, വിവേകാനന്ദ സ്വാമികൾ ഈ രാജ്യത്തെ ഏറ്റവും വലിയ മതേ തരത്വത്തിന്റെ വക്താവാണ്. ഇവിടെ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ചൂണ്ടിക്കാണിച്ചതുപോലെ എവിടെയാണോ പേർഷ്യക്കാരുടെ അഹൂരമസ്ത, ജൂതൻമാരുടെ മോശ, ക്രിസ്ത്യാനികളുടെ യേശു, മുസ്ലീംങ്ങളുടെ പ്രവാച കൻ അവർക്കെല്ലാം അനുയായികളുള്ള മതങ്ങളുടെ സംഗമ ഭൂമി യിൽനിന്നാണ് ഞാൻ വരുന്നത് എന്ന് ചിക്കാഗോയിൽ നടന്ന ലോക മതസമ്മേളനത്തിൽ കിന്നരിത്തലപ്പാവുവച്ച പാശ്ചാത്യ വേതാളങ്ങളുടെ മുഖ ത്തുനോക്കി ഇന്ത്യൻ മതേതരത്വത്തിനുവേണ്ടി ഉജ്ജ്വലമായ വാദപ്രതിവാദം നടത്തിയ ആ വിവേകാനന്ദ സ്വാമികളെ സംഘപരിവാറിനുമാത്രമായി വിട്ടു കൊടുക്കുവാൻ ഐക്യജനാധിപത്യമുന്നണി ഉദ്ദേശിച്ചിട്ടില്ല. അതുകൊണ്ട്

വിവേകാനന്ദ സ്വാമികളുടെ പേരിലുള്ള ഏത് വേദി കിട്ടിയാലും അവിടെപ്പോയി ഈ കാര്യം പ്രസംഗിക്കുന്നത്........... നിങ്ങളിവിടെ ഉപമിച്ച ഒരു ഉപമ ഞാൻ തിരിച്ചുപറയുകയാണ്. വേശ്യ ചാരിത്ര്യപ്രസംഗം നടത്തുന്നതുപോലെ ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി ആ യോഗത്തിനുപോയതിലല്ല, നിങ്ങൾക്ക് ആത്മാർത്ഥതയില്ല. വരാനിരിക്കുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇതിന്റെ പേരിൽ നിങ്ങൾക്ക് നാല് മുസ്ലീം വോട്ട് കിട്ടുമോ എന്നുള്ള ദുഷ്ടലാക്കാണെന്നുമാത്രം പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ വലിയ മതേതരത്വം പ്രസംഗിക്കുന്നുണ്ടല്ലോ. നിങ്ങളുടെ സെക്രട്ടേറിയറ്റ് വളയൽ സമരത്തിന് ശ്രീ. വി. എസ്. അച്ചുതാനന്ദനെ പിന്നിലിരുത്തി ശ്രീ. പ്രകാശ് കാരാട്ടിന്റെ വലതുഭാഗത്തിരുന്ന ശ്രീ. ദേവഗൗഡ ബാംഗ്ലൂർ സൗത്തിൽ നടന്ന ഉപതെരഞ്ഞെടുപ്പിലും അതുപോലെ മാണ്ഡ്യയിൽ നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിലും ദേവഗൗഡയുടെ പാർട്ടിയടക്കം അവിടെ ബി.ജെ.പി.ക്ക് പിന്തുണകൊടുത്ത നാണംകെട്ടവരാണ് നിങ്ങൾ. ആ ദേവഗൗഡയുടെ പാർട്ടിക്കാരനായ നാണുവേട്ടനേയും അതുപോലെ ശ്രീ. മാത്യു റ്റി. തോമസിനെയും നിങ്ങളുടെ മുന്നണിയിൽനിന്ന് ഒഴിവാക്കാൻ നിങ്ങൾക്ക് നട്ടെല്ലുണ്ടോ. ബി.ജെ.പി. യുമായി സി.പി.എം. പന്തിഭോജനം ആരംഭിച്ചിരിക്കുകയാണ്. രണ്ട് സീറ്റുള്ള ബി.ജെ.പി.-യെ വളർത്തിയത് നിങ്ങളാണ്. .........(ബഹളം)......... ഏത് റൂൾ ആണ്.

ശ്രീ. സി.കെ. നാണു: തിരുത്താനാണ് ഞാൻ പറഞ്ഞത്. ഈ കഴിഞ്ഞ രണ്ട് ഉപതെരഞ്ഞെടുപ്പിൽ ബി.ജെ.പി അവിടെ സ്ഥാനാർത്ഥിയല്ല. അവിടെ സ്ഥാനാർത്ഥി ജനതാദൾ ആണ്. അവിടെ ഞങ്ങൾ തോറ്റുപോയി. ബി.ജെ.പി. സ്ഥാനാർത്ഥിയല്ല. ഞങ്ങളാണ് സ്ഥാനാർത്ഥി.

മി. ചെയർമാൻ: അതിൽ എന്ത് പോയിന്റ് ഓഫ് ഓഡറാണുള്ളത്.

ശ്രീ. സി.പി. മുഹമ്മദ്: ജനതാദൾ-ന്റെ പിന്തുണ ബി.ജെ.പി. യുടെ സ്ഥാനാർത്ഥിക്കാണ് എന്നുള്ള വാദത്തിൽ ഞാൻ ഉറച്ചുനിൽക്കുന്നു. നാണു വേട്ടന് ജനതാദൾ എന്നും മൊറാർജി എന്നും കേട്ടാൽ ഒരു ബാധയാണ്. അതിനിപ്പോൾ ഞാൻ മറുപടി പറയുന്നില്ല. ........(ബഹളം)........

മി. ചെയർമാൻ: രാഷ്ട്രീയം പറഞ്ഞതല്ലേ.

ശ്രീ. സി.പി. മുഹമ്മദ്: ഇന്ത്യൻ പാർലമെന്റിൽ രണ്ടു സീറ്റുള്ള ബി.ജെ പി.യെ............ ഉള്ളതു പറഞ്ഞാൽ തുള്ളൽ വരും എന്നുള്ളതിന് തെളിവാണത്. വി.പി. സിംഗിന്റെ പിന്നിൽനിന്ന് രണ്ട് സീറ്റുള്ള ബി.ജെ.പി. യെ വളർത്തിയത് നിങ്ങളാണെന്നുള്ളത് മറക്കരുത്. ശ്രീ. വി. മുരളീധരൻ പ്രസിഡന്റായതിനു ശേഷം കേരളത്തിൽ മാർക്സിസ്റ്റ് പാർട്ടിയും ബി.ജെ.പി. യും പല രംഗങ്ങ ളിലും സഹകരിച്ചു പ്രവർത്തിക്കുന്നതിന്റെ എത്രയോ തെളിവുകളുണ്ട്. ബി. ജെ.പി. വിമതർ തലശ്ശേരിയിലെ മാർക്സിസ്റ്റു പാർട്ടിയുടെ സഖ്യകക്ഷിയാണ്. ആ വിമതർ മോഡിയുടെ ചിത്രമുള്ള പതാകയും ആർ.എസ്.എസ്. പതാകയും ഇപ്പോഴും ഉപേക്ഷിച്ചിട്ടില്ല. അവരുമായി സഖ്യമുണ്ടെന്ന് കണ്ണൂർ ജില്ലാ സെക്ര ട്ടറി പി. ജയരാജൻ പറയുമ്പോൾ ഇവിടെ ശ്രീ. എം.പി. അബ്ദുസ്സമദ് സമ ദാനിയെ കുറ്റം പറയാൻ ഇവർക്ക് അവകാശമില്ല. മോഡിയും രാഹുൽ ഗാന്ധിയും തമ്മിലുള്ള മത്സരത്തിൽ ദേവഗൗഡയുടെ ബി.ജെ.പി. പ്രേമം നില നിൽക്കുമ്പോൾ മാർക്സിസ്റ്റുപാർട്ടി ആരുടെ കൂടെ നിൽക്കുമെന്നാണ് ഞങ്ങൾ ചോദിക്കുന്നത്. ഞങ്ങൾ പഴയ ആം ആദ്മിയാണെന്ന് പ്രകാശ് കാരാട്ട് പറഞ്ഞു. കൊയ്ത്തരിവാൾ കണ്ടിട്ടുള്ള പ്രകാശ് കാരാട്ടിന് കെജരി വാൾ എന്നുകേട്ടപ്പോൾ അതും ഒരു വാളാണെന്ന് തോന്നിയതുകൊണ്ടാകും ഈ പ്രയോഗമെന്ന് ഞാൻ കരുതുന്നു. ഇങ്ങനെ പോയാൽ ഈ തെരഞ്ഞെടുപ്പ് കഴിയുമ്പോൾ ഇന്ത്യൻ പാർലമെന്റിൽ മാർക്സിസ്റ്റുപാർട്ടിയുടെ സ്ഥിതി നഹിം

ആദ്മിയാകും എന്നുള്ള കാര്യത്തിൽ സംശയമില്ല. പശ്ചിമബംഗാളിൽ ഏതാനും മാസങ്ങൾക്കുമുമ്പ് നടന്ന തെരഞ്ഞെടുപ്പിൽ അയ്യായിരം വാർഡുക ളിലാണ് മാർക്സിസ്റ്റുപാർട്ടിയുടെ സ്ഥാനാർത്ഥികളില്ലാതെ തൃണമൂൽ കോൺഗ്രസ് ജയിച്ചത് എന്ന് നിങ്ങൾ മറക്കേണ്ട. ഇങ്ങനെ നഹിം ആദ്മിയുടെ പിന്നാലെ പോയാൽ അരിവാളും ചുറ്റികയും മാറ്റി കുറ്റിച്ചൂലും മുറവും ചിഹ്ന മാക്കുന്ന കാലവും വൈകില്ല എന്ന് ഞാൻ പറയുകയാണ്. എൽ.ഡി.എഫ്. ഇപ്പോൾ സന്തോഷ് പണ്ഡിറ്റിന്റെ സിനിമപോലെയാണ്. ആദിയും അന്തവു മില്ല; കഥയും തിരക്കഥയുമില്ല; തലയും വാലുമില്ല. ദേശാഭിമാനി ചാക്കിന് പൊളാറ്റൽ സെക്യൂരിറ്റി കൊടുത്തിരിക്കുകയാണ്. ചാക്കിനെ ബ്രാന്റ് അംബാ സിഡറാക്കി ദേശാഭിമാനി മാറ്റിയിരിക്കുന്നു. ചക്കും ചുക്കും വേർതിരിച്ചറി യാതെ ബുദ്ധമതഭിക്ഷുക്കൾ ശരണംവിളിക്കുമ്പോലെ ചാക്കേ ശരണം ഗച്ഛാമി എന്നു വിളിക്കുന്ന നിങ്ങളാണ് പ്ലീനത്തിൽ വെറുക്കപ്പെട്ടവരുടെ സംഭാവന സ്വീകരിക്കില്ല എന്നുപറഞ്ഞത്. അഹന്ത ഉപേക്ഷിക്കും; വെറുക്കപ്പെട്ടവരുടെ സംഭാവന സ്വീകരിക്കില്ല; മദ്യം ഉപേക്ഷിക്കും; റിയൽ എസ്റ്റേറ്റ്, ബ്ലേഡ് മാഫി യ ഇവയുമായി ബന്ധം പാടില്ല; അമ്പലങ്ങളിലും പള്ളികളിലും പോകരുത്, ഭാര്യമാർക്ക് പോകാം; ഗൃഹപ്രവേശനത്തിനും വിവാഹങ്ങൾക്കും ഗണപതി ഹോമം പാടില്ല; മംഗല്യപൂജ നടത്തരുത്; ഇതെല്ലാം പറയുന്ന നിങ്ങൾ ഇവരെ യൊക്കെ പാർട്ടിയിൽനിന്നും ഒഴിവാക്കിയാൽ മാർക്സിസ്റ്റ് പാർട്ടി എന്നൊരു പാർട്ടിയുണ്ടോ എന്നാണ് ഞങ്ങൾക്ക് ചോദിക്കാനുള്ളത്. ഈ മന്ത്രിസഭ പുന:സംഘടന കഴിഞ്ഞപ്പോൾ, മച്ചിപ്പശുവിനെ തൊഴുത്തുമാറ്റിക്കെട്ടിയാൽ പ്രസവിക്കുമോയെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചോദിച്ചു. ഞങ്ങൾ തൊഴുത്തിൽ വളർത്തുന്നത് നല്ല ഹൈബ്രീഡ് ഇനങ്ങളും അത്യുല്പാദനശേഷി യുമുള്ള പശുക്കളെയാണ്. .....(ബഹളം)..... മച്ചിയെ തൊഴുത്തിൽ കെട്ടുന്ന

പാരമ്പര്യം നിങ്ങൾക്കാണ്. മധുസൂധനൻ നായരുടെ കവിതയിൽ പറഞ്ഞ വന്ധ്യയുടെ വയർ പിളർന്നൊഴുകുന്ന വിലാപംപോലെയാണ് സി.പി. ഐ. (എം.)– ന്റെ വാദം. ഞങ്ങൾ മച്ചിയെ തൊഴുത്തിൽ കെട്ടാറില്ല. അപ്രമാദിത്ത ത്തിന്റെ ആഢ്യത്വം കമ്മ്യൂണിസ്റ്റുകൾക്ക് അവകാശപ്പെട്ടതല്ല. അഹങ്കാരത്തിന് മരുന്നില്ല. സ്ഥിരമായി പോളിറ്റ് ബ്യൂറോ കൂടുന്ന ഡൽഹിയിൽ ഒരു സീറ്റുവാ ങ്ങാൻ സി.പി.എം.–ന് ആയില്ല. സ്ഥലകാലസാഹചര്യബോധരഹിതമായി ഗീർവാണങ്ങൾ വിടുന്നു. 1967 – ലെ കേരള മുഖ്യൻ 1977– ൽ ഇന്ത്യയുടെ പ്രധമൻ എന്നുപറഞ്ഞു. ഏലംകുളം മനയ്ക്കൽ അടപ്രഥമൻ ഉണ്ടാ ക്കിയോയെന്ന് എനിക്കറിയില്ല. 1977 – ൽ ഇന്ത്യയുടെ പ്രധമൻ ആകാൻ നിങ്ങൾക്ക് കഴിഞ്ഞില്ല. എം.എം. റോയി, അബനീ മുഖർജി തുടങ്ങിയ ആദ്യകാല കമ്മ്യൂണിസ്റ്റ് നേതാക്കൻമാർ മുതൽ അജയ്ഘോഷും ജി. അധികാരിയും എസ്.വി. ഗാട്ടയുമടക്കമുള്ള ആദ്യകാല കമ്മ്യൂണിസ്റ്റ് നേതാക്കൻമാർ മുതൽ കോൺഗ്രസ്സിന് ബദലായി വരുന്ന പാർട്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയെന്ന് പറയുകയുണ്ടായി. തെലുങ്കാന സമരം നടന്ന ആന്ധ്രയിൽ ഒരു സീറ്റിൽ ഇന്ന് മാർക്സിസ്റ്റ് പാർട്ടിയോ സി.പി.ഐ. യോ ഒറ്റയ്ക്ക് ജയിക്കില്ല. 3000 ഗ്രാമങ്ങൾ മോചിപ്പിച്ച് ഗ്രാമീണ സ്വയംഭരണം സ്ഥാപിച്ച പ്രദേശമാണ് ആന്ധ്ര. 1955–ൽ തെരഞ്ഞെടുപ്പ് വന്നപ്പോൾ ഡൽഹി കേന്ദ്രമായി പ്രവർത്തിച്ചിരുന്ന സുന്ദര അയ്യയെ മുഖ്യമന്ത്രിയാക്കാൻ വേണ്ടി പാർട്ടി ആന്ധ്രയിലേക്ക് വരുത്തുകയുണ്ടായി. ആ ആന്ധ്രയിലെ സ്ഥിതി എന്താണെന്ന് നിങ്ങൾ ആലോചിച്ച് നോക്കണം. ഈ നാട്ടിൽ നരേന്ദ്ര മോഡിയും കോൺഗ്രസ്സും തമ്മിലുള്ള ഈ മത്സരത്തിൽ ഇവിടെ മതേതരത്വം അപകടത്തിലാകുന്നത് മാത്രമല്ല പ്രശ്നം, നരേന്ദ്ര മോഡിയല്ല ആര് ഭരിച്ചാലും

ഏതെങ്കിലും ഒരു ജനവിഭാഗത്തെ പരിപൂർണ്ണമായി ഇനിയുള്ള ലോക ക്രമത്തിൽ വംശഹത്യ ചെയ്യാൻ കഴിയുമെന്ന് ഞാൻ കരുതുന്നില്ല.

ജർമ്മനിയിൽ ഹിറ്റ്ലർ ചെയ്തതുപോലെയോ മുസ്സോളിനി ചെയ്തതു പോലെയോ സ്റ്റാലിൻ ചെയ്തതുപോലെയോ ലക്ഷക്കണക്കിന് മനുഷ്യരെ കൂട്ടക്കൊല ചെയ്ത ഒരു രാജ്യമല്ല ഇന്ത്യാ മഹാരാജ്യം. ഗുജറാത്തിൽ നടന്നിട്ടുള്ള വംശഹത്യയെ ഞാൻ നിഷേധിക്കുന്നില്ല. പക്ഷേ, ഇന്ത്യയുടെ ചരിത്രം പരിശോധിച്ചാൽ അവിടെ ക്രൂരനായ ദുര്യോധനനപ്പോലെയുള്ള രാജാക്കൻമാരോ അല്ലാതെ ഈ ഭാരതത്തിന്റെ മണ്ണിൽ ഒരു പരിധിയിലപ്പുറം സഹിഷ്ണുതവിട്ടു പ്രവർത്തിച്ച പാരമ്പര്യമില്ല. സ്വാതന്ത്ര്യം കിട്ടി ഇത്രയും വർഷം കഴിഞ്ഞിട്ടും ഹിന്ദുമതത്തിന്റെ പേരിൽ രാജ്യത്ത് പ്രചരണം നടത്തി യിട്ടും ഇന്ത്യയിലെ മഹാഭൂരിപക്ഷം ജനങ്ങൾ ഭാരതീയ ജനതാപാർട്ടിക്ക് പിന്തുണ നൽകിയിട്ടില്ല. ഗുജറാത്ത് മോഡലെന്ന് പാടി പുകഴ്ത്തുമ്പോഴും കുടിവെള്ളമില്ലാത്ത ഗ്രാമങ്ങളിലും മലമൂത്ര വിസർജ്ജനത്തിന് സൗകര്യമി ല്ലാത്ത ചേരികളിലും അധിവസിക്കുന്ന പട്ടിണിപ്പാവങ്ങളുള്ള ഗുജറാത്തിൽ, അതിന്റെ പുരോഗതി ഏതാനും വൻകിട റോഡുകളും വിമാനത്താവളങ്ങളു മാക്കി മാറ്റി ശ്രീ. നരേന്ദ്ര മോഡി വിലസുകയാണ്. അദ്ദേഹം മുംബൈയിൽ വന്നപ്പോൾ അഞ്ഞൂറ് വ്യവസായികൾ അദ്ദേഹത്തിന് രാജകീയമായ സ്വീക രണം നൽകി. ഇന്ത്യൻ–വിദേശ വൻകിട കുത്തകകൾ കൂട്ടായി നരേന്ദ്രമോ ഡിയെ ഇന്ത്യൻ പ്രധാനമന്ത്രിയാക്കാൻ തീരുമാനിച്ചിരിക്കുകയാണ് ഇന്ത്യ യിൽ. നരേന്ദ്രമോഡി അധികാരത്തിൽ വരരുതെന്ന് ആഗ്രഹമുണ്ടെങ്കിൽ ഇന്ന ല്ലെങ്കിൽ നാളെ നിങ്ങൾക്ക് കോൺഗ്രസ്സിനെ പിന്തുണയ്ക്കേണ്ടിവരും. നിങ്ങൾ സ്വപ്നം കാണുകയാണ്. ഇന്ത്യയിൽ ഞങ്ങൾ അധികാരത്തിൽ

വരാൻ പോവുകയാണെന്ന് ആർ.എസ്.പി.യുടെ നേതാവായ ശ്രീ. എ. എ. അസീസ് പറയുകയുണ്ടായി. ആരാണ് ഈ ഞങ്ങളെന്ന് മനസ്സിലായില്ല. ചവറ മുതൽ കുണ്ടറ വരെ ഇന്ത്യയുടെ വിശാലമായ ഭൂപ്രദേശത്ത് പടർന്നുപന്തലി ച്ചുകിടക്കുന്നൊരു മഹാപാർട്ടിയാണെന്നാണ് മഹാനായ പനമ്പിള്ളി ഗോവിന്ദ മേനോൻ ശ്രീ. എ. എ. അസീസിന്റെ പാർട്ടിയെക്കുറിച്ച് പണ്ട് പറഞ്ഞത്. അങ്ങനെയുള്ള ആർ.എസ്.പി. വിചാരിച്ചാൽ കോൺഗ്രസ്സിനു ബദലാകാൻ സാധിക്കുമോ? അതുപോലെ സി.പി.ഐ. (എം) വിചാരിച്ചാൽ കോൺഗ്രസ്സിന് ബദലാകുമോ? ശ്രീ. സി. ദിവാകരന്റെയൊക്കെ പാർട്ടിയെന്ന് പറയുന്നതെ ന്താണ്? ശ്രീ. പന്ന്യൻ രവീന്ദ്രന്റെ മുടി ഒരു പരാമർശമായപ്പോഴേക്കും അവിടെനിന്നും ഇളകിവന്നു. ശ്രീ. പന്ന്യൻ രവീന്ദ്രൻ മുടി വളർത്തുന്നതിൽ ഞങ്ങളാരും എതിരല്ല. പക്ഷേ, അദ്ദേഹത്തിന്റെ മുടി കീഴ്പോട്ട് പോകുന്നതു പോലെ സി. പി. ഐ. (എം) കീഴ്പോട്ട് പോവുകയാണെന്നാണ് ശ്രീ. ബെന്നി ബെഹനാൻ ഉദ്ദേശിച്ചത്. ആ സി.പി.ഐ. (എം)-ന്റെ ഇന്നത്തെ സ്ഥിതിയെ ന്താണ്? വടക്കൻ പാട്ടിലെ പുത്തൂരംപാട്ടിലെ പാണന്റെ സ്ഥിതിയാണ് ഇന്ന് സി.പി.ഐ. (എം)-നുള്ളത്. പുത്തൂരംവീട്ടിൽ കോന്ത്രപ്പല്ലുള്ളവൻ ജനിച്ചാലും കോങ്കണ്ണുള്ളവൻ ജനിച്ചാലും പുത്തൂരം വീട്ടിൽ ജനിച്ചോരെല്ലാം പൂപോലഴകുള്ളവരായിരുന്നുവെന്ന് പാട്ടുപാടുന്ന പുത്തൂരംവീട്ടിലെ പാണന്റെ സ്ഥിതിയല്ലാതെ സ്റ്റോക്ക്ഹോം സിൻഡ്രോം എന്നുപറഞ്ഞൊരു രോഗമുണ്ട്. മർദ്ദിതന് മർദ്ദകനോട് സ്നേഹം തോന്നുന്നൊരു രോഗം. എന്നതു പോലെ ഈ സി.പി.ഐ. (എം) വളരുന്നുണ്ടെന്ന് അംഗീകരിക്കാത്ത സി.പി. ഐ.യെ ഒരു രാഷ്ട്രീയ പ്രസ്ഥാനമായി അതിന്റെ അസ്ഥിത്വം അംഗീകരി ക്കാത്ത മാർക്സിസ്റ്റ് പാർട്ടിയുടെ ഭക്തിക്കുവേണ്ടി ശ്രീ. സി. ദിവാകരനേയും ശ്രീ. വി. എസ്. സുനിൽ കുമാറിനെപോലെയുമുള്ളവർ അലമുറയിടുന്നതു

കാണുമ്പോൾ എനിക്ക് സഹതാപം തോന്നുകയാണ്. ഇവിടെ മാർക്സിസ്റ്റ് പാർട്ടി ആരുമായും കൂട്ടുകൂടും. തമിഴ്നാട്ടിൽ അയ്യായിരം കോടി രൂപ അഴിമതി നടത്തിയ, അഴിമതിയുടെ അമ്മമഹാറാണിയായ ജയലളിതയുമായി നിങ്ങൾ കൂട്ടുകൂടുമോ; ആന്ധ്രാപ്രദേശിൽ ശ്രീ. നരേന്ദ്രമോഡിക്ക് പിന്തുണ കൊടുക്കുമെന്ന് പറയുന്ന ശ്രീ. ചന്ദ്രബാബു നായിഡുവിന് നിങ്ങൾ പിന്തുണ കൊടുക്കുമോ; നിങ്ങളെ ബംഗാളിൽ തൃണമൂൽ കോൺഗ്രസ്സിന്റെ മമതാ ബാനർജി കൂട്ടുകൂടുമോ; നിങ്ങളുമായി ആരും കൂട്ടുകൂടാൻ തയ്യാറില്ല. ഷണ്ഡൻ നാലാംകെട്ടിന് പെണ്ണാലോചിക്കുന്നതുപോലെയാണ് മൂന്നാം മുന്നണിക്ക് നിങ്ങൾ പാർട്ടിയെ തേടുന്നത്. മാർക്സിസ്റ്റ് പാർട്ടിക്ക് അവരുടെ ശക്തിയെപ്പറ്റിയോ സ്വഭാവത്തെപ്പറ്റിയോ അറിയില്ല. ഗ്രീക്ക് പുരാണത്തിൽ മെഡൂസ എന്നൊരു രാക്ഷസിയുണ്ട്. ആ രാക്ഷസിക്ക് ആദ്യമായി ഒരാൾ ഒരു കണ്ണാടി കൊടുത്തു. ആ കണ്ണാടിയിൽ നോക്കിയപ്പോൾ ആ ബീഭത്സ രൂപംകണ്ട് മെഡൂസ ബോധംകെട്ടുവീണു മരിച്ചു. അതുപോലെയൊരു കണ്ണാടിയിൽ നിങ്ങളുടെ ശരിയായ പ്രതിബിംബം കാണുമ്പോഴാണ് നിങ്ങൾ പലരും ബോധം കെട്ട് വീഴുകയെന്നാണ് എനിക്ക് പറയാനുള്ളത്. ‘കൂരിരുട്ടിൽ നടന്നുഴറുമ്പോൾ സൂര്യാ നീയായിരുന്നെന്റെ മനസ്സിലെന്ന്’ ഒ.എൻ.വി. പാടിയിട്ടുണ്ട്. ആ ഒ.എൻ.വി അപരാഹ്നമെന്ന് പറയുന്ന കവിതയിൽ അദ്ദേഹം കണ്ട സൂര്യനെന്ന് പറയുന്നത് വരാനിരിക്കുന്ന സോഷ്യലിസ്റ്റ് വിപ്ലവവും സാമൂഹ്യനീതിയുമെല്ലാമായിരുന്നു. അപരാഹ്നമെന്ന കവിതയിൽ ഒ.എൻ.വി. എഴുതി ‘ഈ അമൃതിലുണ്ടമ്മതൻ രക്തം, ഈ അമൃതിൽ സഹജാത രക്തം, ഇത് രുചിപ്പോർ രുചിപ്പത് രക്തം, ഇത് ഭുജിപ്പോർക്ക് രക്തത്തിനാർത്തി’ ആ രക്തത്തിന്റെ ആർത്തികൊണ്ടാണ് നിങ്ങൾ ടി. പി. ചന്ദ്രശേഖരനെ അമ്പത്തൊന്ന് വെട്ടുവെട്ടിയത്. നിങ്ങൾ രാജ്യംമുഴുവൻ രക്തസാക്ഷികളെ

സൃഷ്ടിക്കുന്നത്. ഇവിടെ ശ്രീ. എസ്. ശർമ്മയെപ്പോലുള്ളവർക്ക് അത് മനസ്സിലാവില്ല. അദ്ദേഹത്തെപോലുള്ളവർ അത് പറഞ്ഞാൽ അംഗീകരിക്കില്ല. കാരണം, അദ്ദേഹത്തിന്റെ നേതാവായ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ സ്ഥിതി എന്താണെന്ന് നമുക്കൊക്കെ അറിയാം. ശ്രീ. എസ്. ശർമ്മ ഇവിടെ ഹൈക്കോടതിയുടെ പരാമർശമുൾപ്പെടെയുള്ള ഒരുപാട് കാര്യങ്ങളെക്കുറിച്ച് വിമർശിക്കുകയുണ്ടായി. കേരളമുണ്ടായതിനുശേഷം വാദം നടക്കുമ്പോൾ ഹൈക്കോടതി ജഡ്ജിമാർ പല കേസുകളിലും പരാമർശം നടത്തിയിട്ടുണ്ട്. അതെല്ലാം ഒരു പുനർവായനയ്ക്ക് വിധേയമാക്കിയാൽ ശ്രീ. എസ്. ശർമ്മ ഈ വാദഗതിയിൽ നിന്നും പിന്തിരിയുമെന്നുള്ള കാര്യത്തിൽ സംശയമില്ല. പിന്നെ ശ്രീ. എസ്. ശർമ്മയ്ക്കുതന്നെ പല കാര്യങ്ങളിലും സ്ഥിരമായി ഒരേ വാദമല്ല. നെടുമ്പാശ്ശേരി വിമാനത്താവളം വന്നപ്പോൾ അദ്ദേഹം എങ്ങനെയാണ് സമരം നടത്തിയതെന്ന് ഈ നാട്ടുകാർക്കൊക്കെ അറിയാവുന്നതാണ്. പിന്നീട് അതേ വിമാനത്താവളത്തിന്റെ വൈസ് ചെയർമാനായി ഇരിക്കാനും അദ്ദേഹത്തിന് മടിയുണ്ടായില്ല. അതുകൊണ്ട്  ഈ ഗവൺമെന്റിന്റെ നന്മ കാണാതെ മുഖ്യമന്ത്രിയായൊരാളെ എതിർക്കുന്നത് ശരിയാണോ? ഞാൻ കഴിഞ്ഞ തെരഞ്ഞെടുപ്പിനുമുമ്പ് ശ്രീ. എ. കെ. ബാലൻ ഇരിക്കുന്ന സീറ്റിലായിരുന്നു ഇരുന്നിരുന്നത്. ഈ സീറ്റിൽ ശ്രീ. ഉമ്മൻ ചാണ്ടിയുടെ സ്ഥാനത്ത് ശ്രീ. വി. എസ്. അച്ചുതാനന്ദനാണ് ഇരുന്നിരുന്നത്. ഞങ്ങൾ പല കാര്യങ്ങൾക്കും ആദ്യത്തെ ഒന്നുരണ്ട് മാസങ്ങളിൽ നിവേദനവുമായി വന്നു. ഒരു കാര്യവും നടന്നില്ല. ഇന്ന് പ്രതിപക്ഷത്തുള്ള നിങ്ങളെല്ലാവരും വരുമ്പോൾ ഞങ്ങളെ മാറ്റിനിർത്തി ചികിത്സാ സഹായമനുവദിക്കുന്ന കാരുണ്യമുള്ള മനുഷ്യത്വമുള്ള മനുഷ്യരോട് സ്നേഹമുള്ള ഒരു മുഖ്യമന്ത്രിയെ നിങ്ങൾ ചിത്രവധം ചെയ്താൽ അതുകൊണ്ട് പാപ്പരാകുന്ന മുഖ്യമന്ത്രിയല്ല ഇതെന്ന് നിങ്ങൾ മനസ്സിലാക്കണം.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ സ്ഥാനത്തുനിന്ന് ഇറങ്ങിയാൽ മാത്രമേ സെക്രട്ടേറിയറ്റിന്റെ പടിക്കൽനിന്ന് എഴുന്നേൽക്കുകയുള്ളൂവെന്ന് പറഞ്ഞു. ആസനത്തിൽ കട്ടുറുമ്പ് കുത്തിയെന്ന് പറഞ്ഞ് 24 മണിക്കൂറിനുമുമ്പ് നിങ്ങൾ എഴുന്നേറ്റുപോയി. തിരുവനന്തപുരം ആകെ ഒരു നാറ്റപ്രശ്നമാക്കി നിങ്ങളുടെ സമരം ദയനീയമായി പരാജയപ്പെടുകയാണുണ്ടായത്. അങ്ങനെ തൊട്ട തെല്ലാം ....................

ശ്രീ. എസ്. ശർമ്മ: പോയിൻറ് ഓഫ് ഓർഡർ ബഹുമാനപ്പെട്ട സി. പി. മുഹമ്മദ് എന്നെ സംബന്ധിച്ച് സഭയെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടുള്ള ഒരു പ്രസ്താവന നടത്തുകയുണ്ടായി. നെടുമ്പാശ്ശേരി വിമാനത്താവളത്തിനെതിരെ സമരം ചെയ്തിട്ട് പിന്നീട് അതിന്റെ വൈസ് ചെയർമാനായി നിയമിച്ചുവെന്ന് പറയുകയുണ്ടായി. ശരിയാണ്. നെടുമ്പാശ്ശേരി വിമാനത്താവളം വരുമ്പോൾ ഞങ്ങളുടെ പാർട്ടി ആ പ്രോജക്ട് വരുന്നതിന് പൂർണ്ണമായും പിന്തുണച്ചു. അങ്ങനെ പിന്തുണയ്ക്കുമ്പോൾ തന്നെ കൃഷിക്കാർക്കും കുടിയൊഴിപ്പിക്കപ്പെ ട്ടവർക്കുമുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമുള്ള പ്രക്ഷോഭങ്ങളുമു ണ്ടായിരുന്നു. അത് നേടികൊടുക്കുകയും ചെയ്തു പ്രോജക്ട് അവിടെ വരു കയും ചെയ്തു. അതിനെന്താണ് പ്രശ്നം. നിങ്ങൾ തെറ്റിദ്ധരിപ്പിക്കുന്നതെന്തി നാണ്?

ശ്രീ. സി. പി. മുഹമ്മദ്: ബഹുമാനപ്പെട്ട അംഗം പറഞ്ഞകാര്യം ഞാൻ അംഗീകരിക്കുന്നു. പക്ഷേ, ഏത് പ്രോജക്ട് വന്നാലും, മലമ്പുഴ അണക്കെട്ടു വന്നപ്പോൾ ചെറുകിട കൃഷിക്കാർക്ക് വെള്ളം വിട്ടുകൊടുക്കുക എന്നുപറ ഞ്ഞുകൊണ്ട് അന്ന് സമരം ചെയ്തു. ഏത് നല്ല കാര്യം വരുമ്പോഴും സമരം ചെയ്യും. പഴയ കാലത്തെ ട്യൂബ്ലൈറ്റ് പോലെ തലച്ചോറിൽ വൈകിയാണ് വോൾട്ടേജ് വരുകയെന്ന് മാത്രം. ഏത് നല്ലകാര്യത്തിനും നിങ്ങൾ സമരം

ചെയ്യും. ട്രാക്ടർ വന്നപ്പോഴും കമ്പ്യൂട്ടർ വന്നപ്പോഴും ടി.വി. വന്നപ്പോഴുമൊക്കെ നിങ്ങൾ സമരം ചെയ്തു. അതുകൊണ്ട് ഇതിലെ നന്മയെ കാണണം. എല്ലാ കാര്യങ്ങളിലും ഈ ഗവൺമെന്റിനെ പിന്തുണയ്ക്കണമെന്ന് ഞങ്ങൾ പറയുന്നില്ല. പക്ഷേ, ഈ നിയമസഭയുടെ ചരിത്രത്തിൽ ഗവർണ്ണറുടെ നയപ്രഖ്യാപനമുണ്ടാകുമ്പോൾ മുതലാളിമാർക്ക് ആനുകൂല്യം ചെയ്തുകൊടുത്തതിനെകുറിച്ചാണ് വിമർശനമുണ്ടാവുക. പക്ഷേ, ഇന്ന് നിങ്ങൾ പ്രസംഗിച്ചവർ മുഴുവൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയെയാണ് ആക്ഷേപിച്ചത്. പാവപ്പെട്ട മനുഷ്യർക്ക് അവിടെ വന്നുനിന്ന് അവിടെ വരുന്ന പാവപ്പെട്ടവരുടെ മനുഷ്യരുടെ കണ്ണുനീർ കണ്ടാൽ ഈ ജനസമ്പർക്ക പരിപാടി ആവശ്യമാണെന്ന് നിങ്ങൾക്കും ബോദ്ധ്യമാകും. എന്റെ നിയോജക മണ്ഡലത്തിൽ മാർക്സിസ്റ്റ് പാർട്ടിയുടെ നുറുകണക്കിന് പാവപ്പെട്ട വോട്ടർമാർ ജനസമ്പർക്ക പരിപാടിയിലൂടെ ആനുകൂല്യം നേടിയിട്ടുണ്ട്. അത് കാണാനുള്ള നന്മ വേണം, അത് കാണാനുള്ള സെൻസ് വേണം, സെൻസിബിലിറ്റി വേണം, സെൻസിറ്റിവിറ്റിവേണമെന്നു പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. എളമരം കരീം</u>: സർ, ഞാൻ ഈ നയപ്രഖ്യാപനത്തെ എതിർക്കുന്നു. കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റിനുവേണ്ടിയാണ് ബഹുമാനപ്പെട്ട ഗവർണ്ണർ ഇവിടെ നയപ്രഖ്യാപനം നടത്തിയത്. ആ നയപ്രഖ്യാപനത്തിൽ പറഞ്ഞ ഈ സർക്കാരിന്റെ നയങ്ങളെ സംബന്ധിച്ച് യാതൊന്നും പറയാൻ എനിക്കുമുമ്പ് സംസാരിച്ച പല സുഹൃത്തുക്കളും ശ്രമിച്ചില്ല. നയപ്രഖ്യാപന പ്രസംഗം പൊള്ളയാണെന്നതിന് ഇതിലധികം സാക്ഷ്യപത്രം ആവശ്യമില്ല. ബഹുമാനപ്പെട്ട സി.പി. മുഹമ്മദ് കാടുകയറി

എവിടെയൊക്കെയോ സഞ്ചരിച്ചു. ബഹുമാനപ്പെട്ട ഗവർണ്ണറെക്കൊണ്ട് ഇവിടെ നടത്തിയ പ്രസംഗത്തിൽ കേരളത്തിന്റെ വികസനത്തിന് വേണ്ടി എന്താണ് ചെയ്യാൻ പോകുന്നത്; എന്താണ് നയമെന്ന് വ്യക്തമാക്കുകയായി രുന്നു യു.ഡി.എഫ്. അംഗങ്ങൾ ചെയ്യേണ്ടിയിരുന്നത്. 2011 ജൂൺ 24-ാം തീയതി ശ്രീ. ആർ.എസ്. ഗവായ് നടത്തിയ ആദ്യത്തെ നയപ്രഖ്യാപനം മുതൽ ജനുവരി 3-ന് നടത്തിയ നാലാമത്തെ നയപ്രഖ്യാപനം വരെയുള്ള കടലാസ്സുകൾ എന്റെ കയ്യിലുണ്ട്. ഇതിൽ പറഞ്ഞിരിക്കുന്ന ഒരു കാര്യ ത്തോടും ആത്മാർത്ഥത പുലർത്താതെയാണ് ഈ സർക്കാർ കടന്നുപോകുന്നത്. ആദ്യത്തെ നയപ്രഖ്യാപനത്തിൽ കേരളത്തിലെ പൊതു വിതരണ സമ്പ്രദായം ശക്തിപ്പെടുത്തുമെന്ന് പറഞ്ഞിരുന്നു. കഴിഞ്ഞ ക്രിസ്തുമസിന് കൺസ്യൂമർഫെഡിന്റെ കീഴിലുള്ള ചന്തകൾ പോലും നടത്താൻ നിങ്ങൾക്ക് കഴിഞ്ഞില്ല. സഹകരണ ബാങ്കുകളുടെ മുമ്പിൽ നാലാ യിരത്തിലധികം ചന്തകൾ സ്ഥാപിച്ച് വിലക്കയറ്റത്തെ നേരിട്ട എൽ.ഡി.എഫ്. സർക്കാരിന്റെ മാതൃക പൂർണ്ണമായും തകർത്ത് ജനങ്ങളെ വിലക്കയറ്റത്തിന്റെ തീച്ചൂളയിലേക്ക് നിങ്ങൾ തള്ളിവിട്ടു. 2011 - ലെ നയപ്രഖ്യാപനത്തിൽ പറഞ്ഞത് - വിപണിയിൽ ഉള്ളതിനേക്കാൾ പത്ത് ശതമാനമെങ്കിലും വില ക്കുറവിൽ 15 അവശ്യസാധനങ്ങൾ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന തിന് 354 കോടി രൂപയുടെ ഒരു പദ്ധതിക്ക് ഭാരത സർക്കാരിൽ നിന്ന് അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു എന്നാണ്. 354 കോടി രൂപയുടെ ഭാരത സർക്കാരിന്റെ പദ്ധതി, ഇതുവരെ നിങ്ങൾക്ക് അംഗീകരിപ്പിച്ചെടുക്കാൻ സാധിച്ചോ; അങ്ങനെ ഒന്ന് കിട്ടിയോ; വെറുതെ ഇങ്ങനെ പ്രസംഗിച്ച് പോകു ന്നതിൽ എന്താണ് കാര്യം? ആവശ്യമായ എല്ലാവിധ അടിസ്ഥാനസൗകര്യ

ങ്ങളുമുള്ള തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലുള്ള ടെക്നോളജി പാർക്കുകളുടെ വികസനം പൂർത്തീകരിക്കുമെന്ന് 2011 – ൽ പ്രഖ്യാപിച്ചിരുന്നു. കോഴിക്കോട് അങ്ങനെയൊരു ടെക്നോളജി പാർക്ക് പൂർത്തീകരിച്ചിട്ടില്ല. നാട് മുഴുവൻ നടന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് 1500 രൂപ കൊടുക്കലല്ല ഭരണം. കേരളത്തിന്റെ സുസ്ഥിര വികസനത്തിന് എന്ത് പദ്ധതി നടപ്പാക്കിയെന്നാണ് നിങ്ങൾ വിശദീകരിക്കേണ്ടത്. വളരെ വൈകിപ്പോയ കൊച്ചിയിലെ സ്മാർട്ട് സിറ്റി പ്രോജക്ടിന്റെ വിജയകരമായ നടത്തിപ്പിന് സർക്കാർ ഫലപ്രദമായ നടപടി കൈക്കൊള്ളുന്നതാണെന്നാണ് 2011 ജൂൺ 24 – ലെ നയപ്രഖ്യാപനത്തിൽ പറഞ്ഞത്. രണ്ടേമുക്കാൽ വർഷംകൊണ്ട് ഫലപ്രദമായ നടപടി എവിടെയെത്തിയെന്ന് ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിൽ ഇപ്പോൾ പറയുന്നുണ്ട്. ഉപഭോക്തൃ മേഖലയിൽ ഊന്നൽ നൽകുന്ന കൂടുതൽ നീതിസ്റ്റോറുകളും നീതി മെഡിക്കൽ സ്റ്റോറുകളും തുറക്കുന്നതാണ് എന്ന് പറഞ്ഞിരുന്നു. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ഇവിടെ ഇരിക്കുന്നുണ്ട്. ക്രിസ്തുമസിന് നീതിസ്റ്റോറുകൾ വേണ്ടെന്നുവച്ചത്, ഒരു സഹകരണ ബാങ്കിന് മുമ്പിൽ 4 വെണ്ടക്കയോ 4 തക്കാളിയോ കൊടുക്കുന്ന ഒരു സ്റ്റോർ തുടങ്ങാൻപോലും നിങ്ങൾക്ക് സാധിച്ചില്ല. എന്റെ സർക്കാർ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിലും വിദ്യുച്ഛക്തിയുടെ പ്രസരണവിതരണ നഷ്ടം കുറയ്ക്കുന്നതിലും ഉയർന്ന നിലവാരത്തിലുള്ള വൈദ്യുതിവിതരണത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ് എന്നാണ് 2011 – ലെ നയപ്രഖ്യാപനത്തിൽ പറഞ്ഞത്. ഒരു യൂണിറ്റ് വൈദ്യുതി അധികം ഉല്പാദിപ്പിക്കുന്ന ഒരു പദ്ധതി കേരളത്തിൽ വന്നോ; വൈദ്യുതിക്ഷാമം ശക്തമായി നേരിട്ടുകൊണ്ടിരിക്കുന്ന ഈ

സംസ്ഥാനത്ത് ഒരു രൂപ നിക്ഷേപിക്കാൻ ഏതെങ്കിലും ഒരു വ്യവസായി വരുമോ? ഈ കേരളത്തെ സമ്പൂർണ്ണമായ നാശത്തിലേയ്ക്കും ഇരുട്ടി ലേയ്ക്കും നയിക്കുന്ന നയത്തിന്റെ ഫലമായി വൈദ്യുതി ഉല്പാദനം നടത്താൻ നിങ്ങൾക്ക് കഴിയുന്നില്ല. ഒരു പദ്ധതിയും, എൽ.ഡി.എഫ്. സർക്കാർ തുടങ്ങിവച്ചതുപോലും ഇതുവരെ പൂർത്തീകരിക്കാനോ പുതിയ പദ്ധതി ആവിഷ്ക്കരിക്കാനോ സാധിച്ചിട്ടില്ല. കൊല്ലത്തേയും ആലപ്പുഴയി ലേയും ബൈപ്പാസുകൾ സുഗമമായി പൂർത്തീകരിക്കുന്നതിനുവേണ്ടി അതിന്റെ പണികൾ എൻ.എച്ച്.എ.ഐ. യിൽ നിന്നും വേർപെടുത്തി ഭാരത സർക്കാരിന്റെ പ്രത്യേക പാക്കേജിൻകീഴിൽ കൊണ്ടുവന്ന് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് ഈ വർഷം നടപ്പിലാക്കുന്നതാണ് എന്ന് പ്രഖ്യാപിച്ചി രുന്നു. ആലപ്പുഴ ബൈപ്പാസ് പൂർത്തിയാക്കിയോ; തെരഞ്ഞെടുപ്പിന്റെ തലേ മാസം ശ്രീ. കെ.സി.വേണുഗോപാലിന്റെ തലയുടെ ചിത്രം വച്ച് ബോർഡ് എഴുതിവച്ചാൽ ബൈപ്പാസുണ്ടാകുമോ; എവിടെയാണ് നിങ്ങൾ പൂർത്തീകരി ച്ചത്? നടപ്പുസാമ്പത്തികവർഷം കെ.എസ്.ആർ.ടി.സി. 1000 പുതിയ ബസു കൾ നിരത്തിലിറക്കും – രണ്ടേമുക്കാൽ കൊല്ലത്തിനുള്ളിൽ കെ.എസ്.ആർ.ടി. സി.ക്ക് പുതുതായി വാങ്ങിയ ബസുകൾ എത്രയാണ്? എന്റെ സുഹൃത്ത് തിരു വഞ്ചൂരിനെക്കുറിച്ച് ഓർത്ത് എനിക്ക് വളരെയേറെ ദു:ഖം തോന്നുകയാണ്. ആ കുരിശ് അദ്ദേഹത്തിന്റെ തലയിലാണല്ലോ വച്ചുകൊടുത്തത്. പുതിയ ഗവർണ്ണറുടെ പ്രസംഗത്തിൽ കെ.എസ്.ആർ.ടി.സി. എന്ന അക്ഷരംപോലും ഇല്ല, അതിനെക്കുറിച്ച് പരാമർശമില്ല. ഇതുവരെ പുതുതായി വാങ്ങിയത് ആകെ എണ്ണൂറ്റി ചില്വാനം ബസുകളാണ്. കെ.എസ്.ആർ.ടി.സി. യുടെ ഷെഡ്യൂളുകളിൽ ഭൂരിപക്ഷവും പഴകിയ ബസുകളായതുകൊണ്ട് പലതും

ട്രിപ്പ് മുടങ്ങി കിടക്കുന്നതുകൊണ്ട് വരുമാനത്തിന് വലിയ നഷ്ടം സംഭവിക്കുന്നു. ഇനി കെ.എസ്.ആർ.ടി.സി. യെ രക്ഷപ്പെടുത്താൻ കഴിയില്ലെന്നാണ് അങ്ങയുടെ മുൻഗാമി പരസ്യമായി പത്രസമ്മേളനം നടത്തി പറഞ്ഞത്. എൽ. ഡി.എഫ്. സർക്കാരിന്റെ അവസാനത്തെ മൂന്ന് വർഷം ഓരോ വർഷവും 1000 ബസുകൾ വീതമാണ് റോഡിൽ ഇറക്കിയിരുന്നത്. ആ കാലമൊക്കെ പോയി മറഞ്ഞു. ഇപ്പോൾ ശമ്പളവും പെൻഷനും കൊടുക്കാൻ സാധിക്കുന്നില്ല. കുട്ടനാട് പ്രോജക്ട് നടപ്പാക്കുന്നത് അതിവേഗത്തിലാക്കുന്നതാണ് – നമ്മുടെ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇവിടെയുണ്ട്, എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കൃഷി വകുപ്പുമന്ത്രിയായിരുന്ന ആൾ. കുട്ടനാട് പാക്കേജ് എവിടെ എത്തി? ശ്രീ. സി.പി. മുഹമ്മദ് കുട്ടനാട് പ്രോജക്ടിന് ഒരു റീത്ത് വച്ചിട്ട് ഇവിടെ വന്ന് പ്രസംഗിക്കാൻ വന്നാൽ മതിയായിരുന്നു. കേന്ദ്രവും നിങ്ങളുടെ കയ്യിൽ, സംസ്ഥാനവും നിങ്ങളുടെ കയ്യിൽ. നടപ്പാക്കാൻ സാധിച്ചോ? കുട്ടനാട് പാക്കേജ്, ഇടുക്കി പ്രോജക്ട് – പഴയ ചീഫ് സെക്രട്ടറി പ്രഭാകരന്റെ നേതൃത്വത്തിൽ കാസർഗോഡ് വികസനത്തിന് പദ്ധതിയുണ്ടാക്കാൻ തയ്യാറാക്കിയ പാക്കേജ് – ഇങ്ങനെ ഏതെല്ലാം ചത്തുകിടക്കുന്നുണ്ട് ഈ ഭൂമിയിൽ. വല്ലതും നടന്നോ? വയനാട് പ്രോജക്ട്..... പ്രഖ്യാപിക്കുന്നതിന് എന്താണ് പ്രശ്നം? സ്വപ്നം കാണുകയാണെങ്കിൽ, കഞ്ഞികുടിക്കുന്നത് സ്വപ്നം കാണുന്നതെന്തിനാണ്? ഫൈവ് കോഴ്സ് ഡിന്നർ തന്നെ സ്വപ്നം കണ്ടുകൂടേ; ബില്ല് കൊടുക്കേണ്ടല്ലോ; എഴുതിവച്ചാൽ പോരേ? 2012 മാർച്ച് 1–ാം തീയതി ബഹുമാനപ്പെട്ട മുൻ ഗവർണർ എച്ച്. ആർ. ഭരദ്വാജ് അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിൽ വടക്കൻ കേരളത്തിന്റെ ചിരകാല സ്വപ്നമായ കണ്ണൂർ വിമാനത്താവളത്തെക്കുറിച്ച് പറയുന്നുണ്ട്. വിമാനത്താവള

ത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് 2012 ഏപ്രിൽ മാസത്തോടെ പൂർത്തിയാകുന്നു. ഈ വർഷം അവസാനത്തോടുകൂടി റൺവെയുടെ പണി ആരംഭിക്കുന്നതുമാണ് – ആരംഭിച്ചോ? 2010 അവസാനത്തിൽ വിമാനത്താവള പ്രോജക്ടിന് തറക്കല്ല് ഇട്ടതിനടുത്ത് ഒരു കല്ല് കൂടി വയ്ക്കാൻ രണ്ടേമുക്കാൽ വർഷം കൊണ്ട് നിങ്ങൾക്ക് സാധിച്ചോ; ഇവിടെ നടത്തിയ പ്രസംഗത്തിന് എന്താണ് വില? 10,000 മൈക്രോ എന്റർപ്രൈസുകൾ കേരള സംസ്ഥാന സംരംഭക വികസന മിഷന്റെ കീഴിൽ ആരംഭിക്കുന്നതാണ്, 20 ലക്ഷം രൂപവരെ പലിശ, പലിശരഹിത വായ്പ. കഴിഞ്ഞ വർഷം എത്ര സംരംഭം ഈ മിഷന്റെ കീഴിൽ തുടങ്ങിയിട്ടുണ്ടെന്ന് ഞങ്ങൾ ചോദിച്ചു. 46 എന്നാണ് മറുപടി ലഭിച്ചത്. അപേക്ഷകർ ഇല്ലാത്തതുകൊണ്ടല്ല. ഇവിടെ തൊഴിൽ കൊടുക്കുന്ന പദ്ധതിക്കുപകരം എമർജിംഗ് കേരള എന്നു പറഞ്ഞാൽ പുതിയ നിക്ഷേപം വരലല്ല, നിക്ഷേപസൗഹൃദമായ അന്തരീക്ഷം കേരളത്തിലുണ്ടെന്ന് ലോകത്തെ പരിചയപ്പെടുത്തുകയാണ്, സംരംഭകരെ വികസിപ്പിക്കുകയാണെന്ന് പറഞ്ഞു. നമ്മുടെ സംസ്ഥാനത്ത് എത്രപേർ തൊഴിൽ അന്വേഷകരായിട്ടുണ്ട്? എസ്.എസ്.എൽ.സി. പാസ്സായവർ, പരാജയപ്പെടുന്നവർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സ് പാസ്സാകുന്നവർ, ഐ.ടി.സി., ഐ.റ്റി.ഐ. കോഴ്സുകൾ പാസ്സാകുന്നവർ, പോളിടെക്നിക്കുകളിൽ നിന്ന് വരുന്നവർ – ഇങ്ങനെ ഓരോ വർഷവും തൊഴിൽ അന്വേഷകരായി ആയിരക്കണക്കിന് ചെറുപ്പക്കാർ വരുന്നില്ലേ; അവർക്കൊക്കെ സംരംഭം തുടങ്ങാൻ സാധിക്കുമോ; സ്റ്റാർട്ട് അപ്പ് വില്ലേജുകളിൽ ഇൻഫോപാർക്കുകൾ സൗകര്യപ്പെടുത്തിയെടുത്ത് നാലോഅഞ്ചോ ഐ.ടി പ്രോജക്ടുകളിൽ ബി.പി.ഒ. സെന്ററുകൾ തുടങ്ങുന്നതുകൊണ്ട് ഇവിടത്തെ തൊഴിലില്ലാ

യ്മയ്ക്ക് പരിഹാരമാകുമോ? ഈ കേരളത്തിൽ 4 രൂപ വരുമാനം കിട്ടുന്ന ഒരു പുതിയ തൊഴിൽ സൃഷ്ടിക്കുന്ന ഏതെങ്കിലും ഒരു പദ്ധതി രണ്ടേമുക്കാൽ കൊല്ലത്തിനുള്ളിൽ കേരളത്തിൽ വന്നതിനെ സംബന്ധിച്ച് നിങ്ങൾക്ക് ആർക്കെങ്കിലും വിശദീകരിക്കാനുണ്ടോ?

2013 ഫെബ്രുവരി 1–ൽ അതിനേക്കാളും രസകരങ്ങളായ വാഗ്ദാനങ്ങളാണ് നൽകിയിട്ടുള്ളത്. സംസ്ഥാനത്ത് നിഷ്ഠൂരമായ രാഷ്ട്രീയ കൊലപാതകങ്ങൾ അവസാനിപ്പിക്കുന്നതിന് എന്റെ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ അന്ന് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നു. ചന്ദ്രശേഖരൻ കൊലപാതകത്തെത്തുടർന്ന് ഈ സർക്കാർ കൈക്കൊണ്ട നടപടികളുടെ വലിയ നേട്ടമായിട്ടായിരുന്നു അവർ ചിത്രീകരിച്ചത്. മധു ഈച്ചരത്തിനെ എല്ലാവർക്കും പരിചയമില്ലെങ്കിലും എന്റെ ബഹുമാന്യ സുഹൃത്ത് സഹകരണ വകുപ്പ് മന്ത്രിക്ക് അറിയാം. മധു ഈച്ചരത്ത് എന്ന കോൺഗ്രസ് പ്രവർത്തകനും ന്യൂനപക്ഷ സെല്ലിന്റെ ജില്ലാ കൺവീനറായ ലാൽജി കൊള്ളന്നൂരും തൃശ്ശൂരിൽ മൃഗീയമായി കൊല്ലപ്പെട്ടു. രണ്ടു പേരും കോൺഗ്രസ്സുകാരായിരുന്നു. ഗ്രൂപ്പ് തർക്കത്തിന്റെ പേരിൽ അങ്ങോട്ടും ഇങ്ങോട്ടും വെട്ടിയതാണ്. അവരുടെ വീടുകളിൽ ഒരൊറ്റ കോൺഗ്രസ് മന്ത്രി സന്ദർശിച്ചില്ല. ചന്ദ്രശേഖരന്റെ വീട്ടിൽ കേന്ദ്രം മുതൽ സംസ്ഥാനം വരെയുള്ള കോൺഗ്രസ് മന്ത്രിമാരുടെ ജാഥയായിരുന്നു. ഒറ്റപ്പാലത്ത് ദീപുവിനെ ആർ.എസ്.എസ്.–കാർ അരുംകൊല ചെയ്തു. രാഷ്ട്രീയ കൊലപാതകമല്ലേ? മണ്ണാർകാട് രണ്ട് പേർ. പ്രതിക്കൂട്ടിൽ മുസ്ലീം ലീഗ് പ്രവർത്തകരാണ്. ചാവക്കാട്, 21 വയസ്സുള്ള ഫാസിൽ എന്ന വിദ്യാർത്ഥിയെ ആർ.എസ്.എസ്.–കാർ അരുംകൊല ചെയ്തു. തിരുവനന്തപുരത്ത് ആർ.എ

സ്.എസ്.–കാർ ഒരു വിദ്യാർത്ഥി നേതാവിനെ കൊന്നു. ഒരു വിദ്യാർത്ഥി പ്രവർത്തകനെ കൊല്ലാൻ ശ്രമിക്കുന്നതിനിടെ അദ്ദേഹത്തിന്റെ അച്ഛൻ മരണപ്പെട്ടു. ഇനിയെന്താണ് വേണ്ടത്. ഉദുമയിൽ ഡി.വൈ.എഫ്.ഐ. പ്രവർത്തകൻ കൊലചെയ്യപ്പെട്ടു. വാഗ്ദാനവും പ്രസംഗവും യാഥാർത്ഥ്യവും എവിടെ നിൽക്കുന്നു. പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവായ ഡോ. സാം പിത്രോദയുടെ മാർഗ്ഗനിർദ്ദേശത്തിൻകീഴിൽ നിരവധി പ്രധാന സംരംഭങ്ങളുടെ നടപ്പാക്കൽ എന്റെ സർക്കാർ ഉൽസാഹപൂർവ്വം നടത്തിവരുകയാണെന്ന് 2012 ൽ ബഹുമാനപ്പെട്ട ഗവർണർ പറയുകയുണ്ടായി. സാം പിത്രോദ എവിടെപ്പോയി.... അദ്ദേഹത്തിന്റെ ഏത് നിർദ്ദേശമാണ് കേരളത്തിൽ നടപ്പാക്കിയത്. 2001–2006 കാലത്തെ യു.ഡി.എഫ്. സർക്കാർ ഡോ. എ.പി.ജെ. അബ്ദുൽ കലാമിന്റെ പുതിയ നിർദ്ദേശങ്ങളെക്കുറിച്ചായിരുന്നു പാടിപ്പുകഴ്ത്തിയിരുന്നത്. അത് എവിടെപ്പോയി. ഇപ്പോൾ പിത്രോദയുടെ നിർദ്ദേശങ്ങളായി. അതിവേഗം ബഹുദൂരം എന്നോപോയി. നൂറുദിന കർമ്മ പരിപാടിയെ നിങ്ങൾ ചവറ്റുകുട്ടയിൽ എറിഞ്ഞു. വികസനവും കരുതലും ഇപ്പോൾ പറയുന്നതേയില്ല. ഇപ്പോൾ ആകെയുള്ളത് യത്തീംഖാന നടത്തുന്നവരെപ്പോലെ, ജീവകാരുണ്യ പ്രവർത്തനം നടത്തിയെന്ന നേട്ടമാണ് പറയുന്നത്. ഏതോ ഒരു രോഗിക്ക് പത്ത് രൂപ കൊടുത്തു. അതാണ് യത്തീംഖാനക്കാർ ചെയ്യുന്നത്. പാവപ്പെട്ട ആൾക്കാർക്ക് ഭക്ഷണം കൊടുത്ത് അവരെ തീറ്റിപ്പോറ്റുന്ന ജീവകാരുണ്യ പ്രവർത്തനത്തിന്റെ തരംതാണ നിലവാരത്തിലേയ്ക്ക്, ആ സ്ഥിതിയിലേയ്ക്ക് ഒരു സംസ്ഥാന സർക്കാർ പോയിയെന്ന് പറഞ്ഞാൽ അതാണോ ഏറ്റവും വലിയ നേട്ടം.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ............... .അനാഥരായ കുഞ്ഞുങ്ങൾക്ക് ഭക്ഷണവും വസ്ത്രവും വിദ്യാഭ്യാസവും കൊടുക്കുന്നത് യത്തീംഖാനകളും അനാഥശാലകളുമാണ്. അതൊരു മോശമായ പരിപാടിയല്ല. ഗവൺമെന്റ് യത്തീംഖാനയിലേയ്ക്ക് തരംതാഴുക എന്നുപറഞ്ഞാൽ, യത്തീംഖാന ഒരു മോശമാണ് എന്നുള്ള അർത്ഥത്തിൽ സംസാരിക്കുന്നത് ശരിയാണോ?

<u>ശ്രീ. എളമരം കരീം</u>: സർ, അത് ശരിയല്ല. അതൊരു മോശപ്പെട്ട ഏർപ്പാടാണെന്ന അഭിപ്രായവും എനിക്കില്ല. ഒരു സംസ്ഥാന ഗവൺമെന്റിന്റെ നിലവാരം അതാവരുത് എന്നേ ഞാൻ പറഞ്ഞുള്ളൂ. എന്റെ സർക്കാർ വില ക്കയറ്റം നിയന്ത്രിക്കുന്നതിനായി അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്ന തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ ഏജൻസികളുടെയും വിപണി ഇടപെടൽ വർദ്ധിപ്പിക്കുന്നതാണ് എന്ന് പറഞ്ഞിട്ടുണ്ട്. ആ വിപണി ഇടപെടലിന്റെ സാധ്യതയും സാഹചര്യവുമാണ് ഇപ്പോൾ നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ഓരോ വാഗ്ദാനങ്ങളും ഇതുപോലെ പൊള്ളയായ വാഗ്ദാനങ്ങളായിട്ട് മാറു കയാണ് ചെയ്തത്. ഒരു ലക്ഷം പശുക്കിടാങ്ങളെക്കൂടി ഉൾപ്പെടുത്തി ക്കൊണ്ട് സംസ്ഥാനത്തെ കന്നുകാലി സംഖ്യ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുക യാണ്. ഇപ്പോൾ കുളമ്പുരോഗം കൊണ്ട് മരിച്ചു വീണത് അയ്യായിരത്തില ധികം കന്നുകാലികളാണ്. ബുധനാഴ്ച ദിവസം രാവിലെ മന്ത്രിസഭ യോഗം ചേരും. അതിൽ എല്ലാവരും ഉണ്ടാകും. അത് കഴിഞ്ഞാൽ ഈ സെക്രട്ടേറി യറ്റിൽ നിവേദനവുമായി വന്നുകഴിഞ്ഞാൽ ഒരാളെയും കാണില്ല. നിങ്ങൾ എവിടെ പോകുകയാണ്. സംസ്ഥാന മന്ത്രിസഭയുടെ തലവൻ എന്ന നില യിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സെക്രട്ടേറിയറ്റിൽ ഇരുന്ന് ഭരണത്തിന് നേതൃത്വം കൊടുക്കുന്നതിന് പകരം നാടുമുഴുവൻ ജനസമ്പർക്ക പരിപാടിയു

മായിട്ട് നടന്ന് ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായം വിതരണം ചെയ്താൽ ഒരു ഗവൺമെന്റാകുമോ; അതാണോ ഒരു ഗവൺമെന്റിന്റെ ദൗത്യം? വില്ലേജ് ആഫീസറുടെ ജോലി കവർന്നെടുത്തിരിക്കുകയാണ്. വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിന്റെ ജോലി ഈ വർഷം ആരംഭിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നുവെന്ന് 2012 ൽ പറ ഞ്ഞതാണ്. ഈ വർഷം എന്നുള്ളത് പിന്നെ മാറ്റം വരുത്തിയതായിരിക്കും. ആരാണ് ആ പണി നടത്തിയത്. സ്വകാര്യ പങ്കാളിത്തത്തോടുകൂടി എന്ന് നിങ്ങൾ പറഞ്ഞതാണ്. ആരാണ് ഈ സ്വകാര്യ പങ്കാളി; ഇതുവരെ തീരു മാനിച്ചോ? ഇനി ടെണ്ടർവഴി ഏതെങ്കിലും ഒരു കമ്പനി ഏത് കാലത്ത് വരും; അതിനുള്ള പശ്ചാത്തല സൗകര്യം ഒരുക്കാൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തുടങ്ങിവച്ച രീതിയിൽ അത് മുന്നോട്ട് കൊണ്ടുപോകാൻ നിങ്ങൾ ശ്രമിച്ചോ? പാലക്കാട് കോച്ച് ഫാക്ടറി എവിടെ; ആരാണ് സ്വകാര്യ പങ്കാളി? പിറവം തെരഞ്ഞെടുപ്പിന്റെ തൊട്ടുമുമ്പ് പാലക്കാട് കോട്ടമൈതാനത്ത് റെയിൽവേ മന്ത്രിയെക്കൊണ്ടുവന്ന് തറക്കല്ല് ഇടീച്ചില്ലേ. ആ കല്ലിന്റെയടുത്ത് ഒരു കല്ലുകൂടി ഇട്ടാൽ അങ്ങാടിയിൽ വീടില്ലാത്തവർക്ക് രണ്ട് കല്ല് അടുത്ത ടുത്ത് കിട്ടിയാൽ ഒരു സൗകര്യം ഉണ്ടാകുമായിരുന്നു. വേറെ എന്ത് നേട്ടം ഈ നാടിനുണ്ടായി. ബ്രഹ്മപുരത്ത് കെ.എസ്.ഇ.ബി.-യുടെ സ്ഥലത്ത് 300 മെഗാവാട്ട് ശേഷിയുള്ള ഒരു വാതകാധിഷ്ഠിത പവർപ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. നിങ്ങൾ ഉദ്ദേശിക്കുന്നുണ്ട്. പക്ഷേ നടപ്പാകണ്ടേ; എവിടെ വാതക പ്ലാന്റ്? കൊച്ചി പുതവൈപ്പിനിൽ എൽ.എൻ.ജി. ടെർമിനൽ വന്നു. ആ എൽ.എൻ.ജി. ടെർമിനൽ ഈ കേരളത്തിന് ഗുണം ചെയ്യണമെങ്കിൽ മംഗലാപുരം വരെയും ഇപ്പുറത്ത് കോയമ്പത്തൂർ – പാലക്കാട് വഴി

തെക്കോട്ട് കായംകുളം വരെയും പൈപ്പിട്ട് പൂർത്തിയാക്കണ്ടേ. എന്ത് എഫർട്ടാണ് നിങ്ങൾ നടത്തിയത്? മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒന്നോ രണ്ടോ മീറ്റിംഗ് കൂടി. ഇന്നും ഭൂരിപക്ഷം പ്രദേശത്തും പൈപ്പിടാൻ സാധിച്ചിട്ടില്ല. ചീമേനിയിലെ വാതകാധിഷ്ഠിത പവർ പ്ലാന്റ് സ്ഥാപിക്കാൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 2000 ഏക്കർ സ്ഥലം വിട്ടുകൊടുത്തു. പ്ലാന്റേഷൻ കോർപ്പറേഷന്റെ സ്ഥലം കെ.എസ്.ഇ.ബി.–ക്ക് നൽകി. പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കി. പരിസ്ഥിതി ക്ലിയറൻസിന് കേന്ദ്രത്തിന് അയച്ചു. ഈ വാതകം അവിടെ എത്തിയെങ്കിലല്ലേ പവർ ജനറേഷൻ നടക്കൂ. ഈ അടിസ്ഥാനപരമായ സൗകര്യവികസനത്തിൽ ഒരിഞ്ച് മുന്നോട്ടുപോകാൻ കഴിയാതെ ദുരിതാശ്വാസ നിധിയിൽനിന്ന് സഹായം കൊടുത്തത് നേട്ടമായി പറഞ്ഞ് നിങ്ങൾക്ക് എത്രപേരെ കബളിപ്പിക്കാൻ പറ്റും; ഈ കേരളത്തിന്റെ അടിസ്ഥാന സൗകര്യവികസത്തിന് നിങ്ങൾക്ക് എന്ത് നേട്ടമുണ്ടാക്കാൻ സാധിച്ചു? നാഷണൽ ഹൈവേയ്ക്ക് വീതികൂട്ടാൻ, റോഡിന്റെ വീതി കുറയ്ക്കാൻ കേന്ദ്ര ഗവൺമെന്റിന് നിവേദനം നൽകിയവരല്ലേ നിങ്ങൾ. എന്നോട് ഒരു സരസൻ പറഞ്ഞു, ഇൻഡ്യൻ പ്രധാനമന്ത്രി ജീവിതത്തിൽ ചിരിച്ച ഒരു സന്ദർഭം ഉണ്ടായിയെന്ന്. കേരളത്തിൽ നിന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നാഷണൽ ഹൈവേയുടെ വീതി 30 മീറ്റർ ആക്കി കുറയ്ക്കണമെന്ന നിവേദനം കൊടുത്തപ്പോൾ അദ്ദേഹം ചിരിച്ചുപൊയെന്നാണ് പറഞ്ഞത്. ജീവിതത്തിൽ അദ്ദേഹം ചിരിച്ചിട്ടില്ല. ഇങ്ങനെ ഒരു കൂട്ടർ ലോകത്തുണ്ടോ എന്ന് അദ്ദേഹം അത്ഭുതപ്പെട്ടു. ഇതാണോ അടിസ്ഥാന സൗകര്യവികസനം? റോഡ് വികസനത്തിന്റെ കാര്യത്തിൽ, വൈദ്യുതി ഉൽപ്പാദനത്തിന്റെ കാര്യത്തിൽ.... ഇനിയും പറയാം. എന്റെ

സർക്കാർ എയർ കേരള എന്ന സ്വന്തം എയർ ലൈൻ ആരംഭിക്കണമെന്ന ലക്ഷ്യത്തിനായി പരിശ്രമിക്കുന്നതും ഈ സ്വപ്നം ഉടനെ യാഥാർത്ഥ്യ മാക്കാമെന്ന ശുഭാപ്തി വിശ്വാസത്തിലുമാണ്. പണ്ടത്തെ സ്ഥാനാർത്ഥി സാറാമ്മയിലെ പാട്ടാണ് ഓർമ്മ വരുന്നത്. എവിടെ സി.പി., എയർ കേരള? നിങ്ങൾ ഇതൊന്നും ഇല്ലാഞ്ഞിട്ടാണ് വടക്കൻ കൊറിയയിലെ കിം ഇൻ ക്വിൻ–നെ തെരഞ്ഞ് പോയത്. ശ്രീ. കെ. എൻ. എ. ഖാദർ, ഇസ്ലാമിക ശരീഅത്ത് അടിസ്ഥാനത്തിൽ ഭരണം നടത്തുന്ന സൗദി അറേബ്യയിൽ എങ്ങനെയാണെന്ന് അന്വേഷിച്ചിട്ട് അതുകൂടി കൂട്ടിപ്പറയാമായിരുന്നില്ലേ. അവിടെ അബ്ദുള്ള രാജാവ്, പിന്നെ മകൻ രാജാവ്...... ബഹുമാനപ്പെട്ട പി.സി. വിഷ്ണുനാഥിന്റെ പാർട്ടിയുടെ സ്ഥിതി എന്താണ്? നെഹ്റു കുടുംബ ത്തിൽ ഏതെങ്കിലും വിധത്തിൽ സ്ത്രീകളുടെ പ്രസവം നിന്നുപോയാൽ ഇവർക്ക് പിന്നെ നേതാവ് ഉണ്ടാകുമോ? ഇൻഡ്യൻ നാഷണൽ കോൺഗ്ര സിന് ഒരു വലിയ പാരമ്പര്യം ഉണ്ട്. മഹാത്മാഗാന്ധി ജീവിച്ചിരുന്ന കാലത്ത് ഗാന്ധിജി നിർദ്ദേശിച്ചയാളെ പരാജയപ്പെടുത്തി ഡോ. സുഭാഷ് ചന്ദ്രബോസ് പ്രസിഡന്റായ കോൺഗ്രസ്സാണ് ഈ കോൺഗ്രസ്. ആ കോൺഗ്രസ്സിലാണ് നിങ്ങൾ നേതൃത്വത്തെ കെട്ടിയിറക്കുന്നത്. മണ്ഡലം കമ്മിറ്റി പ്രസിഡന്റിനെ ഡി.സി.സി. നിയമിക്കുന്നു, ഡി.സി.സി.യെ കെ.പി.സി.സി. നിയമിക്കുന്നു, കെ.പി.സി.സി. പ്രസിഡന്റിനെ എ.ഐ.സി.സി. നിയമിക്കുന്നു, എ.ഐ.സി. സി. പ്രസിഡന്റിനെ ഞാൻ തന്നെ നിയമിക്കുന്നു. വെറെ ആരും നിയമിക്കാ നില്ല. ഇതാണ് ജനാധിപത്യത്തിന്റെ മഹത്തായ പാരമ്പര്യം. വലിയ ടൂറിസം പദ്ധതിയായ സീ–പ്ലെയിൻ എവിടെ? സീ–പ്ലെയിൻ ഉദ്ഘാടനം ചെയ്തതാണ്. അതിനുശേഷം സീ–പ്ലെയിൻ ഓടിയോ? കേരളാ എയർവെയ്സ് പോയില്ലേ. പിന്നെ കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വിപുലീകരണ

ത്തിനായി ഭൂമി ഏറ്റെടുക്കൽ..... ഏറ്റെടുക്കാൻ സാധിച്ചോ; ഒരിഞ്ചു ഭൂമി ഏറ്റെടുക്കാൻ സാധിച്ചോ? അത് വൻകുത്തകകൾക്ക് വേണ്ടിയാണെന്ന് മേധാപട്കർ അവിടെ വന്ന് പ്രസംഗിക്കുകയാണ്. ഏറ്റെടുക്കാൻ തീവ്രവാദ സംഘടനകളും, വികസന വിരുദ്ധരായ ഒരുപറ്റം ആളുകളും അക്രമാസക്തമായ നിലയിൽ സമരം നടത്തുകയാണ്. നേരിടാൻ എന്തെങ്കിലും നിങ്ങൾ ചെയ്തോ? കോഴിക്കോട് വിമാനത്താവളം ടേബിൾ ടോപ്പ് റൺവെ ആയതുകൊണ്ട് അത് അധികകാലം നിലനിൽക്കില്ലായെന്ന ഭീഷണി മംഗലാപുരത്തെ അപകടത്തിനുശേഷം നിലനിൽക്കുകയാണ്. കണ്ണൂർ വിമാനത്താവളത്തിന്റെ വികസനവുംകൂടി വന്നാൽ എന്താകും കോഴിക്കോടിന്റെ ഭാവിയെന്ന് ആശങ്കയുണ്ട്. കോഴിക്കോട് വിമാനത്താവളത്തെ സംബന്ധിച്ച് നിങ്ങൾക്ക് ആർക്കെങ്കിലും ആശങ്കയുണ്ടോ?

ഒരോ താലൂക്കിലും സഞ്ചരിക്കുന്ന ഓരോ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നുവെന്നത് 2012-ലെ വാഗ്ദാനമാണ്. എവിടെയും സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ഞാൻ കണ്ടില്ല. നടന്നുപോയോ, സഞ്ചരിച്ച് അങ്ങ് പോയോ, വടക്കോട്ട് പോയോ? മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളായും പിന്നീട് ഹൈപ്പർ മാർക്കറ്റുകളായും വികസിപ്പിക്കുന്നതാണെന്ന് എഴുതിവച്ചിരിക്കുകയാണ്. എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് പി. സി. വിഷ്ണുനാഥ് ഇവിടെ പറഞ്ഞു നോർഡിക് രാജ്യങ്ങളുടെ നിലവാരത്തിലേയ്ക്ക് കേരളത്തെ ഉയർത്താൻ പോകുകയാണെന്ന്. കേരള മോഡൽ എന്ന് പറയുന്നത് വളരെ പ്രശംസനീയമാണ്. കേരള മോഡൽ വികസനം ഈ രണ്ടേമുക്കാൽ കൊല്ലം കൊണ്ടുണ്ടായതൊന്നുമല്ല. അങ്ങനെയൊന്നും പ്രചരിപ്പിക്കരുത്. 1957 -ൽ കേരളം രൂപം കൊണ്ടതുമുതൽ ഇന്നത്തെ വികസിത കേരളത്തിന് അടി

ത്തറ പാകിയിട്ടുണ്ട്. അതിന് ഏറ്റവും അടിസ്ഥാനപരമായ നടപടികൾ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഗവൺമെന്റുകളാണ് സ്വീകരിച്ചത്. ഭൂപരിഷ്കരണം, സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസം, പൊതുവിതരണം, പൊതു ആരോഗ്യ മേഖലയിലെ വളർച്ച, ജനാധിപത്യ അധികാര വികേന്ദ്രീകരണം, സാക്ഷരതാ പ്രസ്ഥാനം ഇങ്ങനെ ഒട്ടേറെ നടപടികളുണ്ടായിട്ടുണ്ട്. തൊഴിലാളിക്ഷേമ പദ്ധതികൾ, തൊഴിലാളികൾക്ക് സംഘടിക്കാനും സമരം നടത്താനും അവകാശം നൽകിയത് തുടങ്ങിയവയിലൂടെയൊക്കെയാണ് കേരളം വളർന്നത്. ആ വളർച്ചയിൽ കേരളം ഒന്നാം സ്ഥാനത്ത് തന്നെയാണ്. ഞങ്ങൾ അതിൽ അഭിമാനിക്കുന്നു. ഞങ്ങൾക്ക് അതിൽ പങ്കുണ്ട്. ഞങ്ങൾക്ക് അതിൽ പിതൃത്വം ഉണ്ട്. അതുകൊണ്ട് ഞങ്ങൾ  അഭിമാനിക്കുന്നു. നാലാം സ്ഥാനത്താണെന്ന് രാധാകൃഷ്ണന്റെ ലേഖനത്തിന്റെ അടിസ്ഥാനത്തിലല്ലേ നിങ്ങൾ പറഞ്ഞത്. യു.എൻ.ഡി.പി.യുടെ പഠന റിപ്പോർട്ടിൽ ഇന്ത്യയിലെ 19 സംസ്ഥാനങ്ങളിൽ ഗുജറാത്ത് ഒമ്പതാം സ്ഥാനത്താണ്. ആയുർദൈർഘ്യത്തിൽ, ജീവിതനിലവാരത്തിൽ, ശിശുമരണ നിരക്കിന്റെ പ്രശ്നത്തിൽ എല്ലാം കേരളമാണ് ഇന്ത്യയിൽ ഒന്നാം സ്ഥാനത്ത്. ഇത് പറയുമ്പോഴും പ്രവാസികൾ അയക്കുന്ന പണവും കൂടി ചേർത്താണ് കേരളത്തിന്റെ വികസനം എന്നുകൂടി നിങ്ങൾ മനസ്സിലാക്കണം. ഇവിടെ കൃഷി വികസനമുണ്ടോ? ഈ രണ്ടേമുക്കാൽ കൊല്ലത്തിനുള്ളിൽ നെൽകൃഷിയുടെ വിസ്തൃതി ഒരേക്കർ വർദ്ധിച്ചിട്ടുണ്ടോ? ഉള്ളത് കുറഞ്ഞുപോയി. നെല്ലിന്റെ ഉല്പാദനം കുറഞ്ഞു. കാർഷിക മേഖലയിൽ പിറകോട്ടടിയാണ്. വ്യവസായ വികസനത്തിൽ നമ്മൾ മുമ്പോട്ട് പോയിട്ടുണ്ടോ? ഒരു രൂപയുടെ  കേന്ദ്ര നിക്ഷേപം ഈ രണ്ടേമുക്കൽ കൊല്ലത്തിനിടയിൽ കേരളത്തിൽ വന്നോ? റെയിൽവേ വികസനം

എവിടെ? മംഗലാപുരം മുതൽ തിരുവനന്തപുരം വരെയുള്ള റെയിൽവേ പാത ഇരട്ടിപ്പിക്കൽ ഇന്നേവരെ പൂർത്തിയായിട്ടില്ല. റെയിൽവേ വൈദ്യുതീകരണം പൂർത്തിയായിട്ടില്ല. തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ അന്താരാഷ്ട്ര നിലവാരത്തിലാക്കുമെന്ന പ്രഖ്യാപനം എവിടെ? കോഴിക്കോട് റെയിൽവേ സ്റ്റേഷൻ ദേശീയ നിലവാരത്തിലാക്കുമെന്ന പ്രഖ്യാപനം എവിടെ? കേരളത്തിന്റെ അഭിമാനമായിരുന്ന എഫ്.എ.സി.ടി.യുടെ അവസ്ഥ എന്താണ്? മരിക്കാൻ കിടക്കുകയാണ്. എച്ച്.എം.ടി. ശോഷിച്ചു. എച്ച്.ഒ.സി. പൂട്ടാൻ പോകുന്നു. ഇൻസ്ട്രുമെന്റേഷൻ യൂണിറ്റ് പാലക്കാട്ട് രോഗഗ്രസ്ഥമായി കിടക്കുന്നു. ഇന്ത്യൻ ടെലിഫോൺ ഇൻഡസ്ട്രീസിന്റെ പാലക്കാട് യൂണിറ്റ് മൃതപ്രായമായി കിടക്കുന്നു. കേന്ദ്രവും സംസ്ഥാനവും ഒരു കക്ഷി ഭരിച്ചാൽ മാത്രമേ ഇവിടെ വികസനം വരുകയുള്ളൂ എന്ന് പ്രഖ്യാപിച്ചുനടന്ന നിങ്ങൾക്ക് വികസനകാര്യത്തിൽ എന്താണ് അഭിമാനിക്കാനുള്ളത്? ഈ രൂപത്തിൽ കേരളത്തെ പിറകോട്ടടിപ്പിക്കുകയാണ് നിങ്ങൾ ചെയ്തത്. സസ്റ്റൈനബിൾ ഗ്രോത്ത് ഉണ്ടാകണമെങ്കിൽ ഉൽപാദന മേഖല വികസിക്കണം. അതിനുള്ള ഒരു കാഴ്ചപ്പാട് നിങ്ങൾക്കില്ല. ദീർഘവീക്ഷണമില്ല. കേരളത്തെ നിങ്ങൾ പിറകോട്ട് നയിക്കുകയാണ്. ഒറ്റ കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ദേശീയ രാഷ്ട്രീയത്തെക്കുറിച്ച് ഒരുപാട് പറഞ്ഞല്ലോ? ഇന്ത്യൻ നാഷണൽ കോൺഗ്രസിന് പാർലമെന്റിൽ നൂറ് സീറ്റ് പോലും കിട്ടില്ലെന്നാണ് ഇതുവരെ നടത്തിയ എല്ലാ പ്രവചനങ്ങളിലെയും ഏകകണ്ഠമായ അഭിപ്രായം. എന്നാൽ വടക്കേ ഇന്ത്യയിൽ നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ പരാജയത്തിൽ നിന്ന് ബി.ജെ.പി.യ്ക്ക് രണ്ടോ മൂന്നോ സംസ്ഥാനത്തുണ്ടായ നേട്ടം ബി.ജെ.പി. ദേശീയ രാഷ്ട്രീയത്തിൽ വലിയ ശക്തിയായി ജയിച്ചുവരുമെന്നൊന്നുമല്ല. നേരത്തെയും ബി.ജെ.പി.യ്ക്ക് സ്വാ

ധീനമുണ്ടായിരുന്ന സംസ്ഥാനങ്ങളാണ് മദ്ധ്യപ്രദേശും രാജസ്ഥാനും. അവ ഇതിന് മുമ്പ് ബി.ജെ.പി. ഭരിച്ചതാണ്. ഇന്ത്യയിലെ ഭൂരിപക്ഷം സീറ്റുകളുള്ള മറ്റ് സംസ്ഥാനങ്ങളിൽ കോൺഗ്രസ്, ബി.ജെ.പി. ഇതര മതനിരപേക്ഷ പാർട്ടി കളും ഇടതുപക്ഷ പാർട്ടികളുമാണുള്ളത്. അതാണ് ഇന്ത്യയിലെ പ്രധാന ശക്തി. മോഡിയും രാഹുലും തമ്മിലുള്ള മത്സരമല്ല വരാൻ പോകുന്നത്. ഇട തുപക്ഷ മതേതര ശക്തികൾ ഒരുഭാഗത്തും കോൺഗ്രസിനെയും ബി.ജെ.പി. യെയും അപ്പുറത്തും നിറുത്തിയുള്ള മത്സരമാണ് അടുത്ത ദേശീയ തെര ഞ്ഞെടുപ്പിൽ ഇന്ത്യയിൽ വരാൻ പോകുന്നത്. അതുകൊണ്ട് മോഡിയുടെ ഉമ്മാക്കി കാണിച്ച് 'കോൺഗ്രസിനെ ജയിപ്പിക്കൂ' എന്ന മുദ്രാവാക്യം കേരള ത്തിൽ വിലപോകാൻ പോകുന്നില്ല. അത് കേരളത്തിൽ തറപറ്റികഴിഞ്ഞ യു. ഡി.എഫ്.നെ സഹായിക്കുന്നതിനുവേണ്ടി നടത്തുന്ന ഒരു കസർത്ത് മാത്രമാ ണ്. ഞാൻ അവസാനിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട അബ്ദുറഹിമാൻ രണ്ട ത്താണി പ്രസംഗിക്കുമ്പോൾ ബാലഗോകുലത്തിന്റെ പരിപാടിയെക്കുറിച്ച് പറ ഞ്ഞില്ലേ? സ്വാമി വിവേകാനന്ദനോടല്ല അഭിപ്രായ വ്യത്യാസം. വിവേകാനന്ദ സ്വാമികളോ അല്ലെങ്കിൽ സർദാർ വല്ലഭായി പട്ടേലോ അല്ല പ്രശ്നം. അവരെ യെല്ലാം ആർ.എസ്.എസ്. റാഞ്ചുകയാണ്. ആർ.എസ്.എസ്. അത് റാഞ്ചാൻ ശ്രമിക്കുമ്പോൾ അവർക്ക് പോയി ഓശാന പാടരുത്. വിവേകാനന്ദ സ്വാമികൾ ഭാരതത്തിന്റെ പ്രതീകമാണെന്നും അത് ആർ.എസ്.എസ്.ന് അവകാശപ്പെടാ നില്ലായെന്നും കോട്ടയ്ക്കലിലെ വേദിയിൽ അബ്ദുസ്സമദ് സമദാനി പറഞ്ഞിരു ന്നുവെങ്കിൽ അദ്ദേഹത്തോട് ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമുണ്ടാകുമായി രുന്നില്ല. മുസ്ലീം ലീഗിന് അങ്ങനെ ഒരു നയം എടുക്കാൻ കഴിയുമെന്ന് ഞങ്ങൾ കരുതുന്നില്ല. ഇത്തരത്തിലുള്ള ദേശീയ പ്രതീകങ്ങളെ സങ്കുചിത

താല്പര്യത്തിനുവേണ്ടി ആർ.എസ്.എസ്. ഉപയോഗിക്കുമ്പോൾ നമ്മൾ അതിൽ വീണുപോകാൻ പാടില്ലായെന്നാണ് ഇവിടെ ഉയർന്നുവരുന്ന വിമർശനം. അതിനെ അങ്ങനെ കാണാൻ സാധിക്കണം. ഈ നയപ്രഖ്യാപനത്തെ ഞാൻ ശക്തിയായി എതിർക്കുന്നു.

മി. സ്പീക്കർ : ഓർഡർ, ഓർഡർ.................സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ജനുവരി മാസം 7-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.25-ന് പിരിഞ്ഞു.)

*********